V. ധനകാര്യം

1986–87 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറിലെ ധനാഭ്യർത്ഥനകളിൻമേലുള്ള ചർച്ചയും വോട്ടെടുപ്പും—

ധനാഭ്യർത്ഥന നമ്പർ XV—പൊതുമരാമത്ത്

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടിനഹ): സർ, പൊതുമരാമത്ത് എന്ന പതിനഞ്ചാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യപരിപാടിയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റുപ്രകാരം ധനാഭ്യർത്ഥനയുടെ നേരെ ഏഴാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 1986–'87 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു. *

സഹകരണവകുപ്പുമന്ത്രി (ശ്രീമതി എം. കമലം): ഞാൻ ഇതിനെ പിൻതാങ്ങുന്നു.

ധനാഭ്യർത്ഥന നമ്പർ V—കാർഷികാദായനികുതിയും വിൽപ്പനനികുതിയും—

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. തച്ചടിപ്രഭാകരൻ): സർ, കാർഷികാദായനികുതിയും വിൽപ്പനനികുതിയും എന്ന അഞ്ചാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യപരിപാടിയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയുടെ നേരെ ഏഴാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 1986–'87 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനുവേണ്ടി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.*

റവന്യൂവകുപ്പു മന്ത്രി (ശ്രീ. പി.ജെ. ജോസഫ്): ഞാൻ ഇതിനെ പിൻതാങ്ങുന്നു.

ധനാഭ്യർത്ഥന നമ്പർ XV—പൊതുമരാമത്ത്.

സൂചക വെട്ടിക്കുറയ്ക്കൽ

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, താഴെപ്പറയുന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. പൊതുമരാമത്ത് എന്ന പതിനഞ്ചാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 77,32,33,700 രൂ. യിൽനിന്ന് ഒരുന്നൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ്.

ശ്രീ. വി.കെ. രാജൻ: സർ, താഴെ പറയുന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. പൊതുമരാമത്ത് എന്ന പതിനഞ്ചാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 77,32,33,700 രൂ. യിൽ നിന്ന് ഒരുന്നൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ്.

ശ്രീ. കാനം രാജേന്ദ്രൻ: സർ, താഴെ പറയുന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. പൊതുമരാമത്ത് എന്ന പതിനഞ്ചാംനമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 77,32,33,700 രൂ.യിൽ നിന്ന് ഒരുന്നൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്.

ശ്രീ. വി.സി. കബീർ: സർ, താഴെ പറയുന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. പൊതുമരാമത്ത് എന്ന പതിനഞ്ചാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 77,32,33,700 രൂ. യിൽനിന്ന് ഒരുന്നൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്.

* അനുബന്ധം VI

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി.പി. മൂസ്സാൻകുട്ടി: സർ, താഴെ പറയുന്ന ഡിമാന്റിനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. പൊതുമരാമത്ത് എന്ന പതിനഞ്ചാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 77,32,33,700 ക. യിൽ നിന്ന് ഒരുന്നൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്.

ശ്രീ. എ.കെ. പത്മനാഭൻ: സർ, താഴെ പറയുന്ന ഡിമാന്റിനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. പൊതുമരാമത്ത് എന്ന പതിനഞ്ചാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 77,32,33,700 ക. യിൽനിന്ന് ഒരുന്നൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്.

Shri V.S. Chandrasekharan Pillai: Sir, I move that the amount of Rs. 77,32,33,700 under Demand XV—Public works be reduced by Rs. 100.

(To discuss generally)

ശ്രീമതി റേച്ചൽ സണ്ണി പനവേലിൽ: സർ, താഴെ പറയുന്ന ഡിമാന്റിനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. പൊതുമരാമത്ത് എന്ന പതിനഞ്ചാംനമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 77,32,33,700 ക.യിൽ നിന്ന് ഒരുന്നൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. എ.കെ. ശശീന്ദ്രൻ: സർ, താഴെ പറയുന്ന ഡിമാന്റിനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. പൊതുമരാമത്ത് എന്ന പതിനഞ്ചാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 77,32,33,700 ക.യിൽ നിന്ന് ഒരുന്നൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ധനാഭ്യർത്ഥന നമ്പർ V—കാർഷികാദായ നികുതിയും വിൽപ്പന നികുതിയും

സൂചക വെട്ടിക്കുറയ്ക്കൽ

ശ്രീ. വി.കെ. രാജൻ: സർ, താഴെ പറയുന്ന ഡിമാന്റിനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. കാർഷികാദായ നികുതിയും വിൽപ്പനനികുതിയും എന്ന അഞ്ചാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 5,84,98,300 ക.യിൽനിന്ന് ഒരുന്നൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, താഴെപ്പറയുന്ന ഡിമാന്റിനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. കാർഷികാദായ നികുതിയും വിൽപ്പനനികുതിയും എന്ന അഞ്ചാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 5,84,98,300 ക.യിൽ നിന്ന് ഒരുന്നൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്.

ശ്രീ. കാനംരാജേന്ദ്രൻ: സർ, താഴെപറയുന്ന ഡിമാന്റിനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. കാർഷികാദായനികുതിയും വിൽപ്പന നികുതിയും എന്ന അഞ്ചാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 5,84,98,300 ക. യിൽ നിന്ന് ഒരുന്നൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി.സി. കബീർ: സർ, താഴെ പറയുന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. കാർഷികാദായനികുതിയും വിൽപ്പനനികുതിയും എന്ന അഞ്ചാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 5,84,98,300 ക.യിൽനിന്ന് ഒരു നൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്.

ശ്രീ. സി.ടി. കൃഷ്ണൻ: സർ, താഴെ പറയുന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. കാർഷികാദായ നികുതിയും വിൽപ്പനനികുതിയും എന്ന അഞ്ചാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 5,84,98,300 ക.യിൽ നിന്ന് ഒരുന്നൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

Shri V. S. Chandrasekharan Pillai: Sir, I move that the amount of Rs. 5,84,98,300 under Demand V—Agricultural Income Tax and Sales Tax be reduced by Rs. 100.

(To discuss generally)

ശ്രീമതി റേച്ചൽ സണ്ണിപനവേലിൽ: സർ, താഴെപ്പറയുന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. കാർഷികാദായ നികുതിയും വിൽപ്പനനികുതിയും എന്ന അഞ്ചാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 5,84,98,300 ക. യിൽ നിന്ന് ഒരുന്നൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

Shri K. Moossakutty: Sir, I move that the amount of Rs. 5,84,98,300 under Demand—V Agricultural Income Tax and Sales Tax be reduced by Rs. 100.

(To discuss generally)

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, താഴെ പറയുന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. കാർഷികാദായനികുതിയും വിൽപ്പനനികുതിയും എന്ന അഞ്ചാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 5,84,98,300 ക.യിൽനിന്ന് ഒരുന്നൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

Shri C. K. Thankappan: Sir, I move that the amount of Rs. 5,84,98,300 under Demand V—Agricultural Income Tax and Sales Tax be reduced by Rs. 100.

(To discuss in general)

(അദ്ധ്യക്ഷവേദിയിൽ ഡെപ്യൂട്ടി സ്പീക്കർ)

ശ്രീ. സി.കെ. തങ്കപ്പൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ഈ ധനാഭ്യർത്ഥനകളും ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ഈ മന്ത്രിസഭയ്ക്ക് യഥാർത്ഥത്തിൽ ഇങ്ങനെയൊരു ധനാഭ്യർത്ഥനയുമായി ഇവിടെ വരാൻ, ജനാധിപത്യപരമായി യാതൊരു അവകാശവുമില്ല എന്നാണ് എന്റെ അഭിപ്രായം. ഈ മന്ത്രിസഭ എന്റെ അഭിപ്രായത്തിൽ അഹങ്കാരികളും, അഴിമതിക്കാർ, രാജ്യദ്രോഹികളും, വിദേശപ്രചാരൻമാർ,

LIBRARY ARCHIVES Kerala Legislative Assembly

വർഗ്ഗീയ വിഷപാമ്പുകളും ഇതിന്റെയെല്ലാം കൂടാരമാണ്. ഈ രാജ്യത്ത് പബ്ലിക്‌വർക്‌സ് ഡിപ്പാർട്ടുമെന്റ് എന്നൊരു ഡിപ്പാർട്ടുമെന്റുണ്ടോ? കേരളത്തിലെ റോഡുകളിൽക്കൂടി യഥാർത്ഥത്തിൽ ഗർഭിണികളും സഞ്ചരിച്ചാൽമാസം തികയാതെ അന്നുതന്നെ പ്രസവിക്കും. അതാണ് നമ്മുടെ കേരളത്തിലെ റോഡുകളുടെ സ്ഥിതി. എന്റെ നിയോജകമണ്ഡലത്തിൽ തന്നെ എത്രയോ വർഷക്കാലമായി ബജറ്റിലുൾപ്പെടുന്ന രണ്ടു ഡസനിലധികം റോഡുകളുടെയും 'അരഡസനിലധികം പാലങ്ങളുടെയും നിർമ്മാണ ജോലി ഏറ്റെടുക്കുവാൻ ഈ ഗവൺമെന്റോ, പബ്ലിക് വർക്‌സ് ഡിപ്പാർട്ടുമെന്റോ ഇതുവരെ തയ്യാറായിട്ടില്ല. ഉദാഹരണത്തിന് പള്ളിക്കൽപ്പുഴ പാലം. അത് പണി തുടങ്ങിയിട്ട് എത്രയോ കാലമായി. അതിന്റെ അപ്രോച്ച് റോഡും സൈഡുവാളും മാത്രമാണ് ഇനി പൂർത്തിയാക്കാനുള്ളത്. ഈ സഭയിൽ ബഹുമാനപ്പെട്ട മന്ത്രിയുടെയും ഗവൺമെന്റിന്റെയും ശ്രദ്ധയിൽ ഇക്കാര്യം രണ്ടുമൂന്നു തവണ ഞാൻ കൊണ്ടുവന്നിട്ടുണ്ട്. ആ കാര്യങ്ങളൊക്കെ സൂചിപ്പിക്കുന്നത് പബ്ലിക് വർക്‌സ് ഡിപ്പാർട്ടുമെന്റ് നമ്മുടെ നാട്ടിൽ പ്രവർത്തിക്കുന്നില്ലെന്നാണ്. വെള്ളപ്പൊക്കത്തിന്റെയും ഉണക്കിന്റെയും പേരിലായാലും കേന്ദ്രത്തിൽനിന്നും കിട്ടിയ 35 കോടിയോളം രൂപ റോഡുകളുടെ മെയിന്റനൻസിനുവേണ്ടി ഉപയോഗിക്കുന്നു എന്നതിൽക്കവിഞ്ഞ്, ഈ രാജ്യത്ത് പൊതുമരാമത്ത് വകുപ്പ് എന്നൊരു വകുപ്പ് പ്രവർത്തിക്കുന്നില്ല. ഈ വകുപ്പ് ഒന്നും ചെയ്യുന്നില്ലെന്നു ഞാൻ പറയുന്നില്ല. മന്ത്രിമാരുടെയും ഭരണകക്ഷി എം.എൽ.എ. മാരുടെയും മണ്ഡലങ്ങളിൽ വളരെ വിവേചനപരമായി ഉള്ള കാശ് മുഴുവൻ കൊണ്ടുപോയി ചെലവഴിച്ച് അവരുടെയെല്ലാം നിലവാരം വളരെ സുസ്ഥിരമാക്കുന്ന ഒരു ഏർപ്പാടാണ് പൊതുമരാമത്ത് വകുപ്പ് മനഃപൂർവ്വം നടത്തിക്കൊണ്ടിരിക്കുന്നത്. അതിനെപ്പറ്റി ഈ സഭയിൽ ശ്രീമാൻ പങ്കജാക്ഷൻ ദീർഘമായ ഒരു സ്റ്റേറ്റുമെന്റ് നടത്തിയിട്ടുണ്ട്. അതിന് ഇതുവരെ മന്ത്രി വിശദമായിട്ട് മറുപടി പറഞ്ഞില്ല. ബഹുമാനപ്പെട്ട മന്ത്രി ഈ സഭയിലെ പ്രായംകൂടിയ ആരാധ്യനെന്ന നിലയിൽ അദ്ദേഹത്തോടുള്ള ബഹുമാനംകൊണ്ട് പലതും പറയാൻ അറയ്ക്കുകയാണ്. ഇന്ന് ആ വകുപ്പ് നമ്മുടെ.....

ശ്രീ. കെ.ഇ. ഇസ്മയിൽ: ചെയ്ത ജോലിയുടെ പണം കൊടുത്തില്ലായെന്നതിന്റെ പേരിൽ ഈ സഭയിലെ ഒരു പ്രമുഖ അംഗമായ ശ്രീ. ഹസ്സന്റെ ആഭിമുഖ്യത്തിലുള്ള കോൺട്രാക്ടേഴ്സ് അസോസിയേഷൻ സമരം ചെയ്യുന്ന കാര്യം ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

ശ്രീ. സി.കെ. തങ്കപ്പൻ: സർ, ആ കോൺട്രാക്ടർ വെളിയിലാണ് സമരം നടത്തുന്നത്. ശ്രീമാൻ ഹസ്സന് ഇതിനകത്ത് ആ അർത്ഥത്തിൽ മിണ്ടാനിടയില്ല എന്നാണ് എന്റെ വിശ്വാസം. ഉള്ള തുക വിവേചനപരമായി ഭരണകക്ഷിക്കാരുടെ മണ്ഡലങ്ങളിൽ ചെലവഴിച്ചുവെന്നുള്ള ആക്ഷേപമാണ് എനിക്കുള്ളത്. കൊല്ലം ജില്ലയിലെ തേവള്ളിപ്പാലം, അവിടത്തെ എം.എൽ.എ. അദ്ദേഹം അപ്പുറത്താണെങ്കിൽപ്പോലും വളരെയധികം പ്രാവശ്യം ഈ സഭയിൽ അത് ഉന്നയിച്ചിട്ടുണ്ട്. ആ പാലം ചരിഞ്ഞുകൊണ്ടുവരികയാണ്. തേവള്ളിപ്പാലം, കടപുഴപ്പാലം, വെട്ടിയതോടുപാലം, പള്ളിക്കൽപ്പുഴ പാലം, പൂഴിക്കടവ് പാലം, ഞാങ്ങണങ്ങു പാലം ഇതെല്ലാംതന്നെ ഞങ്ങളുടെ ജില്ലയുടെ വികസനപ്രവർത്തനത്തിന്റെ സിരാകേന്ദ്രങ്ങളാണ്. അതൊന്നും ഏറ്റെടുത്തുനടത്തുവാൻ വകുപ്പ് മന്ത്രിയോ ഈ ഗവൺമെന്റോ തയ്യാറല്ല. സർ, കാടാത്ത വണ്ടിക്ക്

LIBRARY ARCHIVES Kerala Legislative Assembly

ഡ്രൈവർ വേണോ? വേണ്ടെന്നാണ് എന്റെ അഭിപ്രായം. ഞാൻ ബഹുമാനപ്പെട്ട മന്ത്രിയെ സംബന്ധിച്ചല്ല പറയുന്നത്. ഇന്ന് അങ്ങനെയൊരു ഡിപ്പാർട്ടുമെന്റു വേണോ? അതുകൊണ്ട് മരാമത്തുവകുപ്പ് പിരിച്ചു വിടണമെന്നാണ് എന്റെ അഭിപ്രായം. സർ, നമ്മുടെ നാട്ടിൽ, ഈ സെക്രട്ടേറിയറ്റ് പരിസരത്തുത്തന്നെ, മുക്കാൽ ഡസനോളം റോഡുകളും സഞ്ചാരയോഗ്യമല്ലാത്ത സ്ഥിതിയിലാണെന്ന് ഇന്നലത്തെ കേരളകൗമുദി പത്രമെടുത്ത് അതിന്റെ രണ്ടാംപേജ് വായിച്ചുനോക്കിയാൽ കാണാം. അതൊന്നും ഏറ്റെടുക്കുവാൻ നമ്മുടെ ബഹുമാന്യനായ മന്ത്രിക്ക് സാദ്ധ്യമല്ല. അതുകൊണ്ട് എനിക്ക് പറയാനുള്ളത്, ഈ ഡിപ്പാർട്ടുമെന്റും, ഈ വകുപ്പും അധികപ്പറ്റെന്നാണ്. കാരണം, ആർക്കും ആരോടുമുള്ള വിരോധം കൊണ്ട് പറയുന്നതല്ല. എം.എൽ.എ. റോഡുകളുടെ കാര്യം പറയുകയാണെങ്കിൽ എന്റെ നിയോജകമണ്ഡലത്തിൽ രണ്ടുറോഡുകളുണ്ട്. അതിലൊന്ന് ഏറ്റെടുത്തു. അതിന്റെ പണി അദ്ദേഹംതന്നെ ഉൽഘാടനം ചെയ്തു തുടങ്ങിയതും മുടങ്ങിയതും ഒരേസമയം. അടുത്തറോഡിന്റെ ടെൻഡർ ഇതുവരെ ആയിട്ടില്ല. 282 റോഡുകളാണ് കേരളത്തിലാകെ ഏറ്റെടുക്കേണ്ടത്. ആ റോഡുകളും എത്രയെണ്ണം ഏറ്റെടുത്തുവെന്ന് മന്ത്രി പറയണം. എത്ര റോഡുകളുടെ പണി തീർന്നുവെന്നു പറയണം. എന്താണ് താമസം വരാൻ കാരണമെന്ന് മന്ത്രി വ്യക്തമാക്കിയാൽ കൊള്ളാം. പൊതുജനപ്രവർത്തകരായിട്ടുള്ള എന്നെപ്പോലെയുള്ള ആളുകൾക്ക് നാട്ടിൽ സഞ്ചരിക്കാൻ നിർവ്വാഹമില്ല. നാട്ടുകാരുടെ സഞ്ചാരകാര്യത്തിനുള്ള ഇത്തരം ബുദ്ധിമുട്ടുകളും ഓരോ ദിവസം കഴിയുന്തോറും ഏറിവരികയാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രിക്ക് ഇക്കാര്യത്തിൽ എന്താണ് പറയാനുള്ളത്? വിവേചനം മന്ത്രി അവസാനിപ്പിക്കണം. ഞാനും ജനങ്ങളുടെ വോട്ടു വാങ്ങി ഈ സഭയിൽ വന്നയാളാണ്. എന്റെ മണ്ഡലത്തെപ്പോലെയുള്ള മണ്ഡലങ്ങളിൽ അറിഞ്ഞോ, അറിയാതേയോ കാണിക്കുന്ന വിവേചനം അവസാനിപ്പിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. സർ, ഈ പബ്ലിക് വർക്സ് ഡിപ്പാർട്ടുമെന്റ് മുസ്ലീംലീഗ് നേതാക്കൻമാരുടെ കറവപ്പശുവാണ്. ഞാൻ ഇത് വെറുതെ പറയുന്നതല്ല. മന്ത്രി ചിലപ്പോൾ നിരപരാധിയായിരിക്കും ഞാൻ തർക്കിക്കുന്നില്ല. കാസർകോടിൽ മുസ്ലീം ലീഗിന്റെ ഓഫീസ് കെട്ടിടമുണ്ടാക്കി. ആ കെട്ടിടത്തിന് ഒരു എക്സിക്യൂട്ടീവ് എഞ്ചിനീയറടക്കം മൂന്ന് എഞ്ചിനീയർമാർ 92,000 രൂപ സംഭാവനചെയ്തു. അതൊക്കെ തെളിയിക്കുന്നത് ഈ മരാമത്ത് വകുപ്പ് മുസ്ലീംലീഗ് നേതാക്കൻമാരുടെ കറവപ്പശുവാണെന്നാണ്. അതുകൊണ്ട് ഇക്കാര്യത്തിൽ എനിക്കു പറയാനുള്ളത് മരാമത്ത് വകുപ്പ് ഒരു പ്രധാനപ്പെട്ട വകുപ്പാണ്, ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യങ്ങളും പ്രത്യേകം പരിശോധിക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു. ഈ രാജ്യത്തൊട്ടാകെയുള്ള സ്ഥിതിഗതികളും പരിശോധിച്ചു നോക്കുമ്പോൾ എന്നെപ്പോലെയുള്ള ചില ആളുകളുടെ നിയോജകമണ്ഡലങ്ങളിൽ യാതൊരു വർക്കും പബ്ലിക് വർക്സ് ഡിപ്പാർട്ടുമെന്റ് നടത്തുന്നില്ല. കൊല്ലം ജില്ലയിലാണെങ്കിൽ എത്രയാണ് 290 ലക്ഷം രൂപ റോഡുകളുടെ മെയിൻറനൻസിന് വേണമെന്ന് കഴിഞ്ഞ ദിവസം ഡി.ഡി.സി. കൂടിയപ്പോൾ ബന്ധപ്പെട്ട എഞ്ചിനീയർ കണക്ക് അവതരിപ്പിച്ചു പറഞ്ഞു. അതിൽ 210 ലക്ഷം രൂപ മാത്രമാണ് കിട്ടിയിട്ടുള്ളത്. അവിടെയുള്ള റോഡുകളും സാമാന്യം നല്ല റോഡാക്കണമെങ്കിൽ ഇനിയും 80 ലക്ഷം രൂപ വേണം. അക്കാര്യം പരിഗണിക്കണം. സർ, അതുപോലെതന്നെ നമ്മുടെ ആദായനികുതി വകുപ്പുണ്ട്. ഈ ആദായ നികുതിയും കാര്യങ്ങളുമൊക്കെ പറയുമ്പോൾ നമ്മുടെ മന്ത്രിമാർ കയറുന്നു, ഇറങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly

വീണ്ടും പുതിയ മന്ത്രിമാർ വരുന്നു. പഴയ മന്ത്രിമാർ ഇറങ്ങുന്നു. ഇപ്പോഴും ബഹുമാന്യനായ ചെന്നിത്തലയും, ബഹുമാന്യനായ തച്ചടിയും പുതിയ മന്ത്രിമാരാണ്. ഇതിനെസംബന്ധിച്ച് എന്റെ കയ്യിൽ ഒരു കവിതയുണ്ട്. സർ, അത് ഉദ്ധരിക്കാൻ എന്നെ അനുവദിക്കണം.

ആറുമാസംമന്ത്രി, മൂന്നുമാസംമന്ത്രി,
മുക്കാൽമാസവും രണ്ടാഴ്ചയും
റൊട്ടേറ്റുചെയ്തിട്ട് മന്ത്രിക്കസേരകൾ
പങ്കിടും മാനേജർ മുഖ്യമന്ത്രി.

സർ, ഇതാണ് ആ കവിത. അതുപോലെയാണ് പുതിയ മന്ത്രി വന്നിരിക്കുന്നത്. എന്റെ കവിത നമ്പ്യാരാശാൻ എഴുതാൻ വിട്ടുപോയ കവിതയാണെന്നാണ് ഞാൻ ധരിക്കുന്നത്. അതുപോലെ തച്ചടിയുടെകൂടെ വന്ന നമ്മുടെ ബഹുമാനപ്പെട്ട മന്ത്രി ചെന്നിത്തല. സർ, വേറെ രണ്ടുവരികൾ ഞാൻ പാടാം. അതു നമ്മുടെ പുതിയ മറ്റൊരു മന്ത്രിയെക്കുറിച്ചാണ്.

സത്യം ചെയ്തും കാലുപിടിച്ചും
മുഖ്യനുമുൻപിൽ സേവ നടത്തി
ഗോലികളിച്ചു നടന്നൊരു പയ്യൻ
മന്ത്രിപദത്തിൽ കയറിപ്പറ്റി.
അനുചരവൃന്ദം കമ്പോളത്തിൽ
കളിപ്പാട്ടങ്ങൾ തേടിയിറങ്ങി.
ചക്കും, ചുക്കും വേറിട്ടറിയാൻ
ഇനിയുമെത്ര കാലമെടുക്കും.

ഇതാണ് മന്ത്രിമാരുടെ കയറ്റവും ഇറക്കവും സംബന്ധിച്ച എന്റെ എളിയ കവിത. സർ, ഈ കാര്യങ്ങളൊക്കെ പരിഗണിക്കുമ്പോൾ നമ്മുടെ നാട്ടിൽ പൊതുമരാമത്തുവകുപ്പ് മാത്രമല്ല ആദായനികുതി സംബന്ധിച്ചും എന്താണ് പറയാനുള്ളത്? നാം പരിശോധിച്ചാൽ നമ്മുടെ ചില ജില്ലകളിൽ നികുതിയില്ല. നികുതിയില്ലാഞ്ഞിട്ടല്ല. പിരിവില്ല. അതിനു ഉപോത്ബലകമായ ചില കാര്യങ്ങൾ എനിക്ക് പറയാനുണ്ട്. 1985–86–ലെ കണക്കുകൾ മാത്രമാണ് ഞാൻ ഇപ്പോൾ ഉദ്ധരിക്കുന്നത്. ആദായനികുതിവകുപ്പിനെസംബന്ധിച്ച് ഈ സഭയിൽത്തന്നെ ഉന്നയിച്ച 233–ാം നമ്പർ ചോദ്യത്തിന്റെ ഉത്തരമാണ്. തിരുവനന്തപുരം ജില്ലയിൽ പിരിഞ്ഞുകിട്ടാനുള്ളത് 2.85 കോടി രൂപ. കൊല്ലം പത്തനംതിട്ട ജില്ലകളിൽ 0.58 കോടി രൂപ, ആലപ്പുഴ ജില്ലയിൽ 0.89 കോടി രൂപ. കോട്ടയം ജില്ലയിൽ 3.92 കോടി രൂപ. ഇടുക്കി ജില്ലയിൽ 11.41 കോടി രൂപ. ഇടുക്കി ജില്ലയിലും കോട്ടയം ജില്ലയിലും പ്രത്യേകം ചില ആളുകളുടെ സാമ്രാജ്യം സ്ഥാപിക്കാൻവേണ്ടി അവിടെ നികുതി ഇളവു ചെയ്തുകൊടുക്കുകയോ, മരവിപ്പിക്കുകയോ ചെയ്തിരിക്കുകയാണ്. അതാണ് എനിക്ക് ഈ വേദിയിൽ പറയാനുള്ളത്. തൃശ്ശൂർ ജില്ലയിൽ 1.35 കോടി രൂപ. പാലക്കാട്, മലപ്പുറം ജില്ലകൾ ഏകോപിപ്പിച്ച് 3.22 കോടി രൂപ. കോഴിക്കോട് ജില്ല വയനാട് ഉൾപ്പെടെ 5.91 കോടി രൂപ. കണ്ണൂർ കാസർകോഡ് ജില്ല 0.74 കോടി രൂപ.

സർ, ഇത് ചിരിഞ്ഞുകിട്ടാനുള്ളതാണ്. നമ്മുടെ നാട്ടിൽ പാവപ്പെട്ട ഹരിജനങ്ങളോ കർഷകത്തൊഴിലാളികളോ ആരെങ്കിലും സർക്കാരിന്റെ ഏതെങ്കിലും ബോഡിയിൽ നിന്ന് രണ്ടായിരം രൂപ കടമെടുത്ത് ഒരു

LIBRARY ARCHIVES Kerala Legislative Assembly

പശുക്കുട്ടിയെ വാങ്ങിച്ചാൽ അവരുടെ കൂടും കുടുക്കയും മൂന്നാമത്തെ മാസത്തിൽ ജപ്തി ചെയ്യുന്ന ഈ സർക്കാർ, വയനാട്, കോട്ടയം അടക്കമുള്ള ജില്ലകളിലെ പ്രമാണിവർഗ്ഗം കൊടുക്കാനുള്ള കാശു വാങ്ങാൻ യാതൊരു റിക്കവറി നടപടിയും സ്വീകരിക്കാതെ മരവിപ്പിക്കുന്നതിന്റെ അർത്ഥം, ഞാൻ നേരത്തെ സൂചിപ്പിച്ചതാണ്. ചില ആളുകളുടെ രാഷ്ട്രീയ സാമ്രാജ്യം സ്ഥാപിക്കുവാൻ വേണ്ടി സ്വന്തം അനുയായികളെ പ്രീണിപ്പിക്കുന്ന നടപടിയാണ് ഈ വസ്തുതകൾ തെളിയിക്കുന്നത്. സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്ന ഒരു സംസ്ഥാനമാണ് നമ്മുടേത്. നമ്മുടെ മന്ത്രിമാരുടെ പ്രഖ്യാപനം മാത്രമല്ല; നമ്മുടെ ബഹുമാനപ്പെട്ട പഴയ ധനകാര്യ മന്ത്രി മിച്ച ബഡ്ജറ് ഈ വേദിയിൽ അവതരിപ്പിച്ചു. കുറെ കഴിഞ്ഞപ്പോൾ കേന്ദ്രമന്ത്രി ശ്രീ. പൂജാരി പറഞ്ഞു, ഇത് കമ്മി ബഡ്ജറാണെന്ന്. അൽപ്പം കൂടി കഴിഞ്ഞപ്പോൾ നമ്മുടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു, ഇത് കമ്മിയുമാകാം മിച്ചവുമാകാമെന്ന്. നമ്മുടെ പുതിയ ധനകാര്യമന്ത്രി, ചെയ്യാനും ചെയ്യാതിരിക്കാനും സാദ്ധ്യതയുണ്ടെന്നുള്ള തരത്തിലുള്ള നയമാണ് ഇവിടെ അവതരിപ്പിച്ചത്. ഈ സാഹചര്യം നമ്മുടെ നാട്ടിൽ നിലവിലിരിക്കുമ്പോൾ കോടിക്കണക്കിന് രൂപ പിരിച്ചെടുക്കാനുള്ള നടപടി സ്വീകരിക്കാത്തതെന്തെന്ന് ഈ സഭയും ഗവൺമെന്റും ബന്ധപ്പെട്ട മന്ത്രിമാരും ആത്മാർത്ഥമായി ആലോചിക്കണം. ഈ രാജ്യത്ത് ഉയർന്നു വരുന്ന വെല്ലുവിളി—സാമ്പത്തിക വെല്ലുവിളി—ഏറ്റവും വലുതെന്നാണ് എന്റെ ഓർമ്മ. അങ്ങനെയാണെങ്കിൽ ഇടുക്കി ജില്ലയിൽ മാത്രമല്ല, ഈ സഭയിലെ അംഗവും ഇപ്പോൾ പുതിയ മന്ത്രിയായി സത്യപ്രതിജ്ഞ ചെയ്തിരിക്കുന്ന ശ്രീ. ബാലകൃഷ്ണപ്പിള്ള, അദ്ദേഹം, സ്വന്തം വീട് ഇടിച്ചുറപ്പിച്ചിരുന്നിടത്ത് ഒരു മഹാമന്ദിരം ഇപ്പോൾ പണിതു. അതിന് അവിടെ പറയുന്നത് മാർബിളും മേടയെന്നാണ്. എനിക്ക് കിട്ടിയ വിവരം 30 ലക്ഷം രൂപ അതിനുവേണ്ടി ചെലവഴിച്ചുവെന്നാണ്. ഇതിനെപ്പറ്റി ഈ രാജ്യത്ത് പരാതി ഉയർന്നു വന്നപ്പോൾ നമ്മുടെ നാട്ടിലെ എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥൻമാർ വീടിനു ചുറ്റും വല്ലംവച്ചു, അതിന്റെ അകമൊന്നു കാണാൻ. ഇതുവരെ വീടിന്റെ അകം കാണിച്ചിട്ടില്ല. ആറോ ഏഴോ മുറികളാണ് എയർ കണ്ടീഷൻ ചെയ്തിരിക്കുന്നത്. ബഹുമാന്യനായ മന്ത്രിക്ക് ഇത്രയും തുക മുടക്കാൻ കാശ് എവിടെനിന്നു കിട്ടി? അതിനെക്കുറിച്ച് അന്വേഷിക്കുമെങ്കിൽ ലക്ഷക്കണക്കിന് രൂപ സർക്കാരിലേക്കു മുതൽകൂട്ടുവാനും വാങ്ങിയെടുക്കാനും കഴിയുന്ന ഒരു പരമാർത്ഥം മാത്രമാണ് ഞാൻ ഈ സഭയുടെ മുമ്പാകെ അവതരിപ്പിക്കുന്നത്. അതുകൊണ്ട് പ്രിയപ്പെട്ട ബാലകൃഷ്ണപിള്ള, തന്റെ പുതിയ സമ്പത്തിനെപ്പറ്റി സത്യസന്ധമായി അന്വേഷണം നടത്താൻ അദ്ദേഹത്തിന് അവകാശമുണ്ട്. ഇല്ലെങ്കിൽ നമ്മുടെ മുഖ്യമന്ത്രി പുതിയ ധനകാര്യമന്ത്രി അടക്കം ആലോചിച്ചുകൊണ്ട് അദ്ദേഹത്തിന്റെ പുതിയ സമ്പത്തിനെപ്പറ്റി അന്വേഷിക്കണം. അതുകൊണ്ട് ഈ രാജ്യത്തെ മുച്ചൂട് മുടിക്കുന്ന ഈ വക നയസമീപനങ്ങളെ നഖശിഖാന്തം എതിർക്കുന്നതോടൊപ്പം ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ധനാഭ്യർത്ഥനകളെ ഞാൻ ശക്തമായും എതിർക്കുന്നു.

ശ്രീ. കെ.എസ്. നാരായണൻനമ്പൂതിരി: സർ, ഞാൻ ഈ പൊതുമരാമത്ത്, കാർഷികാദായ നികുതിയും വിൽപ്പനനികുതിയും എന്നീ വകുപ്പുകൾക്കുവേണ്ടി അവതരിപ്പിച്ചിരിക്കുന്ന ധനാഭ്യർത്ഥനകളെ പിന്താങ്ങുകയാണ്. പി.ഡബ്ലിയു.ഡി. യിൽ 19,400 കിലോമീറ്റർ ദൈർഘ്യം വരുന്ന റോഡുകളാണ് ഉള്ളത്. പി.ഡബ്ലിയു.ഡി. യിലേക്ക് നീക്കി

LIBRARY ARCHIVES Kerala Legislative Assembly

വയ്ക്കുന്ന സംഖ്യയും അതിന് അത്യാവശ്യം വേണ്ടിവരുന്ന സംഖ്യയും തമ്മിൽ ഒരു ബന്ധവുമില്ലാത്ത സ്ഥിതിയിലായിട്ട് വളരെക്കൊല്ലങ്ങളായി. അതിന്റെ അടിസ്ഥാനത്തിൽതന്നെ റോഡുകളെല്ലാം അതാതു കൊല്ലം റിപ്പെയർ ചെയ്യാൻ സാധിക്കാതെ നാശമായി പോവുകയാണ്. ഒരു കൊല്ലത്തിൽ റിപ്പെയർ ചെയ്യേണ്ട റോഡുകളുടെ പകുതിപോലും റിപ്പെയർ ചെയ്യാൻ സാധിക്കാതെ വരുന്നതുകൊണ്ട് അടുത്ത കൊല്ലത്തേക്ക് ബാക്കി വരുന്ന റോഡുകളും വളരെയധികം നാശമാവുകയും അതാതു കൊല്ലത്തിൽ ചെയ്യാൻ വേണ്ടിവരുന്ന ചെലവിന്റെ മൂന്നിരട്ടിയും നാലിരട്ടിയും ആയി അത് വർദ്ധിക്കുകയുമാണ്. അങ്ങനെ കൊല്ലം തോറും എല്ലാ റോഡുകളും റിപ്പെയർ ചെയ്യാൻ സാധിക്കാത്തതിന്റെ ഫലമായി വളരെയധികം റോഡുകളും സഞ്ചാരയോഗ്യമല്ലാതായി തീർന്നിരിക്കുകയാണ്. ഇത് ഒരു കൊല്ലം കൊണ്ടോ രണ്ടു കൊല്ലം കൊണ്ടോ വന്നതാണെന്ന അഭിപ്രായം എനിക്കില്ല. വളരെക്കാലങ്ങളായി തന്നെ ഇത് നിലനിൽക്കുകയാണ്. ഈ കൊല്ലംതന്നെ റിപ്പയറിനുവേണ്ടി നീക്കിവച്ചിട്ടുള്ളത് 28—ൽ ചിലപ്പോൾ കോടി രൂപയാണ്. ഈ കൊല്ലം അത്യാവശ്യം ചെയ്തു തീർക്കേണ്ട റിപ്പയർ പണികൾക്ക് കണക്കാക്കിയിട്ടുള്ളത് 40 കോടി രൂപയാണ്. ഈ കൊല്ലം ചെയ്തു തീർക്കേണ്ട മെയിൻറനൻസ് പണികൾ തന്നെ മൂന്നിലൊന്നു ഭാഗം നടക്കാതെ പോകുന്നു എന്നുള്ളതാണ് അതിന്റെ അർത്ഥം. അങ്ങനെ നമ്മുടെ പി.ഡബ്ലിയു. ഡി.യിലേക്ക് നീക്കി വയ്ക്കുന്ന സംഖ്യയിൽ വളരെ കുറവു വരുന്നതു കൊണ്ട് അത് പ്രത്യേകമായി പരിഗണിച്ച് വർദ്ധിപ്പിക്കണം.

സർ, നമ്മുടെ എം.എൽ.എ. റോഡുകളുടെ സ്ഥിതി നോക്കിയാൽ, 212 റോഡുകൾക്ക് എ.എസ്. കൊടുത്തിട്ടുണ്ടെങ്കിലും 152 റോഡുകളുടെ വർക്കാണ് അറേഞ്ച് ചെയ്തിട്ടുള്ളത്. എട്ടെണ്ണം മാത്രമാണ് ഈ കൊല്ലത്തിനുള്ളിൽ ഇതുവരെ പണി തീർന്നിട്ടുള്ളത്. ഈ അറേഞ്ച് ചെയ്ത വർക്കുകൾക്കുതന്നെ ആവശ്യമായ പണം നീക്കിവച്ചിട്ടില്ല. അതുകൊണ്ടു തന്നെയാണ് പണി നടക്കാതെ പോകുന്നത്. അതുകൊണ്ട് ആവശ്യമായ ഫണ്ട് നീക്കി വച്ചുകൊണ്ട് ഇത് നടപ്പിലാക്കണം. പൊതുമരാമത്തിന്റെ പ്രവർത്തനങ്ങളിൽ, കാര്യക്ഷമമായി അത് പ്രവർത്തിച്ചുകൊണ്ടുപോകുവാൻ ചില പരിഷ്കാരങ്ങൾ നടപ്പിൽ വരുത്തുന്നത് നല്ലതാണ്. ചില വകുപ്പുകൾ ബൈഫർക്കേറ്റ് ചെയ്ത് വെവ്വേറെ വകുപ്പുകളാക്കി മാറിയതും, അതുപോലെ സർക്കിളുകളും ഡിവിഷനുകളും കൂടുതലാക്കി ഇതിന്റെ പ്രവർത്തനം കാര്യക്ഷമമായി മുന്നോട്ടു കൊണ്ടുപോകാനുള്ള സൗകര്യങ്ങളുണ്ടാക്കിയതും നല്ല പരിഷ്കാരങ്ങളാണ്. പക്ഷേ ഇന്ന് മറ്റു പല വിധത്തിലും ഈ ഡിപ്പാർട്ടുമെന്റിനു കനത്ത നഷ്ടം വരുന്നുണ്ട്. ഒരു പണി ചെയ്താൽ അതിന്റെ ബിൽ കിട്ടുന്നതിന് വളരെയധികം കാലതാമസം വേണ്ടി വരുന്നതുകൊണ്ട് അത്തരം പണികൾക്ക് ടെൻഡർ വയ്ക്കുന്നത് വളരെയധികം എബൗ റേറ്റിനാണ്. കഴിഞ്ഞ ഫ്ളഡ് റിലീഫ് ഫണ്ടിലെ പണം ഉപയോഗിച്ച് പണികൾ ചെയ്ത ടെൻഡറുകളും ബഡ്ജറ്റിലെ പണംകൊണ്ട് ടെൻഡർ വയ്ക്കുന്ന പണികളും തമ്മിൽ വലിയ അന്തരമുണ്ട്. പണം കിട്ടുവാനുള്ള താമസം കണക്കിലെടുത്തുകൊണ്ടാണ് വലിയ ടെൻഡറുകൾക്ക് പണി ഏൽപ്പിച്ചുകൊടുക്കേണ്ടിവരുന്നത്. അതുകൊണ്ട് ഓരോ കൊല്ലത്തിലും എടുക്കുന്ന പണികൾക്ക് പണി കഴിഞ്ഞാൽ പണം കൊടുക്കുവാനുതകുന്ന വിധത്തിലുള്ള സംവിധാനം ഉണ്ടാക്കിയോ, അല്ലെങ്കിൽ ഉള്ള പണത്തിനുമാത്രമേ പണി ചെയ്യിക്കുകയുള്ളൂ എന്ന ഏതെങ്കിലും ഒന്നു തീർച്ചയാക്കിയാൽ മാത്രമേ കൊടുക്കുന്ന പണികൾക്ക് ഇന്നു

LIBRARY ARCHIVES Kerala Legislative Assembly

വുമന്ന ചോരിച്ച ചെലവിൽ വളരെയധികം കുറയ്ക്കാൻ കഴിയും. പൊതുവേ ഈ മരാമത്തു പണികളും നല്ല നിലയിൽ കൊണ്ടുപോകുവാൻ കൺസ്ട്രക്ഷൻ കോർപ്പറേഷനെക്കൊണ്ട് ചെയ്യിക്കുന്ന ജോലികളും വളരെ നന്നായി നടക്കുന്നുയെന്നാണ് പറയുന്നത്. അങ്ങനെ കൺസ്ട്രക്ഷൻ കോർപ്പറേഷനെക്കൊണ്ട് പണി മുഴുവൻ ചെയ്യിക്കത്തക്കവിധത്തിൽ, അതിനാവശ്യമായ ആളുകളെ നിയമിക്കുകയും അവർക്ക് സാമ്പത്തികമായ ശക്തിയുണ്ടാക്കിക്കൊടുക്കുകയും ചെയ്താൽ മാത്രമേ 75 ശതമാനം ജോലിയെങ്കിലും അവരെക്കൊണ്ട് ചെയ്യിപ്പിക്കുവാൻ സാധിക്കുകയുള്ളൂ. അതിന് അവരെ ശക്തിപ്പെടുത്തി സാമ്പത്തികമായി സഹായിച്ച് നല്ലനിലയിൽ എത്തിക്കണം. എന്നാൽ അത് സ്റ്റേറ്റിന് ഉപകാരപ്രദമായിരിക്കും, പണികളും നന്നായിരിക്കും. ഇക്കൊല്ലം പുതിയ റോഡുകളും പണിയുന്നതിനും അതുപോലെയുള്ള റോഡുകളുടെ പരിഷ്കരണത്തിനുമൊക്കെയായി 55 കോടി രൂപയുടെ ചെലവാണ് കണക്കാക്കിയിട്ടുള്ളത്. എന്നാൽ ബഡ്ജറ്റിൽ 34 കോടി രൂപയാണ് നീക്കിവച്ചിട്ടുള്ളത്. അതുകൊണ്ട് ഇക്കൊല്ലം ഉദ്ദേശിച്ച പണികളുടെ വളരെക്കുറച്ചു ശതമാനം മാത്രമേ നടത്തിക്കുവാൻ സാധിക്കുകയുള്ളൂ. അത്തരത്തിലുള്ള കാര്യങ്ങളും, ഉദ്ദേശിച്ച പണികളും നടക്കുന്നതിനാവശ്യമായ സംഖ്യ നീക്കിവയ്ക്കണമെന്നാണ് എനിക്കഭ്യർത്ഥിക്കുവാനുള്ളത്.

അഗ്രിക്കൾച്ചറൽ ഇൻകം ടാക്സിനെ സംബന്ധിച്ചാണ് അടുത്തതായി എനിക്ക് പറയാനുള്ളത്. അതിനെ സംബന്ധിച്ചിടത്തോളം ചെറുകിട കച്ചവടക്കാർക്കും ചെറുകിട വ്യവസായികൾക്കും ബുദ്ധിമുട്ടുകൾ വരാത്തരത്തിൽ അതിന്റെ പ്രവർത്തനം മുന്നോട്ട് കൊണ്ടുപോകണം. എന്നാൽ ഗവൺമെന്റിന് കിട്ടാൻ അർഹതയുള്ള മുഴുവൻ നികുതിയും പിരിച്ചെടുക്കാനുള്ള സംവിധാനവും ഉണ്ടാക്കണം. ഇതിൽ മിടുക്കൻമാരായ വമ്പൻമാരായിട്ടുള്ള സമ്പന്നൻമാർ ധാരാളം ടാക്സ് വെട്ടിക്കുന്നു. എന്നാൽ സാധാരണക്കാരായ പാവപ്പെട്ട ആളുകളുടെ പേരിൽ കേസ്സുണ്ടാകുന്നു. പിന്നെ കിട്ടുവാൻ അർഹതപ്പെട്ട പല ടാക്സുകളും നിയമപ്രകാരം പിരിച്ചെടുക്കാൻ സാധിക്കാത്ത ഗതികേടുമുണ്ട്. ഉദാഹരണത്തിന് 20 കിലോ അടയ്ക്കാക്ക് 500 രൂപയിൽ കൂടുതൽ വിലയുണ്ട്. അത് ഇവിടെ നിന്ന് സാധാരണ വിലയിട്ട് പുറത്തേക്ക് പോകുന്നത് സെക്കൻറ് ക്വാളിറ്റി എന്ന് പറഞ്ഞാണ്. 20 കിലോയ്ക്ക് 125—ഓ 150 രൂപയോ വിലയിട്ടാണ് പുറത്ത് കൊണ്ടു പോകുന്നത് റിക്കാർഡോടുകൂടി തന്നെയാണ്. ഇങ്ങനെ ഒരു ലോറി അടയ്ക്ക കടത്തിയാൽ പതിനയ്യായിരം രൂപയോളം സർക്കാരിന് നഷ്ടം വരും. അത് സെയിൽസ് ടാക്സ് ഓഫീസർമാർ പിടിക്കുകയാണെങ്കിൽ പിടിച്ചത് പരിശോധിച്ച് അതിന്റെ വില നിലവാരം പ്രസിദ്ധപ്പെടുത്തുമ്പോഴേക്കും രണ്ടു മൂന്നു കൊല്ലം കഴിയും. കാലതാമസം വരുമ്പോഴേക്കും പ്രതികൾ രക്ഷപ്പെട്ടുപോകാനിടയാകുകയും ചെയ്യും. അതുകൊണ്ട് പിടിക്കുന്ന സ്ഥലത്തുവച്ചുതന്നെ ഇതിന്റെ നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നതിനുള്ള അധികാരം ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർക്ക് നൽകുകയാണെങ്കിൽ ഗവൺമെന്റിലേക്ക് ലഭിക്കേണ്ട നികുതികളും പിരിച്ചെടുക്കാനും ഇത്തരത്തിലുള്ള വെട്ടിപ്പുകളും ഇല്ലാതാക്കാനും സാധിക്കും. അതുപോലെ തന്നെ ചെക്ക് പോസ്റ്റുകളിൽ ആവശ്യമായ സ്റ്റാഫിനെ നിയമിക്കണം. കൂടുതൽ ഫ്ളൈയിങ്ങ് സ്ക്വാഡുകളെ ഏർപ്പെടുത്തി ഇത്തരം കാര്യങ്ങൾ അന്വേഷിച്ച് കണ്ടുപിടിച്ച് കർശനമായ നടപടികളും സ്വീകരിക്കുവാനുള്ള സംവിധാനം ഉണ്ടാക്കുകയാണെങ്കിൽ ഇന്ന് പിരിച്ചെടുക്കുന്നതിനേക്കാൾ കൂടുതൽ നികുതി പിരിച്ചെടുക്കാൻ കഴിയുമെന്നാണ് എനിക്ക് തോന്നുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

വൻകിട തോട്ടക്കാരിൽനിന്നും കാർഷികാദായ നികുതി ഈടാക്കുന്നതിലും വളരെയധികം അപാകതകളുണ്ടെന്നാണ് അറിയാൻ കഴിയുന്നത്. ഒരേക്കറിൽ ഏലം കൃഷി ചെയ്താൽ 85 കിലോയോളമുണ്ടാകുമെന്നാണ് ഗൈഡ്‌ലൈനിൽ പറയുന്നത്. സാധാരണ 100, 140 കിലോ വരെ കിട്ടുമെന്നാണറിയുന്നത്. എന്നാൽ ടാക്സ് ഈടാക്കുന്നത് ഒരേക്കറിൽ 40-50 കിലോ വച്ചാണ്. ഉൽപ്പാദനത്തിന്റെ മൂന്നിലൊന്നിനു പോലും ടാക്സ് പിരിക്കാൻ സാധിക്കാത്ത സ്ഥിതിയാണിന്നുള്ളത്. ഉൽപ്പാദനം കുറച്ചു കാണിച്ച് നികുതി വെട്ടിപ്പ് നടത്തുന്നത് കർശനമായും തടയണം. ശരിയായ രീതിയിൽ ഉൽപ്പാദനം കണക്കാക്കി നികുതി ഏർപ്പെടുത്തുകയും അത് കർശനമായും പിടിച്ചെടുക്കാനുള്ള നടപടികളും സ്വീകരിക്കുകയും ചെയ്താൽ നികുതിയിനത്തിൽ ഇന്ന് ലഭിക്കുന്നതിനെക്കാളും വളരെയധികം തുക പിടിച്ചെടുക്കാൻ സാധിക്കും. അതിനാവശ്യമായ നടപടികളും സ്വീകരിക്കണമെന്നഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽകൂടി പിൻതാങ്ങുന്നു.

ശ്രീ. കെ.ടി. കുമാരൻ: സർ, ഇവിടെ അവതരിപ്പിച്ചിട്ടുള്ള ധനാഭ്യർത്ഥനകളെ ഞാൻ ശക്തമായി എതിർക്കുകയാണ്. പൊതുമരാമത്ത് വകുപ്പിനെ സംബന്ധിച്ച് ചർച്ച ഉണ്ടായത് തന്നെ പരിഹാസ്യമാണ്. പാവം നഹാസാഹിബിനെപ്പറ്റി കൂടുതലൊന്നും ഞാൻ പറയുന്നില്ല. അദ്ദേഹം മന്ത്രിയെന്ന നിലയിൽ ഈ വകുപ്പിൽ യാതൊരു താൽപ്പര്യവും കാണിക്കുന്നില്ല. മുൻകാലങ്ങളിൽ ഓരോ മണ്ഡലത്തിലും അഞ്ചു വർഷം കൂടുമ്പോഴെങ്കിലും മൂന്ന് റോഡുകളുടെയെങ്കിലും പണി തീരുമായിരുന്നു. അങ്ങനെ യാതൊരു പ്രവർത്തനവും ഇപ്പോൾ നടക്കുന്നില്ല. ജില്ലാടിസ്ഥാനത്തിൽ വർക്കുകൾ നടത്തുന്നതിനുള്ള ഒരു നയം ഈ ഗവൺമെന്റിനു ഇല്ല. എന്തെങ്കിലും സ്വാധീനശക്തിയുള്ള കോൺട്രാക്ടർമാരുടെ സമ്മർദ്ദങ്ങൾക്ക് വിധേയമായി വർക്ക് അനുവദിക്കുക എന്ന നയമാണ് ഈ ഗവൺമെന്റ് സ്വീകരിക്കുന്നത്. കോൺട്രാക്ടർമാരുടെ പണക്കൊഴുപ്പ് പ്രകടിപ്പിച്ച് കാണേണ്ടവരെ കണ്ട് വർക്ക് നേടിയെടുക്കുക എന്ന നയമാണ് ഇപ്പോഴുള്ളത്. തൃശ്ശൂർ ജില്ലയിൽ കടപ്പുറം പഞ്ചായത്തിൽ ഗുരുവായൂർ മണ്ഡലത്തിൽ മുഹമ്മദ് കോയയുടെ സ്മാരകമായി നിർമ്മിക്കുന്ന കെട്ടിടത്തിന്റെ തറക്കല്ല് ഇടാനുള്ള കർമ്മം ബഹുമാനപ്പെട്ട നഹാസാഹിബാണ് നിർവ്വഹിച്ചത്. നടക്കാൻ പാടില്ലാത്ത ഒരു കാര്യമാണ് അവിടെ നടന്നത്. എൻ.എച്ച്. 17-ലെ ചേറ്റുവാ പാലത്തിന്റെ കരാറുകാരൻ കാസർകോഡുകാരനാണ് അദ്ദേഹത്തിൽനിന്നും ഇരുപത്തഞ്ചായിരം രൂപയുടെ ചെക്ക് നഹാസാഹിബ് വാങ്ങിയതായി മാതൃഭൂമിയിൽ പടം സഹിതം റിപ്പോർട്ട് വരുകയുണ്ടായി. പൊതുമരാമത്ത് വകുപ്പുമന്ത്രിയെ ചെക്ക് ഏൽപ്പിക്കുന്ന ഒരു ഫോട്ടോയാണ് വന്നത്. ഇത്ര പരസ്യമായി ഒരു കോൺട്രാക്ടറിൽ നിന്നും മന്ത്രി പണം വാങ്ങിയത് അഴിമതിയാണെന്ന് ഞാൻ കുറ്റപ്പെടുത്തുകയാണ്. ഇതിനെ സംബന്ധിച്ച് അന്വേഷിക്കണം. ഇത്രയും അധഃപതിച്ചുപോകേണ്ട കാര്യം നഹാസാഹിബിന് ഇല്ലായിരുന്നു എന്നു തോന്നുകയാണ്. മറ്റൊരു കാര്യം പറയാനുള്ളത് പി.ഡബ്ലിയു.ഡി. അടുത്ത കാലത്തായി ബൈഫർക്കേറ്റ് ചെയ്തതിനെസംബന്ധിച്ചാണ്. എന്തിനുവേണ്ടിയാണ് ബൈഫർക്കേറ്റ് ചെയ്തത്? ജനങ്ങളെ വളരെയേറെ വിഷമിപ്പിക്കുന്ന വിധത്തിലുള്ള ഒരു ബൈഫർക്കേഷനാണ് ഇവിടെ ഉണ്ടായിട്ടുള്ളത്. ഒരു വിഭാഗം എം.എൽ.എ. മാരുടേയും മന്ത്രിമാരുടെയും ആവശ്യത്തിനനുസരിച്ചാണ് വിഭജിച്ചിട്ടുള്ളതെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

നാലു വർഷമായി എം.എൽ.എ. റോഡിന്റെ പണി തുടങ്ങിയിട്ട്. 24–ാം തീയതി മന്ത്രി ഇവിടെ ഉത്തരം പറഞ്ഞത് ആറ് റോഡിന്റെ പ്രവർത്തി പൂർത്തിയായി എന്നാണ്. നാലുകൊല്ലംകൊണ്ട് ആറ് റോഡിന്റെ പണിയേ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുള്ളൂ എന്നാണ് പറഞ്ഞത്. ഈ എം.എൽ.എ. റോഡിനെ സംബന്ധിച്ച് തന്നെ പറയുമ്പോൾ, അതിന് ചെലവഴിച്ച സംഖ്യയെ സംബന്ധിച്ചിടത്തോളം നോക്കുമ്പോൾ എത്ര പരിഹാസ്യമാണ് ഇതിന് വേണ്ടി ഓരോ ജില്ലയിലും അനുവദിച്ച സംഖ്യ. ഇപ്പോൾ ഇവിടെ നമുക്ക് നൽകിയ രേഖ പരിശോധിച്ചാൽ കാണാൻ കഴിയും തിരുവനന്തപുരം ജില്ലയിൽ 4,84,043 രൂപ അനുവദിച്ചു. ഞങ്ങളുടെ കാസർകോഡ് ജില്ലയിൽ ആണെങ്കിൽ 4,80,885 രൂപ അനുവദിച്ചു. മന്ത്രിയുടെ മലപ്പുറം ജില്ലയിൽ ആണെങ്കിൽ എത്രയാണ് സർ? 15,27,827 രൂപ. ഇങ്ങനെ പോകുന്നു ഇതിന്റെ കണക്ക്.

* * * * * * * * * * * *

സർ, എം.എൽ.എ. മാരുടെ റോഡുകളുടെ സ്ഥിതിയാണെങ്കിൽ മറ്റ് റോഡുകളേക്കാൾ വളരെയധികം ശോചനീയമാണ്. കഴിഞ്ഞ ഏതാനും വർഷങ്ങളായി വെള്ളപ്പൊക്കം കൊണ്ട് കേടുപാടുകൾ വന്ന് നശിച്ചുപോയിട്ടുള്ള, പി. ഡബ്ലിയു.ഡി. ഏറ്റെടുത്ത നിരവധി റോഡുകളുണ്ട്. ആ റോഡുകളെസംബന്ധിച്ച് യാതൊരു അറ്റകുറ്റപ്പണികളും ചെയ്തിട്ടില്ല. നേരെ മറിച്ച് ഇതിനുവേണ്ടി അനുവദിച്ച സംഖ്യ മറ്റ് പല ആവശ്യങ്ങൾക്കും വേണ്ടി ഉപയോഗിക്കുന്നു. അതുപോലെ തന്നെ വളരെ പ്രധാനപ്പെട്ട ഒരു കാര്യം നമ്മുടെ സംസ്ഥാനത്ത് എൻ.ആർ. ഇ.പി., ആർ.എൽ.ഇ.ജി.പി. പദ്ധതിയനുസരിച്ച് ധാരാളം റോഡുകൾ നിർമ്മിച്ചിട്ടുണ്ട്. ഈ റോഡുകളുടെ, അറ്റകുറ്റപ്പണി യാതൊന്നും ചെയ്യുന്നില്ല. ഈ റോഡുകളെല്ലാം പി.ഡബ്ലിയു.ഡി. ഏറ്റെടുത്ത് അതിന്റെ സംരക്ഷണം നടത്തുന്നില്ലെങ്കിൽ നിശ്ചയമായും ആ റോഡുകൾ മുഴുവൻ നശിക്കും. അതുകൊണ്ട് എൻ.ആർ.ഇ.പി., ആർ.എൽ.ഇ.ജി.പി. പദ്ധതിപ്രകാരമുള്ള റോഡുകൾ അടിയന്തിരമായി ഗവൺമെന്റ് ഏറ്റെടുക്കണം. അതിന് യാതൊരു തടസ്സവുമില്ല. എട്ട് മീറ്റർ വീതിയുള്ള റോഡുകളാണ് എല്ലാ റോഡുകളും. ആ റോഡുകളെ സംരക്ഷിക്കുന്നതിനുവേണ്ടി സർക്കാർ മുന്നോട്ടുവരണം. മറ്റൊരുകാര്യം പറയാനുള്ളത് ഞങ്ങളുടെ പിന്നോക്ക ജില്ലയായ കാസർകോഡിനെ സംബന്ധിച്ചാണ്. കാസർകോട് ജില്ല ഒരു പിന്നോക്കജില്ലയാണെന്നുള്ളതുകൊണ്ടുതന്നെ ഈ ഗവൺമെന്റ് വരുന്നതിനുമുമ്പ് ശ്രീ. നായനാരുടെ നേതൃത്വത്തിൽ ഉണ്ടായിരുന്ന ഇടതുപക്ഷജനാധിപത്യ മുന്നണി ഗവൺമെന്റ് അവിടെ ഒരു വികസന അതോറിറ്റി രൂപീകരിച്ചു. ആ വികസന അതോറിറ്റി ഒരുപാടുകാര്യങ്ങൾ ചെയ്യാൻ ശ്രമിച്ചിട്ടുണ്ട്. അതൊന്നുംതന്നെ പൂർത്തിയായിട്ടില്ല. അതിന്റെ സി.എ.ഡി.എ. (കാഡാ) ഒരുപാട് പാലങ്ങളും റോഡുകളും പണി ചെയ്യാൻ തീരുമാനിച്ചിരുന്നു. അവയൊന്നും പൂർത്തീകരിച്ചിട്ടില്ല. അതിന്റെ സബ് ഡിവിഷൻ. ഇപ്പോൾ എടുത്ത് കളഞ്ഞിരിക്കുകയാണ്. കാഡാ എന്ന ഒന്ന് ഇപ്പോൾ അവിടെയില്ല. ഏതാണ്ടൊരു നൂറുകോടി രൂപയോളം ഉണ്ടെങ്കിൽ മാത്രമേ ആ കാഡാ ഏറ്റെടുത്ത റോഡുകളുടെ പണി പൂർത്തിയാക്കാനും മറ്റ് വികസനപ്രവർത്തനങ്ങൾ ചെയ്യാനും കഴിയൂ. ഇപ്പോൾ നമ്മുടെ വികസന പ്രവർത്തനങ്ങൾക്ക് ബഡ്ജറ്റിൽ അനുവദിച്ച കാസർകോഡ് ജില്ലയിൽ പൊതുമരാമത്തു

---

*സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം സഭാനടപടികളിൽനിന്നും നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

വകുപ്പിന് 45 ലക്ഷം രൂപമാത്രമേയുള്ളൂ. ഇതിൽ 17 ലക്ഷം രൂപയാണ് ഇപ്പോൾ കിട്ടിയത്. അതിൽ 8 ലക്ഷം കടംവീട്ടിക്കഴിഞ്ഞു. അവിടത്തെ റോഡുകളുടെയും പാലത്തിന്റെയുമെല്ലാം സ്ഥിതി വളരെ ദയനീയമാണ്. ഇത് പരിഹരിക്കുന്നതിനുവേണ്ടി ഗവൺമെന്റിന് യാതൊരു ലക്ഷ്യവുമില്ല. യാതൊരു നടപടിയും ഗവൺമെന്റിന്റെ ഭാഗത്തു നിന്ന് സ്വീകരിച്ചുകാണുന്നില്ല എന്നുള്ളതുകൊണ്ട് ഇതിനെ ഞാൻ ശക്തിയായി എതിർക്കുകയാണ്.

ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. ഇരുപതിനായിരം കിലോമീറ്റർ റോഡുകളും സംരക്ഷിക്കുക എന്നുള്ള വലിയ ബാദ്ധ്യതയുള്ള ഒരു വകുപ്പാണ് പി.ഡബ്ലിയു.ഡി. നൂറ് സ്ക്വയർ കി.മീറ്ററിന് 821 എന്ന കണക്കിലും ഒരു ലക്ഷം ആളുകൾക്ക് 1164 എന്ന നിരക്കിലും വാഹനബാഹുല്യമുള്ള ഒരു സംസ്ഥാനമാണ് കേരളം. നമ്മുടെ സമ്പദ്ഘടനയിൽ ദൈനംദിനം എന്നോളം വർദ്ധിച്ചുവരുന്ന പുരോഗതിയിൽ ഗതാഗതത്തിന് നിർവഹിക്കാൻ ഉള്ള പങ്ക് വളരെ വലുതാണ്. ദൈനംദിനമെന്നോണം വർദ്ധിച്ചുകൊണ്ടിരിക്കുന്ന വാഹനബാഹുല്യം കണക്കിലെടുത്ത് നമ്മുടെ റോഡുകളുടെ സ്ഥിതി കൂടുതൽ മെച്ചപ്പെടുത്തുന്നതിനാവശ്യമായ പദ്ധതികളും ആസൂത്രണം ചെയ്യേണ്ടതാണ്. എന്നാൽ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് നമ്മുടെ സംസ്ഥാനത്തെ റോഡുകളുടെ സൗകര്യവും വീതിയും വളരെ പരിമിതമാണെന്നുള്ളത് കണക്കിലെടുത്ത് മറ്റ് സംസ്ഥാനത്ത് ഈ രംഗത്തുചെയ്തിട്ടുള്ളതിനേക്കാൾ കൂടുതൽ പ്രവർത്തനങ്ങൾ ഇവിടെയും നടത്തണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്. 1984 മാർച്ചിൽ 18,821 കിലോമീറ്റർ റോഡുകളുണ്ടായിരുന്നിടത്ത് 1985 മാർച്ചായപ്പോഴേയ്ക്കും 19,107 കിലോമീറ്റർ ആയിവർദ്ധിച്ചു. ഒരു വർഷംകൊണ്ട് 286 കിലോമീറ്റർ റോഡ് നമ്മുടെ സംസ്ഥാനത്ത് വർദ്ധിച്ചിരിക്കുകയാണ്. ഇവിടെ പ്രതിപക്ഷത്തു നിന്ന് ഒരു മെമ്പർ പറഞ്ഞു. ഗർഭിണികളായ സ്ത്രീകൾക്ക് സഞ്ചരിക്കാൻ സാധിക്കാത്ത വിധത്തിൽ റോഡുകൾ ശോചനീയാവസ്ഥയിലാണ് കിടക്കുന്നതെന്ന്. മുൻ കാലങ്ങളെ അപേക്ഷിച്ച് ഇന്ന് നമ്മുടെ സംസ്ഥാനത്ത് റോഡുകൾ അറ്റകുറ്റപ്പണി തീർത്ത് ഗതാഗതയോഗ്യമാക്കിയിരിക്കുന്നു എന്നുള്ളത് എല്ലാവരും അംഗീകരിക്കുന്ന ഒരു വസ്തുതയാണ്. ഒരുപാട് പുരോഗതി ഈ രംഗത്തുണ്ടായിട്ടുണ്ട്. അതൊന്നും എടുത്തുപറയാൻ സമയമില്ല. എന്റെ പ്രദേശത്ത് സ്വാതന്ത്ര്യത്തിനുശേഷം ആ നാട്ടിലെ ജനങ്ങൾ നിരന്തരമായി ആവശ്യപ്പെട്ടിരുന്ന കുറ്റ്യാടി ഭ്രക്കന്തളം റോഡും, വയനാട് റോഡും ശ്രീ. നഹാ സാഹിബ് ഈ വകുപ്പ് ഏറ്റെടുത്തതിനുശേഷം കാണിച്ച ശുഷ്കാന്തിയുടെ ഫലമായി ഇന്ന് ഉദ്ഘാടനംചെയ്യപ്പെട്ടിരിക്കുന്നു. ചുരം ഇടിഞ്ഞാൽ വയനാട്ടിലെ ഗതാഗതം സ്തംഭിക്കും എന്ന നിലപാടിനു മാറ്റം വന്നിരിക്കുകയാണ്. ഇത് ഞങ്ങളുടെ പ്രദേശത്തെ സംബന്ധിച്ചിടത്തോളം പി.ഡബ്ലിയു.ഡി. ചെയ്തിട്ടുള്ള ഒരു വലിയ പ്രവർത്തനവും അംഗീകാരവുമായി നാട്ടുകാർ കണക്കാക്കുകയാണ്. നമ്മുടെ സമ്പദ്ഘടന വളർന്നുവരുമ്പോൾ ഗതാഗതത്തിലുള്ള പ്രാധാന്യം, കണക്കിലെടുത്തുകൊണ്ടുള്ള വിലയിരുത്തലുകൾ ഈ രംഗത്ത് ഉണ്ടായിട്ടില്ല എന്ന് വേദപൂർവ്വം പറയേണ്ടിയിരിക്കുന്നു. 20,000 കിലോമീറ്റർ റോഡുകൾ സംരക്ഷിക്കുവാൻ കേവലം 25 കോടി രൂപയാണ് നീക്കിവച്ചിട്ടുള്ളത്. ഇത് വളരെ അപര്യാപ്തമാണ്.

11 A.M.

LIBRARY ARCHIVES Kerala Legislative Assembly

ഇത് പരമാവധി വർദ്ധിപ്പിച്ച് നമ്മുടെ നാട്ടിൽ വളർന്നു വരുന്ന വാഹന ഗതാഗതം കണക്കിലെടുത്ത് അത് പരിപോഷിപ്പിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ബഡ്ജറ്റ് എസ്റ്റിമേറ്റിൽ മൂന്നു നാലു കൊല്ലമായി സംഖ്യ വർദ്ധിച്ചിട്ടുണ്ടെങ്കിലും ശതമാനക്കണക്കിൽ ഈ രംഗത്തു നീക്കിവച്ചിട്ടുള്ള സംഖ്യ കുറഞ്ഞു കുറഞ്ഞുവരികയാണ്. പഞ്ചവൽസരപദ്ധതിയിൽകൂടി വികസിച്ചു വരുന്ന ഒരു സമ്പദ്ഘടനയിൽ ഗതാഗതത്തിനു നീക്കിവയ്ക്കുന്ന ശതമാനം കുറഞ്ഞുപോയാൽ ഈ വളർന്നുവരുന്ന ആവശ്യം എങ്ങനെ നിറവേറ്റാൻ കഴിയും? അതുകൊണ്ട് അർഹിക്കുന്ന വിധത്തിൽ അത് പരിഹരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. മാനുവലും കോഡും പരിഷ്കരിക്കുമെന്ന് പലപ്രാവശ്യം ഇവിടെ പറഞ്ഞുവെങ്കിലും ഇതഃപര്യന്തം അത് പ്രാവർത്തികമായിട്ടില്ല എന്നുള്ളതാണ് പരമാർത്ഥം. വളരെവേഗത്തിൽ അത് നടപ്പിലാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. തീരദേശ റോഡുകളെന്ന ഒരു പദ്ധതി നിലവിലുണ്ടായിരുന്നു. ഇന്ന് ഗതാഗതത്തിന്റെ ബാഹുല്യം കണക്കിലെടുത്താൽ അതിന്റെ പുരോഗതി വളരെ മന്ദഗതിയിലാണ് നടക്കുന്നത്. വാഹനത്തിന്റെ വേഗത അനുദിനമെന്നോണം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. അത് നിയന്ത്രിക്കുവാൻ കഴിയുകയില്ല. ആവശ്യങ്ങളുടെ വർദ്ധനവാണ്. തമിഴ് നാട്ടിൽനിന്ന് ഒരു പച്ചക്കറി ലോറി എത്രയുംവേഗത്തിൽ ഇവിടെ എത്തിയാൽമാത്രമേ അത് കേടുകൂടാതെ ഇവിടെ വിതരണം ചെയ്യാൻ കഴിയുകയുള്ളു. ഓട്ടത്തിന്റെ വേഗത എത്ര കൂടുന്നുവോ അതനുസരിച്ചാണ് ഇവിടെ വില കിട്ടുന്നത്. ആ രൂപത്തിൽ വാഹനഗതാഗതം വർദ്ധിക്കുമ്പോൾ പഴയ റോഡുകൾ മാത്രമുണ്ടാവുക എന്നുള്ളത് വളരെ അപര്യാപ്തമാണ്. കരാറുകാരന്റെ രജിസ്ട്രേഷൻ പുതുക്കുമ്പോൾ ഒരു ഫീ ഈടാക്കുക എന്നുള്ളത് നടപ്പിലാക്കാൻപോകുന്നു എന്നും അതിനെതിരായി അവർ ശബ്ദം ഉയർത്തി തുടങ്ങിയിരിക്കുന്നു എന്നുമുള്ളതാണ് ഇപ്പോൾ ഉണ്ടായിട്ടുള്ള ഒരു സംഭവം. ഇത് കണക്കിലെടുത്ത് ഇത് ആവശ്യമാണോ എന്നുള്ളത് പരിശോധിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. മറ്റു സംസ്ഥാനങ്ങളിൽ എല്ലാ സ്ഥലങ്ങളിലും റോഡിൽ ചുണ്ടുപലകവഴി റോഡ് മനസ്സിലാക്കാനുള്ള ബോർഡുകൾ വച്ചിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്ത് ഒരു സ്ഥലത്തും ഈ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടില്ല. അതുകൊണ്ട് പരിചയമില്ലാത്ത ഒരാൾ നമ്മുടെ സംസ്ഥാനത്തുകൂടി സഞ്ചരിക്കുകയാണെങ്കിൽ വളരെയധികം ബുദ്ധിമുട്ടനുഭവപ്പെടാറുണ്ട്. വണ്ടി നിറുത്തി വഴിചോദിച്ചാൽമാത്രമേ പോകാൻ കഴിയുകയുള്ളൂ എന്നുള്ളത് കണക്കിലെടുത്തുകൊണ്ട് ആവശ്യമായ സ്ഥലങ്ങളിൽ ചുണ്ടുപലകകൾ സ്ഥാപിക്കാൻ മുൻകൈയെടുക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. കെട്ടിടങ്ങളും റോഡുകളും രണ്ടായി വിഭജിച്ചു. വളരെ അത്യാവശ്യമായ കാര്യമാണ്. കെട്ടിടങ്ങളുടെ കാര്യം പറയുമ്പോൾ നമ്മുടെ സംസ്ഥാനത്ത് ആശുപത്രികൾ, സ്കൂളുകൾ, മറ്റു ബിൽഡിംഗുകൾ എല്ലാം വളരെ ശോച്യാവസ്ഥയിലാണ്. അത് പരിഹരിക്കുവാൻ മുൻകൈ എടുക്കുന്ന ഒരു ചുറ്റുപാട് ഈ വിഭാഗത്തിൽകൂടി ഉണ്ടാകുമെന്ന് ഞാൻ പ്രത്യാശിക്കുകയാണ്. എന്റെ നിയോജകമണ്ഡലത്തിലെ കുറ്റ്യാടി ഹെൽത്ത് സെൻറർ കമ്മ്യൂണിറ്റി ഹോസ്പിറ്റലാക്കി മാറ്റിയിട്ടുണ്ട്. അഞ്ചു വിദഗ്ദ്ധ ഡോക്ടർമാരും ഒരുപാട് രോഗികളുമുള്ള ആ ആശുപത്രിയിൽ വളരെ മുമ്പുണ്ടായിരുന്ന ഒരു ഹെൽത്ത് സെൻററിനുപയോഗിച്ചിരുന്ന വാർഡുകളും മാത്രമാണുള്ളത്. പുറത്തു വച്ച് ക്ഷീണം പാചകം ചെയ്യേണ്ട പരിതഃസ്ഥിതിവരെ അവിടെയുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

പി.ഡബ്ലിയു.ഡി. ഉദ്യോഗസ്ഥൻമാർ പരിശോധിച്ചിട്ട് സ്ഥലമില്ല എന്നാണ് പറയുന്നത്. ഞങ്ങൾ അവരെ കൂട്ടിക്കൊണ്ടുപോയി മൂന്നു നില കെട്ടിടം പണിതാൽ പ്രശ്നം പരിഹരിക്കപ്പെടുമെന്നു പറഞ്ഞിട്ടും അവർ ഇതുവരെ ഒന്നും ചെയ്തിട്ടില്ല. സ്കൂളുകളുടെ സ്ഥിതിയും വളരെ ശോചനീയമാണ്. എന്റെ നിയോജകമണ്ഡലത്തിൽ, പേര് എടുത്തുപറയാൻ ഞാനാഗ്രഹിക്കുന്നില്ല, രണ്ടു മൂന്നു സ്കൂളുകളുടെ പണിയെങ്കിലും ആരംഭിക്കുവാൻ വേണ്ടത് ചെയ്യണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. എം.എൽ.എ. റോഡുകൾ മാത്രം ഏറെടുക്കുക, പ്രവർത്തി തുടങ്ങുക എന്നുള്ള ഇന്നത്തെ സമ്പ്രദായം വളരെ പ്രയാസങ്ങളുണ്ടാക്കുന്നുണ്ട്. ഒരു എം.എൽ.എ. രണ്ടു റോഡ് എഴുതിക്കൊടുക്കുന്നു. അതിൽതന്നെ പലതിന്റേയും പ്രവർത്തി തുടങ്ങിയിട്ടില്ല. പലതിനും ബഡ്ജറിൽ വക കൊള്ളിച്ചിട്ടില്ല. എന്റെ പ്രദേശംപോലെയുള്ള സ്ഥലങ്ങൾ ഗതാഗതത്തിന് വളരെയേറെ അപര്യാപ്തതയുള്ള സ്ഥലമാണ്. അവിടെ രണ്ടു റോഡുകൾ മാത്രം ഏറെടുത്ത് പ്രവൃത്തി നടത്തുക എന്നുള്ളത് കഴിഞ്ഞ നാലു കൊല്ലമായി തുടരുന്നതുകൊണ്ട് സാധാരണഗതിയിൽ ഉണ്ടാകേണ്ട പല റോഡുകളുടേയും പ്രവർത്തനം നടക്കുന്നില്ല. അതുകൊണ്ട് ലിങ്ക് റോഡുകളുടെ പ്രാധാന്യം കണക്കിലെടുത്ത് ആവശ്യമുള്ള ലിങ്ക്റോഡുകൾ ഏറെടുക്കാനും പ്രവർത്തി തുടങ്ങാനും വേണ്ടത് ചെയ്യണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്. ഏറെടുത്ത റോഡുകൾക്കുതന്നെ നാലഞ്ചുകൊല്ലമായി ഒരു മേജർ റിപ്പയർപോലും ചെയ്തുതരാത്ത ചുറ്റുപാടാണുള്ളത്. എം.എൽ.എ. റോഡ് എന്നുള്ള നിലയിൽ ടെണ്ടർ വിളിച്ചിട്ട് രണ്ടു റീച്ചുകളും പൂർണ്ണമായി അടച്ചിട്ടിരിക്കുകയാണ്. ആ കരാറുകാരൻ യാതൊന്നും ചെയ്യുന്നില്ല. എന്തോ ചെറിയ ഒരു തുക കൊടുത്തു എന്നല്ലാതെ വേണ്ടത്ര കാശ് കൊടുത്തില്ല. അതുകൊണ്ട് ചെയ്യാൻ കഴിയുകയില്ല എന്നാണ് അയാൾ പറയുന്നത്. അത് തുടങ്ങാനുള്ള നടപടികൾ സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. മറെറാന്ന് എന്റെ നിയോജകമണ്ഡലത്തിലെ എം.എൽ.എ. റോഡിൽ രണ്ടു പാലങ്ങളുണ്ട്. റോഡുകൾ ടെണ്ടർ വിളിച്ചുവെങ്കിലും ആ പാലങ്ങളുടെ പണി നടത്തിയിയില്ലെങ്കിൽ റോഡിന്റെ ആവശ്യം നിറവേറുകയില്ല. ഇപ്പോൾ അതിന്റെ റിക്കാർഡുകളെല്ലാം ശരിയായിട്ടുണ്ട്. എന്റെ എം.എൽ.എ. റോഡിലുള്ള അട്ടക്കുണ്ട് പാലവും ഗുളികപ്പുഴ പാലവും ഉടനെ ടെണ്ടർ വിളിക്കാൻ നിർദ്ദേശം കൊടുക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഇന്നത്തെ വളർന്നുവരുന്ന സമ്പദ്ഘടനയിൽ ഗതാഗതത്തിനുള്ള പ്രാധാന്യം കണക്കിലെടുത്തുകൊണ്ടുള്ള നീക്കിവയ്ക്കലുകൾ ബഡ്ജറിൽ ഉണ്ടായിട്ടില്ല. അത് ലഭിക്കണം. പി.ഡബ്ലിയു.ഡി. ഇനിയും ഒരുപാട് കാര്യങ്ങൾ ചെയ്യാൻ മുൻകൈ എടുത്തു പ്രവർത്തിക്കണമെന്നുമാത്രം അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽകൂടി പിന്താങ്ങുന്നു.

[അദ്ധ്യക്ഷവേദിയിൽ ശ്രീ. കെ.പി.എ. മജീദ്]

ശ്രീമതി റേയ്ച്ചൽ സണ്ണി പനവേലി: സർ, ഇവിടെ അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുന്നു. പൊതുമരാമത്തുവകുപ്പ് എം.എൽ.എ. റോഡുകൾ തുടങ്ങിയ പരിപാടികൾ കൊട്ടിഘോഷിക്കുന്നുണ്ടെങ്കിൽത്തന്നെയും നാട്ടിൽ യാതൊന്നും നടക്കുന്നില്ല. എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ടതാണ് ശബരിമല. വർഷംതോറും ലക്ഷക്കണക്കിനു തീർത്ഥാടകർ ഇന്ത്യയുടെ നാനാഭാഗത്തുനിന്നും അവിടെ എത്താറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അതോടൊപ്പം ആയിരക്കണക്കിന് വാഹനങ്ങളും. റോഡിന് വീതിയില്ലാത്തതുകാരണം മണിക്കൂറുകളോളം വാഹനങ്ങൾ ബ്ലോക്കായിട്ട് കിടന്ന് തീർത്ഥാടകർ വളരെയധികം ബുദ്ധിമുട്ടനുഭവിക്കുന്നുണ്ട്. ഈ റോഡിന് വീതി കൂട്ടി പണികൾ തീർക്കുവാൻ വകുപ്പുമന്ത്രിയോട് ഞാൻ ആവശ്യപ്പെടുകയാണ്. അതുപോലെ പ്രധാനപ്പെട്ട റോഡുകളായ മന്ദമരുതി—വെച്ചുച്ചിറ, വെച്ചുച്ചിറ—മണ്ണടിശാല, ചിറ്റാർ—വടശ്ശേരിക്കര എന്നീ റോഡുകളുടെ സ്ഥിതിയും വളരെ പരിതാപകരമാണ്. മന്ദമരുതി—വെച്ചുച്ചിറ റോഡ് കുണ്ടും കുഴിയുമായി കിടക്കുന്നതിനാൽ നാളെ മുതൽ ബസ് സർവ്വീസുകൾ നിറുത്തലാക്കുവാൻ തീരുമാനിച്ചിരിക്കുകയാണ്. അതു കാരണം ജനങ്ങൾ വലിയ ബുദ്ധിമുട്ടനുഭവിക്കേണ്ടിവരും. ഈ ബുദ്ധിമുട്ട് മനസ്സിലാക്കി റോഡുകൾ നന്നാക്കണമെന്ന് അധികാരികളോട് ആവശ്യപ്പെടുകയാണ്. എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട രണ്ടു എം.എൽ.എ. റോഡുകളുടെ പണി ഇതുവരേയും തുടങ്ങിയിട്ടില്ല. ഇനിയെങ്കിലും അടിയന്തിരമായി അതിന്റെ പണി നടത്തണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. റാന്നിയിൽ വർഷങ്ങളോളം പഴക്കമുള്ള ഒരു റവന്യൂ ടവറാണ് ഇന്ന് നിലവിലുള്ളത്. വെറും രണ്ടു മുറികൾ മാത്രമുള്ള ആ കെട്ടിടത്തിൽ ഇന്ന് താമസത്തിന് യാതൊരു സൗകര്യവുമില്ല. അതിനാൽ പത്തു മുറികളോളമുള്ള ഒരു പുതിയ കെട്ടിടമുണ്ടാക്കാൻ ബന്ധപ്പെട്ട അധികാരികൾ ശ്രദ്ധിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. നാട്ടിൽ ഈ രംഗത്ത് കാര്യമായ പ്രവർത്തനം നടക്കാത്തതുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്.

ശ്രീ. വി.വി. ജോസഫ്: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുന്നു. കാർഷികാദായ നികുതി, വിൽപ്പന നികുതി പിരിവുകളുടെ കാര്യത്തിൽ ഈ ഗവൺമെന്റിന് അഭിമാനാർഹമായ നേട്ടം കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. നികുതി പിരിവിൽ അനാസ്ഥയുണ്ടെന്ന് ചില നിക്ഷിപ്ത കേന്ദ്രങ്ങളുടെ പ്രചരണങ്ങളുണ്ടായിയെങ്കിലും വർഷം തോറും അത് വർദ്ധിച്ചിരിക്കുകയാണ്. ബഡ്ജറ്റിൽ വിഭാവനം ചെയ്ത വിൽപ്പന നികുതി പിരിവ് 402 കോടി രൂപയാണ്. ശരിയായ വിഭവം 454 കോടിരൂപയാണ്. കാർഷികാദായ നികുതി 1985–86–ൽ വിഭാവനം ചെയ്തിരുന്നത് 14 കോടി രൂപയും പിരിഞ്ഞുകിട്ടിയത് 23 കോടി രൂപയുമാണ്. ധനകാര്യ കമ്മീഷന്റെ മാനദണ്ഡം 8 ശതമാനമാണ്. അഖിലേന്ത്യാ ശരാശരി 15 ശതമാനമാണ്. പക്ഷേ നമ്മുടെ നികുതി പിരിവിന്റെ കണക്ക് 22 ശതമാനമാണ്. ശ്രീ. കെ.എം. മാണി ധനകാര്യവകുപ്പു മന്ത്രിയായി വന്ന അവസരത്തിൽ ഇവിടത്തെ കൃഷിക്കാരെ, ഉദ്യോഗസ്ഥൻമാർ ക്രിമിനൽപുള്ളികളെപ്പോലെയാണ് പരിഗണിച്ചിരുന്നത്. കാടിനോടും മേടിനോടും പടവെട്ടി മണ്ണിനെ പൊന്നാക്കുന്ന കൃഷിക്കാരനെ അംഗീകരിക്കാനും, അവരുടെ വേദനകളകറ്റാനും, വികാരങ്ങളകറ്റാനും മോചനം നൽകാനും ശ്രീ. കെ.എം. മാണിക്ക് കഴിഞ്ഞു. അതനുസരിച്ച് കാർഷികാദായ നികുതിയുടെ ഘടനയിലാകെ വമ്പിച്ച മാറ്റങ്ങൾ വരുത്തുവാൻ അദ്ദേഹത്തിനു കഴിഞ്ഞു. എക്കറേജിന്റെ അടിസ്ഥാനത്തിൽ കാർഷികാദായ നികുതി പിരിക്കുവാനുള്ള ഒരു ശ്രമം നടത്തിയാൽ കൃഷിക്കാർക്ക് ഓഫീസുകളിൽ കയറിഇറങ്ങേണ്ട ബുദ്ധിമുട്ടിന്റെ കാര്യത്തിൽ ഒരു പരിഹാരമുണ്ടാകും. അതുകൊണ്ട് എക്കറേജിന്റെ അടിസ്ഥാനത്തിൽ കാർഷികാദായ നികുതി പിരിക്കുന്ന സംവിധാനത്തെപ്പറ്റി ബഹുമാനപ്പെട്ട മന്ത്രി ആലോചിച്ച് നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. നികുതി പിരിക്കുന്നതിൽ

LIBRARY ARCHIVES Kerala Legislative Assembly

കുടിശ്ശിക വരുത്തിയ രണ്ടു ജില്ലകളെപ്പറ്റി പറഞ്ഞ വാദം ഞാൻ കേട്ടു. ആ വാദത്തിന് കഴമ്പില്ല. അവിടെ അസ്സസ്മെന്റ് കൂടുതലാണ്. ഇടുക്കി, കോട്ടയം, ജില്ലകളും കാർഷികമേഖലകളായതുകൊണ്ട് അവിടെ അസ്സസ്മെന്റ് കൂടുതലായതു കൊണ്ടാണ് കുടിശ്ശിക വരുന്നത്. അങ്ങനെ നികുതി പിരിവിന്റെ കാര്യത്തിൽ അഭിമാനാർഹമായ നേട്ടം നമ്മളും കൈവരിച്ചു. അതുപോലെതന്നെ കൃഷിക്കാർക്കു വേണ്ട ഇളവുകളും പ്രഖ്യാപിച്ചുകൊണ്ടും വേണ്ടുന്ന മറ്റു പരിരക്ഷ നൽകിക്കൊണ്ടുമുള്ള ഒരു നികുതി നയമാണ് കഴിഞ്ഞകാലത്ത് ഗവൺമെന്റ് സ്വീകരിച്ചത്. ആ നയം മുമ്പോട്ടു കൊണ്ടുപോകുമെന്ന് ഞാൻ വിശ്വസിക്കുകയാണ്.

പൊതുമരാമത്തുവകുപ്പിനെപ്പറ്റി പറയുമ്പോൾ കഴിഞ്ഞവർഷം കാര്യമായ പുരോഗതി ഉണ്ടായിട്ടുണ്ട്. ഗർഭിണികളെ വാഹനത്തിൽ റോഡിൽക്കൂടി കൊണ്ടു പോയാൽ പ്രസവിക്കുമെന്നും കുറവാളികളെ വാഹനത്തിൽ അതുവഴി കൊണ്ടുപോയാൽ അവരുടെ കുറ്റം സമ്മതിക്കുമെന്നുമൊക്കെ പറഞ്ഞിരുന്നുവെങ്കിൽത്തന്നെയും ഇന്ന് നമ്മുടെ റോഡുകളുടെ സ്ഥിതി വളരെ മെച്ചപ്പെട്ടിട്ടുണ്ട്. പണികളും അറേഞ്ച് ചെയ്യാനുള്ള, കാലതാമസംമൂലം പല ടാറിംഗ് ജോലികളും മഴ തുടങ്ങാറാകുന്ന സീസണിൽ ആരംഭിക്കുന്നതുകൊണ്ട് റോഡുകളും എല്ലുപ്പത്തിൽ നാശമാകുന്നു. അതുകൊണ്ട് ഈ പണികളുടെ എസ്റ്റിമേറ്റ് നേരത്തെ എടുത്ത് അത് നടപ്പിലാക്കാനുള്ള കാലതാമസം ഒഴിവാക്കുകയാണെങ്കിൽ ഇതിന് ഒരു പരിഹാരമുണ്ടാക്കാൻ സാധിക്കും. 1982-ലെ റേറ്റ് ആണ് ഇന്നു പി.ഡബ്ലിയു.ഡി. യിലുള്ളത്. ചീഫ് എഞ്ചിനീയർക്ക് തരാവുന്ന സംഖ്യ പരമാവധി 30 ശതമാനമെന്നാണ് നിജപ്പെടുത്തിയിരിക്കുന്നത്. ഈ 30 ശതമാനമെന്നുള്ളത് 1982-ലെ എസ്റ്റിമേറ്റ് റേറ്റാണ്. ഇന്ന് സാധനങ്ങളുടെ വിലയും പണിക്കൂലിയും വർദ്ധിച്ചിരിക്കുന്ന സാഹചര്യത്തിൽ ചീഫ് എഞ്ചിനീയർക്ക് അനുവദിക്കാവുന്ന പരമാവധി റേറ്റ് 60 ശതമാനമാക്കി ഉയർത്തണം. അതുപോലെതന്നെ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് ഈ റേറ്റ് ഉയർത്താനുള്ള അധികാരംകൂടി കൊടുത്തു കഴിഞ്ഞാൽ ടെൻഡർ വിളിച്ചുകഴിഞ്ഞതിനു ശേഷം ചീഫ് എഞ്ചിനീയറുടെ അടുത്തും ഗവൺമെന്റിലും പോകാതെ പെട്ടെന്ന് പണി അറേഞ്ച് ചെയ്യാൻ സാധിക്കും. അതുകൊണ്ട് ആ വിധത്തിലുള്ള ഒരു പരിഷ്കരണം ഗവൺമെന്റ് ഭാഗത്തു നിന്നും ഉണ്ടാകണം. അതുപോലെ നമ്മുടെ സ്റ്റോറുകളിൽ സിമൻറും കമ്പിയുമൊന്നും വേണ്ടവിധത്തിൽ സ്റ്റോക്ക് കാണുകയില്ല. ഈ സാഹചര്യത്തിൽ കോൺട്രാക്ടർമാർ വളരെയധികം വിഷമിക്കേണ്ടിവരുന്നു. അതുകൊണ്ട് അവർക്ക് അത് പുറത്തുനിന്നും വാങ്ങിക്കാനുള്ള സാഹചര്യം ഉണ്ടാക്കിക്കൊടുത്താൽ പണികൾ പെട്ടെന്നു പൂർത്തിയാക്കാൻ സാധിക്കും. കോൺട്രാക്ടർമാർ പണി പൂർത്തിയാക്കിയതിനുശേഷം ബില്ലുകൊടുക്കാൻ കാലതാമസമുണ്ടാകുന്നതുകൊണ്ട് പൊതുമരാമത്തു വകുപ്പിന്റെ പ്രവർത്തനങ്ങളെ അത് സാരമായി ബാധിക്കുന്നുണ്ട്. പണം കടമെടുത്താണ് സാധാരണ കോൺട്രാക്ടർമാർ വർക്കുകൾ പൂർത്തിയാക്കുന്നത്. സമയത്തിന് ബില്ലു മാറിക്കിട്ടാതിരുന്നാൽ അവരുടെ പണികൾ സ്തംഭിക്കുകയും, പലിയശിനത്തിൽ അവർക്ക് പിന്നെയും തുകകൾ നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയും ചെയ്യും. അതുകൊണ്ട് എടുക്കുന്ന പണികൾക്ക് കാലതാമസംകൂടാതെ ബില്ലു കൊടുക്കുന്ന സ്ഥിതി വന്നു കഴിഞ്ഞാൽ

LIBRARY ARCHIVES Kerala Legislative Assembly

പണികളും കുറേക്കൂടി കാര്യക്ഷമമാക്കാൻ സാധിക്കും. ഇന്ന് പഴയ ബില്ലുകളൊക്കെല്ലാം തുകകളും കൊടുത്തു വരുന്നുണ്ട്. അതുപോലെതന്നെ ഇപ്പോൾ കോൺട്രാക്ടർമാർ 50,000 രൂപ കെട്ടിവച്ച് ലൈസൻസ് എടുക്കുന്ന ഒരു സമ്പ്രദായമുണ്ട്. 50,000 രൂപ കെട്ടിവച്ച് ലൈസൻസ് എടുക്കാൻ വലിയ ബുദ്ധിമുട്ടുള്ളതുകൊണ്ട് അതിനെക്കുറിച്ച് ഒരു പുനരവലോകനം ഉണ്ടാകണമെന്നാണ് എനിക്കു പറയാനുള്ളത്. പൊതുമരാമത്തു വകുപ്പിന്റെ വിജ്ഞനം സ്വാഗതാർഹമാണ്. ഓരോ വകുപ്പിന്റേയും ഉത്തരവാദിത്വവും ഭരണനിർവ്വഹണവും ശരിയാക്കണം. സ്കൂൾ, ആശുപത്രി തുടങ്ങിയവയുടെ കെട്ടിടങ്ങളുടെ മെയിൻറനൻസ് തർക്കംമൂലം നടക്കാതിരിക്കുകയാണ്. അതുകൊണ്ട് ഇത് കാര്യക്ഷമമാക്കുന്നതിനുവേണ്ടി കെട്ടിടങ്ങളുടെ മെയിൻറനൻസിന്റെ പണി ഒരു വിഭാഗത്തിനും റോഡുകളുടെ പണി മറെറാരു വിഭാഗത്തിനും കൊടുക്കണം. അങ്കമാലിമുതൽ കൊട്ടാരക്കരവരെയുള്ള റോഡിന്റെ സ്ഥിതി വളരെ മോശമാണ്. അതുകൊണ്ട് അങ്കമാലിമുതൽ കൊട്ടാരക്കരവരെയുള്ള എം.സി. റോഡ് നാഷണൽ ഹൈവേ ആക്കിയാൽ ഇപ്പോൾ നാഷണൽ ഹൈവേയിലുള്ള തിരക്ക് ഒഴിവാക്കാൻ സാധിക്കും. ഈ എം. സി. റോഡിൽതന്നെ അരുവാകുളം എന്നുപറയുന്ന ഒരു സ്ഥലമുണ്ട്. ആ അരുവാക്കുളത്തിൽ മറിയുന്ന വണ്ടികളും പൊക്കിയെടുക്കാൻ ഇന്ന് ചെറുപ്പക്കാരുടെ ഒരു സ്കാഡ് തന്നെ അവിടെ പ്രവർത്തിക്കുന്നുണ്ട്. ശ്രീമാൻ കുര്യൻ മാത്യു സൂപ്രണ്ടിംഗ് എഞ്ചിനീയറായിരുന്ന കാലത്ത് എം. സി. റോഡിലെ 5 വളവുകളും നിവർക്കുവാനുള്ള ഒരു പരിപാടി നടപ്പിലാക്കി ഇന്ന് ആ പരിപാടി തുടർന്നുകൊണ്ടിരിക്കുകയാണ്. ഈ കാര്യത്തിൽ ഭരണപക്ഷം—പ്രതിപക്ഷ വ്യത്യാസമില്ലാതെ എല്ലാവരും ഈ ഗവൺമെൻറിനെ അനുമോദിക്കുകയാണ്. അതുകൊണ്ട് ഈ റോഡിലെ 5 വളവുകളും നിവർത്തിയെടുത്താൽ മാത്രം പോരാ, എം.സി. റോഡു മുഴുവൻ നാഷണൽ ഹൈവേ ആക്കുവാൻ വേണ്ടുന്ന നടപടികളും സ്വീകരിക്കണം. അങ്ങനെ ആക്കിയാൽ നാഷണൽ ഹൈവേയിലെ ഗതാഗതത്തിരക്ക് ഒഴിവാക്കുവാനും അതുപോലെതന്നെ കാർഷികമേഖലക്ക് വികസനം ഉണ്ടാക്കുവാനും യാത്രാവിഷമം പരിഹരിക്കാനും സാധിക്കും. എം.സി. റോഡ് നാഷണൽ ഹൈവേയാക്കാൻ ബഹുമാനപ്പെട്ട കെ. അവുക്കാദർകുട്ടിനഹ വേണ്ടിവന്നാൽ ഡൽഹിവരെ പോയിയെങ്കിലും അനുവാദം വാങ്ങിച്ചാൽ കേരളത്തിന്റെ സമ്പദ് ഘടനയ്ക്കും പുരോഗതിക്കും അത് വളരെ സഹായിക്കും. നമ്മുടെ നഗരങ്ങളിലെ ഗതാഗതകുരുക്ക് ഈ ഗവൺമെൻറിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടാകുമെന്നാണ് ഞാൻ വിശ്വസിക്കുന്നത്. ഇത് ഒരു പരിധിവരെ പരിഹരിക്കാൻവേണ്ടി മദ്രാസിലും ഡൽഹിയിലുമെല്ലാം ഫ്ളൈ ഓവറുകളും നിർമ്മിച്ചിട്ടുണ്ട്. എന്നാൽ തിരുവനന്തപുരത്ത് ഇങ്ങനെയുള്ള സംവിധാനങ്ങളും ഇല്ലാത്തതുകൊണ്ട് പ്രകടനങ്ങളും റോഡിൽക്കൂടി പോകുമ്പോൾ പൊതുജനങ്ങൾക്ക് റോഡ് മുറിച്ചു കടക്കുന്നതിന് വളരെയധികം ബുദ്ധിമുട്ടുണ്ടാകുന്നു. അതുകൊണ്ട് ഇതു പരിഹരിക്കാൻ ഫ്ളൈ ഓവറുകളും ഉണ്ടാക്കണം. ഇപ്പോൾ കോഴിക്കോടു മാത്രമാണ് ഫ്ളൈ ഓവറുകളും ഉള്ളത്. വർഷങ്ങൾ കഴിയുന്തോറും വാഹനങ്ങളുടെ എണ്ണം പെരുകിക്കൊണ്ടിരിക്കുകയാണ്, പക്ഷേ അതിനനുസരിച്ച് റോഡുകളുടെ വീതി കൂട്ടാൻ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. അതുമൂലം ഗതാഗതകുരുക്ക് ഉണ്ടാകുകയും പൊതുജനങ്ങളുടെ വിലയേറിയ സമയം നഷ്ടപ്പെടുകയും ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly

അതുപോലെതന്നെ എം.എൽ.എ. മാർക്ക് ചില റോഡുകൾ അനുവദിച്ചിട്ടുണ്ട്. പക്ഷേ എന്റെ നിയോജകമണ്ഡലത്തിൽ ചെറിയ ചെറിയ പണികളാണ് നടപ്പിലാക്കിയിരിക്കുന്നത്. ഇതിൽ വലിയ പണി കിട്ടിയവരും ചെറിയ പണി കിട്ടിയവരുമുണ്ട്.. അതുകൊണ്ട് ചെറിയ പണി കിട്ടിയവർക്ക് ഒന്നോ രണ്ടോ റോഡുകൾകൂടി കൊടുക്കാനുള്ള നടപടികൂടി ഉണ്ടാക്കണം. ഒരു നാടിന്റെ പുരോഗതി അളക്കുന്നതിൽ പ്രധാന പങ്കുവഹിക്കുന്ന ഒരു ഘടകമാണ് ആ നാട്ടിലെ ഗതാഗത സംവിധാനം. മദ്രാസിലും മറ്റുമൊക്കെ ഉള്ള റോഡുകളെ താരതമ്യപ്പെടുത്തിനോക്കുകയാണെങ്കിൽ കേരളത്തിലെ റോഡുകൾ വളരെ മോശമാണ്. എങ്കിലും ഇപ്പോൾ അതിൽ വലിയ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. അതിന് ഇനിയും കൂടുതൽ മാറ്റങ്ങൾ വരുത്താനുള്ള സംവിധാനം ഉണ്ടാക്കണം. ടോൾ ചുമത്തിയെങ്കിലും കൂടുതൽ പാലങ്ങൾ പണിയണം. അതുപോലെ ആശുപത്രി കെട്ടിടങ്ങളും സ്കൂൾ കെട്ടിടങ്ങളും പണിയുന്നതിന് കൂടുതൽ തുകയുടെ അലോട്ട്മെന്റ് ഉണ്ടാകണം. നല്ല സാമ്പത്തിക നിലയുള്ള നിലയ്ക്ക് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി കെട്ടിടങ്ങളുടെ പണികൾക്കുവേണ്ടിയും റോഡുകളുടെ പണികൾക്കുവേണ്ടിയും കൂടുതൽ തുക അലോട്ട് ചെയ്യണമെന്ന് അദ്ദേഹത്തോട് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു.

ശ്രീ. എ.വി. താമരാക്ഷൻ: സർ, പൊതുമരാമത്ത്, കാർഷികാദായ വിൽപ്പനനികുതി എന്നീ വകുപ്പുകളിലേയ്ക്കുള്ള ധനാഭ്യർത്ഥനകളെ ഞാൻ ശക്തിയായി എതിർക്കുന്നു. നമ്മുടെ സംസ്ഥാനത്തിന്റെ വിഭവസമാഹരണത്തിൽ ഏറ്റവും വലിയ പങ്ക് വഹിക്കുന്നതാണ് വിൽപ്പനനികുതിയും കാർഷികാദായനികുതിയും. 1986–87–ൽ ഈ സംസ്ഥാനത്തിന്റെ വരുമാനമായി പ്രതീക്ഷിക്കുന്ന 759 കോടി രൂപയിൽ 473 കോടി രൂപയും വിൽപ്പനനികുതിയിൽ നിന്നുമുള്ളതാണ്. അതുകൊണ്ടുതന്നെ വിൽപ്പന നികുതിയുടെ പ്രാധാന്യം എത്രയുണ്ടെന്നു നമുക്ക് മനസ്സിലാക്കാവുന്നതേയുള്ളൂ. നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം വിഭവ സമാഹരണത്തിൽ കഴിഞ്ഞകുറെ വർഷങ്ങളായി ഗവൺമെന്റുകളുടെ പിടിപ്പ് കേടിന്റെ ഫലമായി സമ്പദ്ഘടനതന്നെ ആകെ തകർന്നുകൊണ്ടിരിക്കുന്ന ഒരവസ്ഥയിലാണ്. ഇന്ന് നമ്മുടെ സംസ്ഥാനത്തിന്റെ ആളോഹരി പദ്ധതിവിഹിതം 284 രൂപയായി കുറഞ്ഞുനിൽക്കുന്നുവെന്നുള്ളതാണ് വസ്തുത. ദേശീയ ഇൻവെസ്റ്റുമെന്റ് 1108 രൂപയുള്ളപ്പോൾ കേരളത്തിന്റേത് 284 രൂപയാണ്. പദ്ധതിവിഹിതമെന്നു പറയുന്നത് നമ്മുടെ സംസ്ഥാനം സ്വരൂപിക്കുന്ന വിഭവവും കേന്ദ്രം നൽകുന്ന സഹായവുംകൂടി ചേർന്നതാണ്. കഴിഞ്ഞകാലങ്ങളിൽ വിഭവസമാഹരണ കാര്യത്തിൽ സംസ്ഥാന ഗവൺമെന്റ് കാട്ടിയ കുറ്റകരമായ അനാസ്ഥയുടെ ഫലമായി ഇന്ന് നമ്മുടെ പ്ലാൻപദ്ധതികൾതന്നെ കുറഞ്ഞു. വികസന പ്രവർത്തനങ്ങളെല്ലാം സ്തംഭിച്ചു. സമ്പദ്ഘടനതന്നെ തകർന്നു കൊണ്ടിരിക്കുന്ന ആ ഒരവസ്ഥയിലാണ് പുതിയ ധനകാര്യവകുപ്പു മന്ത്രി ശ്രീ. തച്ചടി പ്രഭാകരൻ ആ സ്ഥാനം ഏറ്റെടുത്തിരിക്കുന്നത്. 6–ാം പദ്ധതിയുടെ സ്ഥിതി നമുക്കറിയാം. 1550 കോടിരൂപയായിരുന്നു വെങ്കിൽ 1748 കോടിരൂപ ചെലവാക്കി. ആ സ്ഥാനത്ത് 7–ാം പദ്ധതിക്ക് 2100 കോടിരൂപയാണ്. നമ്മുടെ സംസ്ഥാനത്തിന്റെ സംഭാവനയെന്നുപറയുന്നത് 199 കോടിരൂപ മാത്രമാണ്. നമ്മുടെ സംസ്ഥാനത്തിന്റെ വിഭവസമാഹരണത്തിലുണ്ടായ പിടിപ്പുകേടിന്റെ ഫലമായിട്ടാണ് ഒരു 3500 കോടിരൂപയെങ്കിലുമായിരിക്കേണ്ട പദ്ധതി 2100 കോടി രൂപയായി ചുരുങ്ങിയിരിക്കുന്നത്. മറ്റ് സംസ്ഥാനങ്ങളുമായി താര

LIBRARY ARCHIVES Kerala Legislative Assembly

തമ്യപ്പെടുത്തുമ്പോൾ 1978 മുതൽ 84 വരെയുള്ള കാലയളവിൽ കേരളത്തിന്റെ നികുതിയിൽനിന്നുള്ള വരുമാനം 213 കോടിരൂപയെന്നുള്ളത് 485 കോടിരൂപയായി വർദ്ധിച്ചു. ശതമാനം 108 ആണ്. ഇതേ കാലയളവിൽ, ആന്ധ്രയിൽ 365 കോടിരൂപയിൽനിന്ന് 1144 കോടിരൂപയായി ഉയർന്നു. 215 ശതമാനം. തമിഴ്നാട്ടിൽ 382 കോടിരൂപയിൽനിന്ന് ആയിരത്തിൽച്ചില്വാനം കോടിരൂപയായി. 195 ശതമാനം. 1978 മുതൽ 1982 വരെയുള്ള കാലഘട്ടത്തിൽ വരുമാനത്തിൽ 161—ഉം 191—ഉം ശതമാനമായി വർദ്ധിച്ച കർണ്ണാടകത്തിലും തമിഴ്നാട്ടിലും 1978—84 കാലയളവിൽ 167—ഉം 198—ഉം ശതമാനം വർദ്ധനവുണ്ടായപ്പോൾ കേരളത്തിൽ നമ്മുടെ വരുമാനം മൂന്നിരട്ടിവർദ്ധിച്ചിട്ടുപോലും നികുതിവരുമാനം 125 ശതമാനമായി കുറഞ്ഞുനിൽക്കുകയാണ്. വരുമാനത്തിന്റെ കണക്കെടുക്കുമ്പോൾ വിദേശരാജ്യങ്ങളിൽനിന്നുള്ള വരുമാനം കണക്ക് കൂട്ടാറില്ല. 600 കോടി രൂപയോളം ആ വിധത്തിൽ കേരളത്തിൽ വരുന്നുണ്ട്. ആ തുകയുടെ സിംഹഭാഗവും ചെലവഴിക്കുകയാണ്. അങ്ങനെ കണക്കുകൂട്ടിയാൽ നമ്മുടെ വരുമാനം എത്രയോയിരട്ടി വർദ്ധിപ്പിക്കാൻകഴിയും. വിഭവസമാഹരണരംഗത്ത് നാം കാട്ടിയ അനാസ്ഥയുടെ ഫലമായി പ്ലാൻ പദ്ധതികൾ കുറഞ്ഞു. വികസനപ്രവർത്തനരംഗത്ത് പണം ചെലവഴിക്കാൻ കഴിയാതെ നമ്മുടെ സാമ്പത്തികരംഗമാകെ തകർന്നുനിൽക്കുകയാണ്. ഈ വർഷം വിൽപ്പനനികുതിയിനത്തിൽ 423 കോടിരൂപ പിരിക്കാൻ കഴിയുമെന്നാണ് കണക്ക് കൂട്ടിയിരിക്കുന്നത്. ഇന്നുള്ള ഈ വർദ്ധനവ് നികുതിയിൽ മാറ്റംവരുത്താതെതന്നെ ഫലപ്രദമായി പണം പിരിക്കാൻ കഴിഞ്ഞാൽ ഒരു 750 കോടി രൂപയെങ്കിലും വിൽപ്പനനികുതിയിനത്തിൽ നിന്നുമാത്രമെടുക്കാൻകഴിയുമെന്നുള്ളതിൽ തർക്കമില്ല.

ഇന്ന് കേരളത്തിലാണ് ഏറ്റവും കൂടുതൽ വാഹനങ്ങൾ വാങ്ങുന്നതെന്ന് നമുക്കെല്ലാവർക്കുമറിയാം. കാറുകളായിരുന്നാലും ലോറികളായിരുന്നാലും കേരളത്തിലാണ് ഏറ്റവും കൂടുതൽ വാങ്ങുന്നത്. നമ്മുടേതിനേക്കാൾ സെയിൽസ്ടാക്സ് കുറവായതിനാൽ പോണ്ടിച്ചേരിയിൽ പോയാണ് ആളുകൾ വാഹനങ്ങൾ വാങ്ങുന്നത്. അപ്പോൾ നമ്മുടെ സംസ്ഥാനത്തേയ്ക്ക് വരേണ്ട വരുമാനങ്ങളാണ് കുറഞ്ഞുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് എനിക്ക് പറയുവാനുള്ളത് സെയിൽസ്ടാക്സിന്റെ കാര്യത്തിൽ പോണ്ടിച്ചേരിയുമായി ഏകീകരിക്കാൻ ഗവൺമെന്റ് തയ്യാറാകണമെന്നാണ്. മറ്റൊരുകാര്യം കേന്ദ്രഗവൺമെന്റുപോലും വ്യവസായങ്ങളുടെ കാര്യം കണക്കിലെടുത്തുകൊണ്ട്. ഒട്ടേറെ ആനുകൂല്യങ്ങൾ എക്സൈസ് ഡ്യൂട്ടിയിലും കസ്റ്റംസ് ഡ്യൂട്ടിയിലുമൊക്കെ കൊടുത്തിട്ടുണ്ട്. കയർ വ്യവസായങ്ങളുടെ വികസനം കണക്കിലെടുത്തുകൊണ്ട് കയറുൽപ്പന്നങ്ങളുടെ സെയിൽസ്ടാക്സ് (വളരെ കുറഞ്ഞതാണ്) ഒഴിവാക്കാൻ ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി തയ്യാറാകണമെന്നഭ്യർത്ഥിക്കുന്നു.

മറ്റൊന്ന് പറയാനുള്ളത്, കാർഷികാദായനികുതിയെപ്പറ്റിയാണ്. കാർഷികാദായനികുതി 1957—58—ൽ നമ്മുടെ മൊത്തം നികുതിയുടെ 13.7 ശതമാനമായിരുന്നു. അത് ഇന്ന് 2.83 ശതമാനമായി കുറഞ്ഞിരിക്കുകയാണ്. കമോഡിറ്റി ടാക്സിന്റെ കാര്യത്തിൽ വല്ല കണക്കുമുണ്ടോ? ഏലം, റബ്ബർ, കാപ്പി, തേയില അടക്കമുള്ള ഈ നാണ്യവിളകൾക്ക്

LIBRARY ARCHIVES Kerala Legislative Assembly

സെയിൽസ്ടാക്സ് എത്രയാണെന്നുള്ളതിനെ സംബന്ധിച്ച് വല്ല കണക്കുമുണ്ടോ? ഈ രംഗമൊക്കെ വികസിപ്പിച്ചെടുത്താൽ ഇന്നുള്ളതിനേക്കാൾ എത്രയോയിരട്ടി നികുതിപിരിക്കാൻ കഴിയുമായിരുന്നു. വിഭവസമാഹരണരംഗത്ത് ശക്തമായ നടപടി സ്വീകരിച്ചുകൊണ്ട് ഈ സംസ്ഥാനത്തിന്റെ താറുമാറായിക്കിടക്കുന്ന സമ്പദ്ഘടനയുടെ അടിത്തറ ഉയർത്തുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കണമെന്നഭ്യർത്ഥിക്കുന്നു.

പൊതുമരാമത്തുവകുപ്പിനെപ്പറ്റി ഒന്നുരണ്ടുകാര്യങ്ങൾകൂടി പറഞ്ഞുകൊണ്ട് ഞാൻ ചുരുക്കാം. 1957–58–ൽ നമ്മുടെ പദ്ധതികൾക്കുവേണ്ടി 9.87 ശതമാനം മാറ്റിവച്ചിരുന്നതാണ്. ഇന്ന് ആ രംഗത്ത് അത് കുറഞ്ഞ് 4.86 ശതമാനമായിരിക്കുന്നു. കുറഞ്ഞത് പദ്ധതിയുടെ 8 ശതമാനമെങ്കിലും പൊതുമരാമത്തിനു വേണ്ടി മാറ്റിവയ്ക്കാൻ ഗവൺമെൻറ് തീരുമാനമെടുക്കേണ്ടതാണ്. അതിനുള്ള നടപടികൾ സ്വീകരിക്കണം. പൊതുമരാമത്തുവകുപ്പിനെപ്പറ്റി ഞാൻ ദീർഘമായി സംസാരിക്കുന്നില്ല. എന്റെ മണ്ഡലത്തിലുള്ള രണ്ടു എം.എൽ.എ. റോഡുകളെപ്പറ്റിയാണ് എനിക്ക് പ്രധാനമായും പറയുവാനുള്ളത്. ഒന്ന്, മണ്ണഞ്ചാരി—കൊഞ്ഞാട് റോഡും മറ്റൊന്ന് അയ്യപ്പൻ ചെല്ലുവരമ്പ് റോഡുമാണ്. ആ രണ്ടുറോഡിന്റേയും പണി ഇതുവരെയും ആയിട്ടില്ല. നടപടിക്രമങ്ങളെല്ലാം പൂർത്തിയായിരിക്കുന്നു എങ്കിൽപ്പോലും സാങ്കേതികത്വത്തിന്റെ കാരണംപറഞ്ഞ് ആ വർക്ക് ഇതുവരെയും തുടങ്ങിയിട്ടില്ല. ആ റോഡുകൾ അടിയന്തിരമായി പണിയുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. ശ്രീ. ആർ.എസ്.ഉണ്ണി പല അവസരങ്ങളിലായി പറഞ്ഞ കാര്യമാണ് അദ്ദേഹത്തിന്റെ മണ്ഡലത്തിലെ മയ്യനാട്—താന്നി പാലത്തിന്റെ കാര്യം. കഴിഞ്ഞ അസംബ്ലിയിൽ ഉപമുഖ്യമന്ത്രി ഒരു മാസത്തിനുള്ളിൽത്തന്നെ ടെൻറർ വിളിക്കുമെന്ന് പറഞ്ഞതാണ്. ഇതുവരെയായിട്ടും ആ ടെൻറർ നടന്നിട്ടില്ല. അതിന്റെ പ്രവർത്തനമാരംഭിക്കാനുള്ള നടപടികൾ സ്വീകരിക്കണം. അതുപോലെതന്നെ ആലപ്പുഴജില്ലയിലെ പ്രധാനപ്പെട്ട ഒന്നാണ് തകഴി പാലം. ആ തകഴി പാലത്തിന്റെ പണി അടിയന്തിരമായി ഈ വർഷംതന്നെ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ തയ്യാറാകണം. കയറിന്റേയും കയറുൽപ്പന്നങ്ങളുടെയും സെയിൽസ്ടാക്സ് പൂർണ്ണമായി ഒഴിവാക്കിക്കൊണ്ടും വാഹനങ്ങളുടെ നികുതി ഏകീകരിച്ചുകൊണ്ടും ഫലപ്രദമായ നിലയിൽ സെയിൽസ്ടാക്സും കാർഷികാദായ നികുതിയും പിരിച്ചെടുത്തുകൊണ്ടും നികുതികുടിശ്ശികകളെല്ലാം വാങ്ങിയെടുത്തുകൊണ്ടും താറുമാറായിക്കിടക്കുന്ന സമ്പദ്ഘടനയെ നന്നാക്കാൻ ശ്രമിക്കണം. അത്തരത്തിലുള്ള നടപടികളെ സ്വാഗതംചെയ്യാൻ ഞങ്ങൾ തയ്യാറാണ്. അതിന് വിരുദ്ധമായിട്ടുള്ള നടപടികളുമായി പോകുന്നതുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുന്നു.

ശ്രീ. പി. ഭാസ്കരൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പൊതുമരാമത്തുവകുപ്പിനെക്കുറിച്ചു മാത്രമേ ഞാൻ സംസാരിക്കുന്നുള്ളൂ. എന്റെ മണ്ഡലത്തിലെ മരാമത്തുപ്രവർത്തനങ്ങൾ ഇന്ന് മന്ദഗതിയിലാണ്. അവഗണനയുടെ ഒരു പ്രതിച്ഛായയാണ് അവിടെ കാണുന്നത്. കണ്ണൂർ ജില്ലാശുപത്രിയോടനുബന്ധിച്ച് ഒരു മൂന്നുനില കെട്ടിടത്തിന്റെ പണി തീർന്നിട്ട് വർഷങ്ങളായി. പക്ഷേ ഇതുവരേയും അത് ആരോഗ്യവകുപ്പിന് കൈമാറിയിട്ടില്ല. ഇത് തികച്ചും അനാസ്ഥയാണ്. പ്രകൃതിമനോഹരമായ പയ്യാമ്പലം കടപ്പുറത്ത് ഒരു കടൽത്തീര റോഡുനിർമ്മിക്കുന്നതിനുവേണ്ടി വർഷങ്ങളായി ബഡ്ജറ്റിൽ തുക വകകൊള്ളിച്ചിരുന്നതാണ്. അതിന്റെ പ്രാഥമിക പ്രവർത്തനങ്ങൾപോലും

LIBRARY ARCHIVES Kerala Legislative Assembly

ആരംഭിച്ചിട്ടില്ല. കണ്ണൂർ നഗരവുമായി ബന്ധിപ്പിക്കുന്ന പുലുപ്പിക്കടവിനു് ഒരു പാലം നിർമ്മിക്കുന്നതിനായി ആറേഴുവർഷമായി ബഡ്ജറ്റിൽ തുക വകകൊള്ളിച്ചിരുന്നതാണു്. ഇതിന്റെ പ്രാഥമിക പ്രവർത്തനവും നടന്നിട്ടില്ല. എന്റെ മണ്ഡലത്തിലെ എം.എൽ.എ. റോഡുകൾ വെളിച്ചം കണ്ടിട്ടില്ല. എസ്റ്റിമേറ്റു് തയ്യാറാക്കി ടെൻഡർ വിളിച്ചതാണു്. പണി തുടങ്ങിയിട്ടില്ല. എട്ടുമീറ്റർ വീതി സാങ്കേതികതടസ്സമാണു്. മുനിസിപ്പാലിറ്റിയുടെ തൊട്ടടുത്തു കിടക്കുന്ന സ്ഥലമായതുകൊണ്ടു് എട്ടുമീറ്റർ വീതികിട്ടാൻ പ്രയാസമാണു്. ഈ സാങ്കേതിക തടസ്സം ഇളവു ചെയ്തുകൊണ്ടു് ആ എം.എൽ.എ. റോഡിന്റെ പ്രവർത്തനം ആരംഭിക്കണമെന്നഭ്യർത്ഥിക്കുന്നു. എന്റെ സ്മാരകമായിട്ടെങ്കിലും ഈ പണിയാരംഭിക്കണമെന്നഭ്യർത്ഥിക്കുന്നു. അതുപോലെതന്നെ പൊതുമരാമത്തുവകുപ്പു് കണ്ണൂർ ജില്ലയോടു കാണിക്കുന്ന അവഗണന അവസാനിപ്പിക്കണം. കണ്ണൂർ റെയിൽവേസ്റ്റേഷനോടു് തൊട്ടു് കിടക്കുന്ന താവക്കര അണ്ടർബ്രിഡ്ജു് റോഡിന്റെ പ്രവർത്തനം നിലച്ചിരിക്കുകയാണു്. പതിനായിരക്കണക്കിനു് വഴിയാത്രക്കാർ ഇതുമൂലം വിഷമിക്കുകയാണു്. അടിയന്തിരമായി അതിന്റെ നിർമ്മാണ പ്രവർത്തനം ത്വരിതപ്പെടുത്തണമെന്നഭ്യർത്ഥിച്ചുകൊണ്ടു് ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു.

ശ്രീ. എസ്.ആർ. തങ്കരാജു്: സർ, പൊതുമരാമത്തു്, കാർഷികാദായനികുതി, വിൽപ്പനനികുതി എന്നീ ഇനങ്ങളിലേയ്ക്കു് നടത്തിയിട്ടുള്ള ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുന്നു. പൊതുമരാമത്തുവകുപ്പിനെക്കുറിച്ചാണു് എനിക്കു് ഏറ്റവും കൂടുതൽ ആക്ഷേപമുന്നയിക്കാനുള്ളതു്. സ്വജനപക്ഷപാതത്തിനു് അല്ലെങ്കിൽ പ്രാദേശിക ചിന്താഗതിക്കു് ഇതിനേക്കാൾ മറ്റൊരു ഉദാഹരണം ഈ കേരളസംസ്ഥാനത്തിലെ മറ്റേതെങ്കിലുമൊരു മന്ത്രി നടത്തിയിട്ടുണ്ടോയെന്നു് ബഹുമാന്യനായ മന്ത്രിമാർ ഉൾപ്പെടെയുള്ള ആളുകൾ ഒരു നിമിഷം ആലോചിക്കുന്നതു് നന്നായിരിക്കും. ഇവിടെ ബഹുമാനപ്പെട്ട സി.പി.എം. അംഗം പ്രസംഗിച്ചപ്പോൾ രണ്ടു ജില്ലകളുടെ കാര്യംമാത്രം സൂചിപ്പിക്കുകയുണ്ടായി. എം.എൽ.എ. റോഡുകൾ എന്നുപറഞ്ഞു് ജനങ്ങളെ പറഞ്ഞിക്കുന്ന, പത്രത്തിൽ വാർത്താ പ്രാധാന്യം കൊടുക്കുന്നതിനുവേണ്ടി പ്രചരിപ്പിച്ചിട്ടുള്ള ഒരടവു് എന്നുള്ളതിൽക്കവിഞ്ഞു് ഈ രാജ്യത്തു് കാര്യക്ഷമമായി നമ്മുടെ വാഹനഗതാഗതം നടത്തുന്നതിനും ആളുകൾക്കു് സൈരമായി സഞ്ചരിക്കുന്നതിനും യോഗ്യമായ റോഡുണ്ടാക്കണമെന്നുള്ള ആഗ്രഹത്തോടുകൂടിയുള്ള ആ പരിപാടി നടപ്പിലാക്കിയിരുന്നുവെങ്കിൽ ഒരു ദേശസ്നേഹമുള്ള മന്ത്രിയെന്നു് നമുക്കു് വിശേഷിപ്പിക്കാമായിരുന്നു. അദ്ദേഹത്തിന്റെ മുഖത്തുനോക്കി ഇതെങ്ങനെ പറയുമെന്നാണു് ഞാൻ ആലോചിക്കുന്നതു്. ഈ സഭയിലെ ഭരണപക്ഷത്തുള്ള ബഹുമാനപ്പെട്ട ഒരംഗംതന്നെ 127–ാം നമ്പരായി ചോദിച്ച ചോദ്യത്തിനു് ഡിസ്ട്രിക്ടു് വൈസായി കൊടുത്തിട്ടുള്ള ഉത്തരത്തിൽ തിരുവനന്തപുരം ജില്ലയിൽ ഈ മന്ത്രിസഭ അധികാരത്തിൽവന്നതിനുശേഷം എം.എൽ.എ. റോഡുകൾക്കു വേണ്ടി ചെലവഴിച്ചിട്ടുള്ള തുകയുടെ ജില്ലതിരിച്ചുള്ള കണക്കു് നൽകുകയുണ്ടായി. അതിന്റെ ആധികാരികമായ രേഖ ബഹുമാനപ്പെട്ട മന്ത്രി എഴുതി സമർപ്പിക്കുകയുണ്ടായി. ഒരൊറ്റ ഇൻഡ്യ, ഒരൊറ്റ ജനത, കന്യാകുമാരി മുതൽ കാശ്മീർ വരെ ഒന്നാണെന്നാണു് തെരഞ്ഞെടുപ്പുകാലത്തു് നമ്മൾ പറയുന്നതു്. ഒന്നുമില്ലെങ്കിലും ഒരു സംസ്ഥാന മന്ത്രിക്കെങ്കിലും ദേശീയമായ ഒരു ചിന്താഗതി ഉണ്ടാകണം. നമ്മുടെ സംസ്ഥാനത്തിലെ ജനങ്ങൾക്കെല്ലാം ഒരു പോലെയുള്ള പുരോഗതിയുണ്ടാകണമെന്ന ചിന്തയില്ലെങ്കിലും ഈ പണത്തിന്റെ വിനിയോഗം

LIBRARY ARCHIVES Kerala Legislative Assembly

വരുമ്പോഴും എല്ലാ പ്രദേശങ്ങളുടെയും വികസനം ഒരുപോലെ കാണണം എന്ന് ആഗ്രഹിക്കുകയെങ്കിലും വേണം. പക്ഷെ ഇവിടെ അതില്ല. ഇവിടെ തിരുവനന്തപുരം ജില്ലയ്ക്ക് നാളിതുവരെ ഈ കഴിഞ്ഞ നാലു വർഷവും ഒന്നര മാസക്കാലത്തിനുമിടയ്ക്ക് ചിലവഴിച്ചിട്ടുള്ളത് 4,84,043 രൂപ മാത്രമാണ്. കൊല്ലം ജില്ലയ്ക്ക് 12,62,602–ഉം, പത്തനംതിട്ടയ്ക്ക് 8,80,724–ഉം ആലപ്പുഴയ്ക്ക് 12,95,424–കയും കോട്ടയത്തിന് 8,80,194 കയും, എറണാകുളത്തിന് 19,81,972–കയും, ഇടുക്കിക്ക് 7,30,709–കയും, തൃശൂരിന് 16,97,619–കയും പാലക്കാടിന് 16,45,908–കയും, മലപ്പുറത്തിന് 1,52,78,274 രൂപയും അതിന്റെ തൊട്ടടുത്ത സ്ഥാനം വരുന്നത് കോഴിക്കോട് ജില്ലയ്ക്കാണ്. അദ്ദേഹത്തിന് വേണ്ടപ്പെട്ടവർ പലരും അവിടെയുണ്ട്. 39,43,102–രൂപയാണ്. വയനാട്ടിന് 12,50,500 രൂപയും, കണ്ണൂരിന് 2,09,478 കയും, കാസർകോടിന് 4,80,885 രൂപയുമാണ് അനുവദിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട മന്ത്രിമാർ, ഈ രീതിയിൽ ധനവിനിയോഗം നടത്തുമ്പോഴും, ഇവിടത്തെ ഏതെങ്കിലും ഒരംഗം സ്വജനപക്ഷപാതിയെന്നോ അല്ലെങ്കിൽ മറ്റെന്തെങ്കിലും ഒരു വാദഗതിക്കാരനാണ് എന്നോ പറഞ്ഞാൽ ആ അംഗത്തെ കുറ്റപ്പെടുത്തുവാൻ സാധിക്കുമോ എന്ന് ബഹുമാനപ്പെട്ട മന്ത്രിമാർതന്നെ ആലോചിക്കണമെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. എനിക്ക് ധനകാര്യമന്ത്രിയോട് ഒരു കാര്യം പറയാനുണ്ട്. അങ്ങ് പണം ചെലവഴിക്കാൻ വകുപ്പുമന്ത്രിമാരെ ഏൽപ്പിക്കുമ്പോഴും അതിനു പെരുമാറ്റച്ചട്ടങ്ങൾകൂടി ഉണ്ടാക്കി, എല്ലാ പ്രദേശങ്ങൾക്കും ഒരുപോലെ പണം ചെലവ് ചെയ്യണമെന്നുള്ള നിർദ്ദേശം കൂടി കൊടുക്കുവാൻ തയ്യാറാകണം. സർ, ഞാൻ ഈ സന്ദർഭത്തിൽ നമ്മുടെ റോഡുകളുടെ ശോചനീയാവസ്ഥയെക്കുറിച്ച് ഒരു കാര്യം പറയുകയാണ്. ഇത്രയും ശോചനീയമായ ഒരവസ്ഥ ഇതിനുമുമ്പുണ്ടായിട്ടില്ല. യാതൊരു ദീർഘവീക്ഷണവുമില്ലാതെയാണ് ഈ റോഡുകളുടെ പ്ലാനുകൾ തയ്യാറാക്കിയിരിക്കുന്നതെന്ന് തോന്നുന്നു. അന്തരിച്ച മുൻ പൊതുമരാമത്തുവകുപ്പുമന്ത്രി, ശ്രീ. ടി.കെ. ദിവാകരനെക്കുറിച്ച് ഈ സന്ദർഭത്തിൽ ഓർക്കുകയാണ്. അദ്ദേഹത്തിന്റെ കാലത്താണ്, വിദേശങ്ങളിൽ നിന്നും കേരളത്തിന്റെ മണ്ണിലേക്ക് ടൂറിസ്റ്റുകളെ ആകർഷിക്കാൻ പര്യാപ്തമായ നിലയിൽ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളായ കോവളവും പത്മനാഭപുരം കൊട്ടാരവും കന്യാകുമാരിയുമായി ബന്ധിപ്പിക്കുന്ന ഒരു റോഡ് ഉണ്ടാക്കുന്നതിനെപ്പറ്റി, ആലോചിച്ചത്. നമ്മുടെ പ്രധാനപ്പെട്ട ടൂറിസ്റ്റുകേന്ദ്രങ്ങളായ നെയ്യാർഡാം, പൊൻമുടി, തേക്കടി, മലമ്പുഴ, പീച്ചി, എന്നിവയുമായി ബന്ധപ്പെടുത്തി ഒരു റോഡ് നിർമ്മിച്ച് ഈ രാജ്യത്തിന്റെ ഖജനാവ് സമ്പന്നമാക്കുന്നതിനുള്ള നടപടി സ്വീകരിച്ച മന്ത്രിമാരുടെ ദീർഘവീക്ഷണത്തെ നമുക്ക് നന്ദിയോടുകൂടെ ഓർക്കുവാൻ സാധിക്കും. ഈ മന്ത്രിസഭ അധികാരത്തിൽ വന്നപ്പോഴും എല്ലാ എം.എൽ.എ. മാരോടും രണ്ടു റോഡുകളുടെ പേര് എഴുതിത്തരുക, അത് ഉടനേതന്നെ നടപ്പിലാക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമെന്നു പറഞ്ഞു. എല്ലാ എം. എൽ. എ. മാരും രണ്ട് റോഡുകളുടെ പേര് എഴുതിക്കൊടുത്തു. പക്ഷേ അതിൻമേൽ എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോയെന്ന് ഒരു നിമിഷം ആലോചിക്കേണ്ടതുണ്ട്. സർ, എന്റെ നിയോജകമണ്ഡലത്തിലെ, (കഴിഞ്ഞ 15 വർഷക്കാലമായിട്ടുള്ള ബഡ്ജറ്റ് ഒന്ന് പരിശോധിച്ചുനോക്കിയാൽ, ആ ബഡ്ജറ്റിൽ തുടർച്ചയായി വരുന്ന) നെയ്യാറിൻകരയിലെ മിനി സിവിൽസ്റ്റേഷൻ, അറക്കുന്നു കടവ് പാലം, ഷാലക്കടവ്–ചപ്പാത്ത് പാലം, ചടച്ചി–മാർത്താണ്ഡൻ പാലം, തൃപ്പലവൂർ പാലം, പിരായുംമൂട് പാലം തുടങ്ങിയവയുടെ പണികൾ

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യാതെ നിസ്സാരമായ തുകകൾ ബഡ്ജറിൽ കൊള്ളിച്ചിരിക്കുകയാണ്. ഇങ്ങനെ ബഡ്ജറിൽ ഉൾക്കൊള്ളിക്കുമ്പോൾ സാധാരണക്കാരെ സംബന്ധിച്ചിടത്തോളം അവരുടെ മനസ്സിൽ ഒരു ധാരണയുണ്ടാകും. ഈ അടുത്ത കാലത്തെങ്കിലും ഇവയുടെ പണികൾ പൂർത്തീകരിക്കുമെന്നും നമ്മുടെ യാത്രാസൗകര്യവും വാഹനഗതാഗതവും വർദ്ധിക്കുമെന്നും. പക്ഷേ ജനങ്ങളെയെല്ലാം നിരാശരാക്കിക്കൊണ്ട്, യാതൊരു പരിപാടിയുമില്ലാതെ മുന്നോട്ടുപോകുന്ന ഈ സർക്കാരിന് വേണ്ടി അവതരിപ്പിച്ചിട്ടുള്ള ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുന്നു.

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുകയാണ്. കേരളത്തിന്റെ ഒരറ്റം മുതൽ മറ്റേയറ്റംവരെ സഞ്ചരിക്കുന്ന നിഷ്പക്ഷമതികളായ ആരും ഇത്രയും അധികം റോഡ് പണികൾ നടത്തിയ ഒരു കാലഘട്ടം ഉണ്ടായിട്ടില്ലെന്ന് സമ്മതിക്കും. പക്ഷേ നിർഭാഗ്യവശാൽ റോഡുകളുടെയും പാലങ്ങളുടെയും പല വർക്കുകളും ഇന്നും ബഡ്ജറിൽ മാത്രം ഒതുങ്ങി നിൽക്കുകയാണ്. സർ, ഈ രാജ്യത്ത് ഒരു കാര്യം നടക്കാതിരിക്കണമെങ്കിൽ കമ്മിറ്റിയെ നിയോഗിക്കും, അതുപോലെതന്നെ ഒരു വർക്ക് നടത്താതിരിക്കണമെങ്കിൽ ബഡ്ജറിൽ നാമമാത്രമായ സംഖ്യകൾ ഉൾക്കൊള്ളിക്കും. അതാണ് ഇന്ന് നമ്മുടെ രാജ്യത്തെ സ്ഥിതി. ഇതിന്റെ അടിസ്ഥാനപരമായ കാര്യങ്ങൾ എന്തൊക്കെയാണ്? തുണിയേക്കാൾ ഏറെ തുന്നൽക്കൂലി എന്ന് പറയുംപോലെ പി.ഡബ്ലിയു.ഡി. വർക്കുകൾ എസ്റ്റിമേറ്റിനേക്കാളും വളരെകൂടിയ തുകയ്ക്കാണ് നടക്കുന്നത്. 125-ഉം 150-ഉം ശതമാനം കൂടുതൽ റേറ്റിലാണ് വർക്ക് നടത്തുന്നത്. അതിന് അടിയന്തിരമായി ഒരു പരിഹാരം കാണണം. ആനുകാലികമായി റേറ്റുകളിലും ഷെഡ്യൂളുകളിലും മാറ്റം വരുത്താത്തതുകൊണ്ട്, പലപ്പോഴും ഇവിടത്തെ പാലങ്ങളുടെ മുടങ്ങിക്കിടക്കുന്ന വർക്കുകളൊന്നുംതന്നെ നടക്കുന്നില്ല. അതുകൊണ്ട്, ആനുകാലികമായി റേറ്റുകളിലും ഷെഡ്യൂളുകളിലും മാറ്റം വരുത്താൻ പി.ഡബ്ലിയു. ഡിപ്പാർട്ടുമെന്റ് ശ്രദ്ധിക്കണം. സർ, തൃശ്ശിവപേരൂർ ജില്ലയെ പി ഡബ്ലിയു. ഡിപ്പാർട്ടുമെന്റ് അവഗണിക്കുന്നുവെന്നാണ് എന്റെ ആരോപണം. സർ, എന്റെ നിയോജകമണ്ഡലത്തിൽ മാത്രമല്ല, തൃശ്ശിവപേരൂരിനെ ആകെ അവഗണിക്കുകയാണ്. കഴിഞ്ഞകൊല്ലം 3 ഡിവിഷനുകളിൽ, നോർത്തേൺ ഡിവിഷനും സതേൺ ഡിവിഷനും ചെലവ് ചെയ്തതിനേക്കാൾ കുറഞ്ഞ തുക മാത്രമാണ് തൃശ്ശിവപേരൂരും, എറണാകുളവും ഇടുക്കിയും ഉൾപ്പെടുന്ന സെൻട്രൽ ഡിവിഷന് ചെലവാക്കിയത്. സർ, പി.ഡബ്ലിയു.ഡി. യുടെ ചുമതല വഹിക്കുന്ന ഉപ മുഖ്യമന്ത്രിയോട് എനിക്ക് ഒരഭ്യർത്ഥനയുണ്ട്. ഈ മന്ത്രിസഭയെ നയിക്കുന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ജില്ല എന്ന് കരുതിയെങ്കിലും തൃശ്ശൂർ ജില്ലയോടുള്ള ഈ അവഗണന അവസാനിപ്പിക്കണമെന്നാണ് എനിക്ക് പറയുവാനുള്ളത്. സർ, തൃശ്ശിവപേരൂരിൽനിന്ന് ഗുരുവായൂരിലേയ്ക്ക് ഫോർട്രാക്ക് ലൈൻ ഉള്ള ഒരു രാജപാതയുടെ ആശയം 1978—ൽ അംഗീകരിച്ചിരുന്നു. അതിന്റെ ദേശീയമായ പ്രാധാന്യം കണക്കിലെടുത്ത് പകുതി സംഖ്യ കേന്ദ്ര സർക്കാർ നൽകാമെന്ന് പറഞ്ഞിരുന്നു. പക്ഷേ ഉദ്യോഗസ്ഥൻമാരുടെ അലംഭാവവും കാര്യക്ഷമതക്കുറവുകൊണ്ടും എസ്റ്റിമേറ്റ് നൽകാൻ കഴിഞ്ഞില്ല. 234 ലക്ഷം രൂപയാണ് ആ പദ്ധതിയ്ക്കുവേണ്ടിയുണ്ടായിരുന്നത്, ആ പദ്ധതി ഇക്കണോമിക്കൽ അല്ലെന്ന് പറഞ്ഞ് അത് ഉപേക്ഷിക്കാൻ പോകുകയാണ്. സർ, നമ്മൾ ഗുരുവായൂരിലേയ്ക്കുള്ള റെയിൽവേ ലൈനിനെപ്പറ്റി ചിന്തിക്കുമ്പോൾ റോഡ്ലൈന്

LIBRARY ARCHIVES Kerala Legislative Assembly

പോലും ഇക്കണോമിക്കൽ അല്ലെന്ന് പറഞ്ഞ് പിൻതിരിപ്പിക്കാൻ ശ്രമിച്ചാൽ എങ്ങനെയാണ് റെയിൽവേ ലൈൻ വരുന്നത്. ആ റോഡിൽ 60% ത്തോളം വരുന്ന ഭാഗത്ത് ആവശ്യത്തിന് വീതിയുണ്ട്. ഇനി കുറേ പാടങ്ങളും പറമ്പുകളും കൂടി അക്വയർ ചെയ്താൽ മതി. ഇപ്പോഴും പറയുന്ന പുതിയ ബദൽ സംവിധാനം കുന്നംകുളത്ത്, ഇന്ന് നിലവിലുള്ള റോഡിന്റെ വീതി കൂട്ടണമെന്നുള്ളതാണ്. ഇതിന് ധാരാളം വീടുകളും പൊളിച്ചു മാറ്റണം. മാർക്കറ്റുകളും നശിപ്പിക്കണം. വളരെ പ്രയാസമുള്ള അസാദ്ധ്യമായ ഒരു പരിപാടിയാണ്. തൃശ്ശിവപേരൂർ—ഗുരുവായൂർ ദേശീയ പാതയുടെ പ്രാധാന്യം കണക്കിലെടുത്ത് എൻ.എച്ച്. 17—ഉം എൻ.എച്ച്. 47—ഉം ഒത്തുചേരുന്ന ഒരു ലിങ്ക് നാഷണൽ ഹൈവേ എന്ന നിലയിൽത്തന്നെ അതിനെ ഡവലപ്പ് ചെയ്യിക്കാം. അതിന്, കേന്ദ്രഗവൺമെന്റിന്റെ സഹായത്തോടുകൂടി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഉപ മുഖ്യമന്ത്രിയും നേരിട്ട് ഇടപെട്ട് തൃശ്ശിവപേരൂർ രാജപാതയുടെ പണി പൂർത്തീകരിക്കണം. അതിനുള്ള അടിയന്തിരമായ നടപടികളും ഏറെടുക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്.

സർ, ഇവിടെ റൂറൽ ഡവലപ്പ്മെന്റ് ഡിപ്പാർട്ടുമെന്റ് എന്നൊരു വകുപ്പ് ഉണ്ട്. സർ, ഗ്രാമവികസനത്തിൽ അത്ഭുതങ്ങൾ സൃഷ്ടിച്ച ഒരു വകുപ്പാണ് ഇത്. ഇത് ആരംഭിച്ച കാലം മുതൽ പി.ഡബ്ലിയു.ഡി. യിൽനിന്ന് ഉദ്യോഗസ്ഥൻമാരെ അവിടേയ്ക്ക് ഡെപ്യൂട്ടേഷനിൽ കൊടുത്തു. അഡ്മിനിസ്ട്രേറ്റീവ് കൺട്രോൾ ആ വിഭാഗത്തിനാണ്. ഇൻസ്റ്റിറ്റ്യൂഷൻ ഫിനാൻസിങ്ങ് ഉണ്ട്. എന്നാൽ ഈയിടെ പി.ഡബ്ലിയു.ഡി. അതും കയ്യേറാനുള്ള ശ്രമം നടത്തുന്നുണ്ട്. അഡ്മിനിസ്ട്രേറ്റീവ് കൺട്രോൾ ഗ്രാമവികസന ബോർഡിന് കൊടുത്തില്ലെങ്കിൽ പഞ്ചായത്തുകളും ഗ്രാമവികസന ബോർഡുകളും ബുദ്ധിമുട്ടും. കയ്യിലുള്ളതുപോലും ശരിയായിട്ട് നടത്താൻ വയ്യാത്ത സാഹചര്യത്തിൽ പി.ഡബ്ലിയു.ഡി. എന്തിനാണ് മറ്റുള്ളതിൽ കൈവയ്ക്കാൻ പോകുന്നത്. ഇതിനെപ്പറ്റി വളരെ ഗൗരവതരമായി ആലോചിക്കണം. പി.ഡബ്ലിയു.ഡി. ക്കുള്ള പരാധീനത എനിയ്ക്കറിയാം. ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുള്ള തുക അതിന് പോര. പക്ഷേ വക കൊള്ളിച്ചിട്ടുള്ള തുക നീതിയുക്തമായി വിതരണം ചെയ്യണം. തൃശ്ശിവപേരൂർ ജില്ലയ്ക്ക് ഇക്കൊല്ലം 90 ലക്ഷംരൂപ ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുണ്ട്. പിന്നെ എങ്ങനെ എം.എൽ.എ. റോഡുകളുടെ പണി നടക്കും? ചീഫ് എഞ്ചിനീയർക്ക് വച്ചിട്ടുള്ള റിസർവ്വ് ഫണ്ടിൽനിന്നെങ്കിലും അതിനുള്ള സംഖ്യ കൊടുക്കണം.

ഈ രാജ്യത്തെ സമ്പദ്ഘടനയിൽ പ്രധാനമായ നികുതി സംവിധാനം പല സാങ്കേതികമായ നൂലാമാലകൾകൊണ്ട് തകരാറിലാണ്. നമ്മുടെ അയൽ സംസ്ഥാനങ്ങളിലുള്ള നികുതി വ്യത്യാസം മൂലം നമ്മുടെ സംസ്ഥാനത്തിന് കിട്ടേണ്ട നികുതിപോലും ലഭിക്കുന്നില്ല. വ്യാപാരി വ്യവസായി സംഘടനകൾ ഏകമുഖ നികുതിയെപ്പറ്റി സംസാരിക്കുന്നു. ചർച്ചകൾ നടത്തി സമൂലമായ പരിവർത്തനങ്ങൾ നികുതി സംവിധാനത്തിൽ ഉണ്ടാകണം. ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി വ്യാപാരി വ്യവസായി സംഘടനകളോടും അതുമായി ബന്ധപ്പെട്ട എല്ലാ വിഭാഗം ആളുകളോടും ചർച്ച ചെയ്ത് ഒരു സംവിധാനം ഉണ്ടാക്കി ഈ രാജ്യത്തെ നികുതി സമാഹരണം വർദ്ധിപ്പിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്. ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly

[അദ്ധ്യക്ഷവേദിയിൽ ശ്രീമതി ഭാർഗവി തങ്കപ്പൻ]

ശ്രീ. കെ.കെ. നായർ: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുന്നു. നമ്മുടെ ബഡ്ജറ്റ് മിച്ചം ആയിപ്പോയതുകൊണ്ട് അതിന്റെ ഏറ്റവും കൂടുതൽ വിഷമമനുഭവിക്കേണ്ടിവരുന്നത് മലയോരപ്രദേശങ്ങളിലുള്ളവരാണ്. നമ്മുടെ ബഡ്ജറ്റിൽ പത്തനംതിട്ട ജില്ലയിലെ മിക്കവാറും എല്ലാ റോഡുകൾക്കും 'നിൽ' പ്രൊവിഷനാണ്. അതിൽ പലതും അടുത്തകാലത്ത് പൂർത്തീകരിച്ചതാണ്. പലതിന്റേയും പണി നടന്നുകൊണ്ടിരിക്കുകയാണ്. ചിലത് തുടങ്ങേണ്ടതാണ്. 'നിൽ' പ്രൊവിഷൻ വച്ചിരിക്കുന്നതുകൊണ്ട് ഒരു വർക്ക് പോലും മുന്നോട്ടു കൊണ്ടുപോകുവാൻ പറ്റാത്ത സ്ഥിതിവിശേഷമുണ്ടായിരിക്കുകയാണ്. ഈ വർക്കുകൾക്ക് ആവശ്യമായ പണം വകയിരുത്താൻ സത്വരമായ നടപടികൾ സ്വീകരിക്കണം. കഴിഞ്ഞ ജനുവരി 30-ാം തീയതി കോഴഞ്ചേരി മാർക്കറ്റ്—മരയ്ക്കട്ടിമുക്ക് റോഡിന് അനുമതി നൽകി. ആ റോഡിന് 1985–86-ലെ ബഡ്ജറ്റിൽ രണ്ടുലക്ഷം രൂപ പ്രൊവിഷനുണ്ടായിരുന്നു. അതിൽ എക്സ്പെൻഡിച്ചർ ഒതുക്കിനിർത്തി ആ വർക്ക് ചെയ്യാൻ ഗവൺമെന്റ് അനുമതി നൽകിയതാണ്. അത് ടെണ്ടർ വിളിച്ചു. ഈ വർഷം അതിനും 'നിൽ' പ്രൊവിഷനാണ്. അങ്ങനെ എല്ലാ വർക്കുകൾക്കും 'നിൽ' പ്രൊവിഷൻ വച്ചിരിക്കുന്നതുകൊണ്ട് മലയോര പ്രദേശത്തെ വികസന പ്രവർത്തനങ്ങൾ തടസ്സപ്പെട്ടിരിക്കുകയാണ് എന്ന വസ്തുത ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ പെടുത്തുകയാണ്. ഒരു എം.എൽ.എ.ക്ക് രണ്ട് റോഡ് എന്നുള്ളകാര്യത്തിൽ അത്ര കാർക്കശ്യം പാലിക്കരുത്. വികസിച്ചുകൊണ്ടിരിക്കുന്ന ചില നഗരങ്ങളിൽ അടിയന്തിരമായി ചില ലിങ്ക് റോഡുകൾ അല്ലെങ്കിൽ പാരലൽ റോഡുകൾ ഉണ്ടാക്കിയില്ലെങ്കിൽ അവിടുത്തെ ഗതാഗതതടസ്സം വളരെയധികം ബുദ്ധിമുട്ടുളവാക്കും. നഗരപ്രദേശങ്ങളിൽ ചെറിയ ചെറിയ ലിങ്ക് റോഡുകൾ പണിയുന്നതിന് ആവശ്യമായ അനുമതി നൽകാൻ ഗവൺമെന്റ് തയ്യാറാകണം.

മറ്റൊരു കാര്യം ബഹുമാനപ്പെട്ട റാന്നി മെമ്പർ സൂചിപ്പിച്ച കാര്യമാണ്. ശബരിമല സീസൺ തുടങ്ങാൻ പോകുകയാണ്. പതിനായിരക്കണക്കിന് വാഹനങ്ങൾ ഇൻഡ്യയുടെ വിവിധ ഭാഗങ്ങളിൽ നിന്ന് പത്തനംതിട്ട ജില്ലയിലേക്ക് പ്രവേശിക്കാൻ പോകുകയാണ്. അങ്ങനെയുള്ള സാഹചര്യത്തിൽ പത്തനംതിട്ട ജില്ലയിൽ വന്നുപോകുന്ന തീർത്ഥാടകർക്ക് കേരളത്തിലെ പൊതുമരാമത്തു വകുപ്പിനെക്കുറിച്ച് മോശമായ ഒരു ചിത്രമായിരിക്കും അവരുടെ മനസ്സിൽ ഉണ്ടാകുന്നത്. ഇന്ന് ശബരിമല റോഡുകൾ നന്നാക്കുന്നതിന് ഇരുപതുലക്ഷം രൂപ ഗവൺമെന്റ് അനുവദിച്ചിട്ടുണ്ട്. അതുകൊണ്ട് പത്തുപതിനഞ്ച് കിലോമീറ്റർ റോഡ് നന്നാക്കാൻ മാത്രമേ സാധിക്കുകയുള്ളൂ. എം.സി. റോഡും നാഷണൽ ഹൈവേയും കഴിഞ്ഞാൽ ശബരിമല പ്രദേശത്തേക്ക് വരേണ്ടത് കോട്ടയം, തിരുവല്ല, പന്തളം, അടൂർ, പുലനൂർ എന്നീ ഭാഗങ്ങളിൽകൂടിയാണ്. പുനലൂർ, പന്തളം, അടൂർ, തിരുവല്ല, കോട്ടയം തുടങ്ങിയ പ്രദേശങ്ങളിൽ നിന്ന് ചാലക്കയത്തേക്ക് വരുന്ന എല്ലാ റോഡുകളും ഭംഗിയായി മെയിന്റയിൻ ചെയ്ത് സൂക്ഷിച്ചില്ലെങ്കിൽ നിശ്ചയമായും റോഡപകടങ്ങൾ ഉണ്ടാകും. തീർത്ഥാടകരെ സംബന്ധിച്ചിടത്തോളം വളരെ മോശമായ ഒരു ചിത്രം കേരളത്തിലെ പൊതുമരാമത്തു വകുപ്പിനെക്കുറിച്ച് ഉണ്ടാകുമെന്നുള്ള വസ്തുത ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. അതുകൊണ്ട് അടിയന്തിരമായി റോഡിന് വീതി കൂട്ടി, മെയിന്റയിൻ ചെയ്ത് ഈ റോഡുകൾ ഗവൺമെന്റ് സൂക്ഷിക്കണം. ഈ ധനാഭ്യർത്ഥനകളെ ഒന്നുകൂടി അനുകൂലിക്കുന്നു.

2/10—20

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ஸ்ரீ. ஜி. வர்தன்: சார், எம். எல். எ. ரோடு அதாவது ஒரு எம். எல். எ-க்கு இரண்டு ரோடு. என்னுடைய மொழியில் சொன்னால் இது எம். எல். எ ரோடல்ல ஏமாற்ற ரோடு. எம். எல். எ-க்கு இரண்டு ரோடு என்ற பெயரில் இப்பொழுது வேறு ரோடுகளினுடைய வேலைகள் ஒன்றும் நடப்பதில்லை. ஜனங்களை ஏமாற்றக் கூடிய ரோடு. இது நியாயமா சார். நான்கு ஆண்டுகளுக்கு முன்பு நான் 2 ரோடுகள் எழுதிக் கொடுத்தேன். ஒன்று மாங்குளம்-மூணூர் ரோடு, மற்றொன்று குஞ்சுத்தண்ணி-கஜனப்பாறை. இந்த இரண்டு ரோடுகளினுடைய பைலைப் பற்றி ஆபீசில் போய் கேட்டால் அமைச்சர் ஒளித்து வைத்திருக்கிறார் என்று சொல்கிறார்கள். சீப் இஞ்சினியர் ஆபீசில் சொல்கிறார்கள் மந்திரி உத்தரவு இடவில்லை என்று. ஒவ்வோரு உறுப்பினரும் எம். எல். எ ரோடுகளைப்பற்றி குறை கூறிக் கொண்டுதான் இருக்கிறார்கள். என்னுடைய தொகுதியில் நான் 5, 6 ரோடுகளினுடைய பெயர் சொல்கிறேன். மூணூர் டாப் ஸ்டேஷன் ரோடு வெள்ளைக்காரன் காலத்தில் உருவாக்கப்பட்டது. அதற்குப் பிறகு ஸ்ரீ. நாயனார் காலத்தில் 5 கிலோ மீற்றர் சரியாக்கப்பட்டது. இப்பொழுது ரோடிற்கு மண்ணு கூட போடுவதில்லை. பஸ்ஸும் போகாது ஒன்றும் போகாது. அதுபோன்று நேஷனல் ஹைவே ரோடான ஆலுவா-மூணூர் ரோடு பெரும்பாலு ரோடு சரி. கோதமங்கலம் வந்தவுடன் கொஞ்சம் மண்ணைப் போடுகிறார்கள். இரண்டு மாநிலங்களுக்கு போகக்கூடிய உடுமலைப்பேட்டை—மூணூர் ரோடினுடைய நிலைமையும் இதுதான். போடிவெட்டு—மூணூர் ரோடினுடைய நிலைமையும் இதுதான். இந்த ரோடுகளில் ஒரு வேலையும் செய்யப்படவில்லை. இதை நான் 4 ஆண்டுகளாக சட்டசபை கூடும்போதெல்லாம் சொல்லிக் கொண்டிருக்கிறேன். நான் சொல்லும்போதெல்லாம் அமைச்சர் அவர்கள் பார்க்கலாம் என்று சொல்வார்கள். திரு. காமராஜ் அவர்கள் ஆகட்டும் பார்க்கலாம் என்று சொல்வார்கள். அதற்கு பொருள் இருந்தது. ஆனால் நமது அமைச்சர் அவர்கள் பார்க்கலாம் என்று

சொல்வதில் பொருள் கிடையாது, காமராஜ் அவர்கள் ஆகட்டும் பார்க்கலாம் என்று செம்ன்னல் உடனே அந்த பைலைக் கொண்டு வரச் சொல்வார், என்ன செய்திருக்கிறாய் என்று கேட்பார், உத்தரவு இடுவார். ஆனல் நமது மந்திப்பிற் குரிய அமைச்சர் திரு. அவுக்காதர்குட்டி நகா அப்படியல்ல, உத்தரவு இடுவதுமில்லை., மற்று நடவடிக்கைகள் எடுப்பது மில்லை. இந்த ரொடு விஷயத்தில் கவனம் செலுத்துவதே இல்லை.

தேவிகுளம் தாலுகா 100 ஆண்டுகளுக்கு முன் உருவானது. அங்குள்ள சர்க்கார் அலுவலகங்கள், P. W. D. கெட்டிடங்கள் எல்லாம் உடைந்து மிகவும் மோசமான நிலைமையில் உள்ளது. அங்கு ஒன்றும் கிடையாது. அடுத்தபடியாக குட்டம்புழை— தட்டைக்காடு பாலமும் மிகவும் மோசமான நிலைமையில் உள்ளது. குட்டம்புழை பஞ்சாயத்தில் 2,0000 ஜனங்கள் உள்ளனர். அந்தப் பாலத்தைக் குறித்து 10 ஆண்டுகளாக அமைச்சர் அவர்களிடம் கூறுகிறேன். இதுவரையிலும் அதை சரிசெய் வதற்கான நடவடிக்கைகள் ஒன்றும் எடுக்கப்பட வில்லை. நமது அமைச்சர் அவர்கள் இதில் தக்க கவனம் செலுத்த வெண்டும். தேவிகுளம் தாலுகா ஒரு பின்தங்கிய இடம். ஆகையால் பணம் இல்லை என்று சொல்லாமல் தேவையான பணத்தை ஒதுக்கீடு செய்து அந்த வேலைகளை ஆரம்பிக்க வேண்டும். அங்குள்ள P.W.D. உத்தியோகஸ்தர்களிடம் சொன்னல் அவர்கள் பணம் இல்லை என்று சொல்கிறார்கள். பல கோடிக்கணக்கான ரூபாய் வேலை செய்த ஆட்களுக்கு கூலி கொடுக்க வேண்டும். ஆகையால் புதிய வேலைகள் எடுக்க முடியாது. புதிய வேலைகள் எடுக்க வேண்டுமானல் 110, 120 க்கு மேல் அதாவது ஆயிரம் ரூபாய் வேலையை 250 ரூபாயக்குத்தான் கொடுக்கிறார்கள். அப்படி யிருந்தும் வேலை முடிவதில்லை.

LIBRARY ARCHIVES Kerala Legislative Assembly

സർ, ബോഡിമെട്ട് ചെക്ക്പോസ്റ്റിലും ചിന്നാർ ചെക്ക്പോസ്റ്റിലും കൂടി എത്രരൂപയുടെ സാധനങ്ങളും ലോറിക്ക് കൊണ്ടുപോയാലും ഉദ്യോഗസ്ഥൻമാർ ടാക്സ് ഈടാക്കുകയില്ല. പക്ഷേ പാവപ്പെട്ട കടക്കാർ പത്തുരൂപയ്ക്കോ പതിനഞ്ചുരൂപയ്ക്കോ സാധനങ്ങൾ കൊണ്ടുപോയാൽ ആ സാധനങ്ങൾ അവർ എടുത്തുകൊണ്ടുപോകും.. പിന്നീട് ഓഫീസിൽ വരാൻ പറയും. ഓഫീസിൽ ചെന്നാൽ പണം കൊടുക്കണം. ചെക്ക്പോസ്റ്റുകളിൽ അഴിമതി നടത്തുന്നുണ്ട്. ചെക്ക്പോസ്റ്റിലെ ഉദ്യോഗസ്ഥൻമാരെ കൂടെക്കൂടെ മാറണം. ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കണം.

ശ്രീ. ജോസ് കുറ്റിയാനി: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. ബഡ്ജറ്റ് കമ്മിയും അതുപോലെ തന്നെ മിച്ചവും എന്ന നിലയിലുള്ള ശക്തമായ വിവാദം നടന്നുകൊണ്ടിരിക്കുന്ന സമയത്ത് ഈ വകുപ്പിന്റെ ചാർജ് ഏറ്റെടുത്ത ശ്രീമാൻ തച്ചടി പ്രഭാകരന് വളരെയേറെ ഭാരിച്ച ചുമതലകളാണ് നിർവ്വഹിക്കാനുള്ളത് എന്ന കാര്യത്തിൽ സംശയമില്ല. ബഡ്ജറ്റ് കമ്മിയാണോ മിച്ചമാണോ എന്ന വിഷയത്തിലേക്ക് കടക്കാൻ ഞാനാഗ്രഹിക്കുന്നില്ല. പക്ഷേ സംസ്ഥാനത്തിന്റെ സാമ്പത്തിക ഭദ്രത ഉറപ്പുവരുത്തണമെങ്കിൽ ഭാരിച്ച.....

12 noon]

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ബഡ്ജറ്റ് മിച്ചമാണ് എന്നു പറഞ്ഞ ഈ സഭയിൽ ബഡ്ജറ്റ് മിച്ചമല്ലായെന്നുള്ള ഒരു ദുഃസൂചന കൊണ്ടുവരുന്നത് ശരിയാണോ?

ശ്രീ. ജോസ് കുറ്റിയാനി: ഞാൻ അങ്ങനെ പറഞ്ഞില്ല. മിച്ചമാണോ ഇല്ലയോ എന്നുള്ള വിവാദത്തിലേക്ക് കടക്കുന്നില്ല എന്ന് മാത്രമാണ് ഞാൻ പറഞ്ഞത്. എതായാലും നമ്മുടെ സംസ്ഥാനത്തിന്റെ ഇന്നത്തെ സാമ്പത്തിക ചുറ്റുപാടുകൾ വച്ചു' നോക്കുമ്പോൾ നമ്മുടെ സംസ്ഥാനത്തിന്റെ പിന്നോക്കാവസ്ഥയ്ക്ക് പരിഹാരമുണ്ടാകണമെങ്കിൽ പ്രായോഗികമായ പല പരിപാടികളും നടപ്പിലാക്കാൻ പുതിയ ധനകാര്യ മന്ത്രി ബാദ്ധ്യസ്ഥനായി വരുമെന്ന് സൂചിപ്പിക്കാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. നമ്മുടെ 7–ാം പഞ്ചവൽസര പദ്ധതിയുടെ വിഹിതമായി വരും പദ്ധതികളിലേക്കുള്ള തുകയിൽ 200 കോടി രൂപ രണ്ടു പ്രാവശ്യമായി സംസ്ഥാന ഗവൺമെന്റ് അഡ്വാൻസ് എടുത്തിരുന്നു. അതിൽ 50 കോടി രൂപ മാത്രമേ തിരിച്ചടച്ചിട്ടുള്ളു. ബാക്കിയുള്ള 150 കോടി രൂപ തിരിച്ചടയ്ക്കാൻ ബാക്കി നിൽക്കുകയാണ്. പെൻഷൻ ഇനങ്ങളിലും ഇൻറെസ്റ്റ്, സബ്സിഡി ഇനങ്ങളിലുമായി കൊടുത്തു തീർക്കേണ്ട ബാദ്ധ്യതകൾ ഏതാണ്ട് 65 കോടി രൂപയായി നിൽക്കുന്നുവെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഈ വർഷം അഡ്വാൻസ് എടുത്തിരിക്കുന്ന തുകയിൽ രണ്ടു വർഷത്തിന്റെ വിഹിതമായ 50 കോടി രൂപയും കൊടുത്തു തീർക്കേണ്ട കുടിശ്ശികയും അടച്ചുതീർക്കാൻ ഇപ്പോൾതന്നെ 115 കോടി രൂപ കണ്ടെത്തേണ്ടിവരും. ഈ തുക മടക്കിയടക്കേണ്ടത് എങ്ങനെയെന്ന് ധനകാര്യമന്ത്രി ആലോചിക്കുകയും അതിനു വേണ്ടിയുള്ള മാർഗ്ഗം കണ്ടുപിടിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു എന്നുള്ളതാണ് എന്റെ അഭിപ്രായം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ.വി. താമരാക്ഷൻ: 'സർ, ശ്രീ. ജോസ് കുറിയാനി പറഞ്ഞത് നമ്മുടെ സംസ്ഥാനത്തിന് ഇപ്പോഴും 60 കോടി രൂപയുടെ മിച്ചം ഉണ്ടായിട്ടുണ്ടെന്നാണ്. 60 കോടി രൂപയിൽ 150 കോടി കഴിഞ്ഞാൽ 90 കോടി രൂപയോളം കമ്മി വരുമെന്നല്ലേ അങ്ങ് പറഞ്ഞത്?

ശ്രീ. ജോസ് കുറിയാനി: വിവിധ ഇനങ്ങളിൽ കൊടുത്തുതീർക്കേണ്ട പെൻറിംഗ് ബിൽസ് 65 കോടി രൂപ ഉണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത് എന്നാണ് പറഞ്ഞത്. വരും വർഷങ്ങളിലേക്കുള്ള അഡ്വാൻസ് വാങ്ങിയിട്ടുള്ളതിൽ തിരിച്ചടയ്ക്കേണ്ടതേ അടയ്ക്കേണ്ടി വന്നാൽ 50 കോടി രൂപ വരും. അങ്ങനെ വരുമ്പോഴും 115 കോടി രൂപ വരുമെന്നാണ് ഞാൻ പറഞ്ഞത്. അത് അടയ്ക്കേണ്ടി വന്നാൽ ഈ വർഷം പുതിയതായി 115 കോടി രൂപ കൂടി ആ ഇനത്തിൽ കണ്ടെത്തേണ്ടതായി വരും. ഇത് ഓരോരുത്തരും അവരുടെ ഇഷ്ടത്തിനനുസരിച്ച് വ്യാഖ്യാനിച്ചാൽ മറുപടി പറയാൻ എനിക്ക് ബുദ്ധിമുട്ടുണ്ട്. ഏതായാലും പുതിയ ധനകാര്യമന്ത്രി അതിനെ സംബന്ധിച്ച് വ്യക്തമായി പറയും എന്നുള്ളതുകൊണ്ട് ഞാൻ ആ വിവാദത്തിലേക്ക് ഇപ്പോഴും കടക്കുന്നില്ല. ഇത്രയും ബാദ്ധ്യതകളും കൂടി പുതിയതായി കൊടുത്തു തീർക്കാനുള്ള സാഹചര്യം നിലവിൽ നിൽക്കുന്ന സംസ്ഥാനത്ത് നമ്മുടെ എം. എൽ. എ. റോഡുകളുൾപ്പെടെ നമ്മൾ ആവശ്യപ്പെട്ട വികസന പ്രവർത്തനങ്ങളും ഭൂരിഭാഗവും ബാക്കി നിൽക്കുകയാണ്. അപ്പോഴും ഏതു നിലയിൽ ചിന്തിച്ചാലും റിസോഴ്സസ് കണ്ടെത്തിയാൽ മാത്രമേ നമ്മുടെ സംസ്ഥാനത്തെ വികസന പ്രവർത്തനങ്ങളും ഇതുവരെ നടത്തിയതുപോലെ മുന്നോട്ടു കൊണ്ടുപോകാനും എം.എൽ.എ. റോഡുകളുടെ പണി തുടർന്നു നടത്തുവാനും, പൂർത്തിയാക്കുവാനും കഴിയുകയുള്ളൂ. അതുകൊണ്ട് പുതിയ വരുമാനമാർഗ്ഗങ്ങളും കണ്ടെത്തേണ്ടിയിരിക്കുന്നു എന്നുള്ളതാണ് എന്റെ അഭിപ്രായം. പുതിയതായി നികുതി നിർദ്ദേശങ്ങളും വയ്ക്കണമെന്നോ നികുതിയുടെ സ്ലാബ് വർദ്ധിപ്പിക്കണമെന്നോ അല്ല ഞാൻ പറഞ്ഞതിനർത്ഥം. മറിച്ച് ഇന്ന് നിലവിലുള്ള നികുതി പിരിവ് നടത്താനുള്ള സംവിധാനം ഉണ്ടാക്കണം. നിലവിലുള്ള റേറുകളും വച്ചുകൊണ്ട് നികുതി പിരിച്ചെടുത്താൽ കൂടുതൽ പണം പിരിച്ചെടുക്കാൻ കഴിയുമെന്ന് എനിക്കും ഈ സഭയിലെ മറ്റു പലർക്കും മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. നിലവിലുള്ള സ്ലാബ് സമ്പ്രദായം ഉപയോഗപ്പെടുത്തിക്കൊണ്ടു തന്നെ കൂടുതൽ നികുതി പിരിച്ചെടുക്കാൻ കഴിയുമോ എന്നുള്ളതിനെ സംബന്ധിച്ചു ഭരണപക്ഷത്തും പ്രതിപക്ഷത്തുമുള്ള ആളുകൾക്ക് അറിയാമെന്നുള്ള അഭിപ്രായക്കാരനാണ് ഞാൻ.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, അങ്ങ് ഇവിടെ പ്രതിപക്ഷത്തുണ്ടായിരിക്കുമ്പോഴും ധനകാര്യമന്ത്രി ചില ആളുകൾക്ക് സഹായം ചെയ്തു, നികുതി ഒഴിവാക്കിക്കൊടുത്തു എന്നൊക്കെ പറഞ്ഞു. ഇപ്പോഴും അങ്ങ് ആ അഭിപ്രായത്തിൽ തന്നെ ഉറച്ചു നിൽക്കുന്നുണ്ടോ?

ശ്രീ. ജോസ് കുറിയാനി: ഞാൻ അന്ന് പറഞ്ഞതും ഇപ്പോഴും പറഞ്ഞതും, 1981–ൽ നായനാർ മന്ത്രിസഭ ഇപ്പുറത്തിരിക്കുമ്പോഴും, മി. കൃഷ്ണൻകുട്ടി നമ്മളൊന്നിച്ച് പ്രതിപക്ഷത്തിരിക്കുമ്പോഴും, ഈ സംസ്ഥാനത്ത് സാമ്പത്തികശേഷിയുള്ള സമ്പന്നൻമാരായ ആളുകൾക്ക് തോട്ടമുടമകൾക്ക്, മദ്യ വ്യവസായികൾക്ക് അതുപോലുള്ള ആളുകൾ പല ഇനത്തിലും സർക്കാരിന്റെ ഖജനാവിലേക്ക് അടയ്ക്കാനുള്ള പണം

LIBRARY ARCHIVES Kerala Legislative Assembly

അടയ്ക്കാനുള്ള നടപടി നായനാർ ഗവൺമെൻറിന്റെ കാലത്ത് സ്വീകരിച്ചിട്ടില്ലായെന്ന് പറഞ്ഞത് മറന്നുപോയോ? നായനാർ മന്ത്രിസഭയുടെ കാലത്താണ് ഞാൻ ആദ്യമായി നിയമസഭയിൽ വന്നത്. പല കോടീശ്വരൻമാരിൽനിന്നും സംസ്ഥാനത്തെ ഖജനാവിലേക്ക് വരേണ്ട പണം പിരിച്ചെടുക്കാനുള്ള നടപടി സ്വീകരിക്കുന്നില്ലായെന്നും അങ്ങനെ സ്വീകരിക്കാത്ത ഉദ്യോഗസ്ഥൻമാരുടെ മേൽ നടപടി സ്വീകരിക്കണമെന്നും 1980 മുതൽ 1984 വരെയുള്ള കാലത്തുള്ള 4 ബഡ്ജറ്റ് പ്രസംഗത്തിലും തുടർച്ചയായി ഞാൻ പറയുകയുണ്ടായി. ഞാൻ ഫയലിന്റെ നമ്പറും 1982-ലെ സ്റ്റേയുടെ ഉത്തരവും ഈ നിയമസഭയിൽ പറഞ്ഞു പ്രസംഗിച്ചിട്ടുണ്ട്. നിർഭാഗ്യവശാൽ അതിനൊന്നും അക്കാലത്ത് നടപടി വന്നില്ല. പിന്നീട് പടിപടിയായി കുറച്ചൊക്കെ അടച്ചു വരുന്നതായി അറിയാൻ കഴിഞ്ഞു. ഞാൻ അതിലേക്ക് ദീർഘമായി കടക്കുന്നില്ല. അങ്ങനെ ഖജനാവിലേക്ക് അടക്കേണ്ട പണം അടപ്പിക്കാനുള്ള നടപടി സ്വീകരിച്ചിരുന്നെങ്കിൽ, നായനാർ മന്ത്രിസഭയുടെ കാലത്തും അതിനുമുൻപും ഈ സംസ്ഥാനത്തെ പല കോടീശ്വരൻമാരായ ഇന്നത്തെ മുതലാളിമാരും, 1000-2000 ഏക്കർ തോട്ടത്തിന്റെ ഉടമസ്ഥൻമാരും, നിരവധി മാളിക കെട്ടിടത്തിന്റെ ഉടമസ്ഥൻമാരും തീയറേറുകൾ നടത്തുന്നവരും വർഷങ്ങൾക്കുമുൻപ് പാപ്പരാകുമായിരുന്നില്ല. 1000-ഉം 2000-ഉം 3000-ഉം ഏക്കർ തോട്ടങ്ങളുള്ള ആളുകളും അവരുടെ സ്വന്തക്കാരായ പല ആളുകളുടെയും പേരിൽ സമ്പത്ത് എഴുതിവച്ചിട്ട്.....നായനാർ മന്ത്രിസഭാ കാലത്തിന് മുൻപുപോലും രേണത്തിൽ ഇരുന്ന ആളുകളും അധികാരത്തിലിരുന്നുകൊണ്ട് ഈ സംസ്ഥാനത്തെ സമ്പന്നൻമാരായ പല ആളുകളെയും പാപ്പരാക്കാൻ, ഖജനാവിലേക്ക് അടക്കേണ്ട കോടിക്കണക്കിന് രൂപ അടക്കാതിരിക്കാൻ, അവരുടെ പേരിൽ ഉണ്ടായിരുന്ന സ്വത്തുക്കളും മുഴുവൻ മക്കളുടേയും മരുമക്കളുടെയും പേരിൽ എഴുതി കൊടുക്കാനുള്ള സംവിധാനം ഉണ്ടാക്കി. അങ്ങനെ ഈ സംസ്ഥാനത്ത് ഖജനാവിലേക്ക് അടക്കേണ്ട പണം അടക്കാതിരിക്കാനുള്ള നടപടി കാലാകാലങ്ങളിൽ മാറിമാറി വന്ന ഗവൺമെൻറുകളും സ്വീകരിച്ചതിന്റെ ഫലമായി, ആ നിലവിലുള്ള സമീപനം തുടർന്നും സ്വീകരിച്ചാലും തെറ്റില്ലെന്ന് കരുതി പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥൻമാരുടെ സഹായ സഹകരണത്തിന്റെ ഫലമായി പല ആളുകളും ഇന്നും പാപ്പരായിക്കൊണ്ടിരിക്കുന്നു എന്ന് പറയാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. ഖജനാവിലേയ്ക്ക് അടയ്ക്കേണ്ട പണം അടയ്ക്കാത്ത മുതലാളിമാരുടെ പേരിൽ നടപടി സ്വീകരിക്കണമെന്നും ഉദ്യോഗസ്ഥൻമാരെക്കൊണ്ട് നടപടി എടുപ്പിക്കണമെന്നും 1980-ലെ നിയമസഭാ സമ്മേളനത്തിൽ ബഡ്ജറ്റിന്റെ ചർച്ചാവേളയിൽ ഞാൻ പറഞ്ഞതാണ്. അതിൽ ഒരാൾ നാലഞ്ചു ഫേമിന്റെ മാനേജിംഗ് പാർട്ണറാണ്. പിന്നൊരാൾ 5 കോടിയിൽപ്പരം രൂപ അടയ്ക്കാനുണ്ട്. അടയ്ക്കാനുള്ള ഒരു നടപടിയും വളരെ വർഷങ്ങളായി എടുക്കാത്തതിന്റെ ഫലമായി കേടതിയിൽ പോയി അദ്ദേഹം സ്റ്റേ മേടിച്ചു. ഉദ്യോഗസ്ഥൻമാർ അതിന് സൗകര്യം ചെയ്തു കൊടുത്തു. ഇപ്പോൾ 5 കോടി രൂപയും കിട്ടാത്ത സ്ഥിതിയിലേക്ക് മാറിയിരിക്കുകയാണ്. പേരു ഞാൻ പറയുന്നില്ല. ആ ആളും ഇപ്പോൾ പാപ്പരാകുവാൻ പോകുകയാണ്. ഇത് അയാൾ ബിസിനസ് നടത്തിയതിന്റെ പേരിൽ അടക്കേണ്ടി വന്ന നികുതിയല്ല. സർക്കാരിന്റെ ഏജൻറായി പ്രവർത്തിച്ച വകയിൽ സെയിൽസ് ടാക്സ് ഇനത്തിലും സർച്ചാർജ് ഇനത്തിലും പിരിച്ചെടുത്ത പണം ഖജനാവിലേക്ക് അടയ്ക്കേണ്ടതായിരുന്നു. അത് അടപ്പിക്കാനുള്ള നടപടിപോലും സ്വീകരിക്കാൻ അവർക്ക് കഴിഞ്ഞിട്ടില്ല. തോട്ടമുടമകളുടെയും മലഞ്ചരക്കു വ്യാപാരികളുടെയും തുണിക്കച്ചവടക്കാരന്റേയും

LIBRARY ARCHIVES Kerala Legislative Assembly

സ്ഥിതി വ്യത്യസ്തമല്ല. ഇങ്ങനെ ഈ രംഗത്തും സമ്പന്നലോബി കാലാകാലങ്ങളിൽ സ്വീകരിച്ചിരുന്ന നിലപാടുകൊണ്ട് അടക്കേണ്ട പണം അടക്കാൻ വൈമനസ്യം കാണിക്കുന്നു. ആ രംഗത്ത് ശക്തമായ നിലപാടും പണം പിരിച്ചെടുക്കാനുള്ള നടപടിയും ഉദ്യോഗസ്ഥൻമാരെക്കൊണ്ട് സ്വീകരിപ്പിക്കാനുള്ള ബാദ്ധ്യത ധനകാര്യമന്ത്രി ഏറ്റെടുക്കണമെന്നാണ് എന്റെ അഭ്യർത്ഥന. അങ്ങനെ ഏറ്റെടുക്കാൻ ശ്രമിച്ചാൽ വിവിധ ഇനങ്ങളിലായി സംസ്ഥാന ഗവൺമെന്റിന്റെ ഖജനാവിലേക്ക് കോടിക്കണക്കിന് രൂപ അധികമായി വരാനുള്ള സാദ്ധ്യതയുണ്ട്, സാഹചര്യമുണ്ട് എന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഒരു ഉദാഹരണം ഞാൻ പറയുകയാണ്. നമ്മുടെ സംസ്ഥാനത്ത് വിദേശമദ്യവും സ്പിരിറ്റും കള്ളക്കടത്ത് നടത്താൻ തുടങ്ങിയത് ശ്രീ. കെ. കരുണാകരന്റെ ഗവൺമെന്റ് വന്നതിനു ശേഷമല്ല. മി. കൃഷ്ണൻകുട്ടി ഒരു കാര്യം ഓർക്കുന്നുണ്ടാകും. നായനാർ മന്ത്രിസഭാകാലത്ത്, സ്പിരിറ്റ് കൊണ്ടുവരുന്നതിനെക്കുറിച്ചും അതു പിടിച്ചതിനെ സംബന്ധിച്ചും അസംബ്ലിയിൽ ചർച്ച വരികയും അതിനെ സംബന്ധിച്ചുള്ള സർക്കാരിന്റെ മറുപടി നമ്മളെ കേൾക്കുകയും ചെയ്തതാണ്. സർക്കാർ സ്പിരിറ്റ് കൊണ്ടുവരാൻ കൊടുത്ത അനുവാദം ഉപയോഗിച്ചുകൊണ്ട് കൊണ്ടുവന്ന സ്പിരിറ്റ് കള്ളക്കടത്തിൽ വിറ്റ് 135 കോടി രൂപയുടെ നഷ്ടം ഖജനാവിന് ഉണ്ടാക്കിയതിനെ സംബന്ധിച്ച് നമ്മളെ ഒപ്പം അസംബ്ലിയിൽ സംസാരിച്ചതാണ്.

ഞാൻ പറഞ്ഞുവരുന്നത്, വർഷങ്ങളായി ആരംഭിച്ച സ്പിരിറ്റിന്റേയും വിദേശമദ്യത്തിന്റേയും കള്ളക്കടത്ത് അന്നു മുതൽതന്നെ തടയാനുള്ള നടപടികളെ അന്നത്തെ ഗവൺമെന്റ് സ്വീകരിക്കാത്തതിന്റെ ഫലമായിട്ടാണ് ഇന്നത്തെ ഗവൺമെന്റിനു ഉദ്യോഗസ്ഥൻമാരെ നിയന്ത്രിക്കാൻ കഴിയാത്ത നിലയിൽ അവരുടെ കീശ വീർപ്പിക്കാനുള്ള താൽപ്പര്യം അവർക്കുമുള്ളതുകൊണ്ട് ഫലപ്രദമായി അതിനെ തടയാൻ കഴിയാതെ വരുന്നത്. ആ രംഗത്ത് ഫലപ്രദമായ നടപടികളെ സ്വീകരിക്കാൻ ബഹുമാന്യനായ ധനകാര്യമന്ത്രി ശ്രദ്ധിക്കണം. അങ്ങനെ ചെയ്താൽ നൂറുകോടി രൂപയിലധികം സംസ്ഥാന ഗവൺമെന്റിന്റെ ഖജനാവിൽ കൂടുതലായി കിട്ടുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. നികുതി പിരിവു നടത്തുവാൻ വിജിലൻസിന്റെ പ്രവർത്തനം ശക്തമാക്കണം. Border ചെക്ക് പോസ്റ്റിന്റെ പ്രവർത്തനം ശക്തമാക്കുകയും കൂടുതൽ ഉയർന്ന ഉദ്യോഗസ്ഥൻമാരെ അവിടെ നിയമിക്കുകയും വേണം. അങ്ങനെ നികുതി പരമാവധി പിരിച്ചെടുക്കാനുള്ള നടപടികളെ സ്വീകരിച്ചാൽ, സർണ്ണക്കച്ചവടക്കാരിൽനിന്നും തുണിക്കച്ചവടക്കാരിൽനിന്നും തോട്ടമുടമകളിൽനിന്നും മദ്യവ്യാപാരികളിൽനിന്നും ഉളവാകുന്ന കള്ളക്കടത്തു തടയാനുള്ള നടപടികളെ സ്വീകരിച്ചാൽ ചുരുങ്ങിയത് അഞ്ഞൂറുകോടി രൂപയെങ്കിലും സംസ്ഥാന ഗവൺമെന്റിന്റെ ഖജനാവിലേയ്ക്ക് ലഭിക്കുമെന്നുള്ളതാണ് എന്റെ അഭിപ്രായം. അതിന് പുതിയ നികുതി നിർദ്ദേശങ്ങളുടെ ആവശ്യമില്ല.

ശ്രീ. ജി. വരദൻ: വരുമാനത്തെക്കുറിച്ചാണോ നിയോജകമണ്ഡലത്തിലെ റോഡുകളെക്കുറിച്ചാണോ പറയുന്നത്?

ശ്രീ. ജോസ് കുറിയാനി: നികുതിവരുമാനങ്ങളെ കൂടുതൽ ഉണ്ടാക്കാനുള്ള സാഹചര്യമുള്ള ഒരു സംസ്ഥാനത്ത് അത് പിരിച്ചെടുക്കാനുള്ള ചോരിച്ച ചുമതലയാണ് ധനകാര്യവകുപ്പുമന്ത്രിയിൽ നിക്ഷിപ്തമായിട്ടുള്ളത്. ആ അവസരം ഉപയോഗിച്ചുകൊണ്ട് ഫലപ്രദമായ നടപടികളെ

LIBRARY ARCHIVES Kerala Legislative Assembly

സ്വീകരിച്ചാൽ നമ്മുടെ സംസ്ഥാനത്ത് പിന്നോക്കം നിൽക്കുന്ന മലയോര പ്രദേശങ്ങളുംപ്പെടെയുള്ള പ്രദേശങ്ങൾക്ക് ഉള്ള ഗതാഗത രംഗത്തെ പിന്നോക്കാവാസ്ഥ പരിഹരിക്കാൻ, കഴിയുമെന്നുള്ളതിൽ സംശയമില്ല.

ഇവിടെ റോഡുകളുടെ ലിസ്റ്റ് വായിച്ചപ്പോൾ ജില്ലകളെ അവഗണിച്ചുവെന്ന് പറഞ്ഞു. അത് ഭാഗികമായി സത്യമാണെന്ന കാര്യത്തിൽ സംശയമില്ല. മുന്നൂറു കി.മീറ്ററിനു താഴെ മാത്രം ടാർഡ് റോഡുള്ള ഡിസ്ട്രിക്ടാണ് ഇടുക്കി. ഏറ്റവും കൂടുതൽ വിദേശനാണ്യം നേടിത്തരുന്ന ജില്ലയെന്നുള്ള നിലയിൽ ആ ജില്ലയിലെ ഗതാഗതരംഗത്തുള്ള പിന്നോക്കാവസ്ഥയ്ക്ക് പരിഹാരം ഉണ്ടാക്കാൻ ഫലപ്രദമായ നടപടികളും സ്വീകരിച്ചിട്ടില്ലായെന്ന് വളരെ ഖേദത്തോടുകൂടി ഞാനീയവസരത്തിൽ പറയുകയാണ്. എന്റെ നിയോജകമണ്ഡലത്തിലെ എം.എൽ.എ. റോഡിന്റെ പണി ഇതുവരെ ആരംഭിക്കാനുള്ള നടപടികളും പോലും സ്വീകരിച്ചിട്ടില്ല. അങ്ങനെ ഗതാഗതരംഗത്തുള്ള പിന്നോക്കാവസ്ഥയ്ക്ക് പരിഹാരം ഉണ്ടാക്കാനാവശ്യമായ നടപടികളും സ്വീകരിക്കാൻ സംസ്ഥാന ഗവൺമെന്റ് തയ്യാറാകണമെന്നുകൂടി ഞാൻ അഭ്യർത്ഥിക്കുകയാണ്.

മറ്റൊരു കാര്യം പറയാനുള്ളത്, വളരെ വർഷങ്ങളായുള്ള വടക്കേയറ്റം മുതൽ തെക്കേയറ്റംവരെയുള്ള മലയോരപ്രദേശത്തെ ജനങ്ങളുടെ ആഗ്രഹമാണ് ഹിൽഹൈവേയുടെ പണി. ഏതാണ്ട് തൊള്ളായിരം കിലോമീറ്ററോളം നീളമുള്ള റോഡിന്റെ പണിയിൽ നൂറു കിലോമീറ്റർ മാത്രം ഇനി റോഡ് ഫോം ചെയ്യാനുണ്ട്. ഇതിനുവേണ്ടി നൂറുകോടി രൂപയോളം നൽകുന്നതിനുവേണ്ടി ലോകബാങ്ക് മുന്നോട്ടുവന്നതാണ്. കേന്ദ്രഗവൺമെൻറിന്റെ സഹായമുണ്ടാകാത്തതുകൊണ്ടാണോ, സംസ്ഥാനഗവൺമെൻറ് വേണ്ടതുപോലെ പ്രവർത്തിക്കാത്തതുകൊണ്ടാണോയെന്ന് എനിക്കറിയില്ല, അതിന്റെ പ്രവർത്തനം ഇതുവരെ തുടങ്ങിയിട്ടില്ല. ആ നൂറു കിലോമീറ്റർ റോഡിന്റെ പണി സാമ്പത്തികസഹായം നൽകി പൂർത്തിയാക്കാനുള്ള നടപടിക്കുവേണ്ടി സംസ്ഥാന ഗവൺമെൻറ് കേന്ദ്രഗവൺമെൻറിനോട് അഭ്യർത്ഥിക്കണമെന്നുകൂടി പറയുകയാണ്. ഞാൻ കൂടുതലായി സംസാരിക്കുന്നില്ല. ഈ പ്രത്യേക ചുറ്റുപാടിൽ നമ്മുടെ സംസ്ഥാനത്തിന്റെ സാമ്പത്തിക ബാദ്ധ്യത എല്ലാ നിലയിലും പരിഹരിക്കുന്നതിനും സാമ്പത്തിക ഭദ്രത ഉറപ്പുവരുത്തുന്നതിനും ശക്തമായ നടപടി ബഹുമാന്യനായ പുതിയ ധനകാര്യവകുപ്പുമന്ത്രിയുടെ ഭാഗത്തുനിന്നുമുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഈ ധനാഭ്യർത്ഥനകളെ ഞാൻ ഒരിക്കൽ കൂടി പിൻതാങ്ങുകയാണ്.

ശ്രീ. ലോനപ്പൻ നമ്പാടൻ: സർ, ഞാനീ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. എം.എൽ.എ. റോഡുകളുടെ പേരിൽ എം.എൽ.എ.മാർക്ക് വഴിനടക്കാൻ വയ്യാത്ത സ്ഥിതിയാണ്. കൊല്ലത്തിൽ രണ്ടു റോഡുകളും വീതം നാലു കൊല്ലംകൊണ്ട് എട്ടുറോഡുകളും ലഭിക്കേണ്ടതാണ്. സംസ്ഥാനത്തിൽ മൊത്തം 1128 റോഡുകൾക്ക് പകരം ഇതുവരെ ആറുറോഡുകളുടെ പണി മാത്രമാണ് പൂർത്തിയായിട്ടുള്ളത്. മലപ്പുറത്തും കോഴിക്കോട്ടും രണ്ടുറോഡുകളും വീതവും, കണ്ണൂരും വയനാടും ഒരോ റോഡു വീതവുമാണ് പൂർത്തിയാക്കിയിട്ടുള്ളത്. മൊത്തം മൂന്നുകോടി അറുപതു ലക്ഷത്തിൽ പകുതിയിലേറെ മലപ്പുറം ജില്ലയിലാണ് ചെലവഴിച്ചിട്ടുള്ളത്. ഒരു കോടി അൻപത്തിമൂന്നുലക്ഷം രൂപയാണ് ചെലവാക്കിയിട്ടുള്ളത്. തലസ്ഥാന ജില്ലയായ തിരുവനന്തപുരത്ത് നാലു ലക്ഷത്തി എൺപത്തിനാലായിരം രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. സാംസ്കാരിക തലസ്ഥാനമായ തൃശ്ശൂർജില്ലയിൽ പതിനേഴുലക്ഷം രൂപയും ചെലവാക്കിയിട്ടുള്ളതായി 24-6-1984-ലെ മന്ത്രിയുടെ മറുപടിയിൽ പറഞ്ഞതാണ്.

LIBRARY ARCHIVES Kerala Legislative Assembly

മാള–ഇളന്തിക്കര റോഡിന് 9 കി. മീറ്റർ നീളമുണ്ട്. അത് 1977-ൽ പി.ഡബ്ലിയു.ഡി. ഏറ്റെടുത്തു. 1980–ലും 1982–ലും മുഖ്യമന്ത്രി അതിന്റെ നിർമ്മാണപ്രവർത്തനത്തിന്റെ ഉൽഘാടനം ആഘോഷപൂർവ്വം നടത്തി. എന്നാൽ ഇതുവരെ പണി ആരംഭിച്ചിട്ടില്ല. മാള നിയോജക മണ്ഡലത്തിൽ മുഴുവൻ കല്ലുകളാണ്. മാളയിലെ കല്ലേറിൻകരയിൽ റെയിൽവേ ഓവർബ്രിഡ്ജ് നിർമ്മാണം ഉടൻ നടത്തണം. കഴിഞ്ഞ സർക്കാർ അതിന്റെ അപ്രോച്ച് റോഡിന് ബഡ്ജറ്റിൽ വകകൊള്ളിച്ചിരുന്നതാണ്. ഈ സർക്കാർ വന്നതിനുശേഷം അതുമില്ല. സ്വർണ്ണക്കടകളിൽ കള്ളക്കടത്തും നികുതിവെട്ടിപ്പും നടക്കുകയാണ്. അതിനുനേരെ ഉദ്യോഗസ്ഥൻമാർ കണ്ണടയ്ക്കുകയാണ്. കഴിഞ്ഞ രണ്ടുവർഷത്തിനകം മൂന്നു കേസുകൾമാത്രമാണ് എടുത്തിട്ടുള്ളത്. കഴിഞ്ഞ ആറുമാസം മുമ്പുവരെ തൃശ്ശൂർ ജില്ലയിലെ സ്വർണ്ണക്കടക്കാർ പ്രതിമാസം ഉദ്യോഗസ്ഥൻമാർക്കു 28,000 രൂപവീതം കൈക്കൂലികൊടുത്തിരുന്നു. ഇത് വകുപ്പുമന്ത്രിയുടെ 'വീക്ഷണം' പത്രത്തിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ജനുവരി മുതൽ കൈക്കൂലിനിരക്ക് വർദ്ധിപ്പിച്ചു. പ്രതിമാസം 45,000 രൂപയാക്കി. ഈ നികുതിവെട്ടിപ്പും കള്ളക്കടത്തും തടഞ്ഞാൽ സർക്കാരിന്റെ കമ്മി നികത്താം. വികസനപ്രവർത്തനങ്ങൾ ത്വരിതപ്പെടുത്താം, റോഡുകൾ ഉണ്ടാക്കാം. അതുകൊണ്ട് തൃശ്ശൂർജില്ലയോടുള്ള അവഗണന അവസാനിപ്പിക്കണം. ഈ രാജ്യത്ത് രണ്ടായിരത്തിലേറെ സ്വർണ്ണക്കടക്കാരുണ്ട്. അവർ വ്യാപകമായ രീതിയിൽ നികുതിവെട്ടിപ്പും കള്ളക്കടത്തും നടത്തുകയാണ്. ഇത് മാത്രം തടഞ്ഞാൽ നമ്മുടെ സംസ്ഥാനത്തെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്താൻ സാധിക്കുമെന്ന് പറഞ്ഞുകൊണ്ട് ഞാനീ ധനാഭ്യർത്ഥനകളെ ശക്തമായി എതിർക്കുകയാണ്.

ശ്രീ. സി.എഫ്. തോമസ്: സർ, ഞാനീ ധനാഭ്യർത്ഥനകളെ പിൻതാങ്ങുകയാണ്. ഇവിടെ പ്രതിപക്ഷത്തെ സ്നേഹിതൻമാർ പറയുകയുണ്ടായി, വിവേചനപരമായി ഈ ഗവൺമെന്റ് പെരുമാറുന്നു, പ്രവർത്തിക്കുന്നുവെന്ന്. എം.എൽ.എ. റോഡുകളുടെ പണി നടത്തുന്ന കാര്യത്തിൽ ഉപമുഖ്യമന്ത്രിയും പി.ഡബ്ലിയു.ഡി.യും എന്ത് വിവേചനമാണ് കാണിച്ചതെന്ന് ആർക്കും എടുത്തു പറയാൻ സാധിച്ചില്ല. കേരളത്തിലെ 140 നിയോജകമണ്ഡലങ്ങൾക്കും അർഹതപ്പെട്ടതാണ് എം.എൽ.എ. റോഡുകൾ. ചിലപ്പോൾ ഭരണപക്ഷത്തുള്ള എം.എൽ.എ.യുടെ റോഡിന്റെ പണി ആരംഭിക്കാത്തതുകാണും, പ്രതിപക്ഷത്തുള്ള എം.എൽ.എ.യുടെ റോഡിന്റെ പണികളും ആരംഭിക്കാത്തതുകാണും. അതൊക്കെ ചില സാങ്കേതികമായ കാരണങ്ങളാൽ നീണ്ടുപോയതായിരിക്കും. അതുപറഞ്ഞ് ആക്ഷേപിക്കുന്നതു ശരിയല്ല. പക്ഷപാതപരമായി പെരുമാറുന്നുവെന്ന് പറയുമ്പോൾ വസ്തുതകളുടെ അടിസ്ഥാനത്തിൽ പറയണം. അതുപോലെ രണ്ടു ഭാഗത്തുമുള്ള എം.എൽ.എ. മാരുടെ റോഡുകളിൽ പണി ആരംഭിച്ചത് പൂർത്തിയാകാത്തതുമുണ്ട്. അതുകൊണ്ട് ഇങ്ങനെ ആരോപണം പറയുന്നത് ശരിയല്ല. ഇവിടെ പലരും പറഞ്ഞതുപോലെ നമ്മുടെ സ്വാതന്ത്ര്യസമ്പാദനത്തിനുശേഷം ഇത്രയേറെ വർക്കുകൾ ചെയ്ത ഒരു പി.ഡബ്ലിയു.ഡി. ഈ കാലഘട്ടത്തിലല്ലാതെ എപ്പോഴും ഉണ്ടായിട്ടുണ്ട് എന്ന് നിങ്ങൾ ആലോചിക്കേണ്ടതാണ്. കൂടുതൽ വർക്കുകൾ ഏറ്റെടുക്കുകയെന്നുള്ള ആശയത്തെ ഞങ്ങൾ അംഗീകരിക്കും. ആദരിച്ച ബഹുമാന്യനായ സി.എച്ച്. മുഹമ്മദുകോയ നടപ്പിലാക്കിയ ആശയം എത്രയോ മനോഹരമാണ്. നമ്മുടെ സംസ്ഥാനത്തെ ഓരോ നിയോജകമണ്ഡലങ്ങളിലുമുള്ള എം.എൽ.എ. മാർക്ക്, അവർ പ്രതിപക്ഷത്തുള്ളവരാകട്ടെ, ഭരണപക്ഷത്തുള്ളവരാകട്ടെ, കേരള കോൺഗ്രസ്സാകട്ടെ, സി.പി.ഐ.യിലുള്ളതാകട്ടെ, ഏതു കക്ഷിയിലുള്ളവരായാലും പറയുന്ന രണ്ടു

LIBRARY ARCHIVES Kerala Legislative Assembly

റോഡുകളും നടപ്പിലാക്കുകയെന്ന ആശയമാണ് ശ്രീ. സി.എച്ച്. മുഹമ്മദു കോയ കേരളത്തിൽ കൊണ്ടുവന്നത്. അദ്ദേഹത്തിന്റെ പിൻഗാമിയായ ശ്രീ. അവുക്കാദർകുട്ടിനഹയും അത് നടപ്പിലാക്കുവാൻ പ്രോൽസാഹനം കൊടുക്കുകയാണ് വേണ്ടത്. അതിനിയും കൂടുതലായി നടപ്പിലാക്കണമെങ്കിൽ അതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കേണ്ടതാണ്.

സർ, വിവേചനപരമായി പെരുമാറുന്നുവെന്നുള്ളതിന് തെളിവില്ല. ഇങ്ങേപ്പുറത്തിരിക്കുന്ന ആളുകളും പ്രതിനിധാനം ചെയ്യുന്ന സ്ഥലങ്ങളിലെ വർക്കുകളും പൂർത്തിയാകാതെയുണ്ട്. അതൊക്കെ സാങ്കേതിക തടസ്സങ്ങളും കൊണ്ടാണ്. നടക്കാത്ത പദ്ധതികളും എഴുതിക്കൊടുത്താൽ അത് നടത്താൻ പ്രയാസം വരും. ഞാൻ പറഞ്ഞ ഇത്തരം കാര്യങ്ങളിൽ ആരോപണം വയ്ക്കുകയല്ല.വേണ്ടത്. ഇത് വളരെ ഭാവനയോടുകൂടി നടപ്പിലാക്കാനാവശ്യമായ പരിപാടികളും ആസൂത്രണം ചെയ്യുകയാണ് വേണ്ടത്. കൂടുതൽ വർക്കുകളും ഏറ്റെടുക്കണമെന്നുള്ള ആശയം നല്ലതാണ്. ഇരുപതിനായിരം കിലോമീറ്റർ റോഡുകളുടെ സംരക്ഷണത്തിന് നീക്കിവെച്ച തുകയും തുകകൊണ്ട്, ആ റോഡുകളുടെ സംരക്ഷണം സാദ്ധ്യമല്ലാതിരുന്ന കാലഘട്ടത്തിൽ, കൂടുതൽ വർക്കുകളും ഏറ്റെടുക്കാനും സാദ്ധ്യമല്ലായിരുന്നു. ഭാഗ്യവശാൽ, ഈശ്വരാനുഗ്രഹംകൊണ്ട് നമ്മുടെ ഗവൺമെന്റ് കൂടുതൽ മെച്ചമായ സാമ്പത്തികസ്ഥിതിയിലേക്ക് മടങ്ങിവന്നിരിക്കുന്നു. കേരളത്തിൽ ഒരു മിച്ച ബഡ്ജറ്റ് അവതരിപ്പിക്കാൻ സാധിച്ച കഴിഞ്ഞ സാമ്പത്തികവർഷത്തിൽ പബ്ലിക് വർക്സ് ഡിപ്പാർട്ടുമെന്റിലെ കുടിശ്ശിക ബില്ലുകളും തീർക്കാൻ മാത്രം 20 കോടി രൂപ മാറ്റിവച്ചു. പക്ഷെ അതുപോരാ. 1985–86–ൽ 20 കോടി രൂപ മാറ്റിവച്ചാലും, ഡെപ്യൂട്ടി മുഖ്യമന്ത്രിക്ക്, ആളുകൾക്ക് കൊടുത്തു തീർക്കാൻ തുക മതിയാവുകയില്ല. 1986–87–ൽ വീണ്ടും 15 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. അങ്ങനെ നീക്കിവച്ച തുകയും പോരെങ്കിൽ നമ്മുടെ പുതിയ ധനകാര്യവകുപ്പു മന്ത്രിയും പഴയ ധനകാര്യവകുപ്പുമന്ത്രിയും പറഞ്ഞതു പോലെ മൊത്തം 60കോടിരൂപ കുടിശ്ശിക ബില്ലുകൾക്കായി കൊടുത്തുതീർക്കാനുണ്ടെങ്കിൽ, അതിൽ 15 കോടി ഈ വർഷത്തിലേക്ക് നീക്കിവച്ചത് കൊടുത്തുകഴിഞ്ഞു. പിന്നെ 45 കോടി രൂപ കൊടുക്കാനുള്ളത് കൊടുത്തുകഴിഞ്ഞാലും, കേരളത്തിലെ പുതിയ ധനകാര്യമന്ത്രിയുടെ കയ്യിൽ 76 കോടി രൂപയുടെ മിച്ചമുണ്ടാകും. ഈ വസ്തുത കണക്കിലെടുത്തുകൊണ്ട് ധൈര്യമായി നമ്മുടെ പി.ഡബ്ലിയു.ഡി. വകുപ്പിന്റെ ചുമതല വഹിക്കുന്ന ഉപമുഖ്യമന്ത്രിക്ക് മുന്നോട്ടു പോകാവുന്ന കാലഘട്ടം വന്നപ്പോൾ അദ്ദേഹം അതനുസരിച്ചുള്ള പരിപാടികളും ആവിഷ്ക്കരിക്കാൻ പോവുകയാണ്. ഇവിടെ എന്റെ സ്നേഹിതൻ ശ്രീ. ജോസ് കുറ്റ്യാനിയോട്, പ്രതിപക്ഷത്തിലെ ഒരു മെമ്പർ ചോദിക്കുന്നതു കേട്ടു, മിച്ചമാണോ, കമ്മിയാണോ അല്ലെങ്കിൽ അങ്ങ് ഏതു പക്ഷത്തിലാണെന്ന്. ഇതിനകത്ത് യാതൊരു അവ്യക്തതയുടെയും കാര്യമില്ല. കേരളത്തിലെ പുതിയ ധനകാര്യമന്ത്രി പറഞ്ഞത്, കൂടുതൽ പദ്ധതികളും ഏറ്റെടുക്കുമ്പോൾ കുടിശ്ശിക ബില്ലുകളും കൊടുത്തുകഴിഞ്ഞാലും മിച്ചമുണ്ടാകുമെന്നാണ്.

ശ്രീ. എ. വി. താമരാക്ഷൻ: സർ, ബഹുമാനപ്പെട്ട സി.എച്ച്. തോമസ് 76 കോടി രൂപ പെൻഡിംഗ് തീർത്തുകഴിഞ്ഞാലും മിച്ചമുണ്ടാകുമെന്നു പറഞ്ഞു. 7–ാം പദ്ധതിയുടെ ഒന്നാം വർഷക്കാലം കേന്ദ്രവിഹിതത്തിനുപുറമെ കടമായി കിട്ടിയ 200 കോടി രൂപയിൽ 50 കോടി രൂപ കുറച്ച് 150 കോടി കൊടുത്തുകഴിഞ്ഞാൽ എത്ര മിച്ചമുണ്ടാകും. കടം വാങ്ങിച്ചുകൊണ്ടല്ലേ മിച്ചം കാണിക്കുന്നത്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. എഫ്. തോമസ്: സർ, ഈ കണക്കുകൾ പ്രകാരം ഈ പദ്ധതിയിൽ പറയുന്നതുപോലെതന്നെ കേന്ദ്ര ധനകാര്യവകുപ്പിൽ നിന്നും നമുക്ക് കിട്ടിയ ആധികാരികരേഖയെ അടിസ്ഥാനപ്പെടുത്തി ക്കൊണ്ട് 168 കോടി രൂപ ഇവിടെ വാർഷിക മിച്ചം വരുന്നതിൽ, ഈ വർഷത്തെ സകല കുടിശ്ശികകളും തീർത്തുകഴിഞ്ഞാലും, 60 കോടി രൂപ പി.ഡബ്ലിയു.ഡി ക്ക് കൊടുത്തു കഴിഞ്ഞാൽത്തന്നെയും 76 കോടി രൂപ മിച്ചം വരുമെന്നുള്ളത് വളരെ സ്പഷ്ടമാണ്. പിന്നെ എനിക്ക് ഉപമുഖ്യ മന്ത്രിയോട് പ്രത്യേകമായി ഒരു അഭ്യർത്ഥനയുണ്ട്. ഇപ്പോൾ നടപ്പാക്കിക്കൊണ്ടിരിക്കുന്ന നല്ല പരിപാടികൾ കൂടുതൽ വിപുലപ്പെടുത്തേണ്ടതായിട്ടുണ്ട്. അങ്ങനെ കൂടുതൽ വിപുലപ്പെടുത്തിക്കൊണ്ട് കൂടുതൽ മെച്ചപ്പെട്ട സാമ്പത്തിക നിലയിലേക്ക് വന്നിരിക്കുന്ന കേരളത്തിൽ കൂടുതൽ വികസന പരിപാടികൾ വേണം. അങ്ങനെ ചില നിർദ്ദേശങ്ങൾ ഞാൻ മുന്നോട്ടു വയ്ക്കുകയാണ്. നമ്മുടെ ബഡ്ജറ്റിൽ പല കാര്യങ്ങൾക്കും തുക മാറ്റി വച്ചിട്ടുണ്ട്. ഞങ്ങൾക്ക് അതിൽ വളരെ നന്ദിയുണ്ട്. പല കാലത്തും നടക്കാത്ത പരിപാടികൾ, വിശേഷിച്ച് കഴിഞ്ഞ മന്ത്രിസഭ തള്ളിയ പല പരിപാടികൾക്കും, കേരളത്തിന്റെ ആവശ്യങ്ങളെന്നു മനസ്സിലാക്കിക്കൊണ്ട് തുക നീക്കി വയ്ക്കാൻ ബഹുമാനപ്പെട്ട ഉപമുഖ്യമന്ത്രി സന്നദ്ധമായിയെന്നുള്ളത് എനിക്കുതന്നെ അനുഭവമുണ്ട്. എന്റെ നിയോജകമണ്ഡലത്തിൽ കഴിഞ്ഞ30 കൊല്ലമായിട്ട് നടക്കാത്ത ഒരു പദ്ധതിയാണ്ഈ ഗവൺമെന്റ് പ്രഖ്യാപിക്കുകയും നടപ്പാക്കണമെന്നു ഞാൻ ആവശ്യപ്പെടുകയും ചെയ്ത പാലത്തിന്റെ നിർമ്മാണം. പത്രക്കാർ ആ പാലത്തെ വിശേഷിപ്പിക്കുന്നത് ആസ്മാപ്പാലമെന്നാണ്. അതിൽ കയറുന്ന രോഗികൾക്ക് ആസ്മാരോഗം പിടിപെടുമെന്നു പറയുന്നു. ആ പാലത്തിന്റെ പണി നടക്കുകയില്ലയെന്നു പല ഗവൺമെന്റുകളും പറഞ്ഞുവെങ്കിലും, ബഹുമാനപ്പെട്ട മന്ത്രി പ്രത്യേകമായി ഉൽസാഹിച്ച് ഈ ബഡ്ജറ്റിൽ അതിനുവേണ്ടി 16 ലക്ഷം രൂപ നീക്കിവച്ചു. ഞാൻ ഒരു ഉദാഹരണം പറഞ്ഞുവെന്നേയുള്ളൂ. അങ്ങനെ സംസ്ഥാനത്ത് നടക്കുകയില്ലെന്ന് കരുതിയിരുന്ന പല പദ്ധതികൾക്കും ജനങ്ങളുടെ ആവശ്യത്തെ മാനിച്ചുകൊണ്ട്, തുക നീക്കിവച്ച ബഹുമാനപ്പെട്ട വകുപ്പ് മന്ത്രിയുടെ മുമ്പിൽ ഒരു നിർദ്ദേശംകൂടി വയ്ക്കാനുണ്ട്. തുക ആവശ്യത്തിന് നീക്കിവച്ചുകഴിഞ്ഞാൽ, ഓരോ വർഷവും നീക്കി വയ്ക്കുന്ന തുക ആ വർഷത്തിൽതന്നെ ചെലവാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണം. 16 ലക്ഷം രൂപ ആ പാലത്തിനുവേണ്ടി നീക്കിവച്ചു. ഇപ്പോൾ തന്നെ ഏപ്രിൽ ഒന്ന് മുതൽ പുതിയ സാമ്പത്തികവർഷമാണ്. ഏപ്രിൽ, മേയ്, ജൂൺ കഴിഞ്ഞു. ഇനി 9 മാസം കൂടിയേയുള്ളൂ. ആ 16 ലക്ഷം രൂപ ഈ വർഷംതന്നെ ചെലവിടണമെങ്കിൽ ഒരു ഫോളോ അപ് പ്രോഗ്രാം നമ്മുടെ ഡിപ്പാർട്ടുമെന്റിൽ ഉണ്ടാകേണ്ടതുണ്ട്. ബഡ്ജറ്റിൽ ആവശ്യമായ തുക നീക്കിവച്ചിരിക്കുന്ന പരിപാടികൾ നടക്കുന്നുണ്ടോയെന്ന് കൃത്യമായി വിലയിരുത്തിക്കൊണ്ട് സമയത്തുതന്നെ ഈ തുക ചെലവഴിക്കാനും, ഒരു പദ്ധതിക്കുവേണ്ടി നീക്കിവച്ച തുക വേറെ ഒന്നിലേക്ക് മാറ്റാതിരിക്കാനും, ഒരു തുകയും ലാപ്സായിപ്പോകാതിരിക്കാനും വേണ്ടി വളരെ കർശനമായ നടപടികൾ നമ്മുടെ പബ്ലിക് വർക്സ് ഡിപ്പാർട്ടുമെന്റ് സ്വീകരിക്കേണ്ടതുണ്ട്. അല്ലെങ്കിൽ ജനങ്ങളുടെ ആവശ്യത്തിനുവേണ്ടി നീക്കിവച്ച തുക ആവശ്യത്തിനു ഉപകരിക്കാതായിപ്പോകും. അതുകൊണ്ട് നീക്കിവച്ച തുകകൾ കൃത്യസമയത്തുതന്നെ ഉപയോഗിക്കണം. ഇന്നലെ എന്റെ സ്നേഹിതൻ ശ്രീ. സുരേന്ദ്രൻപിള്ള പുനലൂരിലുള്ള ഒരു പാലത്തിന്റെ കാര്യം പറഞ്ഞു. അതിന് അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ കിട്ടിയതാണ്. അതിന് ടെൻഡർ വിളിച്ചതാണ്. ആ പാലത്തിന് ആവശ്യമില്ലാത്ത സാങ്കേതിക തടസ്സങ്ങളാണ്. അതുകൊണ്ട് ചിലപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

കൃത്രിമമായി ഉണ്ടാകാവുന്ന തടസ്സങ്ങളൊക്കെ പരിശോധിച്ച്, ഒരു സമയ ബന്ധിതപരിപാടി അനുസരിച്ച് നിക്കിവച്ച തുകകളും കൃത്യമായി ഓരോ പദ്ധതിക്കും വേണ്ടി ചെലവഴിക്കാനുള്ള ഒരു പരിപാടി നമ്മുടെ പബ്ലിക് വർക്സ് ഡിപ്പാർട്ടുമെന്റ് തീർച്ചയായും സ്വീകരിക്കേണ്ടതുണ്ട്. ബഹു മാനപ്പെട്ട മന്ത്രി ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന വികസനപരിപാ ടികൾ കുടിശ്ശിക ബില്ലുകൾ കൊടുത്തു തീർക്കാവുന്ന ഒരു സാഹചര്യ ത്തിലേക്ക് കേരളം മടങ്ങിവന്നിരിക്കുന്ന സ്ഥിതിക്ക് കൂടുതൽ ഉത്സാഹ ത്തോടുകൂടി മുന്നോട്ടുപോകാനും കൂടുതൽ വികസന പദ്ധതികൾ ഏറ്റെടുക്കാനും സാധിക്കട്ടെയെന്ന് ഞാൻ ആശംസിക്കുകയാണ്.

നികുതി കൃത്യമായി ഈടാക്കണമെന്നും കുടിശ്ശികക്കാരിൽനിന്ന നികുതി പിരിച്ചെടുക്കണമെന്നും, വൻകിടക്കാരെ വെറുതെവിടരുതെന്നും ശ്രീ. ജോസ് കുറ്റ്യാനി പറഞ്ഞത് ശരിയാണ്. വൻകിടത്തോട്ടം ഉടമകൾ, വൻകിട കള്ളക്കടത്തുകാർ, വലിയ നികുതി വെട്ടിപ്പുകാർ ഇവരെയൊന്നും വെറുതെ വിടരുത്. അവരെയൊന്നും വെറുതെ വിടുന്നത് നമ്മുടെ ഗവൺമെന്റിന്റെ നയമല്ല. കേരളത്തിലെ ധനകാര്യവകുപ്പ് കഴിഞ്ഞ 4 വർഷമായി അങ്ങനെയൊരു നയം സ്വീകരിച്ചില്ല. ഒരു മുതലാളിയേയും, ഒരു തോട്ടം ഉടമയേയും ഒരു വൻകിടക്കാരനേയും വെറുതെ വിടുന്ന നയ മല്ല ശ്രീ. കരുണാകരന്റെ ഗവൺമെന്റ് കഴിഞ്ഞ 4 വർഷമായി സ്വീകരി ച്ചിട്ടുള്ളത്. മേലിലും നമ്മുടെ ധനകാര്യവകുപ്പുമന്ത്രി വൻകിടക്കാരെ സമയത്തു പിടിച്ചും, നികുതി വെട്ടിപ്പ് തടഞ്ഞും നമ്മുടെ രാജ്യത്തെ നികുതി വരുമാനം വർദ്ധിപ്പിക്കേണ്ട നടപടികളും സ്വീകരിക്കേണ്ടതാണ്. അതോടൊപ്പം ഒരു വാക്കുകൂടി പറഞ്ഞുകൊള്ളട്ടെ. നമ്മുടെ രാജ്യത്തെ ചെറുകിട ഇടത്തരം മേഖലകളും ഈ രാജ്യത്തെ പുരോഗതിയുടെ നട്ടെല്ലാണ്. ഈ രാജ്യത്തെ ചെറുകിട അദ്ധ്വാനകർഷകവർഗ്ഗം, ചെറുകിട വ്യാപാ രികൾ എന്നിവരെ മുഴുവൻ കള്ളക്കടത്തുകാരും നികുതിവെട്ടിപ്പുകാരുമായി ആരോപിച്ചുകൊണ്ട് ആവശ്യമില്ലാത്ത ബുദ്ധിമുട്ടുകൾക്ക് ഇടയാക്ക രുത്. ഞാൻ ഒരു കാര്യം ധനകാര്യ മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുക യാണ്. ചില വ്യാപാര കേന്ദ്രങ്ങളിലേക്ക് ചെന്നു വെറുതെ ആളുകളെ ബുദ്ധിമുട്ടിക്കുന്നതുകൊണ്ട് ചില മേഖലകളിൽ ഹർത്താലുകൾ ആചരി ക്കുന്നു: അതുകൊണ്ട് ആവശ്യമില്ലാതെ ചെറിയ കച്ചവടക്കാരേയും ഇട ത്തരം ചെറുകിട കർഷകരേയും ബുദ്ധിമുട്ടിക്കുന്ന നടപടികളിൽനിന്നു മാറിക്കൊണ്ട് വൻകിട തോട്ടം ഉടമകളേയും, വൻകിട നികുതി വെട്ടിപ്പു കാരേയും, അന്യായമായ രീതിയിൽ പണം സംഭരിച്ചുവയ്ക്കുന്നവരേയും കർശനമായി പിടിച്ചുകൊണ്ട് നമ്മുടെ ധനസംഭരണം ശരിയാക്കുകയും ഇടത്തരം ചെറുകിട മേഖലകളെ രക്ഷിക്കുവാനുള്ള ഒരു നയം സ്വീകരിക്കണ മെന്നുംകൂടി അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താ ങ്ങുന്നു.

ശ്രീ. സിറിയക് ജോൺ: സർ, പൊതുമരാമത്തുവകുപ്പിനെ സംബ ന്ധിച്ച് പറയുമ്പോൾ, നമ്മുടെ ഈ സംസ്ഥാനത്തിന്റേതായിട്ടുള്ള ചില സവിശേഷ സാഹചര്യങ്ങൾകൂടി കണക്കിലെടുക്കണം. ബഹുമാനപ്പെട്ട നഫ സാഹിബ് ബിനു നമ്മുടെ സംസ്ഥാനത്തിന്റെ സവിശേഷ സാഹചര്യ ങ്ങൾ അറിഞ്ഞുകൂടെന്നല്ല. സർ, ഈ ഗവൺമെന്റ് തന്നെ കേന്ദ്രഗവൺ മെന്റിന്റെ മുൻപിൽ ഈ സംസ്ഥാനത്തിന്റെ പ്രത്യേക സവിശേഷ സാഹ ചര്യങ്ങൾ വേണ്ട തരത്തിൽ അവതരിപ്പിക്കുന്നുണ്ടോയെന്ന് ഞാൻ സംശയി ക്കുകയാണ്. ഇവിടെ ഭൂമിശാസ്ത്രപരമായിട്ടും കാലാവസ്ഥയുടെ അടിസ്ഥാനത്തിലും, ജനസാന്ദ്രതയുടെ അടിസ്ഥാനത്തിലും, ഇങ്ങനെ എത്തു കാഴ്ചപ്പാടിൽ നോക്കിയാലും മറ്റു സംസ്ഥാനങ്ങളിൽനിന്നു

LIBRARY ARCHIVES Kerala Legislative Assembly

തികച്ചും വ്യത്യസ്തമായിട്ടുള്ള സാഹചര്യങ്ങളാണുള്ളത്. റോഡുഗതാഗത മേഖലതന്നെയാണ് ഏറ്റവും പരമപ്രധാനമായിട്ടുള്ളത്. അതുകൊണ്ട് ഈ റോഡ് ഗതാഗതത്തിന് കേന്ദ്രഗവൺമെൻറിൽനിന്നും നമുക്ക് കൂടുതൽ വിഹിതം കിട്ടണം. അതിന് ആവശ്യമായിട്ടുള്ള തരത്തിൽ കേന്ദ്രത്തിൻെറ മുൻപിൽ നമ്മുടെ കേസ് വാദിക്കാനും അർഹതപ്പെട്ട വിഹിതം പിടിച്ചുവാങ്ങാനും നമുക്ക് കഴിയണം. കേരളത്തെ സംബന്ധിച്ചിടത്തോളമാണെങ്കിൽ നമ്മുടെ വിഹിതം പിടിച്ചുവാങ്ങുന്ന കാര്യത്തിൽ മറ്റാരെക്കാളും മുൻപന്തിയിൽ നിൽക്കുന്നവരായതുകൊണ്ട് കേരളാ കോൺഗ്രസ്സിലെ ശ്രീ. സി.എഫ്. തോമസ്സും ഈ വിഷയത്തിൽ എതിര് പറയുകയില്ലയെന്ന് എനിക്കറിയാം.

സർ, കഴിഞ്ഞ രണ്ടുമൂന്നു വർഷമായിട്ട് നമ്മുടെ സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പ്, പ്രത്യേകിച്ച് റോഡുകൾ തീർത്തും സ്തംഭനാവസ്ഥയിലായിരുന്നു. കഴിഞ്ഞ വർഷം കുറെ റോഡുകൾ മെച്ചപ്പെടുത്തിയെന്നുള്ളത് ഞാൻ അംഗീകരിക്കുന്നു. അത് മെച്ചപ്പെടുത്തിയത് നമ്മുടെ സംസ്ഥാനത്ത് റിസോഴ്സസ് ഉണ്ടായിട്ടൊന്നുമല്ല. മറിച്ച് കേന്ദ്രഗവൺമെൻറിൽ നിന്നും കഴിഞ്ഞ വർഷത്തെ വെള്ളപ്പൊക്ക ദുരിതാശ്വാസത്തിന് നമുക്കു കുറച്ച് പണം കിട്ടിയതിൽ നിന്ന് റോഡ് മെയിൻറനൻസിനുവേണ്ടി കുറച്ച് പണം ഉപയോഗപ്പെടുത്താൻ കഴിഞ്ഞു. അതുകൊണ്ട് ബഹുമാനപ്പെട്ട നഹാസാഹിബ്ബ് തൽക്കാലം തടിതപ്പി. അതാണ് വാസ്തവത്തിൽ ഉണ്ടായത്. അതു പോരാ. അതിൽ നിന്നും വ്യത്യസ്തമായിട്ട് നമ്മുടെ ബഡ്ജറിൽ നിന്ന്തന്നെ ഈ രംഗത്ത് കൂടുതൽ അലോട്ട്മെൻറ് വകയിരുത്താൻ സാധിക്കണം. ഇപ്പോഴ പോരാത്തതിന് ബഡ്ജറിൽ വലിയ മിച്ചം നമ്മെ പ്രതീക്ഷിക്കുകയാണ്. ഈ മിച്ചത്തിൻെറ കളളക്കണക്കുകൊണ്ട് നമ്മുടെ സംസ്ഥാനത്തിന് അർഹമായ വിഹിതം കേന്ദ്രത്തിൽനിന്ന് പിടിച്ചുവാങ്ങാൻ സാധിക്കാതെ പോയില്ലേ? അതിൻെറ ഫലമായി നമ്മുടെ വികസന രംഗങ്ങൾ എത്രമാത്രം പിന്നോട്ട് തള്ളപ്പെടുമെന്നുള്ളത് ഗൗരവമേറിയ കാര്യമാണ്. ഏതായാലും വെള്ളപ്പൊക്ക ദുരിതാശ്വാസ ഫണ്ടിൻെറ പേരുപറഞ്ഞ് നമുക്ക് കഴിഞ്ഞ വർഷം പണം കിട്ടിയതുകൊണ്ട് നമ്മുടെ റോഡുകളൊക്കെ ഒരുവിധം കഷ്ടിച്ച് ഗതാഗതത്തിന് ഉപയോഗിക്കുന്നുയെന്നുള്ളത് ശരിയാണ്.

സർ, അതേയവസരത്തിൽ എം.എൽ.എ. റോഡുകൾ എന്ന പേരിൽ, ബഹുമാനപ്പെട്ട നഹാസാഹിബ്ബും പുതിയ ധനകാര്യമന്ത്രി ശ്രീ. തച്ചടി പ്രഭാകരനും——അദ്ദേഹം ധനകാര്യമന്ത്രിയായി, ധനകാര്യ വകുപ്പ് ഏറെടുത്തശേഷം——ഈ രംഗത്ത് സാമ്പത്തികമായ സ്ഥിതിയൊക്കെ വളരെ മെച്ചപ്പെടുത്തുന്നതിനെ സംബന്ധിച്ച് പല പദ്ധതികളും ആസൂത്രണം ചെയ്യാൻ പോവുകയാണ്. എം.എൽ.എ. റോഡുകൾ തുടങ്ങിയിട്ട് നാലു വർഷമായി. ഓരോ എം.എൽ.എ. മാർക്കും ആയുഷ്കാലം അവസാനിക്കുന്നതുവരെ ഓരോ റോഡുകൾ എന്നാണോ? ''ഇരുട്ടുകൊണ്ട് ഓട്ട അടയ്ക്കാനാണ്'' ഈ ഗവൺമെൻറ് ശ്രമിക്കുന്നത്. അതുപോരാ. ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ശ്രീ. തച്ചടി പ്രഭാകരന് വേണമെന്നുണ്ടെങ്കിൽ എം.എൽ.എ. റോഡുകളുടെ കാര്യത്തിൽ ജനങ്ങളുടെ മുഴുവൻ അഭിനന്ദനവും പിടിച്ചുപറ്റാൻ സാധിക്കും. ഓരോ നിയോജക മണ്ഡലത്തിൽ ഈരണ്ടു റോഡുകളും അതിനുവേണ്ടുന്ന തുകയും ഏതെങ്കിലും വഴിയിൽ കണ്ടെത്തുന്നതിനെ സംബന്ധിച്ച് ശ്രീ. നഹാ സാഹിബ്ബോ ശ്രീ. തച്ചടി പ്രഭാകരനോ പ്രഖ്യാപിക്കുകയാണെങ്കിൽ എനിക്കു അതിനെ സംബന്ധിച്ച് എതിർപ്പില്ല. എല്ലാ കാലത്തേക്കും എം.എൽ.എ. റോഡുകൾ എന്നു പറഞ്ഞ് നാലു വർഷം മുമ്പ് തുടങ്ങിയതുതന്നെ ഇനിയും

LIBRARY ARCHIVES Kerala Legislative Assembly

മിക്കവയും പൂർത്തിയായിട്ടില്ല. ചിലതൊന്നും 'തുടങ്ങിയിട്ടില്ല. ഇല്ലത്തുനിന്ന് ഇറങ്ങുകയും ചെയ്തു അമ്മാത്ത് ഒട്ട് എത്തിയതുമില്ല' എന്നു പറഞ്ഞതുപോലെയാണ് ഇത്. എം.എൽ.എ. റോഡുകളുടെ നിർമ്മാണം ത്വരിതഗതിയിൽ പൂർത്തിയാക്കുന്നതിനെ സംബന്ധിച്ച് ശ്രീ. നഹാ സാഹിബ്ബിന്റെ പ്രത്യേക താല്പര്യം ഉണ്ടാകണമെന്ന് ഞാൻ അപേക്ഷിക്കുകയാണ്. ഈ രംഗത്ത് വിവേചനം കാണിക്കുന്നുയെന്നു പറയുമ്പോഴും, ശ്രീ. നഹാ സാഹിബ്ബിനെപ്പറ്റി അങ്ങേയറ്റത്തെ ആദരവും ബഹുമാനവും നിലനിർത്തിക്കൊണ്ട്, ഈ രംഗത്ത് കടുത്ത വിവേചനം കാണിക്കുന്നില്ലേ? മലപ്പുറം ജില്ലയിലും മറ്റു ജില്ലകളിലും എം.എൽ.എ. റോഡുകളുടെ രംഗത്ത്, പൊതുമരാമത്ത് വകുപ്പിൽ മൊത്തത്തിൽ ചെലവഴിച്ചിട്ടുള്ള കടുത്ത വിവേചനത്തിന്റെ കണക്ക് ഇവിടെ ഉദ്ധരിച്ചു. സർ, ഇതെന്താണ്? ബഹുമാനപ്പെട്ട നഹാ സാഹിബ്ബിന് ഈ കാര്യത്തിൽ ഒരു ദുരുദ്ദേശവും ഉണ്ടെന്നുള്ള ആരോപണം എനിക്കില്ല.. പക്ഷേ അദ്ദേഹം പറയുന്നത്, മലപ്പുറം ജില്ല വളരെ പിന്നോക്കം നിൽക്കുന്ന ഒരു ജില്ലയായതുകൊണ്ടാണ് അത്രയും തുക അവിടെ അനുവദിച്ചതെന്നാണ്. അങ്ങനെയാണെങ്കിൽ കാസർകോട് ജില്ല വളരെ പിന്നോക്കമല്ലേ? മറ്റു പല ജില്ലകളും പിന്നോക്കമല്ലേ? ഒരേ നയംതന്നെ ഈ ജില്ലകളോടൊക്കെ സ്വീകരിക്കേണ്ടതല്ലേ? അതൊന്നും സ്വീകരിക്കാതെ മലപ്പുറം ജില്ലയിൽ മാത്രം, സംസ്ഥാനത്ത് മൊത്തം ചെലവഴിച്ചതിന്റെ 50 ശതമാനം സംഖ്യയും——ഒരു ജില്ലയിൽ മാത്രം——ചെലവഴിച്ചതിന്റെ ന്യായീകരണം എനിക്ക് മനസ്സിലാകുന്നില്ല. ഇതിലൊന്നും ശ്രീ. നഹാ സാഹിബ്ബിന്റെ വ്യക്തിപരമായ താൽപ്പര്യമുണ്ടെന്ന് എനിക്കഭിപ്രായമില്ല. പക്ഷേ അതിന്റെ പിന്നിൽ ശ്രീ. നഹാസാഹിബ്ബിനെ ഉപയോഗിച്ചുകൊണ്ട് പലരും അവരുടെതായിട്ടുള്ള സ്വാർത്ഥ താൽപ്പര്യങ്ങളും നേടുന്നുണ്ട്. ഇത് ഞാൻ ശ്രീ. നഹാസാഹിബ്ബിനോടുള്ള ആദരവുകൊണ്ട് പറയുകയാണ്. അതിന്റെ വിശദാംശങ്ങളിലേക്കൊന്നും ഞാൻ കടക്കുന്നില്ല.

ബിൽ മാറുന്നതിനെ സംബന്ധിച്ച്, എങ്ങനെയാണ് ബില്ല് മാറുന്നതെന്നും, അതിനേറ്റതായിട്ടുള്ള മുൻഗണനാ ക്രമമൊക്കെ ചിലരുടെ കാര്യത്തിൽ മറി കടന്നു പോകുന്നുയെന്നുള്ളത് നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. ശ്രീ. സീതിഹാജിയുടെയും അദ്ദേഹത്തിന്റെ ബന്ധുക്കളുടെയും അദ്ദേഹത്തിന്റെ മകന്റെയും പേരിലുള്ള കോൺട്രാക്ടും അതുമായി ബന്ധപ്പെട്ട ബില്ലുകളും ആണെങ്കിൽ അതിന് പ്രയോറിറ്റിയോ പ്രശ്നമോ ഒന്നുമില്ല. നഹാ സാഹിബുമായി ബന്ധപ്പെട്ട കോൺട്രാക്ടറുടെ ബില്ലുകളൊക്കെ ആണെങ്കിൽ പ്രയോറിറ്റിയും പ്രശ്നവുമൊന്നുമില്ല. മറ്റുള്ളവരെ സംബന്ധിച്ച് ആണെങ്കിൽ ബില്ലുകളും ഒന്നും തയ്യാറായി വരികയില്ലായെന്നുള്ളതാണ് യാഥാർത്ഥ്യം. ആ വിവേചനം ശരിയല്ല. ആ രംഗത്ത് പ്രയോറിറ്റി നിശ്ചയിക്കുകയും ആ പ്രയോറിറ്റിയുടെ അടിസ്ഥാനത്തിൽ മാത്രം ബില്ലുകളും പാസ്സാക്കുകയും ചെയ്യുന്ന ഒരു സ്ഥിതിവിശേഷമുണ്ടാക്കണം. നഹാസാഹിബ്ബിന് ഈ കാര്യത്തിൽ സ്വാർത്ഥപരമായ ദുരുദ്ദേശം ഉണ്ടെന്ന് ഞാൻ ആക്ഷേപിക്കുകയല്ല. ഈ വകുപ്പ് കൈകാര്യം ചെയ്യുമ്പോഴും നീതിപൂർവ്വകമായ ഒരു സമീപനം, ഈ രാജ്യത്തെ ജനങ്ങളും പൊതുപ്രവർത്തകരും ബന്ധപ്പെട്ടവരും ഒക്കെ പ്രതീക്ഷിക്കുന്നുണ്ട്. ആ ഒരു നിലവാരത്തിലേക്കു അദ്ദേഹം ഈ രംഗത്തു ഉയരുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. നമ്മുടെ സംസ്ഥാനത്ത് 1981—ൽ, മലയോര പ്രദേശങ്ങളെ സംബന്ധിച്ച്, നമ്മുടെ മാനദണ്ഡങ്ങൾക്കനുസൃതമായുള്ള റോഡുകളും ഏറ്റെടുക്കാനോ അതിന്റെതായിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങളും നടത്താനോ സാദ്ധ്യമല്ല. ഈ

LIBRARY ARCHIVES Kerala Legislative Assembly

റോഡുകളെന്നു പറയുമ്പോഴും ഗതാഗതം മാത്രമല്ല, മലഞ്ചരക്കുകളും വിപണിയിൽ എത്തിക്കുക അതുവഴി സംസ്ഥാനത്തെ സമ്പദ്ഘടനയിൽ കൂടുതലായിട്ടുള്ള മെച്ചം വരുത്തുക ഇവയൊക്കെ അതിന്റെ പിന്നിലുള്ള താല്പര്യങ്ങളാണല്ലോ? അങ്ങനെയാണെങ്കിൽ മലയോര പ്രദേശങ്ങളെ സംബന്ധിച്ചിടത്തോളം മാനദണ്ഡങ്ങൾ കർക്കശമായി സ്വീകരിച്ചുകൊണ്ട് ഈ റോഡുകളും ഏറെറടുത്തു ഗതാഗതയോഗ്യമാക്കാൻ സാധിക്കാത്ത പ്രത്യേക പരിതഃസ്ഥിതി കണക്കിലെടുത്തുകൊണ്ടാണ് ''ഹിൽ റോഡ്'' പദ്ധതി ഉണ്ടായത്. ആ ഹിൽ റോഡ് പദ്ധതി ഒരു വർഷം കഴിഞ്ഞപ്പോഴേ അവസാനിച്ചു. ഹിൽ റോഡ് പദ്ധതികൊണ്ട് കുറെ ജോലികളൊക്കെ നടത്തിയിട്ടുണ്ട്. എന്റെ നിയോജക മണ്ഡലത്തിൽത്തന്നെ മൂന്നു നാല് ഹിൽ റോഡുകളുണ്ട്. അവയൊക്കെ ആ മലയോര പ്രദേശങ്ങളെ സംബന്ധിച്ചിടത്തോളം വളരെ പ്രതീക്ഷയായിരുന്നു. പക്ഷേ അതിന്റെയൊക്കെ ജോലികളും കുറെയൊക്കെ നടത്തിയശേഷം ഇപ്പോഴേ അതിനെ സംബന്ധിച്ചിടത്തോളം എന്താണ് ചെയ്യേണ്ടത്, ആരാണ് ചെയ്യേണ്ടത് എന്നുള്ളതിനെപ്പററി ആർക്കും ഒരു എത്തുംപിടിയുമില്ല. ഹിൽറോഡുകളിലെക്കൊചെയ്ത ജോലികൊണ്ട് ഒരു പ്രയോജനവുമില്ലാത്ത സ്ഥിതി വന്നിരിക്കുന്നു. ചെയ്ത ജോലി പാഴായിപോകുന്നത് ഒഴിവാക്കാൻവേണ്ടി അതിന്റെ തുടർന്നുള്ള പ്രവർത്തനങ്ങൾകൂടി നടത്താൻ ബഹുമാനപ്പെട്ട മന്ത്രി ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർക്ക് നിർദ്ദേശം നൽകണം.

സർ, അതുപോലെതന്നെ അതിവർഷം ഇപ്പോഴേ ആരംഭിച്ചിട്ടേയുള്ളൂ. ഞങ്ങളുടെ നാട്ടിലുള്ളവർക്ക് അങ്ങേയററത്തെ ഉൽക്കണ്ഠയുണ്ട്.' കഴിഞ്ഞ വർഷം വയനാട് ഒററപ്പെട്ടുപോയി. വയനാട് ചുരം റോഡിന്റെ വീതിയുള്ള സ്ഥലം ഇടിഞ്ഞുപൊളിഞ്ഞ് നാമാവശേഷമായി. ഇന്നോളം അതിന്റെ അററകുററപ്പണികളും പൂർത്തിയാക്കിയിട്ടില്ല. ശ്രീ., നഹാ സാഹിബ്ബ് അക്കാര്യത്തിൽ വളരെ സവിശേഷ താൽപ്പര്യം എടുത്ത ആളുതന്നെയാണ്. അതിന്റെ അററകുററപ്പണികളും പൂർത്തിയാക്കണം. അതോടൊപ്പംതന്നെ ഈ പ്രതിഭാസം എന്നും തുടർന്നും നിലനിൽക്കുമെന്നുള്ളത് എല്ലാവരും അംഗീകരിക്കുന്ന വസ്തുതയല്ലേ? ഇവിടെ സമാന്തര റോഡുകളും ഉണ്ടാക്കുന്നതു സംബന്ധിച്ച നിർദ്ദേശങ്ങളുണ്ടായി. സമാന്തര റോഡുകൾക്കുവേണ്ടിയുള്ള ഇൻവെസ്ററിഗേഷനു വേണ്ട നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്; ആനിക്കാംപൊയിൽ—മേപ്പാടി റോഡിന്റെയും ചിപ്പിളിത്തോട്—വൈത്തിരി റോഡിന്റെയും ഇൻവെസ്ററിഗേഷൻ നടക്കുന്നില്ല. ഇൻവെസ്ററിഗേഷന് ആവശ്യമായിട്ടുള്ള സംഖ്യ വകയിരുത്തിയിട്ടില്ല. അതുകൊണ്ട് ഇൻവെസ്ററിഗേഷൻ നടത്തുന്നതിനെത്തുടർന്ന് അതിന്റേതായിട്ടുള്ള നിർമ്മാണം നടത്തുന്നതിനുവേണ്ടി പ്രത്യേകമായ നിർദ്ദേശം നൽകണം.

അതുപോലെ തന്നെ പി.ഡബ്ലിയു.ഡി. ഏറെറടുത്തിട്ടുള്ള പല പ്രധാനപ്പെട്ട റോഡുകളും ഇപ്പോഴേ പ്രവർത്തനക്ഷമതയില്ലാതെ കിടക്കുകയാണ്. എന്റെ നിയോജകമണ്ഡലത്തിൽ മലയോര പ്രദേശങ്ങളെ സംബന്ധിച്ചിടത്തോളം ആ പ്രദേശങ്ങളിലുള്ള ആളുകൾക്ക് അവരുടെ ദൈനംദിന ആവശ്യം നിർവ്വഹിക്കുന്നതിനും അവരുടെ മലഞ്ചരക്കുൽപ്പന്നങ്ങൾ കമ്പോളത്തിൽ എത്തിക്കുന്നതിനും അനുഭവിച്ചുകൊണ്ടിരിക്കുന്ന യാതനകളും അതിന്റെ പേരിൽ വരുന്ന നഷ്ടവും ഒക്കെ ഞാൻ വിവരിക്കുന്നില്ല. സർ, ആ റോഡുകൾ വേഗത്തിൽ ഗതാഗതയോഗ്യമാക്കുന്നതിനുള്ള നടപടികളെടുക്കണം. അതെല്ലാം ഏറെറടുത്ത റോഡുകളാണ്. അല്ലാത്ത റോഡുകളെപ്പററി

LIBRARY ARCHIVES Kerala Legislative Assembly

ഇപ്പോഴും ഞാൻ നിർബന്ധിക്കുന്നില്ല. പക്ഷേ ഏറെടുത്ത് കാലങ്ങളോളമായിട്ടും ആ റോഡുകളെ സംബന്ധിച്ചിടത്തോളം അതിന്റെ നിർമ്മാണങ്ങളും ഒന്നും ആയിട്ടില്ല. വളരെ ദേശീയ പ്രാധാന്യമുള്ള ഒരു വസ്തുതയാണിത്. നഹാസാഹിബിന് അറിയാവുന്ന കാര്യമാണിത്. മാവൂർ-പന്നിക്കോട് റോഡും കൂളിമാട്ടിലുള്ള പാലവും കൊണ്ട് ഈ സംസ്ഥാനത്തിന് പ്രതിവർഷം 100 കണക്കിന് കോടി രൂപയുടെ മിച്ചം ഇന്ധനത്തിന്റെ ചെലവിനത്തിലും തേയ്മാനത്തിന്റെ ഇനത്തിലും ഉണ്ടാക്കാൻ സാധിക്കും. മലപ്പുറവും, വയനാടും, മാവൂരും, കോഴിക്കോടുമൊക്കെയായി ബന്ധപ്പെടുത്തുന്നതിന് എത്രയോ കിലോമീറ്റർ ദൂരംകുറയ്ക്കാൻ സാധിക്കും. അതുകൊണ്ട് അതിന്റെ നിർമ്മാണത്തെ സംബന്ധിച്ചിടത്തോളം, പ്രത്യേക താൽപ്പര്യം കാണിക്കണമെന്ന് ഞാൻ ഈ അവസരത്തിൽ അപേക്ഷിക്കുന്നു. കോഴിക്കോട് വിട്ടാൽ വയനാട്ടിൽ കൽപ്പറ്റക്കിടയിൽ ഇത്രയും ദൂരമായിട്ടുള്ള സ്ഥലത്ത് ഒരു ട്രാവലേഴ്സ് ബംഗ്ലാവില്ല. നഹാസാഹിബ് ബിന് ഇടക്ക് ഒന്ന് വിശ്രമിക്കണമെന്നു വിചാരിച്ചാൽ തന്നെയും അതിനുള്ള സ്ഥലമില്ല. താമരശ്ശേരി ടി.ബി. പുതുക്കി പണിയാനുള്ള എസ്റ്റിമേറ്റ് അങ്ങയുടെ മുൻപിൽതന്നെയുണ്ട്. അത് പുതുക്കി പണിയുന്നതിനെ സംബന്ധിച്ചും തിരുവമ്പാടിയിൽ എറെടുത്ത സ്ഥലത്ത് ടി.ബി. നിർമ്മിക്കുന്നതിനെ സംബന്ധിച്ചും അടിയന്തിര തീരുമാനമുണ്ടാക്കണമെന്ന് ഞാൻ അപേക്ഷിക്കുകയാണ്. സർ, ഇവിടെ പൊതുമരാമത്ത് വകുപ്പിലെ ചില പ്രത്യേക സാഹചര്യങ്ങളെ സംബന്ധിച്ച് ഒരു വാക്ക് കൂടി പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. അവിടെയൊന്നും നഹാസാഹിബിന്റെ കരങ്ങൾക്ക് അൽപ്പം എങ്കിലും കറപുരണ്ടിട്ടുണ്ട് എന്നുള്ള ആക്ഷേപമില്ല. എന്നാലും പ്രമുഖ ദിനപത്രമായ മാതൃഭൂമിയിൽ ലക്ഷക്കണക്കിന് രൂപ (70 ലക്ഷം) എഞ്ചിനീയറുടെ കയ്യിൽ നിന്ന് തിരഞ്ഞെടുപ്പ് ഫണ്ടിലേയ്ക്കായും പാർട്ടി ഫണ്ടിലേയ്ക്കായും ഓഫീസ് ഫണ്ടിലേയ്ക്കായും വാങ്ങി ഉപയോഗിക്കുന്നുവെന്ന് വാർത്തവന്നു. ഇത് ഈ വകുപ്പിൽ മാത്രമാണെന്ന് ഞാൻ പറയുന്നില്ല. ഉദ്യോഗസ്ഥൻമാരെ കൊണ്ട് പണം പിരിപ്പിക്കുകയും പണം ഉണ്ടാക്കുകയും ചെയ്യുന്നത് കാലഘട്ടത്തിന്റെ പ്രത്യേക സവിശേഷതയായി മാറിക്കഴിഞ്ഞിരിക്കുന്നു. ഇത് എന്തൊരു അധഃപതനമാണ്. പൊതുമരാമത്ത് വകുപ്പിനുണ്ട്, എക്സൈസിനുണ്ട്, റവന്യൂവിനുണ്ട്, പോലീസിനുണ്ട്, എല്ലാ രംഗത്തുമുണ്ട്. ഇത് ഒന്ന് അവസാനിപ്പിക്കണം. ഉദ്യോഗസ്ഥൻമാരുടെ അഴിമതി അവസാനിപ്പിക്കാനും അവരെ നിലയ്ക്ക് നിർത്താനും ഉള്ള അർഹത, ഉദ്യോഗസ്ഥൻമാരെക്കൊണ്ട് ഫണ്ട് പിരിപ്പിക്കുകയും അഴിമതി നടത്തിക്കുകയും ചെയ്താൽ നഷ്ടപ്പെടുന്നു. അതിന്റെ ഫലമായിട്ട് ഈ രാജ്യത്തിലെ ജനങ്ങളാണ് നരകയാതനകൾ അനുഭവിക്കുന്നത്. പ്രവർത്തനങ്ങൾ ഒന്നും തന്നെ നടക്കുന്നില്ല. പൊതുമരാമത്ത് വകുപ്പിൽ ആണെങ്കിൽ അതിന് വേണ്ടി ചെലവഴിക്കുന്ന സംഖ്യയുടെ 25 ശതമാനം പോലും പ്രവർത്തനത്തിന് വേണ്ടി ഉപയോഗിക്കുന്നില്ല. അതെല്ലാം പല വഴിക്കായി ചോർന്നു പോകുന്നു. അതാണ് വസ്തുത. വിൽപ്പന നികുതിയെക്കുറിച്ചാണ് അടുത്തതായി ധനകാര്യ വകുപ്പുമന്ത്രിയോട് പറയാനുള്ളത്, നമ്മുടെ കേരളത്തിൽനിന്ന് കച്ചവടം മാഹിയിലേയ്ക്ക് ഒഴുകി പോകുന്നതിനു കാരണം സെയിൽസ്ടാക്സ് രംഗത്ത് അപ്രായോഗികമായിട്ടുള്ള സമീപനം സ്വീകരിക്കുന്നതുകൊണ്ടാണ്. അതുകൊണ്ട് സെയിൽസ്ടാക്സിന്റെ കാര്യത്തിൽ യാഥാർത്ഥ്യബോധത്തോടുകൂടിയ ഒരു സമീപനം സ്വീകരിച്ച് ഇവിടത്തെ ബിസിനസ് മാഹിയിലേയ്ക്ക് പോകുന്നത് തടയാനുള്ള നടപടി സ്വീകരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. ഇവിടെ അപ്പുറത്തുനിന്നും സംസാരിച്ച ബഹുമാനപ്പെട്ട അംഗങ്ങൾ പൊതുമരാമത്ത് വകുപ്പിനെ പ്രതിക്കൂട്ടിൽ കയറ്റാൻ. ചില ആരോപണങ്ങൾ ഉന്നയിക്കുന്നത് കേട്ടു. സർ, ചർച്ച തുടങ്ങിവച്ചുകൊണ്ട് ശ്രീ. തങ്കപ്പൻ റോഡുകളുടെ സ്ഥിതി വളരെ മോശമാണെന്നും, റോഡുകളിൽകൂടി യാത്ര ചെയ്യുമ്പോൾ കുലുങ്ങിയിട്ട് ഗർഭിണികൾ പോലും പ്രസവിച്ചു പോകുന്നു എന്നൊക്കെയുള്ള വലിയ ആരോപണം ഉന്നയിക്കുന്നത് കേട്ടു. റോഡിന്റെ സ്ഥിതി ഗണ്യമായ തോതിൽ മെച്ചപ്പെട്ടിട്ടുണ്ട് എന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. പക്ഷേ, ശ്രീ. തങ്കപ്പനും തങ്കപ്പന്റെ പാർട്ടിക്കാരും റോഡുകളിലൂടെ യാത്രചെയ്യുമ്പോൾ കുലുക്കം അനുഭവപ്പെടുന്നത് യാഥാർത്ഥ്യമായിരിക്കാം. അത് റോഡിന്റെ കുഴപ്പം കൊണ്ടല്ല അവരുടെ പാർട്ടിയിൽ ആകെ അനുഭവപ്പെടുന്ന കുലുക്കത്തിന്റെ ഭാഗമായിട്ടാണ് എന്ന് ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

മറ്റൊരു ആരോപണം ഇവിടെ ഉന്നയിച്ചത് മുസ്ലീംലീഗ് ഓഫീസുകൾ പണിയുന്നതിനുവേണ്ടി ബഹുമാനപ്പെട്ട മന്ത്രിയും മന്ത്രിയുടെ പാർട്ടിയും കോൺട്രാക്ടർമാരിൽനിന്നും എഞ്ചിനീയർമാരിൽനിന്നും പണം പിരിപ്പിക്കുന്നു എന്നാണ്. ഞങ്ങളുടെ പാർട്ടി അങ്ങനെ ചെയ്യുന്നില്ല. കേരളത്തിലെ ജനലക്ഷങ്ങളിൽ അപാരമായ ജനസ്വാധീനമുള്ള ഞങ്ങളുടെ പാർട്ടിക്ക് അതിലെ ഓരോ അംഗത്തിനും ഒരു നയാപൈസയുടെ പിരിവെടുത്താൽ പോലും ഈ സംസ്ഥാനത്തിലെ എല്ലാ ജില്ലകളിലും കെട്ടിടമുണ്ടാക്കാനുള്ള ജനകീയ അടിത്തറയുണ്ട്. അതുകൊണ്ട് തന്നെ മുസ്ലീംലീഗ് അതരത്തിലുള്ള കാര്യങ്ങൾ ചെയ്യുന്നില്ല എന്ന് ഞാൻ ഇവിടെ ചൂണ്ടിക്കാണിക്കുകയാണ്. സർ, ഇവിടെ ശ്രീ. തങ്കപ്പനും അവസാനമായി സംസാരിച്ച സിറിയക് ജോണും എല്ലാം അവരുടെ സംസാരത്തിൽ ധാർമ്മിക രോഷം പ്രകടിപ്പിച്ച ഒരു കാര്യമുണ്ട്. എന്താണെന്നുവച്ചാൽ മലപ്പുറം ജില്ലക്ക് മന്ത്രിമാർവാരിക്കോരി കൊടുക്കുന്നു എന്നാണ്. ശ്രീ. തങ്കരാജ് ഇതിനെക്കുറിച്ച് വിശാലമായ ദേശീയ വീക്ഷണമില്ലാതെ സങ്കുചിതമായി പ്രാദേശികവീക്ഷണം പുലർത്തി സ്വന്തക്കാർക്ക് സേവ ചെയ്തു കൊടുക്കുന്നു എന്ന ആരോപണമടക്കം ബഹുമാനപ്പെട്ട മന്ത്രിയുടെ പേരിൽ ഉന്നയിക്കുകയുണ്ടായി. ചില വസ്തുതകൾ ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഡയറക്ടർ ഓഫ് ഇക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ടുമെന്റ് പ്രസിദ്ധീകരിച്ചിട്ടുള്ള സ്റ്റാറ്റിസ്റ്റിക്സ് ഫോർ പ്ലാനിംഗ് 1983 എന്ന രേഖയിൽനിന്ന് ചില കാര്യങ്ങൾ ഞാൻ ഉന്നയിക്കുന്നു. ബഹുമാനപ്പെട്ട മന്ത്രിക്ക് പ്രാദേശിക വാദം ഉണ്ടോ എന്ന് സത്യസന്ധമായി പരിശോധിക്കാൻ അപ്പുറത്തുള്ള ആളുകൾ ബാദ്ധ്യസ്ഥരാണ്. Districtwise strength of P.W.D. Roads ഇതിൽ പറയുന്ന കണക്ക് തിരുവനന്തപുരം ജില്ലയിൽ 1981–82 അവസാനിക്കുമ്പോഴുള്ള പി.ഡബ്ലിയു.ഡി. റോഡുകൾ കിലോമീറ്റർ കണക്കിൽ 1507 ആണ്. കൊല്ലം 2463, ആലപ്പുഴ 1376, കോട്ടയം 1844, ഇടുക്കി 1307 എറണാകുളം 1,700, തൃശ്ശൂർ 1419, മലപ്പുറം 1184 എന്നാണ്. എന്താണ് സർ, പ്രാദേശിക വീക്ഷണം എന്ന് പറയുന്നത്. 2463 കിലോമീറ്റർ റോഡ് കൊല്ലത്തുണ്ട്. ധാർമ്മിക രോഷം പ്രകടിപ്പിച്ചിട്ടുള്ള എന്റെ മാന്യസുഹൃത്ത് ശ്രീ. തങ്കരാജിന്റെ തിരുവനന്തപുരം ജില്ലയിൽ 1507 കിലോമീറ്റർ റോഡുണ്ട്. വാരിക്കോരി കൊടുത്തു എന്ന് പറയുന്ന മലപ്പുറം ജില്ലയിൽ 1184 കിലോമീറ്റർ മാത്രമാണുള്ളത്. മന്ത്രിമാരുടെ സ്വന്തക്കാരുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

എന്നാരോപിക്കപ്പെട്ട കോഴിക്കോട് ജില്ലയിൽ 1032 കിലോമീറ്റർ മാത്രമാണുള്ളത്. ഒരു സ്ഥിതിവിവരക്കണക്ക് പറഞ്ഞാൽ പോരാ. കൊല്ലങ്ങളോളം പി. ഡബ്ലിയു. ഡി. നടത്തിയതിന്റെ കണക്ക് വിലയിരുത്താൻ ബാദ്ധ്യസ്ഥമാണ്. അവസാനം പി.ഡബ്ലിയു.ഡി. റോഡുകൾ ജില്ലാതലത്തിൽ എത്രയുണ്ടെന്ന് പരിശോധിക്കണം. ഈ വസ്തുത മാത്രം പോരാ. ഈ ബഡ്ജറ്റ് അലോക്കേഷൻ 1986–'87–ലെ ബഡ്ജറ്റ് അലോക്കേഷനിൽ എന്നാണ് കണക്ക്. തിരുവനന്തപുരം ജില്ലയിൽ 355 ലക്ഷം, കൊല്ലത്ത് 295 ലക്ഷം, ആലപ്പുഴ 369 ലക്ഷം, കോട്ടയം 498 ലക്ഷം, മലപ്പുറത്ത് 289 ലക്ഷവും ആണ്. ഈ സംസാരിച്ച രേഖ വച്ച്. എനിക്ക് അവരോട് വണക്കമായിട്ടാണ് ചോദിക്കാനുള്ളത്. ആക്ഷേപിക്കാനല്ല; എന്ത് കാരണംകൊണ്ടാണ് മന്ത്രിയെക്കുറിച്ച് അദ്ദേഹം പ്രാദേശിക വീക്ഷണം പുലർത്തുന്ന സ്വന്തക്കാരോട് താൽപ്പര്യം കാണിക്കുന്നു എന്നൊക്കെ പറയുന്നത്. ശ്രീ. തങ്കരാജ് അങ്ങനെ പറയുന്നതിൽ ഞാൻ അത്ഭുതപ്പെടുന്നില്ല. കാരണം തങ്കരാജിനു നഹാ സാഹിബിനെ പ്രാദേശികവാദിയായിട്ടേ കാണാൻ പറ്റൂ. എന്താണെന്നു വച്ചാൽ സ്വന്തം പാർട്ടിയുടെ നേതാവ് ഭരിക്കുന്ന കർണ്ണാടകയിൽ ബൽഗാമിലെ ഒരു തുണ്ട് ഭൂമിക്ക് വേണ്ടി ശിവസേനക്കാരുടെ തോളിൽ കൈയിട്ട് നടക്കുന്ന എസ്.എൻ.ജോഷി നേതാവായി അംഗീകരിച്ച ജനതാപാർട്ടിക്കാർക്ക് മറെറല്ലാവരെയും പ്രാദേശികവാദികളായിട്ട് കാണാൻ ഒരു പക്ഷേ കഴിഞ്ഞേക്കും. പക്ഷേ അത് വസ്തുതക്കെതിരാണ് എന്ന് ഞാൻ ഇവിടെ ചൂണ്ടിക്കാണിക്കുകയാണ്. സർ, അങ്ങനെ ഒരു പ്രാദേശിക വാദം നഹാ സാഹിബ് അക്കാര്യത്തിൽ എടുത്തിട്ടില്ല എന്ന് സംസാരിക്കുന്ന കണക്കുകൾ ബോദ്ധ്യപ്പെടുത്തുന്നു. എന്നിട്ട് പോലും ഇത്തരം ഒരു ആരോപണം ഉന്നയിക്കുന്നതിൽ ദുഃഖമുണ്ട് എന്ന് മാത്രമാണ് അതിനെ സംബന്ധിച്ച് എനിക്ക് പറയാനുള്ളത്. കുറെക്കാലത്തെ തെറ്റുകൾ തിരുത്തേണ്ടതാവശ്യമാണ്. എനിക്ക് ഇപ്പോഴും പറയാനുള്ളത് വിശാലമായ വീക്ഷണത്തോടുകൂടി ബഹുമാനപ്പെട്ട നഹാസാഹിബ് ഇനിയും പ്രവർത്തിക്കണം എന്നു തന്നെയാണ്. അങ്ങനെ പ്രവർത്തിക്കുകയാണെങ്കിൽ മലപ്പുറം ജില്ലയ്ക്ക് കുറെക്കൂടി ആനുകൂല്യങ്ങൾ കൊടുക്കാൻ അദ്ദേഹം ബാദ്ധ്യസ്ഥനാണ്. കുറെക്കാലമായി തുടർന്നുവരുന്ന അവഗണന തിരുത്തുന്നതിന് അത് അനിവാര്യമാണെന്ന് ഞാൻ ഇവിടെ ചൂണ്ടിക്കാണിക്കുകയാണ്. ഈ വകുപ്പിനെക്കുറിച്ച് ചില നല്ല കാര്യങ്ങൾ പറയാൻ ബാദ്ധ്യസ്ഥമാണ്. കാര്യം എന്താണെന്നുവച്ചാൽ നൻമ നടന്നിരിക്കുന്നു. നിഷേധിക്കാൻ കഴിയാത്ത കുറെ സത്യങ്ങൾ ഇവിടെ നിലനിൽക്കുന്നതുകൊണ്ട് ആ ഭാഗത്തെയ്ക്ക് വിശദമായിട്ട് ഞാൻ കടക്കുന്നില്ല. 140 നിയോജകമണ്ഡലങ്ങളിലായി 1300 കിലോമീറ്റർ വരുന്ന 225 എം.എൽ.എ. റോഡുകൾ 73 കോടി രൂപയുടെ ഇൻവെസ്റ്റ്മെൻറുകളോടുകൂടി ഇവിടെ ആരംഭിക്കുവാനുള്ള പ്രവർത്തനങ്ങൾ അതിന്റെ എക്സിക്യൂഷൻ സ്റ്റേജസും മറ്റും നടന്നുകൊണ്ടിരിക്കുകയാണ്. അതുപോലെ തന്നെ 1982 മുതൽ ഇതുവരെയുള്ള കണക്കെടുത്ത് പരിശോധിച്ചാൽ 1854.32 കിലോമീറ്റർ ദൂരം വരുന്ന 315 റോഡുകളുടെ പണി പി.ഡബ്ലിയു.ഡി. ഏറെറടുത്തു എന്ന് ഔദ്യോഗിക മായ കണക്കുകളിൽ കാണുന്നു. 1982–'83–ൽ റോഡ് വികസനത്തിനു ചെലവഴിച്ച തുക 1445 ലക്ഷമായിരുന്നെങ്കിൽ 1985–'86–ൽ അതിന്റെ രണ്ടര ഇരട്ടി 3,609 ലക്ഷം രൂപ ചെലവഴിക്കാൻ കഴിഞ്ഞ ഒരു ഗവൺമെൻറാണിത്. തീർച്ചയായും ഇത് പുരോഗതിയാണെന്ന് പറയാൻ ആരും

LIBRARY ARCHIVES Kerala Legislative Assembly

ബാദ്ധ്യസ്ഥമാണ്. 1984–85–ൽ ബിൽഡിംഗ് വിഭാഗത്തെ സംബന്ധിച്ചിടത്തോളം 716.65 ലക്ഷം രൂപ ചെലവ് വരുന്ന ഇരുപത്തൊൻപതോളം മേജർ കെട്ടിടങ്ങൾക്ക് ഭരണാനുമതി നൽകിക്കഴിഞ്ഞിട്ടുണ്ട്. അത്തരത്തിലുള്ള ഒരു ഗവൺമെന്റിന് പോരായ്മകൾ ഉണ്ടായിരിക്കാം, പോരായ്മകൾ സ്വാഭാവികമാണ്. അത് ചൂണ്ടിക്കാണിക്കാം. പക്ഷേ ഇല്ലാത്തത് ഉള്ളതായി അംഗീകരിക്കണമോ? ഭാവനാസമ്പന്നതയോടുകൂടി കഴിവിന് അതീതമായി പ്രവർത്തിക്കുന്ന ഒരു ഗവൺമെന്റും മന്ത്രിയുമാണ് ഇപ്പോഴുള്ളതെന്ന് ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. 34 കോടി രൂപ വെള്ളപ്പൊക്ക ദുരിതാശ്വാസത്തിന് കേന്ദ്രം അനുവദിച്ചു തന്നപ്പോൾ അത് ചെലവഴിക്കാൻ നമ്മുടെ മുൻപിൽ ഉണ്ടായിരുന്നത് വളരെ കുറച്ച് ദിവസങ്ങൾ മാത്രമാണ്. ഈ കുറച്ചു ദിവസത്തിനുള്ളിൽ വിഭാഗ്ദ്ധമായി. ഫലപ്രദമായി 34 കോടി ഉറുപ്പികയും ഏതാണ്ട് 17 കോടി രൂപയുടെ ജോലികളും അഡ്വീഷണലായിട്ടും ഏറെടുത്ത് ഇത്ര വിദഗ്ദ്ധമായി ജോലി ചെയ്യാൻ കഴിഞ്ഞ ഒരു ഡിപ്പാർട്ടുമെന്റ് എന്നുള്ളനിലയിൽ അതിനെ സ്വാഗതം ചെയ്യുവാനും നല്ല വാക്കു പറയാനുമുള്ള ബാദ്ധ്യത നിർവ്വഹിക്കുകമാത്രമാണ് ചെയ്യേണ്ടത്. വേറൊരു അനുമോദനത്തിന്റെയും കാര്യമല്ല. അതുപോലെ ഭാവനാസമ്പന്നതയുടെ ഏറ്റവും വലിയ ഉദാഹരണമാണ് ഈയിടെ രൂപീകരിച്ച D·R·I·Q·C. ബോർഡ്. നമ്മുടെ ഡിസൈനിങ്ങിന്റെ കാര്യത്തിലും ക്വാളിറ്റി കൺട്രോളിന്റെ കാര്യത്തിലും റിസർച്ചിന്റെ കാര്യത്തിലും ഇൻവെസ്റ്റിഗേഷന്റെ കാര്യത്തിലും ശാസ്ത്രീയമായ സാങ്കേതികമായ നൂതനമായ മാനദണ്ഡങ്ങൾ കണ്ടെത്തി ഈ രംഗത്ത് പരിവർത്തനം ഉണ്ടാക്കുന്നതിനുവേണ്ടി തുനിഞ്ഞിട്ടുള്ള ഭാവനാസമ്പന്നമായ ഒരു നടപടിയാണിത്. ആ നടപടിയെ ഞാൻ സ്വാഗതം ചെയ്യുകയാണ്. പൊതുമരാമത്തുവകുപ്പ് വിഭജനത്തിന്റെ ഫലമായി കാര്യക്ഷമത വർദ്ധിക്കുമെന്നുള്ള കാര്യത്തിൽ സംശയമില്ല.

അതോടൊപ്പം ഒരു കാര്യം ഞാൻ ഇവിടെ പറയാൻ പോകുന്നത്, സംസ്ഥാനത്തിന്റെ കാര്യത്തിൽ, ഇവിടത്തെ നാഷണൽ ഹൈവേസിന്റെ പ്രവർത്തനത്തിന് പണം അനുവദിക്കുന്ന കാര്യത്തിൽ കേന്ദ്രത്തിൽനിന്ന് കുറെക്കൂടി ആനുകൂല്യങ്ങൾ നേടിയെടുക്കുന്നതിന് നാം ശ്രദ്ധ ചെലുത്തണമെന്നാണ്. സംസ്ഥാനത്തെ സ്റ്റേറ്റ് ഹൈവേസ് പലതും നാഷണൽ ഹൈവേസ് ആക്കി മാറ്റാനുള്ള അർഹതയുള്ളതാണ്. നാഷണൽ ട്രാൻസ്പോർട്ട് പ്ലാനിംഗ് ആൻറ് റിസർച്ച് സെൻറർ ഈയിടെ അവതരിപ്പിച്ച ഒരു ചർച്ചയിൽനിന്ന് ഞാൻ മനസ്സിലാക്കിയത് നമ്മുടെ എം.സി. റോഡിലൂടെ ദിനംപ്രതി ആയിരം ഗുഡ്സ് വെഹിക്കിളുകളും നാലായിരം ടൺ ചരക്കുകളും നീങ്ങുന്നു എന്നാണ്. ഇത്രയും വലിയ ഭാരിച്ച ജോലി ഏറെടുക്കാൻ കഴിയുന്ന റോഡ് സ്റ്റേറ്റ് ഹൈവേ എന്നുള്ള നിലയിൽ പ്രവർത്തിച്ചാൽപോര. അത് നാഷണൽ ഹൈവേ ആയിട്ട് മാറുന്ന കാര്യത്തിൽ ആവശ്യമായിട്ടുള്ള നീക്കങ്ങൾ നടത്തേണ്ടതാണ്. വാഹനങ്ങളുടെ കാര്യമെടുത്താൽ ആസം ഇൻഡ്യാ ആവറേജിന്റെ ഇരട്ടി നമ്മുടെ സംസ്ഥാനത്തുണ്ട്. അതനുസരിച്ച് റോഡുകളുടെ വികസനത്തിനാവശ്യമായ കാര്യങ്ങൾ ചെയ്യേണ്ടതുണ്ട്. കേന്ദ്രം ഈ സെക്ടറിനെ കൂടുതൽ ശ്രദ്ധിക്കപ്പെടുവാൻ ആവശ്യമായ കാര്യങ്ങൾ ചെയ്യുവാൻ മുൻകൈ എടുക്കണം. 34 കോടി രൂപ വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് നമുക്ക് നൽകിയത് തീർച്ചയായും ശ്രദ്ധേയമായ കാര്യമാണ്. അത്തരം രംഗങ്ങളിൽ ഇനിയും കൂടുതൽ നേടി എടുക്കുന്നതിനാവശ്യമായിട്ടുള്ള പരിശ്രമങ്ങൾ നടത്തണം. ഇവിടെ പല മെമ്പർമാരും ചൂണ്ടിക്കാണിച്ചു, പല

LIBRARY ARCHIVES Kerala Legislative Assembly

കാര്യങ്ങൾക്കും താമസം വരുന്നുണ്ട് എന്ന്. അത് ബഹുമാനപ്പെട്ട നഗര സാഹിബിന്റേയോ ഗവൺമെന്റിന്റേയോ കുഴപ്പമല്ല. കേരളാ പബ്ലിക് വർക്സ് ഡിപ്പാർട്ടുമെന്റ് കോഡും കേരളാ പബ്ലിക് വർക്സ് ഡിപ്പാർട്ടുമെന്റ് മാനുവലും കാലാനുസൃതമായിട്ട് മാറ്റണം. നടപടിക്രമങ്ങളിലെ ഊരാക്കുടുക്കുകളിൽനിന്ന് കാര്യങ്ങൾക്ക് മോചനം ഉണ്ടാക്കുന്നതിനുവേണ്ടി കുറച്ചുകൂടി ത്വരിതഗതിയിൽ കാര്യങ്ങൾ നടത്തുന്നതിനുവേണ്ടിയുള്ള പ്രോസസ് കൊണ്ടുവരുന്നതിനുവേണ്ടി അതു രണ്ടിലും മാറ്റം വരുത്തണമെന്നു ഞാൻ ആവശ്യപ്പെടുകയാണ്. ഒരു കമ്മിറ്റി രൂപീകരിച്ച് കോഡ് റിവിഷനുവേണ്ടിയുള്ള നീക്കങ്ങൾ നടക്കുന്നു എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അതുകൊണ്ട് ആ കാര്യത്തിന്റെ പ്രവർത്തനം ത്വരിതപ്പെടുത്തണം.

ഇവിടെ പലരും പറഞ്ഞു മലപ്പുറം ജില്ലയിൽ സ്വർഗ്ഗരാജ്യം പണിയുന്നു എന്ന്. മലബാർ മേഖലയിൽ പി.ഡബ്ലിയു.ഡി. വർക്ക്ഷോപ്പുകൾ വിരളമാണ്. അതിന്റെ ഫലമായിട്ട് റോളർപോലെയുള്ള ഉപകരണങ്ങൾ ഉപയോഗശൂന്യമായിട്ട് കിടക്കുകയാണ്. അതുകൊണ്ട് പി. ഡബ്ലിയു.ഡി. വർക്ക്ഷോപ്പുകൾ മലബാർ പ്രദേശങ്ങളിൽ സ്ഥാപിക്കുന്നതിന് ആവശ്യമായിട്ടുള്ള കാര്യങ്ങൾ ചെയ്യണമെന്നു ഞാൻ ആവശ്യപ്പെടുകയാണ്. ഈ ഡിപ്പാർട്ടുമെന്റിൽ ചില പരിവർത്തനങ്ങൾ വന്നുകൊണ്ടിരിക്കുകയാണ്. ആ പരിവർത്തനങ്ങൾ വിചാരിച്ചത്ര ത്വരിതഗതിയിൽ വന്നിട്ടില്ലെങ്കിലും ആ പരിവർത്തനങ്ങൾക്ക് ആക്കം കൂട്ടുന്ന വിധത്തിലുള്ള ധീരമായ ചില നടപടികൾ ഇവിടെ സ്വീകരിക്കുന്നുണ്ട്. ഇനിയും ഇതിനുവേണ്ടി ഫണ്ട് വിതരണം ചെയ്യുന്ന സമയത്ത് നീതി കാണിക്കണമെന്നു തന്നെയാണ് പറയാനുള്ളത്. അനീതി കുറെക്കാലം നടന്നിരുന്നതിനാൽ നീതി നടത്തുന്നതിന് അഡീഷനായിട്ട് കൊടുക്കേണ്ടി വരും. അത് ന്യായമാണ്, നീതിയുക്തമാണ്. അപ്പോൾ വിട്ടുപിടിക്കുന്നത് ശരിയല്ല. മലപ്പുറം ജില്ലയെപ്പോലെയുള്ള പ്രദേശങ്ങൾ അവികസിത പ്രദേശങ്ങളാണ്. ശ്രീ. ഭാസ്കരൻ പറഞ്ഞു കണ്ണൂർ ജില്ലക്ക് ആവശ്യമായ വിധത്തിലുള്ള ഫണ്ട് കിട്ടണമെന്ന്. ഞങ്ങളുടെ ജില്ലയിൽ റോഡുകളുടെ റിപ്പെയറിനാവശ്യമായിട്ടുള്ള തുകയില്ല. അതുകൊണ്ട് ആ ജില്ലയിൽ കൂടുതൽ ഫണ്ട് അലോട്ട് ചെയ്യുന്നതിനാവശ്യമായ നടപടിയെടുക്കണം. ശ്രീ. ഭാസ്കരൻ അവതരിപ്പിച്ച കാര്യത്തിൽ ശക്തമായ നടപടിയെടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. എന്റെ നിയോജകമണ്ഡലത്തിൽ ചടാലപ്പുഴപ്പാലം കെട്ടണമെന്നുള്ള ആവശ്യം ഉയർന്നുവന്നിരിക്കുകയാണ്. അത് ഇതുവരെ പരിഹരിക്കപ്പെട്ടിട്ടില്ല. ആ പാലം കെട്ടി തക്കറ—കരാരമാക്കൂൽ പീടിക റോഡിന്റെ പ്രവർത്തനം കഴിയുന്നതും വേഗം ആരംഭിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഇവിടെ ശ്രീ. സിറിയക് ജോൺ ചില പ്രദേശങ്ങളിൽ മന്ത്രി പ്രത്യേക ദയ കാണിക്കുന്നു എന്നു പറഞ്ഞെങ്കിലും അദ്ദേഹം പറഞ്ഞിട്ടുള്ള ഒരു കാര്യം ഇവിടെ പ്രസക്തമാണ്. അദ്ദേഹം പറഞ്ഞ ഇടവഴിക്കടവ് പാലം വളരെ പ്രധാനപ്പെട്ട ഒന്നാണ്. ആ പ്രദേശത്തിന്റെ വികസനത്തിന് ഇത് അത്യാവശ്യമാണ്. ചാലിയാർ പുഴയ്ക്ക് പാലം കെട്ടുവാനുള്ള നിർദ്ദേശം ഉയർന്നുവന്നിട്ടുണ്ട്. ബഡ്ജറ്റിൽ അത് ഉൾക്കൊള്ളിച്ചിട്ടില്ല. ആ പ്രവർത്തനങ്ങളും ത്വരിതപ്പെടുത്തണം.

ശ്രീ. പി.കെ.കെ. ബാവ: മലപ്പുറം ജില്ലയുടേയും കണ്ണൂർ ജില്ലയുടേയും പിന്നോക്കാവസ്ഥ പരിഗണിച്ച് അവയ്ക്ക് മുൻഗണന നൽകണമെന്നു പറഞ്ഞു. പഴയ മലബാറിന്റെ ഭാഗമായിരുന്ന തൃശൂരിലെ ഗുരുവായൂരിരിപ്പെട്ട ചില പ്രദേശങ്ങൾ വളരെ അവികസിതമാണ്. ആ പ്രദേശങ്ങൾകൂടി വികസിപ്പിച്ചെടുക്കുന്ന കാര്യത്തിൽ അങ്ങേയ്ക്ക് യോജിപ്പുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: അവികസിതമേഖലകൾ വികസിപ്പിക്കുന്നതിന് ധീരോദാത്ത നടപടികളും എടുത്തതിന്റെ പേരിൽ വമ്പിച്ച എതിർപ്പുകൾ നേരിട്ടുകൊണ്ടിരിക്കുന്ന ബഹുമാനപ്പെട്ട മന്ത്രി തീർച്ചയായും ആ എതിർപ്പുകളെയെല്ലാം അതിജീവിച്ച് നല്ലകാര്യങ്ങൾ ചെയ്യാൻ ഇനിയും മുന്നോട്ടുവരണമെന്നാണ് എനിക്ക് പറയുവാനുള്ളത്. അധികാര വികേന്ദ്രീകരണം ഈ കാര്യത്തിൽ വളരെ ആവശ്യമാണ്. എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ നിലയിലും അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ നിലയിൽപോലും ചെയ്യാൻ കഴിയുന്ന കാര്യങ്ങൾക്ക് തിരുവനന്തപുരത്തു വന്ന് അനുമതിക്കുവേണ്ടിയും മറ്റും നിൽക്കേണ്ട സാഹചര്യമാണുള്ളത്. ഈ രംഗത്ത് കഴിയുന്നത്ര വ്യാപകമായ വിധത്തിൽ അധികാര വികേന്ദ്രീകരണം നടത്തണം. അങ്ങനെ അധികാര വികേന്ദ്രീകരണം നടത്തിയാൽ ഈ ഡിപ്പാർട്ടുമെന്റിന്റെ പ്രവർത്തനം കുറേക്കൂടി നല്ല രീതിയിൽ മുന്നോട്ടു കൊണ്ടുപോകുവാൻ സാധിക്കും. കാർഷികാദായ നികുതിയെക്കുറിച്ച് പറയുമ്പോൾ എനിക്ക് ഒരു കാര്യം ചൂണ്ടിക്കാണിക്കാനുണ്ട്. മലപ്പുറം ജില്ലയിൽ കാർഷിക രംഗത്ത് വളരെ ശ്രദ്ധേയമായ ഒന്നാണ് വെറ്റിലക്കൃഷി. അതിന് ഇതുവരേയും നികുതി ചുമത്തിയിരുന്നില്ല. വെറ്റിലക്കൃഷിക്ക് കാർഷികാദായ നികുതി ചുമത്താനുള്ള നീക്കങ്ങൾ ഉണ്ടെന്നാണ് ഞാൻ മനസ്സിലാക്കിയത്. ഈ കൃഷികൊണ്ട് വളരെയധികം ലാഭമൊന്നും ഇല്ല. ഒരു ജീവിതമാർഗ്ഗം എന്നുള്ള നിലയിൽ വെറ്റിലക്കൃഷിയിൽ ഏർപ്പെട്ടിരിക്കുന്ന ആളുകൾക്ക് പുതിയ കാർഷികാദായ നികുതി അടിച്ചേൽപ്പിക്കുകയാണെങ്കിൽ മലപ്പുറം ജില്ലയിലെ കൃഷിതന്നെ നശിച്ചു പോകും. നിരവധി കഷ്ടനഷ്ടങ്ങളുണ്ടാവും. അതുകൊണ്ട് വെറ്റിലക്കൃഷിക്കാരെ കാർഷികാദായ നികുതിയിൽനിന്ന് ഒഴിവാക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണ്. രാഷ്ട്രീയ വീക്ഷണത്തോടുകൂടി ഭാവനാസമ്പന്നതയോടുകൂടി മുന്നോട്ടു പോകുന്ന ബഹുമാനപ്പെട്ട മന്ത്രിക്കും ഈ ഗവണ്മെന്റിനും ഞാൻ നന്ദി രേഖപ്പെടുത്തുകയാണ്. - ഈ രാജ്യത്തിന്റെ ബഹുമുഖമായ പ്രശ്നങ്ങൾ പരിഹരിക്കുന്ന കാര്യത്തിൽ ധൈര്യമായ ചുവടുവയ്പുകൾ നടത്താൻ കഴിയട്ടെ എന്നാണ് എനിക്ക് ചൂണ്ടിക്കാണിക്കുവാനുള്ളത്. ഈ ഡിപ്പാർട്ടുമെന്റിന്റെ നല്ല പ്രവർത്തനങ്ങളെ ഒരിക്കൽക്കൂടി അനുമോദിച്ചുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്.

ശ്രീ. കെ. വി. സുരേന്ദ്രനാഥ്: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുന്നു. വാസ്തവത്തിൽ ഇവിടെ നടത്തുന്നതുപോലെയുള്ള ഒരു ചർച്ച എന്തിന് നടത്തുന്നു എന്ന് സാമാന്യബുദ്ധിയുള്ളവർക്ക് ആലോചിച്ചാൽ മനസ്സിലാകും. - ഒസപ്തംബറിലാണെന്നുതോന്നുന്നു, അന്നത്തെ ധനകാര്യമന്ത്രി പറഞ്ഞു കേരളത്തിലെ ധനസ്ഥിതി മഹാ കുഴപ്പമാണെന്ന്. 60 ലക്ഷം രൂപ കടമാണെന്നു പറഞ്ഞു. കഴിഞ്ഞ മാർച്ചിൽ ആറുമാസം കഴിയുന്നതിനുമുമ്പ് എടുത്തുകാണത്തക്ക വിധത്തിൽ ധനകാര്യ രംഗത്ത് മാറ്റമൊന്നും വരുത്താതെ പ്ലേറ്റ് മാറ്റി വച്ചു. വളരെ നല്ല ഐശ്വര്യഭൂയിഷ്ഠമാണ്, മിച്ചമാണ്, മൂന്നു മാസം കൊണ്ട് 100 കോടി രൂപയുടെ ആദായം ഉണ്ടായി എന്നൊക്കെ. പിറ്റേദിവസം പുതിയ ധനകാര്യമന്ത്രി പറയുന്നു ചിത്രം വളരെ സങ്കീർണ്ണമാണ്, മിച്ചം ഉണ്ടായില്ലെങ്കിലും കമ്മി വരാതിരിക്കാനുള്ള ഒരുവലിയ തീവ്രയത്ന പരിപാടിയിൽ ഏർപ്പെട്ടിരിക്കുന്നു എന്ന്. കാര്യങ്ങൾ സഭയെ ബോദ്ധ്യമാക്കി വസ്തുതകൾ വച്ചല്ല പറയുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

സർ, ഈ ബഡ്ജറ് കമ്മിയോ മിച്ചമോ എന്നുള്ള തീരാത്ത തർക്കം തുടങ്ങിയിട്ട് ഏകദേശം ഒരു വർഷത്തോളമായി. ഇത് ചരിത്രത്തിലാദ്യമായിട്ടാണ്. ഒരു നിയമസഭയുടെ ചരിത്രത്തിലും ഇത് കാണുകയില്ല. ആ തർക്കത്തിന്റെ നടുവിൽ മിഡ് സ്ട്രീമിൽ കുതിര മാറുക എന്ന് പറയുന്നതുപോലെ നടുക്കടലിൽ വച്ച് ആളുകൾ മാറുക, ആ മാറിയ ആളുകളും മാറിയ ആളുകളും തമ്മിൽ പരസ്പരവിരുദ്ധമായി പ്രഖ്യാപനങ്ങൾ ഈ സഭയുടെ മുൻപാകെ ചെയ്യുക, ഇതിനെപ്പറ്റി ഒരു അന്തവുമില്ലാതിരിക്കെ അന്തിമമായി യാതൊന്നും വരാതിരിക്കുക. എന്നിട്ട് ഞങ്ങൾ ഇതൊക്കെ പാസ്സാക്കിത്തരണമെന്ന് പറയുക. ഇതെന്തൊരു വിരോധാഭാസമാണ് സർ. നമ്മുടെ നടപടിക്രമങ്ങളെസംബന്ധിച്ച ചട്ടങ്ങൾക്കുതന്നെ വാസ്തവത്തിൽ വിരുദ്ധമാണ്. ഞാൻ അതിനൊരു പോയിന്റ് ഓഫ് ഓർഡർ ഉന്നയിച്ചതാണ്.. പോയിന്റ് ഓഫ് ഓർഡറിന് റൂളിംഗ് കിട്ടിക്കഴിഞ്ഞിട്ടില്ല. കിട്ടുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. ഏതായാലും ഈ ധനാഭ്യർത്ഥനകൾ മുഴുവൻ വോട്ടിനിട്ട് പാസ്സാക്കുകയോ തള്ളുകയോ ചെയ്തുകഴിഞ്ഞതിനുശേഷംവരെ കാത്തിരിക്കാതെ ചെയറിൽനിന്ന് സാധിക്കുമെങ്കിൽ ഇന്നോ നാളെയോ ഇതിന്റെ റൂളിംഗ് തരണമെന്നാണ് എനിക്ക് ഈ അവസരത്തിൽ പറയുവാനുള്ളത്. പി.ഡബ്ലിയു.ഡി.വകുപ്പിനെപ്പറ്റി ധാരാളം മെമ്പർമാർ ഈ ഭാഗത്തുനിന്ന് സംസാരിച്ചു. അതിനേക്കാൾ കൂടുതലെന്തെങ്കിലും പറയണമെന്ന് ഞാൻ വിചാരിക്കുന്നില്ല. അതുകൊണ്ട് കാർഷികാദായ നികുതി, വിൽപ്പന നികുതി ഈ രണ്ട് നികുതികളുടേയും കാര്യങ്ങളെ സംബന്ധിച്ചാണ് ഞാൻ പറയുവാനാഗ്രഹിക്കുന്നത്. നമ്മുടെ റവന്യൂ വരുമാനത്തിന്റെ 62 ശതമാനവും നികുതി വരുമാനമാണ്. ആ നികുതി വരുമാനത്തിന്റെ സിംഹഭാഗവും വിൽപ്പന നികുതിയാണ്. വിൽപ്പനനികുതിയെന്നൊന്ന് ഉണ്ടായിരുന്നില്ലെങ്കിൽ ഈ സർക്കാർ ഉച്ചക്ക് കഞ്ഞിയും കുടിക്കില്ല വൈകുന്നേരം വിളക്കും കത്തിക്കില്ല. അത്തരത്തിൽ ദയനീയമായി ഇതിനെ ഒന്നിനെ ആശ്രയിക്കുകയാണ്. 1985–86–ലേത് കണക്കാക്കിയിട്ടില്ല. പിന്നെ കണക്കാക്കിയിട്ടുള്ളത് ഏറ്റവും ഒടുവിലത്തെ കൊല്ലമെന്നു പറയുന്ന 1984–85 ആണ്. ആ കൊല്ലത്തെ റവന്യൂ വരുമാനത്തെസംബന്ധിച്ചുള്ള നമ്മുടെ കംപ്ട്രോളർ ആൻറ് ആഡിറ്റർ ജനറലിന്റെ റിപ്പോർട്ട് ഈ സഭയുടെ മുൻപാകെയുണ്ട്. ആ റിപ്പോർട്ട് എടുത്ത് ഒന്നു വായിച്ചുനോക്കണം. വായിച്ചുനോക്കുമ്പോൾ ശ്രീ. കെ.എം. മാണി ധനകാര്യത്തിന്റെ ചുക്കാൻ പിടിച്ചിരുന്ന ആറേഴുകൊല്ലം ഈ സംസ്ഥാനത്തെ സമ്പൽസമൃദ്ധിയിലേക്കും മാവേലിയുടെ കാലത്തേക്കുമൊക്കെ നയിച്ചുവെന്ന് അവകാശപ്പെടുന്ന ശ്രീമാൻ കെ.എം. മാണി സൃഷ്ടിച്ചിരിക്കുന്ന മായാജാലം ഇതാണ്. എത്ര ഭയങ്കരമായ തെറ്റിദ്ധരിപ്പിക്കലാണെന്ന് വ്യക്തമാകും. നമ്മൾ ഇപ്പോൾ ചർച്ചചെയ്തത് കൊച്ചുകുട്ടികൾക്കുവരെ മനസ്സിലാകുന്നുണ്ട്. എന്താണിതിന്റെ സൂത്രമെന്ന്. സബ്ജക്ട് കമ്മിറ്റികൾക്കെല്ലാം മനസ്സിലായി ബഡ്ജറിലെ മിച്ചത്തിന്റെ യാഥാർത്ഥ്യം. എല്ലാ സബ്ജക്ട് കമ്മിറ്റിയുടേയും റിപ്പോർട്ടുകൾ എടുത്ത് വായിച്ചുനോക്കിയാൽ മനസ്സിലാക്കാൻ പറ്റും ഒരൊറ്റ പല്ലവിആണെന്ന്. അലോട്ട് ചെയ്തിരിക്കുന്ന പണം തികയുകയില്ല, കൂട്ടിത്തരണം, ഇത് മാത്രമാണ് പറഞ്ഞിരിക്കുന്നത്. വേറെ ഒന്നും പറഞ്ഞിട്ടില്ല. കൂട്ടിത്തരണമെന്നു പറഞ്ഞത് ഇത്രയും തുക കൂട്ടിത്തരണമെന്നു പറയാൻ വകുപ്പില്ലാത്തതുകൊണ്ട് അത് പറഞ്ഞിട്ടില്ലെന്നേയുള്ളൂ. കൂട്ടണമെന്ന് പറഞ്ഞിട്ടുണ്ട്. വളരെയധികം ചെറുകിട വ്യവസായം തുടങ്ങിയെന്ന് ശ്രീമാൻ ഇ. അഹമ്മദ് വീമ്പടിക്കാറുണ്ട്. കഴിഞ്ഞ സെഷനിൽ പറഞ്ഞ കണക്ക്

1 p.m.]

LIBRARY ARCHIVES Kerala Legislative Assembly

28,000 ചെറുകിട വ്യവസായങ്ങൾ തുടങ്ങുന്നുവെന്നാണ്. പാവങ്ങൾ ഈ സർക്കാർ പറയുന്ന വിഡ്ഢിത്തം കേട്ട് ഭാര്യയുടെ കെട്ടുതാലി വരെ വിറ്റു, ണ്ടാക്കിയ കാശുമുടക്കിയ ആ പാവപ്പെട്ടവർക്കു മാർജിൻ മണി കൊടുക്കാനുള്ള പ്രൊവിഷനില്ലാത്ത ബഡ്ജറാണ് ഈ മിച്ച ബഡ്ജറ് എന്ന് പറയുന്നത്. കെ.എസ്.ഐ.ഡി.സി. ആകെ ചോദിച്ചത് അഞ്ചുകോടി രൂപയാണ്. കേരളത്തിന്റെ ആവശ്യത്തിലേക്കുവേണ്ടി മീഡിയം ആൻറ് ലാർജ് സ്കെയിലായിട്ട് 48 പ്രോജക്ടുകൾ ഉണ്ടെന്നാണ് പറയുന്നത്. അവർ ചോദിച്ച 5 കോടി രൂപ കൊടുക്കാനില്ലാത്ത സർക്കാരാണോ ഇവിടെ 15.5 കോടി രൂപ മിച്ചമുണ്ടെന്ന് പറയുന്നത്. ഈ മിച്ചം വന്നിരിക്കുന്നത് എങ്ങനെയെന്ന് നമുക്കൊക്കെ അറിയാം. സർ, ശ്രീ. കെ.എം. മാണി പറഞ്ഞിരിക്കുന്നത് നികുതി പിരിച്ചെടുക്കുന്നതിൽ ഭയങ്കരമായ നേട്ടം ഉണ്ടായിയെന്നാണ്. ടൊയോട്ടോ കാറിലും ഹെലിക്കോപ്റ്ററിലുമുള്ള സഞ്ചാരം, ഗുരുവായൂർ പോക്ക് ഉൾപ്പെടെയുള്ള അനാവശ്യച്ചെലവുകൾ കുറച്ചുകൊണ്ട് മന്ത്രിമാരെല്ലാം മുണ്ടുമുറുക്കി ഉടുത്തുകൊണ്ട് വരവ് വർദ്ധിപ്പിച്ചും ചെലവ് ചുരുക്കിയും ഉണ്ടാക്കി എന്നാണ് പറയുന്നത്. കംപ്ട്രോളർ ആൻറ് ആഡിറ്റർ ജനറലിന്റെ റിപ്പോർട്ട് വായിച്ചാൽ ഇതിന്റെ സത്യാവസ്ഥ മനസ്സിലാകും. പി.ഡബ്ലിയു.ഡി. നമ്മൾ ഇപ്പോൾ ചർച്ചചെയ്യുന്ന വിഷയമാണ്. അതിന് ഒരു രൂപ, നൂറുരൂപ, ആയിരം രൂപ ഇങ്ങനെ ഒട്ടുമുക്കാലും വർക്കുകൾക്കും ടോക്കൺ പ്രൊവിഷനാണ് വച്ചിരിക്കുന്നത്. ബഡ്ജറ് പ്രസംഗത്തിൽ പുതിയ സർവ്വീസസിന്റെ ഒരു പത്തിരുപതിനമുണ്ട്. അതിൽ ഓരോന്ന് എടുത്ത് നോക്കിയാലും പകുതിയിലധികം എണ്ണുത്തിനും ഇത്ര തുക നീക്കിവക്കുന്നു എന്നു പറഞ്ഞിട്ടില്ല. അതിന്റെ അർത്ഥം ഇത് ആത്മാർത്ഥമായി തുടങ്ങാൻ ആഗ്രഹിക്കുന്നില്ല എന്നതാണ്. പിന്നെ ഒരു ആഗ്രഹപ്രകടനം മാത്രമാണ്. രണ്ടാമത് തുടങ്ങാമെന്നു പറയുന്നതുതന്നെ ഇന്ന രാജ്യത്തിന്റെ സാമ്പത്തികസഹായം ഇത്രകോടി രൂപകിട്ടും എന്നുള്ള പ്രതീക്ഷയിലാണ്. അത് തരേണ്ടത് ഇൻഡ്യാ ഗവൺമെൻറ് മുഖേനയാണ്. അത് വായിക്കുമ്പോൾ നമുക്ക് തോന്നും അത്രയും കോടി രൂപയുടെ ഒരു പദ്ധതി വരാൻ പോകുന്നുവെന്ന്. പക്ഷെ വരില്ല. അത് തുടങ്ങുമെന്ന് ഉറപ്പില്ല. ഇതാണ് ബഡ്ജറ് പ്രസംഗത്തിൽ പറഞ്ഞിരിക്കുന്ന പുതിയ പദ്ധതികൾ. പുതിയ ക്ഷേമപ്രവർത്തനങ്ങൾ തുടങ്ങുമെന്നു പറയുന്നതിന്റെ കഥ. ഇങ്ങനെയൊരു സൂത്രമാണ് പ്രയോഗിച്ചിരിക്കുന്നത്. അതിൽ ചിലതൊക്കെ ഇതിൽ വന്നിട്ടില്ല; ശ്രദ്ധയിൽപെടാത്ത ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യമുണ്ട്. ശ്രീമാൻ കെ.എം. മാണിയെപ്പറ്റി പറയുകയാണെങ്കിൽ ഇംഗ്ലീഷിൽ പറഞ്ഞാൽ whipping the dead horse എന്നാണ്. എന്റെ പോയിന്റ് വ്യക്തമാക്കാൻ വേണ്ടി അത് പറയാതിരിക്കാൻ നിവൃത്തിയില്ല. ചത്ത കുതിരയെ ചാട്ടവാറുകൊണ്ടടിക്കുന്നതുപോലെയാണ്. അത്രമാത്രം സഭയെ തെറ്റിദ്ധരിപ്പിക്കുകയാണ്. എന്താണ് ചെയ്തിരിക്കുന്നത്? സെയിൽസ് ടാക്സിൽ ഭയങ്കരമായ ബോയൻസിയാണ്. ബോയൻസിയുണ്ടെങ്കിൽ അത് അവരുടെ എസ്റ്റിമേറ്റ്സിൽ പ്രതിഫലിച്ചിട്ടുണ്ടോ? കഴിഞ്ഞ കൊല്ലവും അതിന്റെ മുൻപിലത്തെ കൊല്ലവും എസ്റ്റിമേറ്റ്സിൽ കൂടുതൽ തുക പിരിച്ചെടുത്തിരിക്കുന്നു. കൂടുതൽ പിരിച്ചു നികുതി വസൂലാക്കുന്നതിൽ കാണിച്ച കാര്യക്ഷമതയല്ല മറിച്ച് കുറഞ്ഞതാണ് കൂടി എസ്റ്റിമേറ്റ്സിൽ താഴ്ത്തിവച്ചു. അതിന്റെ മുൻപിലത്തെ കൊല്ലത്തിൽ എസ്റ്റിമേറ്റ്സിന്റെ അടുത്തെങ്ങും എത്തുന്നില്ല പിരിച്ച തുക. സാധാരണഗതിയിൽ സർക്കാരിന്റെ റേറ്റുകളും റെയിൽവേ

LIBRARY ARCHIVES Kerala Legislative Assembly

കൂലിയും കൂട്ടിയതുകൊണ്ട് കൂടുതൽ ടേൺ ഓവർ വന്നതിന്റെ അടിസ്ഥാനത്തിലാണ്. നമ്മടെ സെയിൽസ് ടാക്സ് ഏർപ്പെടുത്തുന്നത് കാണ്ടിറക്കി വച്ചല്ല; അഡ്വെലോറമാണ്. നാണയപ്പെരുപ്പം വന്നതിന്റെ അടിസ്ഥാനത്തിലാണ്. അങ്ങനെ സ്വാഭാവികമായി കൂടുന്നത് പിരിച്ചെടുക്കുന്നതിൽ ജാഗ്രതക്കുറവ് കാണിച്ചിരിക്കുന്നു, വീഴ്ചവരുത്തിയിരിക്കുന്നു, കുറ്റം ചെയ്തിരിക്കുന്നു എന്ന് തെളിയിക്കുന്ന വസ്തുതകൾ റിപ്പോർട്ടിലുണ്ട്. അതിന്റെ വിശദാംശങ്ങളിലേക്ക് സമയക്കുറവുകൊണ്ട് ഞാൻ കടക്കുന്നില്ല. ടാക്സ് ഇവേഷൻ, അണ്ടർ അസസ്സ്മെന്റ്, ഷോർട്ട് ലെവി, ഇൻകറക്ട് അസസ്സ്മെന്റ് ഇങ്ങനെ നൂറുതരം വീഴ്ചകൾ വരുത്തിയിട്ട് അറിഞ്ഞുകൊണ്ട് പിരിച്ചതിന്റെ ബാക്കിയാണ് ഈ പറഞ്ഞിരിക്കുന്നത്. എന്നിട്ട് അത് പിന്നെയും കൂട്ടിക്കാണിക്കുന്നതിൽ ഒരു സൂത്രം കാണിച്ചിരിക്കുന്നത് അഡ്വാൻസ് പേമെന്റാണ്. കച്ചവടക്കാരെ പിടിച്ചുവിരട്ടി 1986–87–ലെ നികുതി മുൻകൂട്ടിത്തന്നാൽ നിങ്ങൾക്ക് ഒരു പരിഗണന തരാമെന്നു പറഞ്ഞ് കുറെ പിരിച്ചെടുത്തിരിക്കുകയാണ്. അത് കോടിക്കണക്കിന് രൂപയുണ്ട്. അത് കണക്കിൽ ചേർത്ത്കഴിഞ്ഞകൊല്ലത്തെ വർദ്ധനവായി ഊതിവീർപ്പിച്ചിരിക്കുകയാണ്. അങ്ങനെ ഊതിവീർപ്പിച്ച വർദ്ധനവിന്റെ കണക്കും, പലതും വെട്ടിക്കുറച്ചും, ടോക്കൺ പ്രൊവിഷൻവച്ചും ലയബിലിറ്റീസ് തീർക്കാതെയും കൃത്യമായ ഒരു കണക്ക് പറയാതെയും ചെലവ് ചുരുക്കികാണിക്കുകയും ചെയ്തുകൊണ്ടുള്ള ഒരു സൂത്രമാണ് പ്രയോഗിച്ചിരിക്കുന്നത്. യുക്തി രഹിതമായ ഒരു സെയിൽസ് ടാക്സ് സമ്പ്രദായമാണ് നമ്മുടെ കേരളത്തിൽ ഇരിക്കുന്നത്. അതുകാരണം നമ്മുടെ കച്ചവടത്തിന്റെ നല്ലൊരു ഭാഗം തമിഴ്നാട്ടിലെ നാഗർകോവിലിലേക്കും, ചെങ്കോട്ട ഭാഗത്തേക്കും കോയമ്പത്തൂർ, മംഗലാപുരം ഭാഗത്തേക്കുമൊക്കെ ഒഴുകിപ്പോകുന്നുണ്ട്. അത് തടയണം. സെയിൽസ് ടാക്സ് റാഷണലൈസ് ചെയ്യണം. ഈയിടെ പാവപ്പെട്ട കച്ചവടക്കാരെ ഭയങ്കരമായി ഹരാസ് ചെയ്യുന്നുണ്ട്. അവരുടെ കഴുത്തിൽ തോർത്തിട്ട് മുറുക്കുകയാണ് പലപ്പോഴും, ഇതൊഴിവാക്കണം. ഇതൊഴിവാക്കിയാൽ സർക്കാരിന്റെ വരുമാനം കുറയുകയില്ല; കൂടുകയേയുള്ളൂ. എത്രയോ പഠനങ്ങൾ നടത്തി, എത്രയോ എൻക്വയറി നടത്തി റിപ്പോർട്ടുവന്നു. അതിൽ ഇഷ്ടമുള്ള ചിലത് നടപ്പിലാക്കി. ഇഷ്ടമില്ലാത്തത് നടപ്പിലാക്കിയിട്ടില്ല. ശ്രീ. അച്യുത മേനോന്റെ കാലത്ത് നിയമിച്ച കമ്മീഷനാണ്. നികുതിക്കുവിധേയമായ ചരക്കുകളുടെ എണ്ണം പെരുകുകയാണ്; അതിന്റെ വ്യാപ്തി വർദ്ധിപ്പിക്കുകയാണ്. എന്തിനാണ് ഇതൊക്കെ ചെയ്തത് ചെറിയ കച്ചവടക്കാരെ ഉപദ്രവിക്കുന്നത്? സെയിൽസ് ടാക്സ്, മോട്ടോർ വാഹന ഡിപ്പാർട്ടുമെന്റ്, എക്സൈസ് (അബ്കാരി) ഈ മൂന്ന് വകുപ്പുകളിലെ ഉദ്യോഗസ്ഥൻമാർക്കും തൊഴിൽ ഔദ്യോഗിക കൃത്യനിർവ്വഹണമാണെങ്കിൽ ഉപതൊഴിലുമുണ്ട്. ഐക്യജനാധിപത്യ മുന്നണിയിൽപെടുന്ന പാർട്ടികൾക്കു വേണ്ടി പൈസ പിരിച്ചെടുക്കുക എന്ന ഉപതൊഴിലുണ്ട്. നാറ്റംകൊണ്ട് ഇന്ന് ഈ രാജ്യത്ത് നടക്കാൻ വയ്യ; പ്രത്യേകിച്ച് അബ്കാരിയുടെ. ഭരണാധികാരികൾക്ക് പൈസ പിരിക്കുന്നതിനുവേണ്ടി സെയിൽസ് ടാക്സുകാരെ ഉപയോഗിച്ചാൽ, മോട്ടോർ വാഹന വകുപ്പുകാരെ ഉപയോഗിച്ചാൽ, അബ്കാരിക്കാരെ ഉപയോഗിച്ചാൽ പിന്നെ അവർ എങ്ങനെ ജോലി ചെയ്യും. അല്ലെങ്കിലും ജോലിചെയ്യാനുള്ള സംവിധാനമില്ല. ഇന്നിരിക്കുന്ന സെയിൽസ് ടാക്സിന്റെ മെഷിനറിവച്ചിട്ട് ഒരു ജോലിയും ശരിക്ക് നടക്കുകയില്ല. ചോർച്ചയാണ്, എവിടെയെല്ലാം ചെക്പോസ്റ്റുകൾ വച്ചിരിക്കുന്നു? വല്ല വിശേഷവുമുണ്ടോ? ചെക് പോസ്റ്റ് വയ്ക്കേണ്ട

LIBRARY ARCHIVES Kerala Legislative Assembly

സ്ഥലത്ത് വച്ചിട്ടില്ലാത്ത എത്ര കേസ് ഉണ്ട്? പിന്നെ അവരുടെ സൗകര്യങ്ങളുടെ സ്ഥിതി, അവരുടെ വേതനം, അവർ കൈക്കൂലി വാങ്ങാതിരിക്കാനുള്ള ഡിസ്ഇൻസെന്റീവ് ഇതെല്ലാം ഏർപ്പെടുത്തിയിട്ടുണ്ടോ? ഇതൊന്നും ചെയ്തിട്ടില്ല. വളരെ കാര്യക്ഷമതാരഹിതമാണ്. കാര്യക്ഷമതാരഹിതമായതിന്റെ കഥയൊക്കെ ഇവിടെ കംപ്ട്രോളർ ആൻറ് ആഡിറ്റർ ജനറൽ പറയുന്നുണ്ട്. ഞാൻ സമയമില്ലാത്തതുകൊണ്ട് സെയിൽസ് ടാക്സിന്റെ കാര്യത്തിലേക്ക് കൂടുതൽ കടക്കുന്നില്ല. വളരെയധികം കാര്യങ്ങൾ പറയാനുണ്ട്. കംപ്ട്രോളർതന്നെ വളരെ കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്, നിത്യ അനുഭവത്തിൽനിന്നും ഒരുപാട് പറയാൻകഴിയും. അഗ്രിക്കൾച്ചറൽ ഇൻകംടാക്സിൽനിന്ന് 20 കോടി രൂപ പിരിച്ചിരിക്കുകയാണ്. 20 കോടി എന്നു പറയുമ്പോൾ 1982-ൽ അന്നത്തെ സബ്ജക്ട് കമ്മിറ്റിയിൽ മുൻധനകാര്യമന്ത്രി ശങ്കരനായർ വാദിച്ചു. ഞാനും അതിലെ മെമ്പറായിരുന്നു. ഇത് നിറുത്തലാക്കണം, ഇത് ആവശ്യമില്ലാത്തതാണ്, പൈസ കിട്ടാത്തതാണ്, ഇത് പിരിക്കുന്നതിനേക്കാൾ കൂടുതൽ ഇതിന് ചെലവാകുന്നുണ്ട്, അതുകൊണ്ട് അഗ്രിക്കൾച്ചറൽ ഇൻകംടാക്സ്തന്നെ അബോളിഷ് ചെയ്യണമെന്ന് പറഞ്ഞ ധനകാര്യമന്ത്രിയുടെ കാലത്തുതന്നെയാണ് ഇത് 20 കോടിയാക്കിയത്. ഞാൻ ബഹുമാനപ്പെട്ട തച്ചടിയെപ്പറ്റിയല്ല പറയുന്നത്. ആ പൂരം ഇനി നമ്മൾ കാണാനിരിക്കുന്നതേയുള്ളൂ. ഞാൻ ശ്രീമാൻ മാണിയെപ്പറ്റിയാണ് പറയുന്നത്. ഇവർ പറയുന്നുണ്ട് തേയിലയുടെ വില കൂടിയതുകൊണ്ട് കേരള സർക്കാരിന്റെ അഗ്രിക്കൾച്ചറൽ ഇൻകംടാക്സ് കൂടിയെന്ന്. കേരളം എത്ര ദരിദ്രമാണെങ്കിലും ഇവിടെ ഒരു ഓർഗനൈസ്ഡ് അഗ്രിക്കൾച്ചറൽ സെക്ടറുണ്ട്. തേയില, കാപ്പി, റബ്ബർ പിന്നെ കുട്ടനാടിനെസംബന്ധിച്ചിടത്തോളം ഒരു ഓർഗനൈസ്ഡ് സെക്ടർ നമ്മുടെ നെൽകൃഷിയിലുമുണ്ട്. ഓർഗനൈസ്ഡ് സെക്ടറിന് ഗ്രീൻറവല്യൂഷന്റെ ഫലമായി ഉണ്ടായിട്ടുള്ള അധികവരുമാനത്തിന്റെ ഒരു ഭാഗമെങ്കിലും മോപ്പപ് ചെയ്യുന്നതിന് ഈ അഗ്രിക്കൾച്ചറൽ ഇൻകംടാക്സ് ഉപയോഗപ്പെടണമെന്നുള്ള സദുദ്ദേശത്തിലാണ് അന്ന് അത് ഏർപ്പെടുത്തിയത്. പക്ഷേ ആ ഉദ്ദേശം നടന്നില്ല. അത് മോപ്പ് അപ് ചെയ്യാൻ കഴിയുന്നില്ല. ചെയ്യുന്നുണ്ട്, ഇടത്തരം കൃഷിക്കാരെപിഴിയുന്നുണ്ട്. ശ്രീ. രാജ് ചൂണ്ടിക്കാണിച്ച ചില പ്രത്യേക പരിതഃസ്ഥിതിയിൽ ചില പ്രത്യേക കൃഷിക്കാർക്കു മാത്രമാണ് സൗജന്യങ്ങൾ കൊടുക്കുന്നതെന്ന്. മറ്റു കൃഷിക്കാരെ ഒക്കെപ്പിഴിച്ചിലാണ്. ഓർഗനൈസ്ഡ് സെക്ടറിൽ എസ്റ്റേറ്റായിട്ടില്ലാത്ത വമ്പൻകിട കൃഷിക്കാരുണ്ട്, വൻകിട റബ്ബർ കൃഷിക്കാരുണ്ട്. അവരെയൊക്കെ ഒഴിവാക്കുകയും ഓർഗനൈസ്ഡ് സെക്ടറിൽനിന്ന് ഇവേഡ് ചെയ്യാൻ കഴിയാത്തവരെ പിഴിയുകയും ചെയ്യുകയാണ്. എന്നിട്ട് 20 കോടി രൂപയാണ് കിട്ടിയിരിക്കുന്നത്. വാസ്തവത്തിൽ എത്രയോ കൂടുതലുണ്ടാക്കാൻ കഴിയും. പാവപ്പെട്ടവനെ ഒഴിവാക്കിയിട്ട് ധാരാളം പൈസയുള്ളവനെ പിടിച്ചാൽ മതി. ഇപ്പോൾ നടക്കുന്നത് പാവപ്പെട്ടവനെ പിഴിയുക, മറ്റുള്ളവരെ ഒഴിവാക്കുക എന്നുള്ളതാണ്. നേരേമറിച്ചാണ് വരേണ്ടത്. ഭരണഘടനാ അഗ്രിക്കൾച്ചറൽ ഇൻകംടാക്സിന്റെ സ്ഥിതി. നിറുത്താനാണ് ഉദ്ദേശിച്ചത്. നിറുത്താൻ വയ്യാതെവന്നതുകൊണ്ട് തുടർന്നു നടത്തുകയാണ്. ആകെ നോക്കിയാൽ നോൺ ടാക്സ് റവന്യൂ ഇല്ല. സ്റ്റാമ്പ് ഡ്യൂട്ടീസ് ഉണ്ട്. സർക്കാർ സ്ഥാപനങ്ങൾ കൊടുക്കേണ്ടത്. ഇതുമായി ബന്ധപ്പെട്ട ഒരു കാര്യം എടുത്തു പറയാതിരിക്കാൻവയ്യ. 180 കോടി രൂപയിൽചിലാനം ഡ്യൂട്ടി സർക്കാരിന് കിട്ടാനുണ്ട്. അതിലെ മുഖ്യകക്ഷി ശ്രീമാൻ ബാലകൃഷ്ണപിള്ളയുടെ നേതൃത്വത്തിലുള്ള ഇലക്ട്രിസിറ്റി ബോർഡാണ്. ഇലക്ട്രിസിറ്റി ബോർഡ് 178 കോടി രൂപയുടെ

LIBRARY ARCHIVES Kerala Legislative Assembly

കുടിശ്ശിക കൊടുക്കാനുണ്ട്. വൈദ്യുതിക്ക് ഒരു യൂണിറ്റിന്റെ വില 30 പൈസയാക്കി കൂട്ടിയിട്ടുണ്ട്. ഇവിടെ പവർകട്ടാണ്, കണക്ഷൻ കൊടുക്കുന്നില്ല. 1981-ലെ കണക്ഷൻസ് ഇപ്പോഴും കൊടുത്തു തീർന്നിട്ടില്ല. 2,000 കോടി രൂപയുടെ മുതൽമുടക്കുണ്ട്. ഇത്രയും പൈസ വാരിയെറിഞ്ഞ് പാവപ്പെട്ട പൊതുജനങ്ങളെ പിഴിഞ്ഞെടുത്ത് വെള്ളത്തിൽ നിന്ന് ലാഭമുണ്ടാക്കുന്ന ഈ ബോർഡ് സർക്കാരിന് കൊടുക്കേണ്ട 178 കോടി രൂപയുടെ നികുതി കൊടുത്തിട്ടില്ല. മറെറാരു കള്ളപ്പുള്ളി ശ്രീമാൻ സുന്ദരൻനാടാർ നയിച്ചിരുന്ന സ്റേറററ് ട്രാൻസ്പോർട്ടാണ്. അവരും കൊടുക്കാനുണ്ട് ഭീമമായ ഒരു തുക. സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്.

ശ്രീ. സി.ജി. ജനാർദ്ദനൻ: സർ, കർശനമായി സമയം പാലിക്കുന്ന അങ്ങയുടെ മുമ്പിൽ, അച്ചടക്കത്തോടുകൂടി കാര്യങ്ങൾ കാണണമെന്ന ബോധം പരിചയസമ്പന്നനായ ഒരു സഭാമെമ്പർക്ക് ഉണ്ട് എന്നുള്ളതുകൊണ്ട് ഞാൻ ഈ സമയത്തിന്റെ അകത്ത് നിറുത്താൻ ആഗ്രഹിക്കുകയാണ്. നമ്മുടെ ബഹുമാനപ്പെട്ട ഡെപ്യൂട്ടി ചീഫ് മിനിസ്റർ, മുസ്ലീംലീഗിന്റെ നേതാവ് നഹാസാഹിബ് അവതരിപ്പിച്ച ഡിമാൻറിനെ ഞാൻ അനുകൂലിക്കുകയാണ്. അദ്ദേഹം കൈകാര്യം ചെയ്യുന്ന ഈ വകുപ്പിൽ അപാകത ഒരിക്കലും ഉണ്ടാവുകയില്ല എന്ന് അറിയാവുന്ന ഒരു മെമ്പറാണ് ഞാൻ. എന്റെ നിയോജകമണ്ഡലത്തിലെ രണ്ട് എം.എൽ.എ. റോഡുകളുടെ പണി തുടങ്ങാതിരിക്കുന്നത് അദ്ദേഹത്തിന്റെ ശ്രദ്ധയിൽപ്പെടാത്തതുകൊണ്ടായിരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. പരാജയം എന്തെന്ന് ജീവിതത്തിൽ ഒരിക്കലും അറിഞ്ഞിട്ടില്ലാത്ത നമ്മുടെ തച്ചടി പ്രഭാകരൻ ഇന്ന് കൈകാര്യം ചെയ്യുന്ന വകുപ്പിൽ 1965-ൽ ഉണ്ടായ ഒരു രാഷ്ട്രീയ പകപോക്കലിന്റെ ഭാഗമായി തൃശ്ശിവപേരൂർ ജില്ലയിലെ ഒരു ചെറുകിട വ്യവസായിയെ നിരന്തരമായി സെയിൽസ്ടാക്സ് ഡിപ്പാർട്ടുമെൻറ് ഉപദ്രവിച്ച കാലഘട്ടത്തിൽ, അദ്ദേഹത്തിന് അൽപ്പം രാഷ്ട്രീയവും ഉള്ളതുകൊണ്ട് ടി.വി. തോമസ് മന്ത്രിയായിരുന്നപ്പോൾ ആ കടബാദ്ധ്യത നിലനിറുത്താൻ രണ്ടുലക്ഷത്തി അറുപത്തൊന്നായിരം രൂപയുടെ ഒരു ഇക്യൂറബിൾ മോർട്ട് ഗേജ് ഡീഡ് എഴുതിക്കൊടുത്തു. രാഷ്ട്രീയ വൈരാഗ്യംകൊണ്ടോ എന്തോ അത് പിന്നേയും തുടർന്നു. ആ ചെറുകിട വ്യവസായിയെ നശിപ്പിക്കാൻ എല്ലാം ചെയ്തു. അവസാനം ഈ കഴിഞ്ഞ മാർച്ച് 31-ാം തീയതി മുമ്പ് അടക്കേണ്ട രണ്ടരലക്ഷംരൂപ അടക്കാൻ കൊണ്ടുചെന്നപ്പോൾ പണം വാങ്ങിക്കുകയില്ല എന്ന നിലപാട് എടുത്തു. അന്ന് നമ്മുടെ മുഖ്യമന്ത്രി ഇടപെട്ട് അത് വാങ്ങിക്കണമെന്നു പറഞ്ഞു. വാങ്ങിച്ചു. ആ വ്യവസായി ഒരു ചെറുകിട വ്യവസായിയാണ്. അങ്ങനെ തുടർച്ചയായി ഉണ്ടാകുന്ന രാഷ്ട്രീയ കൊലപാതകത്തിൽനിന്നും മോചനം കിട്ടാനുള്ള മാർഗ്ഗങ്ങൾ ഉണ്ടാക്കണം. പണമടക്കാൻ ചെന്നപ്പോൾ, ഒരിക്കൽ ആ പണം അടക്കാൻ ചെന്ന വകുപ്പിലെ ഒരു മെമ്പറോട് മരുമരിച്ചു എന്ന കാരണംകൊണ്ട് പണം വാങ്ങിക്കണമെങ്കിൽ പരിശോധിക്കണമെന്ന ഉത്തരവുണ്ടായി. ബഹുമാന്യനായ മുഖ്യമന്ത്രി ഇടപെട്ട് പണം വാങ്ങിക്കൂ; എന്നിട്ട് പരിശോധിക്കൂ എന്നു പറഞ്ഞു. ഇന്നും ചെറുകിട വ്യവസായികളെ ഒപ്പത്തിനൊപ്പം ഉറുപ്പിക പിഴ വാങ്ങി നശിപ്പിക്കുന്ന ആ നയത്തിൽ രാഷ്ട്രീയ പക്ഷപാതമില്ലാതെ സ്വതന്ത്രമായി എല്ലാ ആളുകളോടും നീതി ചെയ്യാൻ ജീവിതത്തിൽ ഒരിക്കലും പരാജയം കാണാത്ത ശ്രീ. തച്ചടി പ്രഭാകരൻ തയ്യാറാകുമെന്ന് വിശ്വസിച്ചുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ.കെ. തോമസ്: സർ, പൊതുമരാമത്ത് കാർഷികാദായ നികുതിയും വിൽപ്പനനികുതിയും എന്നീ വകുപ്പുകളിലേക്കുള്ള ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുന്നു. കാർഷികാദായനികുതി പരിഷ്ക്കരണത്തെ സംബന്ധിച്ച് കഴിഞ്ഞ ബഡ്ജറ് പ്രസംഗത്തിൽ അന്നത്തെ ധനകാര്യമന്ത്രി ചില കാര്യങ്ങൾ പരാമർശിച്ചിരുന്നു. ഇന്ന് കാർഷികാദായ നികുതി പിരിച്ചെടുക്കുന്ന സമ്പ്രദായം തികച്ചും അപരിഷ്കൃതവും വളരെ വർഷങ്ങൾക്കുമുമ്പ് സ്വീകരിച്ചതുമായ ഒരു നയമാണ്. പല പ്രദേശങ്ങളിലും വ്യത്യസ്തമായ സ്വഭാവത്തിലാണ് കാർഷിക വിളകളുണ്ടാകാറുള്ളത്. കാലാവസ്ഥയുടെ പ്രതികൂല സാഹചര്യങ്ങൾമൂലം നഷ്ടം സംഭവിച്ചിരുന്നാലും അതുപോലെ ഉൽപ്പാദനക്ഷമത കുറഞ്ഞിരുന്നാലും ഇന്നത്തെ സമ്പ്രദായമനുസരിച്ച് നികുതി ചുമത്തുന്ന ഉദ്യോഗസ്ഥന്റെ മുമ്പിൽ ഈ കണക്കുകളും വിവരങ്ങളുമൊക്കെയായിവന്ന് വളരെ ബുദ്ധിമുട്ടിൽ നിൽക്കേണ്ട സ്ഥിതിയാണ് കൃഷിക്കാർക്ക് പൊതുവേയുള്ളത്.

ഹൈറേഞ്ചിലെ പ്രത്യേകിച്ച്, ഇടുക്കിയിലെ ഏലത്തോട്ടം മേഖലകളിലെ നികുതി സമ്പ്രദായം പരിഷ്ക്കരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഏലം കൃഷിക്കാർ ഗവണ്മെൻറിലേക്ക് മെമ്മോറാണ്ടം സമർപ്പിക്കുകയുണ്ടായി. ആ മെമ്മോറാണ്ടത്തിൽ അവർ ആവശ്യപ്പെട്ടിരുന്നത് ഒരു ഏകീകൃത നികുതി സമ്പ്രദായം കൊണ്ടുവരണമെന്നായിരുന്നു. ഭൂമിയുടെ ഉൽപ്പാദനക്ഷമതയും വിസ്തൃതിയും കണക്കാക്കിയാണ് തമിഴ്നാട്ടിൽ ഇന്ന് കാർഷികാദായ നികുതി നിശ്ചയിക്കുന്നത്. ആ സ്വഭാവം ഏലക്കൃഷിക്കാരുടെ കാർഷികാദായ നികുതി ഈടാക്കുന്നതിൽ ഏർപ്പെടുത്തണമെന്നും ആ മെമ്മോറാണ്ടത്തിൽ ആവശ്യപ്പെട്ടിരുന്നു. എന്തായിരുന്നാലും അതിന്റെ സൂചന എന്ന നിലയിൽ കാർഷികാദായ നികുതി വളരെ ശാസ്ത്രീയമായ രീതിയിൽ പരിഷ്ക്കരിക്കുമെന്ന് ബഡ്ജറ് പ്രസംഗത്തിൽ പ്രസ്താവിച്ചത് വളരെ ആശാവഹമായിരുന്നു. അതനുസരിച്ച് കാർഷികാദായ നികുതി പരിഷ്ക്കരിക്കുന്നതിനുള്ള കമ്മീഷനെ നിയമിച്ചില്ലെങ്കിൽ ഉടനെ നിയമിക്കണം. ആ കമ്മീഷന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇന്നത്തെ അപരിഷ്കൃതവും വളരെ പഴക്കമുള്ളതുമായ കാർഷികാദായ നികുതിപിരിവു സമ്പ്രദായം പരിഷ്കരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

എനിക്ക് അടുത്തതായി പറയാനുള്ളത് പൊതുമരാമത്തു വകുപ്പിനേയും അതിൽനിന്നുണ്ടാകുന്ന പ്രയോജനങ്ങളേയും സംബന്ധിച്ചാണ്. നമ്മുടെ രാജ്യത്തെ റോഡുകളുടെ സ്ഥിതി എടുത്തിരുന്നാൽ കഴിഞ്ഞവർഷം ഈ വകുപ്പിലേക്കുള്ള ധനാഭ്യർത്ഥനയുടെ ചർച്ചയിലുണ്ടായിരുന്ന സ്ഥിതിയേക്കാൾ ഇന്നു ചർച്ചചെയ്യുമ്പോഴേക്കും വളരെയേറെ വ്യത്യാസവും മാറ്റവും ഉണ്ടായിട്ടുണ്ട്.

ശ്രീ. ജി. വരദൻ: സർ, അങ്ങയുടെ മണ്ഡലം തമിഴ്നാട് അതിർത്തിയല്ലേ. തമിഴ്നാടു റോഡും നമ്മുടെ റോഡും കാണുമ്പോൾ എന്താ സ്ഥിതി? തേക്കടിയിൽ വിദേശികൾ വരുമ്പോൾ ഇത് റോഡാണോ, പാലമാണോ, കുഴിയാണോയെന്ന് അവർക്ക് സംശയമുണ്ട്? അതിൽ വല്ല അഭിപ്രായവും പറയാനുണ്ടോ?

ശ്രീ. കെ.കെ. തോമസ്: സർ, അതുതന്നെയാണ് ഞാൻ പറഞ്ഞത്. നമ്മുടെ റോഡിന്റെ കഴിഞ്ഞ വർഷത്തെ സ്ഥിതിയും ഈ വർഷത്തെ സ്ഥിതിയും കൂടി നോക്കുമ്പോൾ വളരെയേറെ പണിതീർന്ന് യാത്ര വളരെ

LIBRARY ARCHIVES Kerala Legislative Assembly

സുഗമമായിത്തീർന്നിരിക്കുന്നുവെന്നുള്ളത് ഒരു വസ്തുതയാണ്. ഇനിയും പണിയാനുള്ള റോഡുകളുടെ പണികളും ധൃതഗതിയിൽ നടക്കുന്നുണ്ട്. ഈ ഒരു വർഷം ഏതാണ്ട് 39 കോടി രൂപ പുതിയ റോഡുകളും നിർമ്മിക്കുന്നതിനും പഴയ റോഡുകളുടെ മെയിൻറനൻസിനും വേണ്ടി വിനിയോഗിച്ച് റോഡുകളും സഞ്ചാരയോഗ്യമാക്കിത്തീർക്കുന്നതിനു ശ്രമിച്ച ബഹുമാനപ്പെട്ട ഡെപ്യൂട്ടി മുഖ്യമന്ത്രിയെ ഞാൻ അഭിനന്ദിക്കുകയാണ്. റോഡുകൾ കൂടുതൽ ഉണ്ടാകേണ്ടതിന്റെ ആവശ്യകതയെ സംബന്ധിച്ച് ഇവിടെ ബഹുമാനപ്പെട്ട പല മെമ്പർമാരും സംസാരിച്ചു. എം.എൽ.എ. റോഡുകളെ സംബന്ധിച്ച് പല ആക്ഷേപങ്ങളുമുന്നയിക്കുകയുണ്ടായി. എന്റെ നിയോജകമണ്ഡലത്തിലെ രണ്ട് എം.എൽ.എ. റോഡുകളുടെ പണി ധൃതഗതിയിൽ നടന്നുകൊണ്ടിരിക്കുകയാണ്. എം.എൽ.എ. റോഡുകൾക്ക് ചെലവഴിച്ച തുകയെസംബന്ധിച്ച് ബഹുമാനപ്പെട്ട എസ്.ആർ. തങ്കരാജ് ഇവിടെ ഒരു കണക്ക് വായിച്ചു. തിരുവനന്തപുരം, കൊല്ലം, എറണാകുളം തുടങ്ങിയ തീരപ്രദേശങ്ങളുടേയും ഇടുക്കി, മലപ്പുറംപോലെയുള്ള മലയോരപ്രദേശങ്ങളുടേയും വികസിതവും അവികസിതവുമായ പ്രദേശങ്ങൾ തമ്മിലുള്ള വ്യത്യാസത്തിന്റെ പരിഗണനയുമൊന്നും അദ്ദേഹം എടുത്തില്ല. ഞാൻ ഇതു സൂചിപ്പിച്ചത് എന്റെ നിയോജകമണ്ഡലത്തിലെ രണ്ട് എം.എൽ.എ. റോഡുകൾക്ക് 75 ലക്ഷം രൂപ വേണം. 27 ലക്ഷം രൂപ മുതൽമുടക്കുള്ള ഒരു റോഡും 49 ലക്ഷം രൂപ മുതൽമുടക്കുള്ള ഒരു റോഡിന്റെ രണ്ടു റീച്ചിൽ ഒരു റീച്ചും എടുത്ത് ഇപ്പോൾ പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുകയാണ്. ഞാൻ ഇതു സൂചിപ്പിച്ചത് എം.എൽ.എ. റോഡുകൾക്ക് വേണ്ടിയിട്ട് ജനപ്രതിനിധികൾ ആവശ്യപ്പെടുകയും ആ ആവശ്യം നടപ്പിലായ സ്ഥലങ്ങളിൽ റോഡുകളുടെ പണി നടക്കുകയില്ലായെന്ന് ചിലർ പ്രചരണം നടത്തുകയും ചെയ്യുന്നുണ്ട്. ചില ഉദ്യോഗസ്ഥൻമാരെ കണ്ടിരുന്നാൽ എം.എൽ.എ. റോഡുകളുടെ പണി നടക്കുമോയെന്നു സംശയിക്കുന്നതായി പറയും. എനിക്ക് അപ്പോൾ വളരെ നിരാശയും പ്രയാസവും തോന്നും. എനിക്ക് ഉപമുഖ്യമന്ത്രിയോട് പറയുവാനുള്ളത് തുടങ്ങിയിരിക്കുന്ന എം.എൽ.എ. റോഡുകളുടെ പണി യാതൊരു കാരണവശാലും നിർത്തിവയ്ക്കുന്ന സാഹചര്യമുണ്ടാകരുത്. ഒരു ജനപ്രതിനിധിക്ക് ആകെ കിട്ടിയ വികസനപ്രവർത്തനങ്ങളാണത്. അത് നിർത്തിവയ്ക്കുന്ന സ്ഥിതിയുണ്ടായാൽ വളരെ പ്രയാസവും ബുദ്ധിമുട്ടുമുണ്ടാകും. കഴിഞ്ഞവർഷം ബഡ്ജറ്റ് വോളിയം പരിശോധിച്ചതിനുശേഷം നിയമസഭാസമ്മേളനം ഉള്ളപ്പോഴും ഇല്ലാത്തപ്പോഴുമൊക്കെ തിരുവനന്തപുരത്തുവന്ന് സെക്രട്ടേറിയറ്റിൽ എന്റെ നിയോജകമണ്ഡലത്തിലെ വർക്കിനെപ്പറ്റി അന്വേഷിക്കാത്ത ദിവസങ്ങളില്ലായിരുന്നു. ചിലർക്കൊക്കെ ഇത് നിസ്സാരമായി തോന്നിയാലും എനിക്ക് ഇത് ഒരു വലിയ കാര്യമാണ്. ചില കാര്യങ്ങളൊക്കെ നടന്നു കഴിഞ്ഞ് അവസാനം ബഡ്ജറ്റ് വന്നുകഴിഞ്ഞപ്പോൾ നിരാശനായി തീരേണ്ട സാഹചര്യമുണ്ടായി. പെരുവന്താനം ആശുപത്രിക്ക് 30 ബെഡ്ഡുള്ള ഒരു വാർഡ് പണിയണമെന്നത് ആ പ്രദേശത്തെ ആളുകളുടെ ഒരു വലിയ ആഗ്രഹമായിരുന്നു. ഒരു ജനപ്രതിനിധി എന്നുള്ള നിലയ്ക്ക് എനിക്ക്. അതിന്റെ പുറകേ നടക്കാതിരിക്കാതെ പറ്റുകയില്ലല്ലോ. നടന്നുനടന്ന് അവസാനം ഫിനാൻസ് സെക്ഷനിലെത്തിയപ്പോൾ ബഡ്ജറ്റിൽ വരുമെന്നു തീരുമാനിച്ചു. ബഡ്ജറ്റ് പുസ്തകം വന്ന് വോളിയം നമ്പർ ഒന്നും രണ്ടുമൊക്കെ നോക്കിക്കഴിഞ്ഞപ്പോൾ അതിനകത്ത് ഒന്നും കണ്ടില്ല. അവസാനം ബഡ്ജറ്റ് വോളിയം നമ്പർ രണ്ടിൽ ഭരണാനുമതിയില്ലാത്ത ബഡ്ജറ്റിന്റെ എസ്റ്റിമേറ്റിൽ പേജ് 349 ന്റെ സീരിയൽ 385–ൽ 100 രൂപ വക കൊള്ളിച്ചിരിക്കുന്നതായാണ് കാണാൻ സാധിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly

ഇതു ഞാൻ സൂചിപ്പിച്ചത് ഭരണാനുമതിയുടെ കൂട്ടത്തിൽ സാധാരണ നിലയിൽ എല്ലാ നിയോജകമണ്ഡലങ്ങളേയും തൃപ്തിപ്പെടുത്താൻ കഴിഞ്ഞില്ലെങ്കിലും ജനപ്രതിനിധികളുടെ പ്രയാസങ്ങളും ബുദ്ധിമുട്ടുകളും വികസന പ്രവർത്തനരംഗത്ത് പ്രത്യേകം ശ്രദ്ധിക്കപ്പെടണമെന്നുള്ളതിനെ കാണിക്കാൻ വേണ്ടിയാണ്. അങ്ങനെ ബഡ്ജറിൽ പ്രതിഫലിക്കാത്ത മറ്റൊരുവർക്ക് കരിന്തിരി കോസ്റ്റ് വേ ആണ്. കരിന്തിരി കോസ്റ്റ് വേയ്ക്കുവേണ്ടി കഴിഞ്ഞ ജൂലായ് 31—ാം തീയതി ഞാൻ ഇവിടെ ഒരു സബ്മിഷൻ ഉന്നയിച്ച അവസരത്തിൽ ബഹുമാന്യനായ ഡെപ്യൂട്ടി മുഖ്യമന്ത്രി അനുഭാവപൂർവ്വമായ മറുപടിയും പറഞ്ഞിരുന്നു. അവസാനം ഫിനാൻസ് സെക്ഷന്റെ വാതിൽക്കൽ എത്തിക്കഴിഞ്ഞപ്പോഴും അത് വന്നില്ല. ഞാൻ അത് ബഹുമാനപ്പെട്ട ഡെപ്യൂട്ടി മുഖ്യമന്ത്രിക്ക് എഴുതിക്കൊടുത്തു. അദ്ദേഹം അത് പ്രയോറിറ്റി ലിസ്റ്റിൽ കൊണ്ടുവന്നിരിക്കുകയാണ്. മാതൃഭൂമി പത്രത്തിൽ അവിടത്തെ എം.എൽ.എ. പരിശ്രമിക്കുന്നില്ലായെന്നു പറഞ്ഞുകൊണ്ടുള്ള ആക്ഷേപം വന്നിരുന്നു. ഞാൻ ഇത് സൂചിപ്പിച്ചത് ജനപ്രതിനിധികളെ ആക്ഷേപിക്കുന്നതിനു ശ്രമിക്കുന്ന ഒരു സമ്പ്രദായം നിലനിൽക്കുന്നസമയത്തിൽ ഈ വക കാര്യങ്ങൾക്ക് പരിഗണന കൊടുക്കണമെന്നുള്ളതിനെ സംബന്ധിച്ചാണ്. എന്തായിരുന്നാലും പ്രയോറിറ്റി ലിസ്റ്റിൽ അത് ഉൾപ്പെടുത്തിയതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. അതുപോലെതന്നെ നമ്മുടെ ജനസംഖ്യയിൽ ഏതാണ്ട് ഒന്നരക്കോടിയോളം പേർ ഗ്രാമങ്ങളിൽ ജീവിക്കുന്നവരാണ്. ഈ ഒന്നരക്കോടിയോളം വരുന്ന ഗ്രാമീണരുടെ ആഗ്രഹാഭിലാഷങ്ങളൊന്നും ശ്രദ്ധിക്കാതെ പട്ടണങ്ങളിൽ വലിയ വലിയ ഓഫീസുകൾക്ക് കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനാണ് വിനിയോഗിക്കുന്നത്. എന്റെ നിയോജകമണ്ഡലത്തിൽ എത്രയെത്ര ഓഫീസുകൾക്ക് കെട്ടിടങ്ങൾ ഉണ്ടാകണം. ഒരു നാലോ അഞ്ചോ വർഷത്തേക്ക് ഒന്നരക്കോടിയോളം പേർ ജീവിക്കുന്ന ഗ്രാമീണമേഖലയെ മുന്നിൽക്കണ്ടുകൊണ്ട്, ആ പ്രദേശങ്ങളിലെ ജനങ്ങളുടെ ആവശ്യങ്ങൾക്ക് മുൻതൂക്കം കൊടുത്തുകൊണ്ട്, പട്ടണത്തിലെ ആവശ്യങ്ങളെ ഒതുക്കിനിർത്തിക്കൊണ്ട്, ചെറിയ ചെറിയ കൃഷി ഓഫീസുകൾ, പി.ഡബ്ലിയു.ഡി. ഓഫീസുകൾ, അതുപോലെതന്നെ ആശുപത്രികളും പള്ളിക്കൂടങ്ങളുമൊക്കെ പണിതീർക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. സർ, ഇന്ന് വിദ്യാലയങ്ങളുടെ സ്ഥിതി എന്താണ്? വിദ്യാലയങ്ങൾ ഓലകെട്ടിമേയുന്ന ചുമതല പൊതുമരാമത്തുവകുപ്പിനാണ്. എന്റെ നിയോജകമണ്ഡലത്തിലെ അഞ്ച് ഹൈസ്കൂളുകൾ ഇതുവരെ കെട്ടി മേഞ്ഞിട്ടില്ല. അത് കെട്ടിമേയുന്നതിനെ സംബന്ധിച്ച് കഴിഞ്ഞ ഡി.ഡി.സി. യിൽ ഞാൻ പറഞ്ഞപ്പോൾ എക്സിക്യൂട്ടീവ് എഞ്ചിനീയർ പറഞ്ഞത് ഫിനാൻസിൽ നിന്ന് പണം ഡൈവർട്ട് ചെയ്തു കിട്ടിയില്ല എന്നാണ്. എന്ത് ഖേദകരമായ വസ്തുതയാണ്. അദ്ധ്യയനം തുടങ്ങിയിട്ട് ഒരുമാസം കഴിഞ്ഞു. കുട്ടികൾ നനഞ്ഞൊലിച്ചാണ് സ്കൂളുകളിലിരിക്കുന്നത്. എന്റെ പ്രദേശത്തെ ദരിദ്രരായ കുട്ടികളാണ് ഗവൺമെൻറ് സ്കൂളുകളിൽ പഠിക്കുന്നത്. സാമ്പത്തികശേഷിയുള്ളവർ സ്വകാര്യ സ്കൂളുകളിൽ പോയിയാണ് പഠിക്കുന്നത്. ഗവൺമെൻറ് സ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പറഞ്ഞറിയിക്കാൻ വയ്യ. ഗ്രാമജീവിതത്തിന്റെ ബുദ്ധിമുട്ടുകൾ അറിയാവുന്ന ജനപ്രതിനിധി എന്നുള്ള നിലയിൽ ബന്ധപ്പെട്ട ഉപമുഖ്യമന്ത്രിയുടെ ശ്രദ്ധയിൽ ഞാൻ ഈ കാര്യങ്ങൾ പെടുത്തുകയാണ്. അതുകൊണ്ട് ആ പ്രവർത്തനങ്ങൾ കുറേക്കൂടി മെച്ചപ്പെടുത്തണം.

LIBRARY ARCHIVES Kerala Legislative Assembly

എന്റെ പ്രദേശത്ത് സ്വകാര്യ റോഡുകളുണ്ട്. ഇടുക്കിയിലും വയനാട്ടിലും റോഡുകളുടെ മൂന്നിൽ രണ്ടുഭാഗവും സ്വകാര്യറോഡുകളാണ്. വൻകിടതോട്ടമുടമകളുടെ സ്വകാര്യറോഡുകളിൽ കൂടി സാധാരണജനങ്ങൾക്ക് വാഹനങ്ങൾ ഓടിക്കാൻ കഴിയുന്നില്ല. മലമടക്കുകളിൽ താമസിക്കുന്ന കൃഷിക്കാർക്ക് പെട്ടെന്ന് എന്തെങ്കിലും അസുഖം വന്നാൽ അവരെ ആശുപത്രിയിൽ കൊണ്ടുപോകണമെങ്കിൽ ഈ സ്വകാര്യറോഡുകളിൽകൂടി വേണം പോകുവാൻ. അതിന് തോട്ടമുടമകളുടെ അനുവാദം വേണം. സ്വകാര്യറോഡുകൾ ദേശസാൽക്കരിക്കുന്നതിന് അവരുമായി ചർച്ച ചെയ്തു എന്തെങ്കിലും നടപടികൾ സ്വീകരിക്കണം. വികസനരംഗത്ത്, പ്രത്യേകിച്ച് പൊതുമരാമത്തുവകുപ്പ് വളരെ സ്തുത്യർഹമായ സേവനമാണ് കഴിഞ്ഞനാലുകൊല്ലക്കാലമായിട്ട് ചെയ്തുകൊണ്ടിരിക്കുന്നത്. അത് കൂടുതൽ ഫലപ്രദമാക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ടും ഈ ധനാഭ്യർത്ഥനകളെ ഒന്നുകൂടി അനുകൂലിച്ചുകൊണ്ടും ഞാൻ നിർത്തുന്നു.

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ ശക്തിയായി എതിർക്കുന്നു. പൊതുമരാമത്തു വകുപ്പ് നമ്മുടെ സംസ്ഥാനത്തിലെ ഏറ്റവും പവർഫുളായ വകുപ്പായിരുന്നു. പക്ഷേ അത് ഇപ്പോൾ പവർലെസ്സാണ്. കഴിഞ്ഞ അഞ്ചുകൊല്ലത്തിനിടയ്ക്കുണ്ടായിട്ടുള്ള സാധനങ്ങളുടെ വിലവർദ്ധനവിന്റെ അടിസ്ഥാനത്തിൽ ഇന്ന് വകകൊള്ളിച്ചിരിക്കുന്ന 40–45 കോടി രൂപ 200 കോടിയാക്കിയെങ്കിലും വർദ്ധിപ്പിക്കാതെ ഇതിന്റെ പ്രവർത്തനങ്ങൾ നടത്താൻ സാധിക്കുകയില്ല. വാസ്തവത്തിൽ ഇത് ജനങ്ങളോടുള്ള ഒരു അവഹേളനമാണ്. കേരളത്തിലെ ജനങ്ങൾ കോൺഗ്രസ്സ് (ഐ) പാർട്ടിയെപ്പോലെയാണെന്നാണ് ഭരണാധികാരികളുടെ ധാരണ. നേതാവിന്റെ ചവിട്ടും തുപ്പും ആട്ടും കൊണ്ടാലും ഒരു പ്രതികരണവുമില്ലാതെ കിടക്കുന്ന കൂട്ടരാണവർ. ഈ രാഷ്ട്രീയ സാഹചര്യങ്ങളൊക്കെ വളർന്നുവന്നിട്ട് ഒരു കമ്മിറ്റിപോലും വിളിച്ചുകൂട്ടാതെ നേതാവ് ഒറ്റക്ക് കൈകാര്യം ചെയ്തിട്ട് ഒരു പ്രക്ഷോഭണവുമില്ലാതെ കൊടിച്ചിപ്പട്ടിയുടെ കൂട്ട് കിടക്കുന്ന ആളുകളെപ്പോലെയാണ് ഈ രാജ്യത്തെ ജനങ്ങളെന്നാണ് അവരുടെ ധാരണ. അതിന് അവരെ കുറ്റംപറഞ്ഞിട്ട് കാര്യമില്ല. വാസ്തവത്തിൽ ഇന്നുള്ള റോഡുകൾ മെയിന്റെനയിൻ ചെയ്ത് സംരക്ഷിക്കാൻ എത്രകോടി രൂപ വേണം? ആ ആവശ്യമനുസരിച്ച് തുക കൊള്ളിച്ചിട്ടുണ്ടോ? എന്തിനാണ് വലിയ വീമ്പിളക്കുന്നത്? ഐക്യജനാധിപത്യമുന്നണിയുടെ ജില്ലാപ്രവർത്തകയോഗങ്ങൾ വിളിച്ചുകൂട്ടി, കഴിഞ്ഞകാലനേട്ടങ്ങളെപ്പറ്റി ഘോരഘോരം പ്രസംഗം നടത്തുകയാണ്. പത്രത്തിൽ പടം വന്നപ്പോൾ നമ്മുടെ മാണിസാർ ശ്വാസം പിടിച്ചിരിക്കുന്നു. വലിയ ഗാംഭീര്യത്തോടുകൂടിയാണ് ഇരിക്കുന്നത്. അധികാരമെന്നുപറയുന്നത് ഇത്ര വലിയകാര്യമാണോ? എന്തുനാണക്കേട് സഹിച്ചും അങ്ങനെ ഇരുന്നുകൊള്ളും. അത് അവരുടെ കാര്യമാണ്.

പി.ഡബ്ലിയു.ഡി. റോഡുകൾ ഇപ്പോൾ പഴയ തറവാട്ടിലെ എല്ലും തോലുമായ വല്യമ്മയുടെ കൂട്ട് പ്രതാപവും പറഞ്ഞ് മുണ്ടും മുറുക്കിയുടുത്തു നടക്കുന്നതുപോലെയാണ്. രണ്ടുകൊല്ലം മുൻപ് ഒരു കലുങ്കിന് ഞാൻ ഉപമുഖ്യമന്ത്രിയുടെ അടുത്ത് അപേക്ഷകൊടുത്തു. പണത്തിന്റെ ബുദ്ധിമുട്ടുകൊണ്ട് അത് ഇപ്പോൾ പരിഗണിക്കണ്ട എന്ന് അദ്ദേഹം പറഞ്ഞു. ആ ഫയൽ ക്ലോസ് ചെയ്തു. മിച്ച ബഡ്ജറ്റല്ലേ എന്റെ കലുങ്ക് അനുവദിയ്ക്കണമെന്നു പറഞ്ഞ് രണ്ടാമത് അപേക്ഷ കൊടുത്തിട്ടുണ്ട്. അത് ചിലപ്പോൾ അനുവദിച്ചുകിട്ടിയെങ്കിലായി. പതിനഞ്ച്-

LIBRARY ARCHIVES Kerala Legislative Assembly

ഇരുപത് കിലോമീറർ റോഡിന്റെ നടുക്ക് ഒരു കലുങ്ക് ഇല്ലാത്തതു കൊണ്ട് അത് ഉപയോഗിക്കാൻ കഴിയുന്നില്ല. അതുപോലും കൊടുക്കാനുള്ള സാമ്പത്തിക ശേഷിയില്ല. സാധനങ്ങളുടെ വിലവർദ്ധനവിന്റെ അടിസ്ഥാനത്തിൽ പത്തിരുന്നൂറുകോടി രൂപ റോഡിന്റെ സംരക്ഷണത്തിനു വേണ്ടി മാറിവയ്ക്കണം. റോഡിന്റെ സംരക്ഷണംകൊണ്ട് ആർക്കൊക്കെയാണ് പ്രയോജനം കിട്ടുന്നത്? ഈ നാട്ടിലെ ബസ്സുകളും, കാറുകളും തുടങ്ങിയ വാഹനങ്ങളിൽ സഞ്ചരിക്കുന്ന ആളുകൾക്കും മറ്റ് ആളുകൾക്കും ഇതുകൊണ്ട് പ്രയോജനമുണ്ട്. അതിനാവശ്യമായ തുകനീക്കിവയ്ക്കാതെ തുച്ഛമായ തുകയാണ് അതിനുവേണ്ടി നീക്കിവച്ചിരിക്കുന്നത്. വാസ്തവത്തിൽ ഇത് ഈ നാട്ടിലെ ജനങ്ങളോടുള്ള ഒരു അവഹേളനമാണ്. ശനിയാഴ്ച ഞാൻ നാട്ടിൽ പോയപ്പോൾ, ആളുകളെല്ലാം കൂടി പി.ഡബ്ലിയു.ഡി. റോഡിന്റെ നടുക്ക് ഒരു ഏറുമാടം എടുത്തുവയ്ക്കാൻ കൊണ്ടുവന്നു. ആ മാടംവച്ചാൽ ആ കുഴി നികന്നുവരുമെന്നമട്ടിലാണ് അങ്ങനെ ചെയ്തത്. അത്രവലിയ കുഴികളാണ് എല്ലാ പ്രദേശത്തും ഈ മഴയോടുകൂടി ഉണ്ടായിട്ടുള്ളത്. ആ കുഴി നികത്തി റോഡ് നന്നാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം.

എം.എൽ.എ. റോഡിന്റെ പണി നടക്കുന്നില്ല. ഇത് നടത്താതിരിക്കാൻ മന്ത്രി എന്തെങ്കിലും ചെയ്യുന്നുവെന്ന് ഞാൻ പറയുന്നില്ല. ഈ സെക്രട്ടേറിയറ്റിൽ ഒരു കളളക്കളി നടക്കുന്നുണ്ട്. ആ കളി ഒന്നു അവസാനിപ്പിക്കണം.. ഇവിടെ ഫയൽ വന്നുകഴിഞ്ഞാൽ പിന്നെയൊരു തട്ടാണ്. അഡീഷണൽസെക്രട്ടറി സെക്രട്ടറിക്ക് അയക്കും. സെക്രട്ടറി അഡീഷണൽ സെക്രട്ടറിക്കും അഡീഷണൽ സെക്രട്ടറി ജോയിന്റ്സെക്രട്ടറിക്കും ജോയിന്റ് സെക്രട്ടറി ഡെപ്യൂട്ടി സെക്രട്ടറിക്കും ഡെപ്യൂട്ടി സെക്രട്ടറി അണ്ടർ സെക്രട്ടറിക്കും. അവിടെ നിന്ന് മേലോട്ട് പോയി മന്ത്രിയുടെ അടുത്തുപോകും. നമ്മൾ ഒരു കാര്യം അന്വേഷിച്ചുപോയാൽ ഫയൽ മന്ത്രിയുടെ അടുത്തു പോയി എന്നു പറയും. ഡെപ്യൂട്ടി മുഖ്യമന്ത്രിയും കർശനമായിട്ട് പറയുകയില്ല; കാരണം അത് അനുവദിയ്ക്കണമെങ്കിൽ പൈസവേണം. പൈസയില്ലാത്തതുകൊണ്ട് തട്ട്തട്ടിക്കൊളളാൻ അവരോട് മനഃപ്പൂർവ്വം പറഞ്ഞിരിക്കുകയാണ്. എം.എൽ.എ. മാരുടെ റോഡ് ഇങ്ങനെ തട്ടുതട്ടാനുളളതാണോ? എന്റെ നിയോജകമണ്ഡലത്തിലെ ഒരു റോഡിന്റെ സകല നടപടികളും പൂർത്തിയാക്കിയതാണ്. ചീഫ് എഞ്ചിനീയറുടെ ഓഫീസിലും സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ ഓഫീസിലും പോയി ഉദ്യോഗസ്ഥൻമാരുടെ കൂടെ ഞാനുംകൂടിയിരുന്ന് ശരിയാക്കി നടപടികളെല്ലാം പരിശോധിച്ച് മേൽപ്പോട്ട് അയച്ചു. അത് സെക്രട്ടേറിയറ്റിൽ വന്നിട്ട് ഒന്നരക്കൊല്ലമായി. അവിടെക്കിടന്ന് തട്ടുകയാണ്. അത് നടത്തണമെന്ന് ആത്മാർത്ഥതയുണ്ടെങ്കിൽ അത് നടത്താൻ കഴിയും. പൈസയുടെ പ്രശ്നമുണ്ടെങ്കിൽ അത് പറഞ്ഞാൽ മതി. രണ്ടു റോഡ്തരാമെന്ന് പറഞ്ഞുപോയി; ഇപ്പോൾ തൽക്കാലം അതിന് നിവൃത്തിയില്ല. ഞങ്ങൾ പാപ്പരായിപ്പോയി എന്നു തുറന്നുപറഞ്ഞാൽ ഞങ്ങൾക്ക് വിരോധമില്ല.

ഓരോ പ്രദേശത്തേയും റോഡുകളുടെ സ്ഥിതി വളരെ മോശമാണ്. സെക്രട്ടേറിയറ്റിന്റെ ചുറ്റുമുള്ള റോഡുകളിൽകൂടിയോ അംബുജവിലാസം റോഡിൽകൂടി കാറിലോ നടന്നോ പോകാനോ സാധിക്കുകയില്ല. അവിടെ നിന്ന് തെക്കോട്ടോ കിഴക്കോട്ടോ പോകാൻ സാധിക്കുകയില്ല. ഈ റോഡുകളെല്ലാം കുണ്ടും കുഴിയുമായി കിടക്കുകയാണ്. ആനയെക്കൊണ്ട് നിരത്തി നികത്താൻ പറ്റാത്ത കുഴികളാണ്. ഈ റോഡുകളുടെ കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കണം. അതുകൊണ്ട് വിമ്പുപറച്ചിൽ

LIBRARY ARCHIVES Kerala Legislative Assembly

നിർത്തിയിട്ട് ജനങ്ങൾക്ക് സഞ്ചരിക്കുന്നതിനുള്ള റോഡ് ആദ്യമായി, സഞ്ചാരയോഗ്യമാക്കി കൊടുക്കണം. ഇപ്പോൾ കോൺട്രാക്റ്റർമാർ വർക്കുകൾ എടുക്കാൻ തയ്യാറാകുന്നില്ലെന്നുള്ളതാണ്. വാസ്തവം. ഇപ്പോഴുള്ള കോൺട്രാക്ടർമാരാണെങ്കിൽ പഴയതുപോലുള്ള ലാഭം കൊണ്ടൊന്നും തൃപ്തിപ്പെടുന്നകൂട്ടത്തിലല്ല. നല്ല ലാഭം കിട്ടുമെങ്കിൽ മാത്രമേ കോൺട്രാക്ടർമാർ വർക്കുകൾ എടുക്കാൻ സന്നദ്ധരാകുകയുള്ളൂ. ബ്ലേഡ് കമ്പനികൾ രംഗത്തുവന്നതോടുകൂടി അവരുടെ കൈയിൽ നിന്നും ഇഷ്ടംപോലെ പണം കിട്ടും. അങ്ങനെ അവരുടെ കൈയ്യിൽ നിന്നും പണം കടമെടുത്താണ് പല കോൺട്രാക്ടർമാരും ഇപ്പോൾ വർക്ക് നടത്തിക്കൊണ്ടുപോകുന്നത്. അവർ, ബ്ലേഡ് കമ്പനിക്കാർക്ക് ഉയർന്ന പലിശ കൊടുക്കേണ്ടിവരും. മാത്രമല്ല, ഈ വർക്കുകളിൽ നിന്നും കിട്ടുന്ന ലാഭമെടുത്താണ് ബ്ലേഡ് കമ്പനിക്കാർക്ക് പലിശകൊടുക്കുന്നതും, സ്വന്തം പണം ഈടാക്കുന്നതും. അങ്ങനെവരുമ്പോൾ അത് അവർ എടുത്തിട്ടുള്ള വർക്കുകളുടെ ക്വാളിറ്റിയെ ബാധിക്കും. അവർക്ക് വലുതായിട്ട് ലാഭം കിട്ടുന്നതിനുവേണ്ടി റോഡുകൾക്ക് വേണ്ടവിധത്തിൽ സാധനങ്ങൾ ഉപയോഗിക്കാതെ പണി നടത്തുകയാണ് ചെയ്യുന്നത്. അതുകൊണ്ട് റോഡുകളുടെ ക്വാളിറ്റിയിൽ ദോഷമുണ്ടാകാതിരിക്കാനുള്ള ഒരു സംവിധാനം ഉണ്ടാക്കണം. അതിന് ഒരു റോഡിന്റെ കാര്യത്തിൽ ക്ലിപ്തമായ തീരുമാനമെടുത്താൽ മതി. ഉരുക്കിന് അല്ലെങ്കിൽ കമ്പിക്ക് ആയിരം രൂപ വിലയുള്ളപ്പോൾ ടെൻഡർ വിളിച്ചാൽ, അടുത്തദിവസം അത് 1,200 രൂപയായി വർദ്ധിച്ചാൽ ആ വർദ്ധിക്കുന്ന തുകകൂടി കൊടുക്കാവാനുള്ള നിബന്ധനകൂടി, കരാറുകളിൽ ഉണ്ടാക്കണം. അതല്ലാതെ ടെൻഡർ പിടിച്ചവൻ സഹിക്കണമെന്ന് പറഞ്ഞാൽ, അവർ ആ പണി ഇട്ടിട്ട് പോകും. ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്ന വർക്കുകളിൽ ബഹുഭൂരിപക്ഷവും മുടങ്ങിക്കിടക്കുന്നത്, അക്കാരണത്താലാണ്. പിന്നെ' മെറ്റലിന്റെയും ചരലിന്റെയും സിമന്റിന്റെയും ഒക്കെ കാര്യമായാലും ഈ പിടിക്കുന്ന കാലത്തെ റേറ്റുകളേക്കാൾ കൂടുതൽ കൊടുക്കേണ്ടിവരുന്ന സ്ഥിതിയുണ്ട്. അത് ഒഴിവാക്കുന്നതിന് കോൺട്രാക്റ്റർമാർക്ക് ടെൻഡർ വിളിച്ച സമയത്തുള്ള അതേ നിരക്കിൽസാധനങ്ങൾ കൊടുക്കുവാൻ ഗവൺമെന്റ് തയ്യാറാകണം. എന്നിട്ട് ഗവൺമെന്റ് സാധനങ്ങൾ സപ്ലൈ ചെയ്തുകൊണ്ട് വർക്ക് നടത്താൻ പറയണം. പക്ഷേ എന്തുകൊടുത്താലും വെട്ടിയ്ക്കാൻ നോക്കുന്ന ഒരു വിഭാഗം ഇവിടെയുണ്ട്. ഉദ്യോഗസ്ഥൻമാരും മന്ത്രി തന്നെ വിചാരിച്ചാലും, പിടികൊടുക്കാതെ അഡ്വാൻസും വാങ്ങിച്ച് അല്ലെങ്കിൽ മറ്റു ചില സൗകര്യങ്ങളും പറഞ്ഞിക്കൊണ്ട് പോകുന്ന കോൺട്രാക്ടർമാരും ഉണ്ട്. അതൊരു ബിസിനസ്സായി നടത്തുന്നവർ തന്നെ ഇവിടെയുണ്ട്. അങ്ങനെയുള്ളവരെ ഉദ്ദേശിച്ചല്ല ഞാൻ പറയുന്നത്, വർക്ക് നടത്താൻ ആഗ്രഹിക്കുന്നവർക്ക് അതിനുള്ള സൗകര്യങ്ങൾ ചെയ്തുകൊടുക്കണമെന്നാണ്. ആലപ്പുഴ ജില്ലയുടെ ഒരു പ്രത്യേക കാര്യത്തെക്കുറിച്ച് എനിക്ക് ബഹുമാനപ്പെട്ട ഉപമുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുവാനുണ്ട്. എല്ലാ ജില്ലകൾക്കും റോഡിന്റെ നീളവും വീതിയും ഒക്കെ കണക്കാക്കി തുക അലോട്ട് ചെയ്യും. അതുപോലെതന്നെ ആലപ്പുഴ ജില്ലയ്ക്കും അലോട്ട് ചെയ്തു. പക്ഷേ ആലപ്പുഴ ജില്ലയുടെ ഒരു പ്രത്യേകത എന്താണെന്നാൽ 1,200 ഫെറി സർവ്വീസുകൾ അവിടെ പി.ഡബ്ലിയു.ഡിപ്പാർട്ടുമെന്റ് മെയിന്റയിൻ ചെയ്യുന്നുണ്ട്. ഈ 1,200 പാർട്ട് ടൈമും. ഫുൾടൈമും ആയിട്ട് സീസണിൽ മാത്രവും അല്ലാതെയും ഓപ്പറേറ്റ് ചെയ്യുന്നുണ്ട്. ഈ ഫെറി സർവ്വീസിനുവേണ്ടി പ്രത്യേക തുകയൊന്നും ഡിപ്പാർട്ടുമെന്റിൽനിന്ന് കിട്ടാറില്ല. അത് മുഴുവൻ അവിടെ മെയിന്റനൻസിനും മറ്റുള്ള കാര്യങ്ങൾക്കും വേണ്ടി നീക്കിവയ്ക്കുന്ന തുകയിൽനിന്ന് ഫെറി സർവ്വീസുകൂടി

LIBRARY ARCHIVES Kerala Legislative Assembly

നടത്താനുള്ള ബാദ്ധ്യത ഏറെടുക്കുകയാണ്. ഒരു വർഷം 80 ലക്ഷം രൂപ കിട്ടിയാൽ അതിൽനിന്നും 20 ലക്ഷം രൂപയാണ്, ഫെറി സർവ്വീസിനു വേണ്ടി മാത്രമായിട്ട് നീക്കിവയ്ക്കേണ്ടിവരുന്നത്. അതുകൊണ്ട് ബാക്കിയുള്ള രൂപ കൊണ്ട്. റോഡിന്റെ വർക്ക് കാര്യക്ഷമമായി നടക്കാതെ വരുന്ന ഒരു സാഹചര്യമാണ് ഇന്നുള്ളത്. അതിന് ഒരു മാറ്റം വരണം, ഫെറിയെ പ്രത്യേകമായിട്ട് എടുക്കണം. അവിടെ ഫെറി ഉണ്ടായിപ്പോയത് അവിടത്തെ ജനങ്ങളുടെ കുറ്റംകൊണ്ടൊന്നുമല്ല. പ്രകൃതിയുടെ പ്രത്യേകതകൊണ്ടാണവിടെ ഫെറി ഉണ്ടായത്. ആ പ്രത്യേകത മനസ്സിലാക്കി, ആ ഫെറി പ്രത്യേകമായി സംരക്ഷിക്കാനുള്ള തുക പ്രത്യേകമായി അലോട്ട് ചെയ്താൽ അവിടത്തെ റോഡുകളെ സംബന്ധിച്ചിടത്തോളം അത്രയും കൂടി സഹായകരമായ ഒരു നിലപാടായിരിക്കും അതുകൊണ്ട് ഉണ്ടാകുന്നത് എന്നാണ് എനിക്കു പറയുവാനുള്ളത്.

ഇവിടത്തെ കൺസ്ട്രക്ഷൻ കോർപ്പറേഷനെപ്പറ്റി, കഴിഞ്ഞ നിയമസഭയിൽ ബഡ്ജറ്റിന്റെ പൊതുചർച്ചയിൽ പറഞ്ഞിട്ടുള്ളതാണ്. അതിനെക്കുറിച്ച് ഒന്നു പഠിക്കേണ്ടത് നല്ല കാര്യമാണ്. ആദർശപരമായി അത് ഗവൺമെന്റിന്റേതാണ് എന്നൊക്കെ പറയുന്നു. ഈ സ്ഥാപനത്തിന്റെ തലപ്പത്തിരിക്കുന്ന ഉദ്യോഗസ്ഥൻമാരെല്ലാം അഴിമതിക്കാരാണെന്ന് ഞാൻ പറയുന്നില്ല. പക്ഷേ ഈ കൺസ്ട്രക്ഷൻ കോർപ്പറേഷൻ നമുക്ക് ഒരു ഭാരമാണോ ഗുണകരമാണോ എന്നതിനെക്കുറിച്ച്, ഗൗരവമായി ചിന്തിക്കണം. ഇപ്പോഴും തന്നെ യു.പി. സ്വകാര്യ കൺസ്ട്രക്ഷൻ കമ്പനി, ചന്ദ്രശേഖരൻനായർ സ്റ്റേറേഡിയത്തിന്റെ പണി എത്ര വേഗത്തിലാണ് പൂർത്തീകരിച്ചത്? പണം മുടക്കാനില്ലാതെ വ്യാമോഹിച്ചിട്ട് വല്ല കാര്യവുമുണ്ടോ? കൈയിൽ കാശില്ലാതെ വല്ലവന്റെയും മടിശ്ശീലയിലെ കാശുകണ്ടുകൊണ്ട്, ദാഹിച്ച് നാക്കു നീട്ടിയതുകൊണ്ട് വല്ല ഫലവും ഉണ്ടാകുമോ? കാശ് മുടക്കി പോലും നടത്താൻ കഴിയുകയില്ലെങ്കിൽ കൺസ്ട്രക്ഷൻ കോർപ്പറേഷനെ അതിന്റെ പാട്ടിന് വിട്ടേക്കണം. ഇന്ന് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ഉണ്ടെന്ന് പറഞ്ഞു, അവരെ വർക്ക് ഏൽപ്പിക്കുകയാണെങ്കിൽ അവർ ഉത്തരവാദിത്വത്തോടെ ഗവൺമെന്റിൽ നിന്ന് കാശ് കിട്ടിയാൽ ചെയ്തുതരാമെന്ന് പറയുന്ന ഒരു സംവിധാനമാണ് അവിടെയുള്ളത്. അതൊന്നും ഫലപ്രദമല്ല എന്നാണെന്റെ അഭിപ്രായം. എന്തായാലും, ആ കാര്യങ്ങളും ഒന്നുകൂടി പരിശോധിച്ച്, വേണ്ടത് ചെയ്യണം. കൺസ്ട്രക്ഷൻ കോർപ്പറേഷനിലെ ഉദ്യോഗസ്ഥൻമാരുടെ ചെയ്തികളെക്കുറിച്ച് ശക്തമായ അഭിപ്രായങ്ങളും പലരും നടത്തിയിട്ടുണ്ട്. ഒരു വർക്ക് സൂപ്രണ്ട് ചെയ്യുന്ന ജോലി ഇന്ന് അവിടെ ഒരു എക്സിക്യൂട്ടീവ് എഞ്ചിനീയറാണ് വഹിച്ചുകൊണ്ടിരിക്കുന്നത്. അതിന്റെ എസ്റ്റാബ്ലിഷ്മെന്റ് ഒരിക്കലും താങ്ങാനാവാത്തതാണ് എന്നാണ് എന്റെ വിമർശനം. അതുപോലെയുള്ള നിരവധി കാര്യങ്ങളുണ്ട്. അവയുടെ വിശദാംശങ്ങളിലേക്ക് ഞാൻ കടക്കുന്നില്ല. കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ കാര്യം ഒന്ന് ഗൗരവപരമായി പരിശോധിക്കണം. റോഡുവർക്കുകളുടെ കാര്യത്തിൽ അവയുടെ ഗുണനിലവാരത്തിൽ കുറച്ചുകൂടി ശ്രദ്ധ ചെലുത്തേണ്ടതുണ്ട്. ഇവിടെ നേരത്തെ പറഞ്ഞതുപോലെ ഈ മന്നാടിയാരുടെ പരിശോധനകൊണ്ട് കുറെയൊക്കെ അവയുടെ പ്രവർത്തനത്തിൽ മെച്ചമുണ്ടായിട്ടുണ്ട്. എന്നാൽ ഈ മന്നാടിയാർ കമ്മറിക്ക് എത്ര സ്ഥലത്ത് പോയി പരിശോധന നടത്തുവാൻ കഴിയും. മന്നാടിയാർ കമ്മറി മാത്രം പോയി പരിശോധിച്ചതുകൊണ്ട്, കാര്യമായില്ല. വർക്കുകൾ കാര്യക്ഷമമായി നടത്തുവാൻ ഉദ്യോഗസ്ഥൻമാർക്ക് നിർദ്ദേശം കൊടുക്കുകയും അപ്രകാരം അവയുടെ ഗുണനിലവാരം മെച്ചപ്പെടുത്തുകയും വേണം. ഇവിടെ ശ്രീ. വരദൻ പറഞ്ഞതുപോലെ തമിഴ്

LIBRARY ARCHIVES Kerala Legislative Assembly

നാട്ടിലെ റോഡ് കണ്ടിട്ട്, ഇപ്പുറത്തുള്ള കെ.കെ. തോമസിന് ആശ്ചര്യമാണുണ്ടാകുക. വാസ്തവത്തിൽ ആ റോഡുകളും കണ്ടാൽ നമുക്ക് കൊതി വരും. അത്രക്ക് ഭംഗിയായിട്ടാണ് അവ പണിതിരിക്കുന്നത്. ഇവിടെയുള്ള എഞ്ചിനീയർമാരെപ്പോലെ തന്നെ അവിടെയും എഞ്ചിനീയർമാരാണ് റോഡുകളുടെ വർക്കുകളുടെ മേൽനോട്ടം വഹിക്കുന്നതും, പണിനടത്തിക്കുന്നതും. മാറും കല്ലും, ഉപയോഗിച്ചാണ് അവിടെയും റോഡ് നിർമ്മിക്കുന്നത്. അപ്പോൾ പിന്നെ എന്തുകൊണ്ടാണ് ഈ റോഡുകളും അവിടെയുള്ള റോഡുകളും തമ്മിൽ വ്യത്യാസം ഉണ്ടാകുന്നത്? ഇതിന്റെ കാര്യമെന്താണെന്ന് കണ്ടുപിടിക്കേണ്ടതുണ്ട്. തമിഴ്നാട്ടിലുള്ള റോഡുകളുടെ മാതൃകയിൽ ഇവിടെയും റോഡുകൾ ചെയ്താൽ നന്നായിരിക്കും. പക്ഷേ നമ്മുടെ കാലാവസ്ഥയും തമിഴ്നാട്ടിലെ കാലാവസ്ഥയും തമ്മിൽ വ്യത്യാസമുണ്ട്. അതുകൊണ്ട്, കാലാവസ്ഥയുടെ ഗതിക്കനുസരിച്ച് റോഡുകളുടെ സ്ലോപ്പ് കൂട്ടുകയോ, കുറയ്ക്കുകയോ അല്ലെങ്കിൽ എന്തൊക്കെയാണ് വേണ്ടരെന്നുവച്ചാൽ ആ കാര്യങ്ങളെക്കുറിച്ച് ഗൗരവപരമായിത്തന്നെ പരിശോധിക്കണം എന്നാണ് എനിക്കു പറയുവാനുള്ളത്. ആലപ്പുഴക്കാരനായ ധനകാര്യമന്ത്രി തച്ചടിയുടെ വകുപ്പിനെക്കുറിച്ച് എനിക്ക് പറയുവാനുണ്ട്. മുൻപ് ധനകാര്യവകുപ്പിനെപ്പറ്റി ഇവിടെ പല വാദപ്രതിവാദങ്ങളും പരാമർശങ്ങളുമൊക്കെ ഉണ്ടായി. അതു സംബന്ധിച്ച് ഇവിടെ കോൺഗ്രസ്സ്—ഐ പടച്ചുവിട്ട കൊടുങ്കാറ്റ് എന്തിനു വേണ്ടിയായിരുന്നുവെന്ന് നമുക്കെല്ലാവർക്കുമറിയാം. കെ.എം. മാണി പരിശുദ്ധനാണെന്ന് ഞാൻ പറയുന്നില്ല. ശ്രീ. കെ.എം. മാണി, കോൺഗ്രസ്സ്—ഐ ക്ക് ഹിതകരമല്ലാത്ത ചില കാര്യങ്ങൾ ധനകാര്യവകുപ്പ് കൈയിൽ വച്ചുകൊണ്ട് ചെയ്തതിന്റെ ദോഷഫലമായിട്ടാണ് ഈ രാജ്യത്ത് പ്രതിചമായ ചർച്ചയും മറ്റുള്ള കോലാഹലങ്ങളും നടന്നത്. അതിന്റെ ഫലമായി മാണിയുടെ കയ്യിൽനിന്ന് ധനകാര്യവകുപ്പും വയലാർ രവിയിൽ നിന്നും ആഭ്യന്തരവകുപ്പും മാറിയപ്പോൾ പ്രതിച്ഛായയെല്ലാം മെച്ചപ്പെട്ടു. അതിനെക്കുറിച്ച് ഇപ്പോൾ കൂടുതലൊന്നും ഞാൻ പറയുന്നില്ല. എന്നായാലും, ഇവിടെ ഈ വകുപ്പു മാറ്റത്തിനിടയ്ക്ക് ഒരു കച്ചവടം നടന്നു. ആ കച്ചവടമെന്ന് പറയുന്നത് സ്പെഷ്യൽ ഓർഡറാണ്. സ്പെഷ്യൽ ഓർഡറുകൾ ഒരു വകുപ്പിൽ നടന്നതിനെക്കുറിച്ച് നമുക്ക് അറിയാം. എ.എൽ. ജേക്കബ് 50 സ്പെഷ്യൽ ഓർഡറുകൾ അദ്ദേഹത്തിന്റെ വകുപ്പിൽ കൊടുത്തിരുന്നു. രജിസ്ട്രേഷൻ വകുപ്പിൽ, സബ് രജിസ്ട്രാർമാരായ 50 പേരെ മാറ്റി നിയമിച്ചു. അതിന്റെ പിന്നിൽ ഒരാൾക്ക് ഒരു മൂവായിരം രൂപയായാൽ എത്ര രൂപ കിട്ടും! പക്ഷേ പിന്നീട് ശ്രീ. നൂറുദ്ദീൻ അതിലിടപെടുകയും, അതെല്ലാം ക്യാൻസൽ ചെയ്യിക്കുകയും ചെയ്തു. അത് നല്ലകാര്യമാണ്. എന്നായാലും അങ്ങനെയൊരു കച്ചവടം നടന്നിട്ടുണ്ട്. ഇപ്രകാരം ഏതെങ്കിലും വിധത്തിൽ മന്ത്രി അറിഞ്ഞോ അറിയാതേയോ വല്ല സ്പെഷ്യൽ ഓർഡർ മുഖേനയോ അല്ലെങ്കിൽ വല്ല വിൽപ്പന നികുതിയിനത്തിലോ, അഗ്രിക്കൾച്ചർ ഇൻകം ടാക്സ് വകുപ്പിലോ ആരെങ്കിലും, മർമ്മസ്ഥാനങ്ങളിൽ പോയിട്ടുണ്ടെങ്കിൽ, അവരെ ഒന്ന് അന്വേഷിച്ച് കണ്ടുപിടിക്കണം. അവരെ ശ്രീ. തച്ചടി പ്രത്യേകം ശ്രദ്ധിക്കണം. ശ്രീ. തച്ചടിക്ക് ധനകാര്യവകുപ്പും ഇതെല്ലാം കൂടി കൊണ്ടുനടക്കാൻ നല്ലവണ്ണമറിയാം. 'ഏക് ദിൻ കാ സുൽത്താൻ' എന്നുപറഞ്ഞാൽ അങ്ങേയ്ക്കു മനസ്സിലാകുമല്ലോ. ശ്രീ. തച്ചടിക്ക് അറിയാം; മന്ത്രിസഭയുടെ കാലാവധി ഇനി അഞ്ചോ ഏട്ടോ മാസമേയുള്ളൂ, ഇപ്പോൾ കിട്ടിയിരിക്കുന്ന ഈ സ്ഥാനം ശാശ്വതമല്ല എന്ന്. അതുകൊണ്ടാണ് അദ്ദേഹം കൈകാര്യം ചെയ്തിരുന്ന

LIBRARY ARCHIVES Kerala Legislative Assembly

കോ-ഓപ്പറേറീവ് സും, ബാങ്കിന്റെ ചെയർമാൻസ്ഥാനവും കയർഫെഡിന്റെ ചെയർമാൻസ്ഥാനവുമൊക്കെ കൈവിടാതെ എല്ലാം വച്ചുകൊണ്ടിരിക്കുന്നത്. പക്ഷേ ജനാധിപത്യത്തിന് ഇത് ഭൂഷണമായ കാര്യമല്ല. അത് നിശിതമായി വിമർശിക്കേണ്ടതാണ്. ഒരു മന്ത്രി ആയതിനുശേഷവും ഇത്രയേറെ ഉയർന്ന സ്ഥാനങ്ങൾ കയ്യടക്കി, അഞ്ചെണ്ണത്തോടുകൂടി അപ്പുറത്തിരിക്കുകയാണ്. അപ്പുറത്തിരിക്കുന്നവർക്ക് വോട്ട് കൂടുതലുണ്ടെന്ന അഹന്തയുണ്ട്. ശ്രീ. തച്ചടിയുടെ കാര്യം മാത്രമല്ല. ഞാൻ പറയുന്നത് വേറെയും ആൾക്കാർ അപ്പുറത്ത് ഇരിപ്പുണ്ട്. ശ്രീ. തച്ചടിക്കറിയാം, ഈ അഞ്ചെട്ടുമാസം കഴിഞ്ഞാൽ അദ്ദേഹം വീണ്ടും മന്ത്രിയാകുമെന്നുള്ളതിന് യാതൊരുറപ്പുമില്ല. അങ്ങനെ എന്തെങ്കിലും ഉറപ്പുണ്ടായിരുന്നുവെങ്കിൽ അദ്ദേഹം ഈ സ്ഥാനങ്ങളൊക്കെ രാജിവയ്ക്കുമായിരുന്നു. ഏതായാലും ശരി, ഇത്തരം സ്ഥാനങ്ങളും തുടരുന്ന ധനകാര്യമന്ത്രി, ആലപ്പുഴ ജില്ലയുടെ കാര്യത്തിലും മൊത്തം കേരളത്തിന്റെ കാര്യത്തിലും ഇപ്പോഴുള്ള വിമർശനങ്ങളെല്ലാം പരിഹരിച്ച്, കൂടുതൽ കാര്യക്ഷമമായി കാര്യങ്ങളും നടത്താൻ പരിശ്രമിക്കും എന്ന് പ്രതീക്ഷിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഞാൻ സർവശക്തിയും ഉപയോഗിച്ച് എതിർക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

ശ്രീ. വി.കെ. രാജൻ: സർ, വിദ്യാഭ്യാസവകുപ്പു മന്ത്രി, ശ്രീ. ടി.എം. ജേക്കബ്, പ്രീഡിഗ്രി പരീക്ഷാഫലം പ്രസിദ്ധീകരിച്ചുവെന്ന് ആവർത്തിച്ചാവർത്തിച്ച് ഇവിടെ പറഞ്ഞതാണ്. എന്നാൽ ഈ സമയം വരെയും പ്രീഡിഗ്രി പരീക്ഷാഫലം പ്രസിദ്ധീകരിച്ചിട്ടില്ല. അത് ഈ സഭയോട് ചെയ്ത അവഹേളനമാണ്. ഇക്കാര്യത്തെക്കുറിച്ച്, അങ്ങ് വിദ്യാഭ്യാസമന്ത്രിയോട് വിശദീകരണം തേടണം.

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടി നഹ): സർ, പൊതുമരാമത്തുവകുപ്പ് സമുദ്രംപോലെ പരന്നുകിടക്കുന്ന ഒരു വകുപ്പാണെന്നുള്ള കാര്യം എല്ലാവർക്കുമറിയാവുന്നതാണ്. മഞ്ചേശ്വരംമുതൽ പാറശ്ശാലവരെ നീണ്ടുകിടക്കുന്ന കേരള സംസ്ഥാനത്തിൽ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ ധാരാളം റോഡുകളുണ്ട്, ഇനി ധാരാളം ഉൾപ്പെടുത്തണമെന്നുള്ള ആവശ്യം ഉന്നയിക്കപ്പെട്ടിട്ടുമുണ്ട്. ബഡ്ജറ്റിലുള്ള റോഡുകളെന്നെ ഏറ്റെടുത്ത് ഗതാഗതയോഗ്യമാക്കുന്നില്ലെന്നുള്ള ആക്ഷേപമുന്നയിക്കുന്ന ആളുകളും തന്നെ ആർ.എൽ.ഇ ജി.പി., എൻ.ആർ.ഇ.പി. മുതലായ റോഡുകളും മറ്റു ചില റോഡുകളുംകൂടിയും പി.ഡബ്ലിയു.ഡി. ഏറ്റെടുക്കണമെന്നുള്ള ആവശ്യം ഉന്നയിച്ചിരിക്കുന്നു. പരസ്പര വിരുദ്ധമായാലും അത് ആവശ്യമാണെന്നുള്ള കാര്യം ഞാൻ അംഗീകരിക്കുന്നു. പക്ഷേ ഏകദേശം അയ്യായിരത്തോളം റോഡുകളും നമ്മുടെ ബഡ്ജറ്റിലുണ്ട്. ഭരണാനുമതി നൽകിയതും നൽകാത്തതുമായ അയ്യായിരത്തോളം റോഡുകളും ബഡ്ജറ്റിൽ പിടിക്കുമ്പോൾ ഇതെല്ലാം ഒരു സുപ്രഭാതത്തിൽ ഗതാഗത യോഗ്യമാക്കിയില്ലെന്നുള്ള ആക്ഷേപം അവസരോചിതമാണോയെന്നുള്ള കാര്യം തീർച്ചയായും പരിശോധിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഈ കാര്യങ്ങളൊക്കെയെല്ലാം ചെയ്തുകഴിഞ്ഞാലും ഏതു ഗവൺമെന്റിനെയും ഏതുകാലത്തും ആക്ഷേപിക്കുവാനുള്ള ഒരു വടിയാണ് ഈ പൊതുമരാമത്തു വകുപ്പെന്നുള്ള കാര്യം ആരും മറക്കരുതെന്നാണ് എനിക്ക് പറയാനുള്ളത്. ഇവിടെ ഇടതുപക്ഷ ഗവൺമെന്റ് ഭരിച്ചിരുന്നപ്പോഴും അതിനു മുമ്പ് ജനാധിപത്യമുന്നണി ഗവൺമെന്റ് ഭരിച്ചിരുന്നപ്പോഴും ഏതുകാലത്തും ഈ ആവശ്യങ്ങളും

LIBRARY ARCHIVES Kerala Legislative Assembly

പൂർത്തീകരിക്കുവാൻ ഒരു ഗവൺമെൻറിനും സാധിച്ചില്ല, ഇങ്ങനെ പോവുകയാണ്. ഇനിയും ഒരു ഗവൺമെൻറിനും സാധിക്കുകയില്ലെന്നുള്ളതാണ് യാഥാർത്ഥ്യം. ഏകദേശം 20,000—ത്തോളം കിലോമീറ്റർ റോഡുകളുടെ സംരക്ഷണ ബാദ്ധ്യത ഏറ്റെടുത്തിട്ടുള്ള ഒരു വകുപ്പാണ് ഈ വകുപ്പ്. അതിനു പുറമേ ധാരാളം കെട്ടിടങ്ങളും മറ്റ് വകുപ്പുകൾക്കുവേണ്ടിയുള്ള കെട്ടിടങ്ങളുമെല്ലാം ഈ വകുപ്പ് നടത്തിവരുന്നുണ്ട്. ഏകദേശം 800—ൽ ചില്വാനം കിലോമീറ്റർ നാഷണൽ ഹൈവേ റോഡുണ്ട്. നാഷണൽ ഹൈവേ ഒരു പ്രത്യേകവിഭാഗമായി രൂപീകരിച്ചുകൊണ്ട് ചീഫ് എഞ്ചിനീയരുടെ കീഴിൽ പ്രത്യേകമായി നടത്തിവരുകയാണ്. ഇപ്പോൾ പി. ഡബ്ലിയു.ഡി. യുടെ പ്രവർത്തന സൗകര്യത്തിനുവേണ്ടി റോഡും ബ്രിഡ്ജസും വേറെയും ബിൽഡിംഗ്സും ലോക്കൽ വർക്ക്സും വേറെയുമായി ഒരു റീ—ഓർഗനൈസേഷൻ നടത്തിക്കഴിഞ്ഞിട്ടുണ്ട്. അതിൻറെ അടിസ്ഥാനത്തിൽ ഓരോ ചീഫ് എഞ്ചിനീയർമാരെയും മൂന്ന് സൂപ്രണ്ടിംഗ് എഞ്ചിനീയർമാരെയും 20 ഓളം എക്സിക്യൂട്ടീവ് എൻജിനീയർമാരെയും നിയമിച്ചുകഴിഞ്ഞിട്ടുണ്ട്, ബാക്കിയുള്ള ഉദ്യോഗസ്ഥൻമാരെ നിയമിച്ചുകൊണ്ട് അതിൻറെ പ്രവർത്തനം അടുത്തു തന്നെ പൂർത്തിയാക്കാനുള്ള നടപടിക്രമങ്ങളുമായി മുന്നോട്ടു പോവുകയാണ്. സാമ്പത്തികബുദ്ധിമുട്ടുണ്ടെന്ന കാര്യം എല്ലാവരും അംഗീകരിച്ച വസ്തുതയാണ്. അതുകൊണ്ടുതന്നെയാണ് അപ്പുറത്തുനിന്നും പ്രസംഗിച്ച ശ്രീ. ഗോവിന്ദക്കുറുപ്പ് ഈ വകുപ്പിനുവേണ്ടി കൂടുതൽ പണം അനുവദിച്ചുകൊടുക്കണമെന്ന് അദ്ദേഹത്തിൻറെ അനുഭവത്തിൽക്കൂടി പറയാൻ ഇടയായത്. കുറെ സംഖ്യ അധികം അനുവദിച്ചാലും പിന്നെയും നമ്മുടെ ആവശ്യങ്ങൾ കൂടുതലായിരിക്കുമെന്നുള്ള കാര്യത്തിൽ സംശയമില്ല.

മറെറാന്ന് പറയാനുള്ളത് റോഡിൻറെ മേൻമയെ സംബന്ധിച്ച് പലരും പറഞ്ഞതിനെപ്പറ്റിയാണ്. ഈ വകുപ്പിൻറെ റോഡുകളുടെ ഡിസൈൻ, ഇൻവെസ്റ്റിഗേഷൻ, റിസർച്ച് ആൻറ് ക്വാളിറ്റി കൺട്രോൾ ഇവയ്ക്കുവേണ്ടി ഒരു പ്രത്യേകബോർഡ് രൂപീകരിച്ചുകഴിഞ്ഞരിക്കുകയാണ്. അതിനു ഒരു ചീഫ് എഞ്ചിനീയറെയും. മൂന്നു സൂപ്രണ്ടിംഗ് എഞ്ചിനീയർമാരെയും ഡയറക്ടർമാർ എന്നുള്ള നിലയിലും 10 എക്സിക്യൂട്ടീവ് എഞ്ചിനീയർമാരെ ഡെപ്യൂട്ടിഡയറക്ടർമാർ എന്നുള്ള നിലയിലും പിന്നെ അദ്ദേഹത്തിൻറെ കീഴിലുള്ള ഉദ്യോഗസ്ഥൻമാരെയും നിയമിച്ചുകൊണ്ട് നമ്മുടെ റോഡിൻറെ മേൻമ വർദ്ധിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. നമ്മുടെ റോഡ് തമിഴ്നാടുറോഡുമായി താരതമ്യപ്പെടുത്തിയാൽ മഹാമോശമാണെന്ന് പറയുന്നത് ശരിയാണ്. അങ്ങനെ താരതമ്യപ്പെടുത്തി നമ്മുടെ റോഡിനെ ആ നിലയിൽ പുരോഗമിപ്പിക്കുവാനുള്ള മാർഗ്ഗങ്ങൾ ആരായുന്നതിനും അവ നടപ്പാക്കുന്നതിനും അതിനെസംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനുംവേണ്ടിയാണ് ഈ ഒരു സംവിധാനം നമ്മൾ ഉണ്ടാക്കിയിട്ടുള്ളത്. അത് വരുമ്പോഴും കൂടുതൽ സാമ്പത്തികബുദ്ധിമുട്ടുണ്ടാകുമെന്നുള്ള കാര്യം ഞാൻ പറയേണ്ടയാവശ്യമില്ല. റോഡ് മെച്ചപ്പെടുത്തണമെങ്കിൽ കൂടുതൽ സംഖ്യ ചെലവഴിക്കേണ്ടിവരുമെന്നുള്ളത് സ്വാഭാവികമാണ്. പൊതുമരാമത്തുവകുപ്പിന് കഴിഞ്ഞകാലങ്ങളിലുണ്ടായിരുന്നതിൽനിന്ന് വ്യത്യസ്തമായി ബഡ്ജറ്റ് പ്രൊവിഷൻ വർദ്ധിപ്പിച്ചുകിട്ടിയിട്ടുണ്ട്. കഴിഞ്ഞ രണ്ടു കൊല്ലക്കാലമായി ഉണ്ടായിരുന്നതിനേക്കാൾ എത്രയോ കൂടുതൽ സംഖ്യ ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുണ്ട്. 1984—85—ൽ 63 കോടി രൂപ ഉൾക്കൊള്ളിച്ചിരുന്നുവെങ്കിൽ 1985—86—ൽ 113.15 കോടിരൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. 1986—87—ൽ 116.2 കോടി രൂപ

LIBRARY ARCHIVES Kerala Legislative Assembly

യാക്കിയിട്ടുണ്ട്. ഈ കൊല്ലം (1986–87) ഈ 116–ലും നിൽക്കാൻ പോകുന്നില്ല. ഇനിയും കുറച്ച് കുടിശ്ശിക നൽകാനുണ്ട്. ആ കുടിശ്ശിക നൽകാനുള്ള സംഖ്യയും മറ്റ് അത്യാവശ്യ സംഖ്യകളും തരാമെന്ന് നമ്മുടെ പുതിയ ധനകാര്യവകുപ്പുമന്ത്രി സമ്മതിച്ചിട്ടുണ്ട്. ആ സംഖ്യയുംകൂടി കിട്ടുമ്പോൾ ഈ 116 കോടിരൂപയെന്നുള്ളത് ചിലപ്പോൾ 200 കോടി രൂപയോളമായി ഉയരുമെന്നാണെന്റെ അഭിപ്രായം. എന്തായാലും കാലോചിതമായി ബഡ്ജറ്റിൽ തുക വർദ്ധിപ്പിക്കുന്നുണ്ടെങ്കിലും നമ്മുടെ ആവശ്യം വർദ്ധിച്ചുവരുന്നുവെന്നുള്ളതാണ് യാഥാർത്ഥ്യം. 1984–85–ൽ 28 കോടി രൂപയും 1985–86–ൽ 29 കോടിരൂപയും കരാറുകാർക്ക് കൊടുത്തുതീർക്കാനുണ്ടായിരുന്നു. കഴിഞ്ഞവർഷം 10 കോടി രൂപ കൊടുത്തതോടുകൂടി അതിനുമുമ്പ് കൊടുത്ത സംഖ്യയടക്കം ഇപ്പോൾ 1–4–1986–നു ശേഷം 9 കോടിരൂപമാത്രമേ കരാറുകാർക്ക് കൊടുക്കാൻ ബാക്കിയുള്ളൂ. വെറും മൂന്നുമാസത്തെ കുടിശ്ശികയാണ്. ഇതിനെ കുടിശ്ശികയെന്നുതന്നെ പറയാൻ പാടില്ലാത്തതാണ്. മൂന്നുമാസത്തെ സംഖ്യയാണ് നമ്മൾ ഇനി കൊടുക്കാനുള്ളത്. അത് 9 കോടി രൂപമാത്രമേ വരുന്നുള്ളൂ. അതേ സമയം അതിനുശേഷം വരുന്ന ബില്ലുകളിൽ കോടിക്കണക്കിന് രൂപ വരുന്നുണ്ട്. അതിനു വേണ്ടിയാണ് കൂടുതൽ എമൗണ്ട് വേണമെന്ന് ഞങ്ങൾ ആവശ്യപ്പെട്ടിട്ടുള്ളത്. ഈ 9 കോടി രൂപയ്ക്കുപുറമേ 30 കോടി രൂപകൂടി ഈ വകുപ്പിന് ലഭിക്കേണ്ടതുണ്ട്. എങ്കിൽമാത്രമേ ഈകൊല്ലം അതിന്റെ പ്രവർത്തനം സുഗമമായി മുന്നോട്ടുകൊണ്ടുപോകാൻ കഴിയുകയുള്ളുവെന്നുള്ളതാണ് യാഥാർത്ഥ്യം.

പിന്നെ എം.എൽ.എ. റോഡുകളെ സംബന്ധിച്ചിവിടെ പറഞ്ഞു. മലപ്പുറം ജില്ലയോട് വലിയ വിവേചനം കാണിച്ചുവെന്നുള്ളനിലയിലാണ് ഇവിടെ അതിന്റെ ഫിഗറെല്ലാം ഉന്നയിച്ചുകൊണ്ട് സംസാരിച്ചത്. ആ ഫിഗറെല്ലാം ഉന്നയിച്ച മെമ്പർ എം.എൽ.എ. റോഡെന്നു പറയാതെയാണ് മലപ്പുറം ജില്ലയ്ക്ക് ഒരുകോടി അൻപത്തിരണ്ടുലക്ഷം രൂപ ചെലവാക്കി എന്നു പറയുന്നത്. M·L·A. റോഡ് എന്നു പറയാൻ ബഹുമാനപ്പെട്ട മെമ്പർ എന്തുകൊണ്ട് തയ്യാറായില്ല എന്നു മനസ്സിലാകുന്നില്ല. മറ്റ് ജില്ലകൾക്കെല്ലാം അതിനുതാഴെമാത്രമേ ചെലവാക്കിയുള്ളൂ. ഇത് കേട്ടാൽ വിചാരിക്കും എം.എൽ.എ. റോഡ് അല്ലാത്തറോഡുകൾക്കുവേണ്ടിയാണ് മലപ്പുറം ജില്ലയ്ക്ക് ഒരു കോടി അൻപത്തിരണ്ടു ലക്ഷം രൂപ ചെലവാക്കിയതെന്ന്. എന്നാൽ അത് ശരിയല്ല. ഇത് ഇവിടെ ഒരു ചോദ്യത്തിന് നൽകിയ മറുപടിയാണ്. ശ്രീ. ശങ്കരൻനാടാർ ചോദിച്ച ചോദ്യമാണ്. ഈ ഗവൺമെൻറധികാരത്തിൽ വന്നതിനുശേഷം എം.എൽ.എ. റോഡുകൾക്കുവേണ്ടി ഇതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നുള്ള ചോദ്യത്തിന്റെ മറുപടിയാണ്. ഓരോ ജില്ലതിരിച്ചുമുള്ള തുക ചോദിച്ചിരുന്നു. തിരുവനന്തപുരം നാലുലക്ഷം രൂപ, കൊല്ലം 12 ലക്ഷം രൂപ, മലപ്പുറം ഒരു കോടി അൻപത്തിരണ്ട് ലക്ഷം രൂപ. ഇതിൽ യാതൊരു വിവേചനവുമില്ല. ദേശീയമായ കാഴ്ചപ്പാട് ഇല്ലായ്കയുമില്ല. എല്ലാ എം.എൽ.എ. മാർക്കും രണ്ട് റോഡുകളാണ് കൊടുത്തിട്ടുള്ളത്. മലപ്പുറം ജില്ലയിലെ എം.എൽ.എ. മാർക്ക് മൂന്നുറോഡുകൾ കൊടുത്തിട്ടില്ല. മൂന്നു റോഡുകൾ കൊടുത്തുവെന്ന് പറയുകയാണെങ്കിൽ അത് വിവേചനമാണ്. സങ്കുചിത മനഃസ്ഥിതിയാണ്, ദേശീയബോധമില്ലായ്മയാണെന്നെല്ലാം പറയാമായിരുന്നു. എല്ലാ ജില്ലകളിലെയും എം.എൽ.എ. മാർക്ക് രണ്ട് റോഡുകൾ വീതമേ കൊടുത്തിട്ടുള്ളൂ. പക്ഷേ മലപ്പുറം ജില്ലയിലെ എം.എൽ.എ.മാരും മറ്റു ചില ജില്ലയിലെ ചില എം. എൽ. എ. മാരും വേഗം ഏറ്റെടുത്തു പ്രാവർത്തികമാക്കത്തക്ക റോഡുകളാണ് ചൂണ്ടിക്കാണിച്ചത്. അതിന്റെ പ്രവർത്തനം വേഗം ഏറ്റെടുക്കാൻകഴിഞ്ഞു. അതിന്റെ

LIBRARY ARCHIVES Kerala Legislative Assembly

ഞ്ചിൽ കൊടുത്തുതീർന്നു. തീർന്ന റോഡിനേറയും തീരാത്ത റോഡിനേറയും ബില്ലുകൾ കൊടുത്തു. അങ്ങനെയാണ് ഈ സംഖ്യ വരുന്നത്. പല എം.എൽ.എ.മാരും സ്ഥലമില്ലാത്ത റോഡുകളും പഞ്ചായത്ത് സ്ഥലം വിട്ടുതരാൻ തയ്യാറല്ലാത്ത റോഡുകളുമാണ് എഴുതിതന്നത്. അത് ഇന്നും ഏറെറടുക്കുവാൻ കഴിഞ്ഞിട്ടില്ല. ചില എം.എൽ.എ.മാർ ആദ്യം എഴുതിതന്ന റോഡുകൾക്കുപകരമായി വേറെ റോഡുകൾ എഴുതിതന്നു. അതായത് പകരം റോഡുകളായി വേറെ റോഡുകൾ എഴുതിതന്നു. അല്ലെങ്കിൽ ആ റോഡുകളുടെ നീളംകുറച്ച് ഇത്ര കിലോമീറർ എടുത്താൽ മതിയെന്ന് എഴുതിതന്നു.

സർ, പല എം.എൽ.എ. റോഡുകളുടെയും നടപടിക്രമങ്ങൾ ഇനിയും പൂർത്തിയായിട്ടില്ല. ഇപ്പോഴും പല എം.എൽ.എ. റോഡിനും സ്ഥലം കിട്ടിയിട്ടില്ല. ഇതിന് ഗവൺമെൻറല്ല ഉത്തരവാദി. ഗവൺ
2 p.m.] മെൻറ് യാതൊരു പക്ഷഭേദവും കാണിക്കുന്നില്ല. ബാക്കി യുള്ള എം. എൽ.എ.മാർ രണ്ടു റോഡുകൾക്കുള്ള സ്ഥലം ശരിയാക്കി തരികയാണെങ്കിൽ ഈ സാമ്പത്തിക വർഷത്തിൽ അല്ലെങ്കിൽ ഈ മാസം തന്നെ അതിന് അനുമതി നൽകുന്നതാണ്. യാതൊരു വിവേചനവും കാണിക്കുകയില്ല. ഇവിടെ ശബരിമല റോഡിനെ സംബന്ധിച്ചു പറഞ്ഞു. തീർത്ഥാടകരുടെ സൗകര്യത്തിനു വേണ്ടി മണ്ണാറക്കുളഞ്ഞി—പ്ലാപ്പള്ളി റോഡിനേറയും പ്ലാപ്പള്ളി—ചാലക്കയം റോഡിനേറയും സ്പെഷ്യൽ റിപ്പെയർ സിനുള്ള ജോലികൾക്ക് ടെൻഡർ വിളിച്ചു കഴിഞ്ഞിരിക്കുകയാണ്. പത്തനംതിട്ട ബി. ആൻറ്. ആർ. എക്സിക്യൂട്ടീവ് എഞ്ചിനീയർ ടെൻഡർ പരിശോധിച്ചുവരികയാണ്. ചാലക്കയം—പമ്പാറോഡ് തിരുവിതാംകൂർ ദേവസ്വം ബോർഡിനേറ അധീനതയിലായതുകൊണ്ട് അതിനേറ പണികൾ പൊതുമരാമത്തുവകുപ്പിന് ചെയ്യാൻ സാധിക്കുകയില്ല. ദേശീയപാതയെ സംബന്ധിച്ച് ശ്രീ. തേരമ്പിൽ ഇവിടെ പറയുകയുണ്ടായി. 1978—ൽ അങ്ങനെ ഒരു പ്രൊപ്പോസൽ ഉണ്ടായിരുന്നു. അന്ന് അതിന് ഇന്ത്യാ ഗവൺമെൻറ് 30 ലക്ഷം രൂപ തരാമെന്ന് സമ്മതിച്ചു. തൃശൂർ—ഗുരുവായൂർ ദേശീയപാതയ്ക്കുവേണ്ടി 30 ലക്ഷം രൂപ ഇന്ത്യാ ഗവൺമെൻറ് വഹിക്കാമെന്ന് അന്നു പറഞ്ഞു. എന്നാൽ അതിനേറ എസ്റ്റിമേറ്റ് വന്നപ്പോൾ 250 ലക്ഷം രൂപ വേണമെന്ന് കാണിച്ചിരുന്നു. ഇന്ത്യാ ഗവൺമെൻറ് 30 ലക്ഷം രൂപയിലധികം ഒരു പൈസയും തരാൻ തയ്യാല്ല. അപ്പോൾ 2 കോടിയിലധികം രൂപയുടെ ബാദ്ധ്യത ഈ ഗവൺമെൻറിന് ഏറെറടുക്കാൻ സാദ്ധ്യമല്ലായെന്ന് മനസ്സിലാക്കിക്കൊണ്ട് അതിന് പകരം നിലവിലുള്ള തൃശ്ശൂർ—ഗുരുവായൂർ റോഡിന് അത്യാവശ്യം വേണ്ട പരിഷ്കരണം നടത്താനുള്ള തീരുമാനമാണ് ഇപ്പോൾ ഗവൺമെൻറ് എടുത്തിരിക്കുന്നത്. ബൈപാസ്സുകൾ തലശ്ശേരിയിൽ മാത്രമല്ലയുള്ളത്. പല ബൈപ്പാസ്സുകളും ഉണ്ട്. തലശ്ശേരി—മാഹി ബൈപ്പാസിന് കേന്ദ്രഗവൺമെൻറിൻേറ അനുവാദം ലഭിക്കേണ്ടതായിട്ടുണ്ട്. അത് താമസിയാതെ ലഭിക്കുമെന്ന് പ്രതീക്ഷിക്കുകയാണ്. അതുപോലെ കോഴിക്കോട്, തൃശ്ശൂർ, ചാലക്കുടി, കൊച്ചി, ആലപ്പുഴ, കൊല്ലം തുടങ്ങി പല ബൈപ്പാസ്സുകളുണ്ട്. അത് വിവിധ സ്റേറജുകളിൽ ഇരിക്കുകയാണ്. അതിൽ ചിലതിനെല്ലാം കേന്ദ്രഗവൺമെൻറിൽനിന്ന് സ്ഥലം അക്വയർ ചെയ്യുന്നതിനുള്ള പെർമിഷൻ കിട്ടണം. ചിലതിനെല്ലാം പെർമിഷൻ കിട്ടിയിട്ടുണ്ടെങ്കിലും ആവശ്യമായ ഫണ്ട് കിട്ടിയിട്ടില്ല. അതുകൊണ്ട് ഇതെല്ലാം വിവിധ സ്റേറജുകളിൽ കിടക്കുകയാണ്. ഹിൽഹൈവേ റോഡുകളെ സംബന്ധിച്ച് ഇവിടെ പറയുകയുണ്ടായി. മുൻപ് ഹിൽഹൈവേ എന്നുള്ള പരിപാടിയുണ്ടായിരുന്നു. ഏകദേശം 500 കോടിയിൽ പരം

LIBRARY ARCHIVES Kerala Legislative Assembly

രൂപ ചെലവ് വരുന്ന ഒരു പദ്ധതിയാണ് ഇത്. ഫോറസ്റ്റ് ഭൂമിയിൽ കൂടി പോകുന്ന ഒരു റോഡ് എന്നുള്ള നിലയിൽ പിന്നീടുണ്ടായ ഇന്ത്യാ ഗവൺമെൻറിന്റെ ഫോറസ്റ്റ് നിയമപ്രകാരം ഇത് പ്രായോഗികമല്ലായെന്ന് മനസ്സിലാക്കിയതുകൊണ്ടും വലിയ സാമ്പത്തിക ബാദ്ധ്യത ഉള്ളതുകൊണ്ടും ഗവൺമെൻറ് ഈ സ്കീം വേണ്ടായെന്ന് വയ്ക്കുകയും അതിനു പകരം ഹിൽഹൈവേ ലിങ്ക് റോഡുണ്ടാക്കാനുള്ള പരിപാടി ആവിഷ്കരിക്കുകയും ചെയ്തിരിക്കുകയാണ്. മലയോര പ്രദേശവുമായി ടൗണിനെ സംബന്ധിപ്പിക്കുന്ന ലിങ്ക് റോഡുകൾ ഉണ്ടാക്കുക എന്നുള്ള പദ്ധതിയാണ് ഗവൺമെൻറ് ആവിഷ്കരിച്ചിട്ടുള്ളത്. ഇതിന്റെ പ്ലാൻ തയ്യാറാക്കാൻ നാറ്റ്പാക്കിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. നാറ്റ്പാക്കിന്റെ റിപ്പോർട്ട് കിട്ടിക്കഴിഞ്ഞാൽ വേൾഡ് ബാങ്കിന്റെ സഹായത്തോടുകൂടി ഈ പ്രവർത്തനം ആരംഭിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. നമ്മുടെ ഗ്രാമീണ റോഡുകളുടെ ഒരു ജില്ലാതല മാസ്റ്റർ പ്ലാനിന്റെ ലിസ്റ്റ് തയ്യാറാക്കിവരുന്നുണ്ട്. 11 ജില്ലകളുടെ പ്ലാൻ തയ്യാറാക്കി നാറ്റ്പാക്കിനെ ഏൽപ്പിച്ചിരിക്കുകയാണ്. മറ്റു 3 ജില്ലകളുടെയുംകൂടി മാസ്റ്റർ പ്ലാൻ തയ്യാറാക്കി നാറ്റ്പാക്കിന് കൊടുക്കുന്നതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ ലോകബാങ്കിന്റെ സഹായം ഇതിനും ലഭിക്കുമോ എന്നുള്ള പരിശോധന നടത്തിയശേഷം ഗ്രാമീണറോഡുകളുടെ ഉദ്ധാരണത്തിനുള്ള പ്രവർത്തനം ഗവൺമെൻറ് ആരംഭിക്കുന്നതാണ്. ഇവിടെ കോഡ് റിവൈസ് ചെയ്യുന്നതിനെക്കുറിച്ച് പറഞ്ഞു. ഇതിനു മുൻപ് ചീഫ് എഞ്ചിനീയർമാർ അടങ്ങിയ ഒരു കമ്മിറ്റി ഉണ്ടായിരുന്നു. ആ കമ്മിറ്റി അതിന്റെ റിപ്പോർട്ട് ഫൈനൽ സ്റ്റേജിൽ സമർപ്പിച്ചിട്ടുണ്ട്. അത് എത്രയും വേഗം പബ്ലിഷു ചെയ്യാൻ സാധിക്കുമെന്നാണ് വിചാരിക്കുന്നത്. മറ്റൊരു കാര്യം ഷെഡ്യൂളുകൾ മാറ്റുന്നതിനെ സംബന്ധിച്ചുള്ളതാണ്. അടുത്ത കാലത്തുതന്നെ ഷെഡ്യൂളുകൾ മാറ്റാൻ സാധിക്കും. ഷെഡ്യൂൾ മാറ്റണം. അരിയേഴ്സ് കൊടുക്കണം. എന്നീ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് ശ്രീ. ഹസ്സന്റെ യൂണിയൻ സമരം ചെയ്യുന്നതിനെപ്പറ്റി ഇവിടെ സൂചിപ്പിച്ചു. അരിയേഴ്സ് ഇനി 9 കോടി രൂപയെ ബാക്കിയുള്ളൂ. അതുകൊണ്ട് ഈ പണിമുടക്ക് ഒരു സൂചനാ പണിമുടക്കായിരിക്കുമെന്നാണ് ഞാൻ വിചാരിക്കുന്നത്.

ഇവിടത്തെ കൺസ്ട്രക്ഷൻ കോർപ്പറേഷനെക്കുറിച്ച് പറഞ്ഞു. നമ്മുടെ കൺസ്ട്രക്ഷൻ കോർപ്പറേഷന് യു.പി. കൺസ്ട്രക്ഷൻ കോർപ്പറേഷനെപ്പോലെ നല്ലപേര് സമ്പാദിക്കാൻ കഴിഞ്ഞിട്ടില്ല. അതിന് ആരെയും കുറ്റം പറഞ്ഞിട്ട് കാര്യമില്ല.

ശ്രീമതി കെ.ആർ. ഗൗരി: സർ, ഞാൻ 1948 മുതൽ ആവശ്യപ്പെടുന്ന കാര്യമാണ് പള്ളിത്തോട് പാലം. കഴിഞ്ഞ നിയമസഭയിൽ പൂർത്തിയാക്കാമെന്ന് എനിക്കുറപ്പു തന്നിരുന്നു. ബഡ്ജറ്റിൽ അതിന് 10,000 രൂപ വകകൊള്ളിച്ചിട്ടുണ്ടായിരുന്നു. 6 മാസം കഴിഞ്ഞിട്ടും ഇതുവരെ അതിന്റെ എസ്റ്റിമേറ്റ് എടുത്തിട്ടില്ല, ടെൻഡറുമായിട്ടില്ല. അത് വേഗമൊന്ന് പൂർത്തിയാക്കിതരാൻ കഴിയുമോ?

ശ്രീ. കെ. അവുക്കാദർകുട്ടിനഹ: ഇന്നലെ ഇതിനെക്കുറിച്ച് ഡിസ്കസ് ചെയ്തപ്പോൾ ഗൗരിയമ്മയുടെ നാടായതുകൊണ്ട് എനിക്ക് അത് ഓർമ്മ വന്നു. അതുകൊണ്ട് വേഗം അതിന്റെ എസ്റ്റിമേറ്റ് എടുത്തയക്കാൻ പറഞ്ഞിട്ടുണ്ട്. കേരള കൺസ്ട്രക്ഷൻ കോർപ്പറേഷൻ

LIBRARY ARCHIVES Kerala Legislative Assembly

കുറെയധികം വർക്കുകൾ ഇവിടെ നല്ലനിലയിൽ ചെയ്തിട്ടുണ്ട്. ചില പ്രവൃത്തികൾ അവർക്ക് ചെയ്യാൻ കഴിയാത്തതുകൊണ്ട് നല്ലവശം മറന്നു കൊണ്ട് അവരെ കുറ്റം പറയുന്ന ഒരു സ്ഥിതിയാണ് ഇന്നുള്ളത്. പെരുമ്പാവൂർ വിമെൻസ് ഹോസ്റ്റൽ, വടക്കൻ പറവൂർ മുനിസിപ്പൽ റസ്റ്റാറന്റ്, കോഴിക്കോട് മെഡിക്കൽ കോളേജിൽ നേഴ്സസ് ഹോസ്റ്റൽ ഇവയെല്ലാം അവർ ഈ കാലയളവിൽ ചെയ്ത പ്രധാനപ്പെട്ട ജോലികളാണ്. അവർ ഈ പണികളെല്ലാം പൂർത്തിയാക്കേണ്ട കാലാവധിക്കുമുൻപ് തന്നെ പൂർത്തിയാക്കുകയും ബോണസ് വാങ്ങുകയും ചെയ്തിട്ടുണ്ട്. പക്ഷേ നെടുമുടി പള്ളാത്തുരുത്തി പാലത്തിനു വേണ്ടത്ര പുരോഗതിയുണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. എന്നാൽ അതിനാവശ്യമായ തീരുമാനം പുതിയ ഫിനാൻസ് മന്ത്രിവന്നതോടുകൂടി എടുത്തിട്ടുണ്ട്. വരുന്ന മാർച്ച് 31-ാം തീയതിയ്ക്കകം ഈ പാലത്തിന്റെ പണി പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. അതോടൊപ്പം തന്നെ നല്ല പ്രവർത്തനങ്ങൾ പ്രതീക്ഷിച്ചു കൊണ്ട് നമ്മൾ കെട്ടാൻ പോകുന്ന ലെജിസ്ലേച്ചർ കോംപ്ലക്സിന്റെ പണിയും അവരെ ഏൽപ്പിക്കാനുള്ള നിർദ്ദേശമാണ് ഇപ്പോൾ ഗവൺമെന്റിനുള്ളത്. യു.പി. കൺസ്ട്രക്ഷൻ കോർപ്പറേഷനെപ്പോലെ കേരളാ കൺസ്ട്രക്ഷൻ കോർപ്പറേഷനെ ആക്കിത്തീർക്കണമെന്നാണ് നമ്മുടെ ആഗ്രഹം. ആ ആഗ്രഹം സഫലീകരിക്കും എന്നുള്ള നിലയിൽ മുന്നോട്ട് പോകേണ്ടതുണ്ട്. അവരും അതിനനുയോജ്യമായി പ്രവർത്തിക്കുമെന്നാണ് എന്റെ വിശ്വാസം.

സർ, ഇവിടെ ശ്രീ. തങ്കപ്പൻ പറഞ്ഞു, അദ്ദേഹത്തിന്റെ നിയോജകമണ്ഡലത്തിലെ ഇരുപതുറോഡുകളുടേയും ആറു പാലങ്ങളുടേയും പണി ഉടനെ എടുക്കണമെന്ന്. ബഡ്ജറ്റിൽപ്പെട്ട അയ്യായിരത്തോളം റോഡുകൾ ഉണ്ട്. മറ്റെല്ലാ എം.എൽ.എ. മാർക്കും സംസാരിക്കാൻ കഴിയാത്തതുകൊണ്ട് ഓരോ മെമ്പർമാർക്കും ഇവിടെ പറയാൻ കഴിഞ്ഞില്ല. ഇത്രയും വേഗം ഇരുപതുറോഡുകളുടെയും ആറു പാലങ്ങളുടേയും പണി എടുക്കുകയെന്നുള്ളത് പ്രായോഗികമല്ലായെന്ന് അദ്ദേഹത്തിന് അറിയാമെങ്കിലും ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരാൻവേണ്ടി പറഞ്ഞതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്.

സിറ്റിക്കകത്തുള്ള റോഡുകളെക്കുറിച്ച് ഇവിടെ പലരും പറയുകയുണ്ടായി.

ശ്രീ. എം.വി. രാഘവൻ: സർ, എം.എൽ.എ. റോഡുകളെന്നു പറഞ്ഞ് നിർമ്മാണത്തിലിരിക്കുകയും അല്ലെങ്കിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ട് ടെണ്ടർ കൊടുക്കാതിരിക്കുകയും ചെയ്യുന്ന റോഡുകൾ ടെണ്ടർ കൊടുത്തതുതന്നെ പ്രവർത്തിയെടുക്കേണ്ട, കാശ് കിട്ടില്ല എന്നൊക്കെ ചില എഞ്ചിനീയർമാർ കോൺട്രാക്ടർമാരോട് പറഞ്ഞ് പ്രവൃത്തി നിശ്ചലമായി നിൽക്കുന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; അതിനെക്കുറിച്ച് എന്താണ് പറയാനുള്ളത്?

ശ്രീ. കെ. അവുക്കാദർകുട്ടി നഹ: അങ്ങനെയുള്ള എഞ്ചിനീയർമാരുടെ പേര് ശ്രദ്ധയിൽ പെടുത്തിയാൽ നടപടിയെടുക്കുന്നതാണ്. ഇവിടെ സിറ്റിയിലെ എല്ലാ റോഡുകളും ഗതാഗതയോഗ്യമല്ല എന്നു ചില ബഹുമാനപ്പെട്ട മെമ്പർമാർ പറയുകയുണ്ടായി. സിറ്റിയിലെ എല്ലാ

LIBRARY ARCHIVES Kerala Legislative Assembly

റോഡുകളും പി. ഡബ്ലിയു. ഡി. റോഡുകളല്ല. ഇവിടെ കോർപ്പറേഷൻ റോഡുകളുണ്ട്. അതുകൊണ്ട് പി.ഡബ്ലിയു.ഡി. റോഡാണെങ്കിൽ അതിനെക്കുറിച്ച് പ്രത്യേകം പറഞ്ഞാൽ അത് ആലോചിക്കാം. പണിയെടുത്താൽ പണം കിട്ടാൻ താമസിക്കുന്നതുകൊണ്ടാണ് വിഷമമെന്നു പറഞ്ഞത്. ഇപ്പോഴം അങ്ങനെ താമസമില്ല. കഴിഞ്ഞ മാർച്ച് 31—ാം തീയതിവരെയുള്ള പണം കൊടുത്തുകഴിഞ്ഞു. ഇനി ഒമ്പത് കോടി രൂപയേ കൊടുക്കാനുള്ളൂ. പണം കിട്ടാത്തതുകൊണ്ട് വർക്കെടുക്കാൻ സാദ്ധ്യമല്ലായെന്നുള്ള ചിന്താഗതി ഇനിമേൽ കോൺട്രാക്ടർമാർക്കു ഉണ്ടാകുകയില്ലെന്നാണ് എന്റെ വിശ്വാസം.

ഇവിടെ മാതൃഭൂമി പത്രത്തിൽ ചില ആക്ഷേപങ്ങളം വന്നതിനെക്കുറിച്ച് പറയുകയുണ്ടായി. ഏതോ ഒരു വാർത്ത കാണിച്ചുകൊണ്ട് ഇരുപത്തയ്യായിരം രൂപയുടെ ചെക്കോ ഡ്രാഫ്റ്റോ ഞാൻ വാങ്ങുന്നതായിട്ടാണ് ഇവിടെ പറഞ്ഞത്. അതുപോലെ എഴുപതോ എഴുപത്തഞ്ചോ ലക്ഷം രൂപ പാർട്ടിക്ക് പണമുണ്ടാക്കാൻവേണ്ടി വാങ്ങിയതായും പറഞ്ഞു. മാതൃഭൂമി പത്രമല്ലാതെ വേറൊരു പത്രവും ഇങ്ങനെ എഴുതുകയില്ല. മാതൃഭൂമിപത്രം ഇനിയും ഞങ്ങളെക്കുറിച്ച് എഴുതും. അതുകൊണ്ട് ഞങ്ങളം അതിന് യാതൊരു വിലയും കൽപ്പിക്കുന്നില്ലായെന്നു മാത്രമേ എനിക്ക് പറയാനുള്ളൂ. വേറൊരുപത്രവും അങ്ങനെ എഴുതിയിട്ടില്ല. മാതൃഭൂമി പത്രം കുറച്ചുകാലമായി ഞങ്ങളെക്കുറിച്ച് എഴുതുന്നുണ്ട്. അതിൽ യാഥാർത്ഥ്യത്തിന്റെ കണികപോലും കാണുകില്ല.....(ബഹളം).....

ശ്രീ. പി. സ്വീതിഹാജി: മാതൃഭൂമി പത്രത്തിൽ വന്ന ഫോട്ടോ തൃശ്ശൂർ ജില്ലയിലെ എം.എസ്.എഫ്. ന്റെ സോവനീർ ഉൽഘാടനം ചെയ്ത അതിന്റെ സംഭാവന വാങ്ങിയതായിരുന്നില്ലേ?

ശ്രീ. കെ. അവുക്കാദർകുട്ടി നഹ: സർ, അത് ഫോട്ടോയുടെ അടിയിൽ എഴുതിയിരിക്കുന്നത് വായിച്ചാൽ മനസ്സിലാകും. ഇവിടെ പറയുകയുണ്ടായി എം.എൽ.എ. മാരുടെ സൗകര്യത്തിനുവേണ്ടിയാണ് റീഓർഗനൈസേഷനെന്ന്. റീഓർഗനൈസേഷൻകൊണ്ട് എം.എൽ.എ. മാർക്ക് എന്ത് സൗകര്യമാണുള്ളത്? നമ്മുടെ താൽപര്യത്തിന്നു റീ ഓർഗനൈസേഷൻ വഴി റോഡുകളും, ബിൽഡിംങ്ങുകളും പ്രത്യേകവിങ്ങാക്കി സുഗമമാക്കി പ്രവർത്തനം നടത്തണമെന്നുള്ള ഉദ്ദേശത്തിലാണ്.

എൻ. ആർ. ഇ. പി., ആർ. എൽ. ഇ. ജി. പി. റോഡുകളൊക്കെ പി.ഡബ്ലിയു.ഡി. ഏറെറടുക്കുന്നകാര്യം ഇവിടെ പറഞ്ഞു. അതുപോലെ പല പാലങ്ങളെക്കുറിച്ച് പറഞ്ഞതിൽ തകഴിപാലത്തിന്റെ കാര്യവുമുണ്ട്. സാമ്പത്തിക സ്ഥാപനങ്ങളിൽനിന്നും പണം കിട്ടാത്തതാണ് തകഴി പാലം തുടങ്ങാൻ സാധിക്കാത്തത്. വയനാട്ചുരം ഇടിഞ്ഞുവീണതിന്റെ പണി ഇതുവരെ പൂർത്തിയാക്കിയിട്ടില്ല. പൂർത്തിയാക്കിയഭാഗങ്ങളം വീണ്ടും ഇടിഞ്ഞുവീണു. മഴവരുമ്പോഴം ചുരം കുറേശ്ശെ ഇടിയും. അത് നന്നാക്കിക്കൊണ്ടിരിക്കുന്നു. അതുപോലെ അതിന് ബദലായ റോഡുകളിൽ ഒരു റോഡ് നന്നാക്കി ഓപ്പൺചെയ്തു, മററ് റോഡുകളുടെ ഇൻവെസ്റ്റിഗേഷൻ നടക്കുകയാണ്, ചിലത് നടക്കാനുണ്ട്. അതുകൊണ്ട് ഇവിടെ പറഞ്ഞ ആക്ഷേപങ്ങളൊന്നും നിലനിൽക്കുന്നതല്ല. എം.എൽ.എ. മാർക്ക് എന്തെങ്കിലും പറയണമല്ലോ അതുകൊണ്ട് പറഞ്ഞുവെന്നല്ലാതെ എം.എൽ.എ. റോഡിന്റെ കാര്യത്തിൽ മലപ്പുറത്തിന് യാതൊരു പ്രത്യേകതയും കൊടുത്തിട്ടില്ലായെന്ന് ഞാൻ അസന്ദിഗ്ദ്ധമായി പ്രഖ്യാപിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

കാരണം രണ്ടു റോഡുകളും വീതമേ മലപ്പുറത്തു കൊടുത്തിട്ടുള്ളൂ. മൂന്നു റോഡുകളും കൊടുത്തിട്ടില്ല. അതുപോലെ ഈ സംഖ്യ മാറിവരും. അടുത്ത അസംബ്ലിയിൽ ചോദിച്ചാൽ അന്ന് വേറെ സംഖ്യയായിരിക്കും. അന്നും മലപ്പുറത്ത് രണ്ടുറോഡുകളേ കാണുകയുള്ളുവെങ്കിലും സംഖ്യ വേറെയായിരിക്കും. ഇത് വേരിചെയ്യുന്ന സംഖ്യയാണ്.

ശ്രീ. സി.പി. മൂസ്സാൻകുട്ടി: സർ, എം.എൽ.എ. റോഡിൽപ്പെട്ട വരഡൂർ പാലത്തിന്റെ കാര്യം ഇവിടെ സബ്മിഷനു മുമ്പ് പറഞ്ഞിട്ടുള്ളതാണ്. അന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു, അതിന്റെ പണി ഉടനെ തുടങ്ങുമെന്ന്. എന്നാൽ ഇതുവരെ തുടങ്ങിയിട്ടില്ല. അതു തുടങ്ങാനുള്ള നടപടിയെടുക്കുമോ?

ശ്രീ. കെ. അവുക്കാദർകുട്ടി നഹ: അതിന്റെ പണി താമസിയാതെ തുടങ്ങുന്നതാണ്. എം.എൽ.എ. റോഡുകളിൽത്തന്നെ പല റീച്ചുകളായി നടക്കുന്ന റോഡുകളുമുണ്ട്. ഒരു റീച്ചുകൊണ്ടുമാത്രം തീരുന്ന റോഡുകളുമുണ്ട്. ചില എം.എൽ.എ. മാരുടെ റോഡുകളിൽ രണ്ടെണ്ണത്തിന്റെ പണി പതിനഞ്ചുലക്ഷം രൂപകൊണ്ട് പൂർത്തിയായി. ചില എം.എൽ.എ. റോഡിന് ഒന്നിനു തന്നെ ഒന്നേകാൽകോടി രൂപയാകും. അങ്ങനെ പല റോഡുകളുണ്ട്. അങ്ങനെയുള്ള റോഡുണ്ടാകും, അതിന് പാലങ്ങളുമുണ്ടാകും, ചെറിയ റീച്ചുകളായിരിക്കുകയും വേണം. ഇരുപതു ലക്ഷത്തിന്റെ ഓരോ റീച്ചുകളായിട്ടാണ് എടുക്കാൻ തീരുമാനം. ഈ പാലത്തിന്റെ പണിയും അതിൽ ഉൾപ്പെടുത്തുമെന്നതിൽ ആർക്കും ആശങ്ക വേണ്ട. അതുകൊണ്ട് ഈ സംഖ്യ അനുവദിച്ചുതരണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ധനകാര്യവകുപ്പുമന്ത്രി: (ശ്രീ. തച്ചടി പ്രഭാകരൻ): സർ, ഈ സഭയിലെ പ്രതിപക്ഷത്തുനിന്നും ഭരണപക്ഷത്തുനിന്നും നമ്മുടെ സാമ്പത്തിക വരുമാനം വർദ്ധിപ്പിക്കുന്നതിനും വിഭവസമാഹരണത്തിനും വേണ്ടി നിരവധി നിർദ്ദേശങ്ങളാണ് മുന്നോട്ടു വച്ചിട്ടുണ്ട്. അതിന് ഭരണകക്ഷിയിലെയും പ്രതിപക്ഷത്തെയും അംഗങ്ങളെ ഞാൻ ആദ്യമായി അഭിനന്ദിക്കുന്നു. ഇന്നിവിടെ സെയിൽസ്ടാക്സിന്റെയും അഗ്രിക്കൾച്ചറൽ ഇൻകംടാക്സിന്റെയും ചർച്ചകളാണ് നടന്നത്. നമ്മുടെ സംസ്ഥാനത്തിന്റെ വരുമാനത്തിന്റെ 759.51 കോടി രൂപ നികുതി വരുമാനമായി എന്റെ മുൻഗാമിയായ ശ്രീ. കെ.എം. മാണി ഇവിടെ ബഡ്ജറ്റിൽ അവതരിപ്പിക്കുകയുണ്ടായി. നികുതിയേതര വരുമാനമായി 659.37 കോടി രൂപയും ചേർത്ത് മൊത്തം 1410.88 കോടി രൂപയാണ് നമ്മുടെ വരുമാനം. ആ വരുമാനത്തിൽ നികുതിയിനത്തിൽ കിട്ടുന്നത് സെയിൽസ്ടാക്സ് ഇനത്തിലും അഗ്രിക്കൾച്ചറൽ ഇൻകംടാക്സ് ഇനത്തിലുമാണ്. ഇവിടെ പലരും പറഞ്ഞതുപോലെയുള്ള സംശയവും ആക്കാര്യത്തിലുണ്ട്. 473 കോടി രൂപ കഴിഞ്ഞ വർഷം ഈ ഇനത്തിലുമുണ്ട്. 450 കോടി രൂപ സെയിൽസ്ടാക്സ് ഇനത്തിലും ഇരുപത്തിരണ്ടുകോടി രൂപ അഗ്രിക്കൾച്ചറൽ ഇൻകംടാക്സ് ഇനത്തിലും പ്രതീക്ഷിക്കുകയുണ്ടായി. കഴിഞ്ഞ വർഷവുമായി തുലനം ചെയ്യുന്നു മാത്രമല്ല ഇതിന്റെ വ്യത്യാസം 79 കോടി രൂപ നിശ്ചയിച്ചതിനെ കൂടുതലായി പിരിച്ചെടുക്കാൻ കഴിഞ്ഞവർഷം കഴിഞ്ഞുവെന്നുള്ളത് ശ്രദ്ധിക്കേണ്ടതായ കാര്യമാണ്. പക്ഷേ ഞാൻ ധനകാര്യവകുപ്പ് ഏറ്റെടുത്തതിനുശേഷം സെയിൽസ്ടാക്സിലെയും അഗ്രിക്കൾച്ചറൽ ഇൻകംടാക്സിന്റെയും ഉദ്യോഗസ്ഥന്മാരെ വിളിച്ചുവരുത്തി ചില പരിപാടികൾ

LIBRARY ARCHIVES Kerala Legislative Assembly

നിശ്ചയിച്ചു. ധനകാര്യമന്ത്രിയെന്നുള്ള നിലയിൽ വലിയ പരിചയമൊന്നുമില്ലെങ്കിലും വിവേങ്ങം കുറെക്കൂടി സമാഹരിക്കാൻ പറ്റിയ ഒരു സംസ്ഥാനമാണ് കേരളം എന്നുള്ള കാര്യത്തിൽ എനിക്ക് യാതൊരു അഭിപ്രായവ്യത്യാസവുമില്ല. അതുകൊണ്ട് ഞാൻ ഉദ്യോഗസ്ഥൻമാരെ വിളിച്ച് ചർച്ചചെയ്തു, ഇവിടെ പുതിയ നികുതി ഈടാക്കുകയെന്നുള്ളത് കേരളത്തെ സംബന്ധിച്ചിടത്തോളം ബുദ്ധിമുട്ടുള്ള കാര്യമാണ്. അത്രയേറെ നികുതിഭാരം ഇന്ന് ജനങ്ങൾ അനുഭവിക്കുന്നുവെന്നുള്ളതിൽ ഞങ്ങൾക്ക് സംശയമില്ല. പക്ഷേ ചുമത്തപ്പെട്ട നികുതികൾ മുഴുവനും പിരിച്ചെടുക്കാനുള്ള നടപടികൾ സ്വീകരിച്ചേ മതിയാകൂ എന്ന് ഞാൻ കർശനമായി ഉദ്യോഗസ്ഥൻമാർക്ക് നിർദ്ദേശം കൊടുത്തിരിക്കുകയാണ്. ചുമത്തപ്പെട്ട നികുതികൾ എങ്ങനെയെല്ലാം പിരിച്ചെടുക്കാതിരിക്കുന്നുവെന്നുള്ളതിനെക്കുറിച്ച് പഠനം നടത്തണം.

നികുതിവെട്ടിപ്പിന്റെ ഒരു പ്രധാന മാർഗ്ഗം നമ്മുടെ ചെക്ക് പോസ്റ്റുകളാണ്. പ്രധാനമായും നാലുചെക്കു പോസ്റ്റുകളിൽക്കൂടിയാണ് വാഹനങ്ങൾ അങ്ങോട്ടുമിങ്ങോട്ടും പോകുന്നത്. അമരവിള, ആര്യങ്കാവ്, വാളയാർ, മഞ്ചേശ്വരം എന്നിവയാണ് പ്രധാനപ്പെട്ട നാലു ചെക്ക് പോസ്റ്റുകൾ. ഈ നാലു ചെക്ക് പോസ്റ്റുകളാണ് വരുമാനത്തിന്റെ മാർഗ്ഗവും, പരിശോധന നടത്തേണ്ടതും.

സർ, നമ്മുടെ ചെക്ക് പോസ്റ്റുകളുടെ സ്ഥിതി വളരെ ദയനീയമാണ്. ഒരു സെയിൽസ് ടാക്സ് ഇൻസ്പെക്ടറും, ഒരു ക്ലാർക്കും, ഒരു പ്യൂണുംകൂടിയാണ് അതു പരിശോധിക്കുന്നത്. അവർ സ്വീകരിച്ചിട്ടുള്ള നടപടി ഇങ്ങോട്ടുവരുന്ന ലോറികൾ പിടിക്കുകയും അങ്ങോട്ടു പോകുന്ന ലോറികൾ പരിശോധിക്കുകയും ചെയ്യുകയെന്നതാണ്. ഇവിടെ ആരോ സൂചിപ്പിച്ചതുപോലെ 55% സെയിൽസ് ടാക്സുള്ള സ്പിരിറ്റ് കൊണ്ടുവരുന്ന ഒരു ലോറി നമ്മളെ വെട്ടിച്ച് വന്നു കഴിഞ്ഞാൽ 2 ലക്ഷം രൂപവരെയാണ് ടാക്സ് ഇനത്തിൽ നമുക്ക് നഷ്ടമാകുന്നത്. നികുതി കൊടുക്കാതെ ഒരൊറ്റ ലോറിയും കേരളത്തിന്റെ ചെക്കുപോസ്റ്റുകളിലൂടെ കടക്കാതിരിക്കുന്നതിന് ശക്തമായ നടപടി സ്വീകരിക്കണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ട്.

ശ്രീ. ബേബിജോൺ: വെറുതെ നടപടിയെന്നു പറഞ്ഞാൽ പോരാ, എന്തൊക്കെ നടപടിയാണെന്നു പറയണം.

ശ്രീ. തച്ചടി പ്രഭാകരൻ: സർ, വളരെ ശക്തമായ നടപടിയാണ് സ്വീകരിച്ചിരിക്കുന്നത്. നമ്മുടെ കുടിശ്ശിക പിരിക്കാൻവേണ്ടി 9 അസിസ്റ്റന്റ് കമ്മീഷണർമാരുടെയും, 32 സെയിൽസ്ടാക്സ് ഓഫീസർമാരുടെയും തസ്തികകൾ കൂടുതലായി സൃഷ്ടിക്കും. നാലഞ്ച് വിജിലൻസ് സ്ക്വാഡുകൾ വളരെ സത്യസന്ധരായ ഉദ്യോഗസ്ഥൻമാരെവച്ച് ശക്തമാക്കാനും, അവർക്ക് ആവശ്യമായ പോലീസ് സഹായം കൊടുക്കാനും നടപടി സ്വീകരിക്കും. അങ്ങനെ നികുതി കള്ളക്കടത്ത് നിർത്തലാക്കുന്നതാണ്. സർ, ഞാൻ ഒരു ചെറിയ ഉദാഹരണം പറയാം. സഭ വളരെ ശ്രദ്ധിച്ചു കേൾക്കേണ്ടതാണ്. നമ്മുടെ വിജിലൻസ് സ്ക്വാഡ് വളരെ പ്രധാനപ്പെട്ട ഒരു ചെക്ക് പോസ്റ്റിൽ പോയി. ഒരു മണിക്കൂർ അവിടത്തെ ഒരു ക്ലാർക്കിനെ കാണാനില്ലായിരുന്നു. അദ്ദേഹം നേരേ തമിഴ്നാട്ടിൽ പോയി. ഏഴെട്ട് കിലോമീറ്റർ ദൂരെ ചെന്ന് തമിഴ്നാട്ടിൽ നിന്നും ഒരൊറ്റ ലോറിയും ഇങ്ങോട്ടു വരരുതെന്നും ഇവിടെ വിജിലൻസ്

LIBRARY ARCHIVES Kerala Legislative Assembly

സ്കാഡ് വന്നിട്ടുണ്ടെന്നും പറഞ്ഞു. വിജിലൻസ് സ്കാഡ് ആറ് മണിക്കൂർ അവിടെ കാത്തിരുന്നിട്ട് ഒരൊറ്റ ലോറിയും തമിഴ്നാട്ടിൽ നിന്ന് ഇങ്ങോട്ട് വന്നില്ല. പിന്നെ ഒരു മൂന്നു ദിവസം കഴിഞ്ഞ്-വിജിലൻസ് സ്കാഡ് വരുന്നില്ലെന്ന് പറഞ്ഞ് മാറിനിന്നു കഴിഞ്ഞപ്പോഴാ, ഇതേ ക്ലാർക്കുതന്നെ വിജിലൻസ് സ്കാഡ് പോയിരിക്കുമെന്ന് അറിയിക്കുകയും നൂറ്, നൂറ്റിയൻപത് ലോറികൾ ഒരുമിച്ച് വരാനുമിടയായി. അപ്പോൾ ഒളിച്ചിരുന്ന സ്കാഡ് നേരേ രംഗത്തു വരികയും ഈ ലോറികളെ പിടിക്കുകയും ചെയ്യുകയുണ്ടായി. ഇങ്ങനെ നമ്മുടെ രാജ്യത്തെ വരുമാനം നഷ്ടപ്പെടുന്നു. ആ ഉദ്യോഗസ്ഥനെ 24 മണിക്കൂറിനകം സസ്പെൻറ് ചെയ്തു. അയാളുടെ പേരിൽ പ്രോസിക്യൂട്ട് ചെയ്യാൻ വകുപ്പുണ്ടോയെന്ന് പരിശോധിച്ചുകൊണ്ടുള്ള ശക്തമായ നടപടി സ്വീകരിക്കാൻ ഗവൺമെൻറ് ആഗ്രഹിക്കുകയാണ്.

ശ്രീമതി കെ.ആർ. ഗൗരി: ആ ക്ലാർക്ക് ഒരു പാവം ക്ലാർക്കായിരിക്കും. അയാളെ അല്ലേ സസ്പെൻറ് ചെയ്തുള്ളു.

ശ്രീ. സി.ടി. അഹമ്മദാലി: സർ, സ്റ്റേറ്റിനകത്ത് ആവശ്യമില്ലാത്ത ചില ചെക്ക്പോസ്റ്റുകൾ ഇന്ന് നിലവിലുണ്ട്. അത് അബോളിഷ് ചെയ്ത് ആ ഉദ്യോഗസ്ഥൻമാരുടെ സേവനംകൂടി അതിർത്തിയിലെ ചെക്ക്പോസ്റ്റുകളിൽ പ്രയോജനപ്പെടുത്തുന്ന കാര്യം ബഹുമാനപ്പെട്ട മന്ത്രി പരിഗണിക്കുമോ?

ശ്രീ. തച്ചടി പ്രഭാകരൻ: പ്രത്യേകമായ എന്തെങ്കിലും പരാതിയുണ്ടെങ്കിൽ പരിശോധിക്കും. ചെക്ക് പോസ്റ്റുകൾ കർശനമാക്കിക്കൊണ്ട്, മൊബൈൽ സ്കാഡുകളിൽ കൂടുതൽ സത്യസന്ധരായ ഉദ്യോഗസ്ഥൻമാരെ നിയമിച്ച് അത് ശക്തമാക്കിക്കൊണ്ട് പിരിവ് സമാഹരിക്കുകയെന്നുള്ളതാണ് മറ്റൊരു കാര്യം. ഉദ്യോഗസ്ഥൻമാരുമായി ചർച്ച ചെയ്തപ്പോൾ നമ്മുടെ സംസ്ഥാനത്ത് 473 കോടി രൂപ സമാഹരിക്കുന്നുണ്ടെങ്കിലും കമോഡിറ്റിവൈസായിട്ട് എത്ര ടാക്സ് കിട്ടുമെന്നുള്ളതിൻെറ കണക്ക് സെയിൽസ് ടാക്സ് ഡിപ്പാർട്ടുമെൻറിലില്ലെന്ന് മനസ്സിലായി. ഏലത്തിന് എത്ര കിട്ടുന്നു; റബ്ബറിന് എത്ര കിട്ടുന്നു; പെട്രോളിന് എത്ര കിട്ടുന്നു എന്നതിനെ സംബന്ധിച്ചിടത്തോളം ഒരു കണക്ക് രണ്ടാഴ്ചയ്ക്കകം എല്ലാ ഡെപ്യൂട്ടി കമ്മീഷണർമാരും തരണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. അപ്പോൾ ഏതെങ്കിലുമൊരു വിഭാഗത്തെ നമ്മുടെ നികുതിപിരിവിൽനിന്ന് ഒഴിവാക്കിയിട്ടുണ്ടോയെന്നു പരിശോധിക്കേണ്ടതാണ്. ഒരു പ്രത്യേക കണക്കുണ്ടെങ്കിൽ മാത്രമേ അത് സാദ്ധ്യമാകുകയുള്ളുവെന്നതുകൊണ്ട് രണ്ടാഴ്ചയ്ക്കകം ആ കണക്കുകൾ ശേഖരിച്ചു കഴിഞ്ഞാൽ, എവിടെയെല്ലാം നികുതി പിരിക്കുന്നതിന് തടസ്സമുണ്ടായിരിക്കുന്നുവെന്ന് പരിശോധിച്ച്, അവിടെ ശദ്ധ കേന്ദ്രീകരിച്ചുകൊണ്ട് സംസ്ഥാനത്തിന് വരുമാനമുണ്ടാക്കാനുള്ള മാർഗ്ഗങ്ങൾ ഞങ്ങളാലോചിക്കുന്നതാണ്. തീർച്ചയായും അത് സാധിക്കുമെന്നാണെൻെറ വിശ്വാസം. ഉദ്യോഗസ്ഥൻമാർ ഇന്ന് ടാർജറ് വച്ചിരിക്കുന്നതിലും ബഹുമാനപ്പെട്ട മുൻധനകാര്യമന്ത്രി 473 കോടി നിശ്ചയിച്ചിരുന്നതിൽനിന്ന് കൂടുതലായി ഒരു 100 കോടിയെങ്കിലും നികുതിയായി പിരിക്കണമെന്ന് ടാർജറ് കൊടുത്തിരിക്കുകയാണ്. ഉദ്യോഗസ്ഥൻമാർക്ക് ഇപ്പോൾ കിട്ടിയിരിക്കുന്നത് 100 കോടി എന്ന ടാർജറാണ്. ചിലപ്പോൾ അതിനേക്കാൾ കൂടുതൽ കിട്ടിയെന്നും വരും. എന്തായാലുംശരി അതിന് ദീർഘവീക്ഷണത്തോടുകൂടിയ ഒരു പരിവർത്തനം നടത്തണമെന്നുള്ളതുകൊണ്ടാണ് കമ്മോഡിറ്റി വൈസായിട്ടുള്ള സെയിൽസ്ടാക്സ് വേണമെന്ന് ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

സെയിൽസ്ടാക്സ് നിയമത്തിൽ ഫസ്റ്റ് ഷെഡ്യൂളിൽ 178 ഇനവും, സെക്കൻറ് ഷെഡ്യൂളിൽ, ഇൻറർസ്റ്റേറ്റ് ടാക്സിൽ 10 ഐറ്റവുമാണുള്ളത്. ചെറിയ പെട്ടിക്കച്ചവടക്കാരെ ശല്യപ്പെടുത്തുന്നുവെന്നുള്ള പരാതി ലഭിച്ചുകൊണ്ടിരിക്കുന്നുണ്ട്. യാതൊരു കാരണവശാലും ചെറിയ കച്ചവടക്കാരെ ശല്യപ്പെടുത്തുന്ന ഒരു നടപടിയും ഉണ്ടാവുകയില്ല. എന്നാൽ കാശ് പിരിക്കുന്ന പ്രശ്നവുമുണ്ട്. ചിലപ്പോൾ അൽപ്പം ശല്യപ്പെടുത്താതെ പറ്റുകയുമില്ല. കഴിയുന്നത്ര ചെറുകിട കച്ചവടക്കാരെ ഒഴിവാക്കുന്നതാണ്.

ശ്രീ. വി.ജെ. തങ്കപ്പൻ: ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്, ഉദ്യോഗസ്ഥൻമാരെക്കൊണ്ട് മാക്സിമം പിരിക്കാൻ ആത്മാർത്ഥമായി പരിശ്രമിക്കുന്നുവെന്നാണ്. അതിൻെറ അർത്ഥം, കഴിഞ്ഞ കുറെക്കാലം ഈ ഉദ്യോഗസ്ഥൻമാരെക്കൊണ്ട് കൃത്യമായി ടാക്സ് പിരിപ്പിച്ചില്ല എന്നല്ലേ?

ശ്രീ. തച്ചടി പ്രഭാകരൻ: സർ, അങ്ങനെയായിരുന്നെങ്കിൽ 79 കോടി രൂപ മിച്ചം വരുകില്ലായിരുന്നു. രാഷ്ട്രീയകക്ഷിക്കുവേണ്ടി കാശ് പിരിക്കുന്ന സമ്പ്രദായം പാടില്ലായെന്ന് ഞാൻ ഉദ്യോഗസ്ഥൻമാരോട് വ്യക്തമാക്കിയിട്ടുണ്ട്. എൻെറ പാർട്ടിയുടെ ആവശ്യത്തിനുവേണ്ടി കാശ് എങ്ങനെയുണ്ടാക്കുമെന്ന് ഞങ്ങളും അടുത്തകാലത്ത് തെളിയിച്ചു. എൻെറ പാർട്ടി 25 ലക്ഷം രൂപയുടെ ഒരു കെട്ടിടം തിരുവനന്തപുരത്തു വാങ്ങിയത് ഞാനടക്കമുള്ള കേരളത്തിലെ പതിനായിരക്കണക്കിന് കോൺഗ്രസ്സ് പ്രവർത്തകൻമാർ പ്രതിപക്ഷങ്ങളുൾപ്പെടെയുള്ളവരുടെ എല്ലാവീടുകളിലും കയറിയിറങ്ങി രണ്ടുരൂപാ വീതമുള്ള കൂപ്പൺ കൊടുത്തുകൊണ്ടാണ്. ഇങ്ങനെ 25 ലക്ഷം രൂപ ഉണ്ടാക്കാൻ കഴിയുമെങ്കിൽ, എൻെറ കീഴിലുള്ള ഉദ്യോഗസ്ഥൻമാരെക്കൊണ്ട് പാർട്ടിയുടെ ആവശ്യത്തിന് കാശ് പിരിച്ചു കഴിഞ്ഞാൽ, ഈ കുറച്ച് കാലയളവിലാണെങ്കിലും എനിക്ക് അവരെ നിയന്ത്രിക്കാൻ സാധിക്കാതെവരും. അതുകൊണ്ട് ശ്രീ. തങ്കപ്പൻ ഇവിടെ സൂചിപ്പിച്ചതുപോലെ സ്വതന്ത്രമായി ടാക്സ് പിരിക്കാൻ വേണ്ടിയുള്ള അനുകൂലമായ സാഹചര്യം അവർക്ക് ഉണ്ടാക്കിക്കൊടുക്കുന്നതാണ്. ഇവിടെ നെഗ്ളക്റ്റഡ് സെയിൽസ്ടാക്സ് ഇനങ്ങളുണ്ട്. അതേക്കുറിച്ച് ഒന്നുരണ്ടുകാര്യങ്ങളും പറഞ്ഞുകൊള്ളട്ടെ. ഒന്നാമത്, കേരളത്തിലെ ഏറ്റവും വലിയ പരമ്പരാഗത വ്യവസായമായ കയർവ്യവസായത്തിൽ, കയറിനും കയറുൽപ്പന്നങ്ങൾക്കും സെയിൽസ് ടാക്സ് എടുത്തുകളയുമെന്ന് നമ്മുടെ മുൻധനകാര്യമന്ത്രി ഈ സഭയിൽ സമ്മതിച്ചതായിരുന്നു. ഒടുവിൽ ഗവൺമെൻറ് ഉത്തരവ് വന്നപ്പോൾ എങ്ങനെയോ പിശകുപറ്റി കയർ യാണിനു മാത്രമാണ് നികുതി ഇളവ് ചെയ്തിരുന്നത്. അതുകൊണ്ട് വളരെ പരിമിതമായി മാത്രം സെയിൽസ് ടാക്സ് കിട്ടിക്കൊണ്ടിരുന്ന കയറിനും കയർ പ്രോഡക്ട്സിനും സെയിൽസ് ടാക്സ് ഇളവ് ചെയ്യണമെന്ന് ഗവൺമെൻറ് ആഗ്രഹിക്കുന്നു. അതുപോലെതന്നെ ശ്രീ. ബഷീർ ഇവിടെ സൂചിപ്പിക്കുകയുണ്ടായി, 1963 മുതൽ 1984 വരെ സെയിൽസ് ടാക്സില്ലായിരുന്ന വെറ്റിലക്ക് 1984 ആയപ്പോഴേക്കും സെയിൽസ് ടാക്സിൻെറ പട്ടികയിൽ ചേർത്ത്, സെയിൽസ് ടാക്സ് ഏർപ്പെടുത്തിയിരിക്കുന്നുവെന്ന്. വെറ്റിലക്കൃഷിക്കാരെന്നുപറഞ്ഞാൽ വളരെ പാവപ്പെട്ട കൃഷിക്കാരാണ്. അതുകൊണ്ട് വെറ്റിലക്കൃഷിക്കാരെ സെയിൽസ് ടാക്സിൽനിന്നും ഒഴിവാക്കണമെന്ന് ഗവൺമെൻറ് ആഗ്രഹിക്കുന്നു. അങ്ങനെയുള്ള 50 രൂപയുടെ സെയിൽസ് ടാക്സ് പിരിക്കുന്നതിന് 2 ലക്ഷം രൂപയുടെ എസ്റ്റാബ്ലിഷ്മെൻറ് എക്സ്പെൻഡിച്ചർ ഉണ്ടാ

LIBRARY ARCHIVES Kerala Legislative Assembly

കുമെങ്കിൽ ആ 50 രൂപാ ഓഫർ ഒഴിവാക്കുന്നതായിരിക്കും നല്ലതെന്നുള്ള നയമാണ് ഗവൺമെൻറ് എടുത്തിട്ടുള്ളത്. അതുപോലെ തന്നെ ശ്രീ. കെ.കെ. തോമസ്, ഏലം കൃഷിക്കാരുടെ ടാക്സിനെ സംബന്ധിച്ച് പറഞ്ഞു. ഒരു കമ്മീഷനെവച്ച് പരിശോധിച്ചതിനുശേഷം ആവശ്യമായ തീരുമാനമെടുക്കുന്നതാണെന്ന് എൻറെ മുൻഗാമി ഈ സഭയിൽ പറഞ്ഞു. ഉടൻതന്നെ ഒരു കമ്മീഷനെ നിയമിച്ച് പരിശോധന നടത്തി, ഏലം കർഷകർക്ക് എത്രത്തോളം ആശ്വാസം നൽകാമെന്ന് കണ്ടുപിടിക്കുന്നതാണ്. ശ്രീ. വി.വി. ജോസഫ് പറഞ്ഞ ഒരു നിർദ്ദേശം ഗവൺമെൻറിൻെറ പരിഗണനയിലിരിക്കുന്നു.

ശ്രീ. എം. ജിനദേവൻ: സർ, മുൻ ധനകാര്യമന്ത്രിയുടെ ബഡ്ജറ്റ് പ്രസംഗത്തിൽ കാർഷികാദായ നികുതി പിരിക്കുന്നതിൽ, നികുതിദായകർക്ക് ഇന്നുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കാനും കൂടുതൽ നികുതി ഈടാക്കാനും സാധിക്കത്തക്കവിധത്തിൽ, ഇന്നുള്ള നികുതി ഘടന മാറ്റി കാമ്പൗണ്ടിംഗ് സിസ്റ്റമാക്കുന്നതിനെക്കുറിച്ച് പരിഗണിക്കുമെന്ന് പറഞ്ഞിട്ടുണ്ട്. അതിനെക്കുറിച്ച് ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയുടെ അഭിപ്രായമറിഞ്ഞാൽ കൊള്ളാം.

ശ്രീ. തച്ചടി പ്രഭാകരൻ: സർ, അതിനുവേണ്ടി ജസ്റ്റീസ് വടക്കേൽ ചെയർമാനായിട്ടുള്ള ഒരു കമ്മീഷൻ, വളരെവേഗം തെളിവെടുത്ത് റിപ്പോർട്ട് ഗവൺമെൻറിന് സമർപ്പിക്കാമെന്നു പറഞ്ഞിട്ടുണ്ട്. ചില ഇൻറിം റിപ്പോർട്ടുകൾ ഗവൺമെൻറിൻെറ കയ്യിൽ കിട്ടിയിട്ടുണ്ട്. അത് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. പക്ഷെ വടക്കേൽ കമ്മീഷൻെറ റിപ്പോർട്ട് കിട്ടിക്കഴിഞ്ഞാൽ ഗവൺമെൻറ് അതിനെക്കുറിച്ച് സമഗ്രമായി പരിശോധന നടത്തിയിട്ട്, നികുതി പിരിവ് ഏതെല്ലാം അളവിൽ വർദ്ധിപ്പിക്കാൻ കഴിയുമെന്ന് വ്യക്തമായി തീരുമാനിക്കുന്നതാണ്. ശ്രീ. വി.വി. ജോസഫ്, ഏക്കറിൻെറ അടിസ്ഥാനത്തിൽ കാർഷികാദായ നികുതി ഏർപ്പെടുത്തുന്നതിനെക്കുറിച്ച് നിർദ്ദേശിച്ചു. ചില സംസ്ഥാനങ്ങളിൽ അങ്ങനെ ഏർപ്പെടുത്തുന്നതായി ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഏതായാലും അക്കാര്യത്തെക്കുറിച്ച് പരിശോധിച്ച് ഇന്ന് നിലവിലിരിക്കുന്ന നികുതിയെക്കാൾ കൂടുതൽ ലഭ്യമാകാനുള്ള സാഹചര്യം ഉണ്ടെങ്കിൽ ആ നിർദ്ദേശം ഗവൺമെൻറിൻെറ പരിഗണനയിൽ വരുന്നതാണ്.

നമ്മുടെ വരുമാനത്തിന് തടസ്സമുണ്ടാക്കുന്ന മറെറാരു പ്രധാന നടപടി, ഇവിടെയുള്ള ആളുകൾ വാഹനങ്ങൾ അന്യസംസ്ഥാനങ്ങളിൽ കൊണ്ടുപോയി രജിസ്റ്റർ ചെയ്തിട്ട് ഇവിടെ കൊണ്ടുവന്ന് ഓടിക്കുന്ന ഏർപ്പാടാണ് ഭൂരിപക്ഷവും നടക്കുന്നത്. തമിഴ്നാട്ടിലും പോണ്ടിച്ചേരിയിലുമൊക്കെയാണ് ഇങ്ങനെ ചെയ്യുന്നത്. കേരളത്തിൽ മോട്ടോർ വാഹന നികുതി 9 ശതമാനമായിരുന്നു. അന്ന് പോണ്ടിച്ചേരിയിൽ 6 ശതമാനമായിരുന്നു. 1–4–1984 മുതൽ പോണ്ടിച്ചേരിയുമായി ബന്ധപ്പെടുന്നതിനു വേണ്ടി നമ്മൾ 3 ശതമാനം കുറച്ച്, തുലനം ചെയ്യുന്നതിനുവേണ്ടി, 6 ശതമാനമാക്കി എടുത്തപ്പോൾ പോണ്ടിച്ചേരി ഗവൺമെൻറ് 6 ശതമാനം എന്നുള്ളത് 3 ശതമാനമാക്കി കുറച്ചു. വീണ്ടും അവരെ ആകർഷിക്കുവാനുള്ള സാഹചര്യമാണ് ചെയ്തിരിക്കുന്നത്. ഇതിനുമുമ്പ് മുഖ്യമന്ത്രി അടക്കമുള്ള ആളുകൾ സതേൺ സ്റേറററുകളിലെങ്കിലും നികുതിയുടെ ഒരു തുല്യാവസ്ഥ ഉണ്ടാക്കണമെന്നു പറഞ്ഞു. പക്ഷെ കേന്ദ്ര ഗവൺമെൻറ് ഇതൊരു അവികസിത പ്രദേശമാണ്; കേന്ദ്ര ഭരണ പ്രദേശമായതുകൊണ്ട് അതിനുള്ള നടപടി സ്വീകരിച്ചിട്ടില്ല. തീർച്ചയായും ആ കാര്യത്തിൽ ഒരു ഏകീകരണം ഉണ്ടാക്കുന്നതിനുവേണ്ടിയുള്ള കേരള ഗവൺമെൻറിൻെറ

LIBRARY ARCHIVES Kerala Legislative Assembly

കേന്ദ്രത്തോടുള്ള സമ്മർദ്ദം വീണ്ടും വയ്ക്കുന്നതാണ്. ധനകാര്യമന്ത്രി എന്നുള്ള നിലയിൽ ഇവിടെ ഓടുന്ന വണ്ടികൾക്ക് ഇവിടെ ടാക്സ് അടയ്ക്കാതെ മറ്റു സംസ്ഥാനങ്ങളിൽ ടാക്സ് അടയ്ക്കുന്നതിന് ഇന്ന് നിയമത്തിൽ തടസ്സമുണ്ടെങ്കിൽ ആ തടസ്സങ്ങൾ മാറ്റി കേരളത്തിൽത്തന്നെ ടാക്സ് അടയ്ക്കാനുള്ള സംവിധാനങ്ങൾ ഉണ്ടാക്കുന്നതാണ്. ഞാൻ ഇതിനെപ്പറ്റി, ഇവിടെയുള്ള ആളുകളെ വിളിച്ച് സംസാരിച്ചു; നിങ്ങൾ ഇവിടെ ഓടുന്ന വണ്ടികൾക്ക് അവിടെ ടാക്സ് വാങ്ങാനുള്ള സാഹചര്യം ഉണ്ടാക്കരുതെന്ന്. ഉപഭോക്താവാണ് ടാക്സ അടയ്ക്കേണ്ടത്, അവർക്കു സൗകര്യമുണ്ടാക്കിക്കൊടുക്കുന്ന ഏജൻസികൾ—ചില മോണോപ്പോളി ഏജൻസികളുണ്ട്. അത് നിങ്ങൾക്കു എല്ലാം അറിയാവുന്നതാണ്. അവരോട് പറഞ്ഞിട്ടുണ്ട്, ഇവിടെ ഓടുന്ന വണ്ടികൾക്ക് ഇവിടെത്തന്നെ ടാക്സ് കിട്ടണം. അല്ലെങ്കിൽ ചെക്ക്പോസ്റ്റ് വഴി കടക്കുമ്പോൾ പല തടസ്സങ്ങളും ഉണ്ടാകുമെന്ന്. അത് എങ്ങനെ ഏകീകരിക്കാൻ കഴിയും, നികുതി പിരിവ് ഇവിടെത്തന്നെ എങ്ങനെ ഏറ്റെടുത്ത് നടത്താൻ കഴിയും എന്ന കാര്യത്തെ സംബന്ധിച്ച് പരിശോധന നടത്തുകയാണ്.

സർ, മറ്റൊരു കാര്യം ധനകാര്യമന്ത്രി എന്നുള്ള നിലയിൽ എനിക്കു പറയാനുള്ളത്, ശ്രീ. ബേബിജോൺ ഇവിടെ സൂചിപ്പിച്ച കാര്യമാണ്. നമ്മുടെ രാജ്യത്തെ ജനങ്ങളെ ചൂഷണം ചെയ്യുന്ന അമിത പലിശ ഈടാക്കുന്ന ബ്ലേഡ് കമ്പനികൾ ദിവസമെന്നോണം തഴച്ചു വളരുകയാണ്. ആ ബ്ലേഡ് കമ്പനികളിൽ ഞാൻ ധനകാര്യമന്ത്രി ആയിക്കഴിഞ്ഞശേഷം, മദ്രാസിൽ ഹെഡ് ക്വാർട്ടേഴ്സുള്ള, തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന രണ്ടു ശാഖകളിൽ ഏകദേശം 70-ഓളം ചെക്കുകൾ കൊടുക്കുകയുണ്ടായി. ആ ചെക്ക് രണ്ടു മൂന്നു പ്രാവശ്യം കൊടുത്തു കഴിഞ്ഞിട്ടും അവർക്കു കാശു കിട്ടിയില്ല. ഞാൻ ഉടൻ തന്നെ ഇന്ന് നിലവിലിരിക്കുന്ന മണി ലെൻഡേഴ്സ് ആക്ട് പരിശോധിച്ചു. ഞാൻ നേരത്തെ തന്നെ സംസ്ഥാന സഹകരണ ബാങ്ക് പ്രസിഡൻറ് എന്ന നിലയിൽ ഗവൺമെൻറിന് നിരവധി നിവേദനങ്ങൾ കൊടുത്തിട്ടുള്ള ആളാണ്. ഇന്ന് മണിലെൻഡേഴ്സ് ആക്ടിൻെറ പരിധി അനുസരിച്ച് ഒരു സെയിൽസ് ടാക്സ് ഉദ്യോഗസ്ഥനാണ് ഈ കമ്പനികൾ മുഴുവൻ പരിശോധിക്കേണ്ടത്. നിലവിലിരിക്കുന്ന മണി ലെൻഡേഴ്സ് ആക്ടനുസരിച്ച് തൊട്ടടുത്തുള്ള മജിസ്ട്രേട്ട് കോടതിയിൽ നിന്ന് സർച്ച് വാറണ്ട് വാങ്ങിയശേഷമേ പോകാവൂ എന്നാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. ഞാൻ കേരളത്തിലെ മുഴുവൻ ഡെപ്യൂട്ടി കമ്മീഷണർമാർക്കും, കേരളത്തിൽ ഏതെല്ലാം ബ്ലേഡ് കമ്പനികളുണ്ടോ, ഉണ്ടെങ്കിൽ അവ മുഴുവൻ പരിശോധിക്കാനുള്ള സർച്ച് വാറണ്ട് വാങ്ങിക്കാനുള്ള നിർദ്ദേശം കൊടുത്തിരിക്കുകയാണ്. ബാങ്കിംഗ് ലാ അമൻറ് മെൻറ് ആക്ട് അനുസരിച്ച് 1983-ൽ വരുത്തിയ ഈ ആക്ടിൽ അവർ വളരെ വ്യക്തമായി നിർദ്ദേശിച്ചിട്ടുള്ളത്, റിസർവ്വ് ബാങ്ക് ആക്ട് പ്രകാരം, വ്യക്തികളോ പാർട്ണർഷിപ്പ് സ്ഥാപനങ്ങളോ നിക്ഷേപം സ്വീകരിക്കുകയാണെങ്കിൽ ഒരു വ്യക്തിക്ക് 25 പേരിൽ നിന്നു മാത്രമേ നിക്ഷേപം സ്വീകരിക്കുവാൻ പാടുള്ളൂ എന്നാണ്. പാർട്ണർഷിപ്പിനും ഓരോ പാർട്ണർക്കും 25 നിക്ഷേപകരിൽനിന്നും, ആകെ എത്ര പാർട്ണർമാരുണ്ടെങ്കിലും 250 നിക്ഷേപകരിൽ നിന്നു മാത്രമേ നിക്ഷേപം സ്വീകരിക്കുവാൻ പാടുള്ളൂ. ഇതിൽകൂടുതൽ ഉള്ള നിക്ഷേപങ്ങൾ മടക്കി കൊടുക്കുവാൻ അനുവദിച്ചിരുന്നത്, കഴിഞ്ഞ രണ്ടു വർഷമാണ്. 15-2-1986-നകം 25-ൽകൂടുതൽ ഉള്ളവരുടേത് തിരിച്ചു കൊടുക്കണമെന്ന് റിസർവ്വ് ബാങ്ക് ആവശ്യപ്പെട്ടിട്ടുണ്ട്. പക്ഷെ ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും അതിൻെറ

LIBRARY ARCHIVES Kerala Legislative Assembly

നടപടി സ്വീകരിക്കുന്നതിന് അവർ പറഞ്ഞിരിക്കുന്നത്, ഒരു നിക്ഷേപകനിൽനിന്ന് റിസർവ്വ് ബാങ്ക് നിശ്ചയിച്ചിരിക്കുന്ന റേറ്റ് അനുസരിച്ച് ഉള്ള 12 ശതമാനത്തിൽകൂടുതൽ പലിശ വാങ്ങാൻപാടില്ലെന്നാണ്. ഇതു വളരെ വ്യക്തമായി ആക്ടിൽ പറഞ്ഞിട്ടുണ്ട്. പക്ഷെ കൊമേഴ്സ്യൽ ബാങ്കുകളെക്കാൾ വായ്പ കൊടുക്കുന്നവർക്ക് രണ്ടു ശതമാനം കൂടുതൽ പലിശ ഈടാക്കാമെന്ന് പറഞ്ഞിട്ടുണ്ട്. ഞാൻ പരിശോധിച്ചപ്പോൾ ചില കണക്കുകൾ ഒക്കെ കള്ളം എഴുതിയിട്ടുണ്ടെങ്കിൽപ്പോലും 36 ശതമാനം മുതൽ 100 ശതമാനംവരെ ലെൻഡ് ചെയ്യുന്ന ആളുകളിൽ നിന്ന് പലിശ വാങ്ങിയിട്ടുണ്ട്. പക്ഷെ ഈ ആക്ട് പ്രകാരം സംസ്ഥാന ഗവൺമെൻറാണ് ഈ കാര്യത്തിൽ നടപടി എടുക്കേണ്ടതെന്ന് പറഞ്ഞ് നമ്മുടെ ചീഫ് സെക്രട്ടറിക്ക് റിസർവ്വ് ബാങ്ക് കത്തയച്ചിട്ടുണ്ട്. അതുകൊണ്ട് കേരളത്തിലുള്ള ആക്ടിന് വിധേയമായി പ്രവർത്തിക്കാത്ത ഒറ ബ്ലേഡ് കമ്പനിയും കേരളത്തിൽ പ്രവർത്തിക്കാതിരിക്കാനുള്ള ശക്തമായ നടപടി സ്വീകരിക്കുവാൻ ഈ ഗവൺമെൻറ് തീരുമാനിച്ചിരിക്കുകയാണ്. അങ്ങനെ വരുന്ന അവസരത്തിൽ ശ്രീ. ഗോവിന്ദക്കുറുപ്പ് പറഞ്ഞ രണ്ടു ബ്രാഞ്ചുകളും, ഞാൻ പോലീസ് ഐ.ജി.യെ വിളിച്ച് പൂട്ടിയടപ്പിക്കുവാൻ പറഞ്ഞു. പക്ഷെ പെട്ടെന്ന് പൂട്ടിക്കഴിഞ്ഞാൽ നിക്ഷേപകർക്ക് നിക്ഷേപം കൊടുക്കുവാനുള്ള ബുദ്ധിമുട്ടുണ്ടാകുമെന്നുള്ളതുകൊണ്ട്, തിരുവനന്തപുരത്തുള്ള രണ്ടു ബ്രാഞ്ചുകളിലുമുള്ളവർക്ക് എട്ടരലക്ഷം രൂപയ്ക്കാണ് ഡിമാൻഡ് വന്നിരിക്കുന്നത്. ആ കാശ് തിങ്കളാഴ്ച കൊണ്ടുതരാമെന്നു പറഞ്ഞതുകൊണ്ട് തിങ്കളാഴ്ച തുറന്നു പ്രവർത്തിക്കാനുള്ള സാഹചര്യം ഉണ്ടാക്കിക്കൊടുത്തിരിക്കുകയാണ്. മിക്കവാറും എല്ലാ നിക്ഷേപകർക്കും ഈ ബ്രാഞ്ചും മദ്രാസിൽ നിന്ന് കൊണ്ടുവന്ന കാശ് കൊടുത്തിട്ടുണ്ട്. നിരപരാധികളായ നിരവധി നിക്ഷേപകർ അമിതമായ പലിശയെ ഓർത്തുകൊണ്ട് ഇത്തരം സ്ഥാപനങ്ങളിൽ പണം നിക്ഷേപിക്കുന്നുണ്ട്. ഇന്നലെ കൊച്ചിയിൽ നിന്ന് അയ്യായിരം പേർ അംഗങ്ങളായുള്ള, ഏകദേശം 30 ലക്ഷം രൂപ മൂലധനമുള്ള വിവിധ ചിട്ടികൾ നടത്തുന്ന ചിട്ടിക്കമ്പനിയെപ്പറ്റി പരാതി വന്നു. പക്ഷെ ഇപ്പോൾ ബോർഡുമില്ല, ആളുമില്ല. പോലീസ് ഇപ്പോൾ തെരഞ്ഞുകൊണ്ടിരിക്കുകയാണ്. അങ്ങനെ നിയമവിരുദ്ധമായി നിക്ഷേപം സ്വരൂപിച്ചിട്ടുള്ളതിൽ, നിരപരാധികളായ ഈ നിക്ഷേപകർക്ക് നിക്ഷേപത്തിന് കോട്ടം തട്ടാത്ത രീതിയിൽ പ്രവർത്തിക്കുകയെന്നുള്ളത് ഗവൺമെൻറിൻെറ ലക്ഷ്യം കൂടിയായതുകൊണ്ടാണ് ആ രീതിയിലുള്ള നടപടികൾ സ്വീകരിക്കുന്നത്. അതാണ് എനിക്ക് പ്രധാനമായും പറയാനുള്ളത്. അതുകൊണ്ട് ഈ ഒരു വർഷം മുൻ വർഷം പിരിച്ച 79 കോടി രൂപയെക്കാൾ രണ്ടിരട്ടിയെങ്കിലും കൂടുതലായി നികുതിയിൽ നിന്ന് പിരിവുണ്ടാകണം. ചിലപ്പോൾ അതിൽ കൂടിയെന്നും വരാം. ഒരു കാര്യംകൂടി എം.എൽ.എ. മാരുടെ സഹകരണം കിട്ടാൻവേണ്ടി പറയാം. കേന്ദ്രമന്ത്രി പൂജാരി മുഖ്യമന്ത്രിയ്ക്ക് ഒരു കത്ത് അയച്ചിട്ടുണ്ട്. നമ്മുടെ നാഷണൽ സേവിംഗ്സും മറ്റു സംസ്ഥാനത്തുള്ളവയുമായി തുലനം ചെയ്തു നോക്കുമ്പോൾ വളരെ വ്യത്യാസം വരുന്നുണ്ട്. കർണ്ണാടകവും തമിഴ്നാടുമൊക്കെ ഏതാണ്ട് 150, 200 കോടി രൂപയോളം ഒരു വർഷം സമാഹരിക്കുന്നുണ്ട്. ഇവിടെയാണെങ്കിൽ വെറും 40, 41 കോടി രൂപയിൽ കൂടുതൽ പിരിച്ചെടുക്കാൻ കഴിഞ്ഞിട്ടില്ല. നമ്മുടെ സംസ്ഥാനത്ത് സാമ്പത്തിക വരുമാനം ഉണ്ടാക്കുന്നതിന് വരുന്ന ആഗസ്റ്റ് മാസം ഒന്നുമുതൽ കേരളത്തിലെ എല്ലാ സാമൂഹ്യ സംഘടനകളുടേയും രാഷ്ട്രീയ കക്ഷികളുടേയും ചെറുതും വലുതുമായ എല്ലാ ഉദ്യോഗസ്ഥൻമാരേയും ഫീൽഡിലിറക്കി 100 കോടി രൂപ പിരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഭരണകക്ഷിയെന്നോ പ്രതിപക്ഷമെന്നോ വ്യത്യാസമില്ലാതെ കേരളത്തിൽ നിന്ന് ഇത്രയും

LIBRARY ARCHIVES Kerala Legislative Assembly

തുക പിരിച്ചെടുക്കാൻ കഴിയുമെന്നാണ് വിശ്വസിക്കുന്നത്. ഞാൻ ധനകാര്യമന്ത്രിയാകുന്നതിനു മുമ്പ് 60 കോടി രൂപയുടെ നിക്ഷേപം പിരിക്കാൻ തീരുമാനിച്ചിടത്ത് 150 കോടിരൂപ പിരിച്ചെടുത്തിട്ടുണ്ട്. ഒരു മാസക്കാലംകൊണ്ടാണ് ഇത്രയും രൂപ സമാഹരിക്കാൻ കഴിഞ്ഞത്. ദേശീയ സമ്പാദ്യ പദ്ധതിയുടെ ഗുണം എന്താണെന്നു പറഞ്ഞാൽ പന്ത്രണ്ടരശതമാനം പലിശ കേന്ദ്ര ഗവൺമെൻറ് കൊടുക്കും എന്നുള്ളതാണ്. അതിന് ഇൻകംടാക്സില്ല. ഏത് അൺ—അക്കൗണ്ടഡ് മണി ആയാലും ശരി അത് ദേശീയ സമ്പാദ്യ പദ്ധതിയിൽ നിക്ഷേപിച്ചു കഴിഞ്ഞാൽ അതിന് സുരക്ഷിതത്വം ഉണ്ടാകും. ഇത് വികസന പദ്ധതിക്കുവേണ്ടി ചെലവഴിക്കുകയും ചെയ്യാം. കൂടുതൽ. സാമൂഹ്യസംഘടനകളേയും വിദ്യാർത്ഥികളേയും അദ്ധ്യാപകരേയും എല്ലാം കൂടി ഉൾപ്പെടുത്തി ഒരു വമ്പിച്ച തോതിൽ സംഭരണം നടത്താൻ ഈ സഭ അനുമതി തരണം. ഇതു പാസ്സാക്കിത്തരണമെന്നഭ്യർത്ഥിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XV—പൊതുമരാമത്ത്

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപം സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. വി.കെ. രാജൻ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപം സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. കാനം. രാജേന്ദ്രൻ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപം സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. വി.സി. കബീർ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപം സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. സി.പി. മൂസ്സാൻകുട്ടി അവതരിപ്പിച്ച ഖണ്ഡനോപക്ഷേപം സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. എ.കെ. പത്മനാഭൻ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപം സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. സി.ടി. കൃഷ്ണൻ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപം സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. വി.എസ്. ചന്ദ്രശേഖരൻപിള്ള അവതരിപ്പിച്ച ഖണ്ഡനോപക്ഷേപം സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീമതി റേച്ചൽ സണ്ണി പനവേലി അവതരിപ്പിച്ച ഖണ്ഡനോപക്ഷേപം സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. എ.കെ. ശശീന്ദ്രൻ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപം സഭ വോട്ടിനിട്ട് നിരാകരിച്ചു.

പൊതുമരാമത്ത് എന്ന XV—ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യപരിപാടിയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനക്കുനേരേ ഏഴാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 1986—87 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം സഭ അംഗീകരിക്കുകയും ഗ്രാൻറ് അനുവദിക്കുകയും ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

ധനാഭ്യർത്ഥന നമ്പർ V-കാർഷികാദായ നികുതിയും വിൽപ്പന നികുതിയും.

ശ്രീ. വി.കെ. രാജൻ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപം സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപം സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. കാനം രാജേന്ദ്രൻ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപം സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. വി.സി. കബീർ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപം സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. സി.ടി. കൃഷ്ണൻ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപം സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. വി.എസ്. ചന്ദ്രശേഖരൻപിള്ള അവതരിപ്പിച്ച ഖണ്ഡനോപക്ഷേപം സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീമതി റേച്ചൽ സണ്ണി പനവേലി അവതരിപ്പിച്ച ഖണ്ഡനോപക്ഷേപം സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. കെ. മൂസ്സക്കുട്ടി അവതരിപ്പിച്ച ഖണ്ഡനോപക്ഷേപം സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. എ.കെ. ശശീന്ദ്രൻ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപം സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. സി.കെ. തങ്കപ്പൻ അവതരിപ്പിച്ച പതിന്നാലാം നമ്പർ ഖണ്ഡനോപക്ഷേപം സഭ വോട്ടിനിട്ട് നിരാകരിച്ചിരിക്കുന്നു.

കാർഷികാദായ നികുതിയും വിൽപ്പന നികുതിയുമെന്ന V—ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യപരിപാടിയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനക്കു നേരെ ഏഴാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 1986—87 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ശ്രീ. എ.സി. ഷൺമുഖദാസ്: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു. താഴെപറയും പ്രകാരം സഭ വേർതിരിഞ്ഞ് സഭാംഗങ്ങൾ വോട്ടുരേഖപ്പെടുത്തി.

അനുകൂലിക്കുന്നവർ—74

1. ശ്രീ. പി വി. അബ്ദുറഹുമാൻഹാജി
2. ,, പി.എം. അബൂബേക്കർ
3. ,, സി.ടി. അഹമ്മദ് അലി
4. ,, കെ. അവുക്കാദർകുട്ടിനഹ
5. ,, ആർ. ബാലകൃഷ്ണപിള്ള
6. ,, തെന്നല ജി. ബാലകൃഷ്ണപിള്ള
7. ,, പി.കെ. കെ. ബാവ
8. ,, യു.എ. ബീരാൻ
9. ,, ബെന്നിബഹനാൻ

LIBRARY ARCHIVES Kerala Legislative Assembly

10. ശ്രീ. പി. തോമ്മക്കരൻ
11. ,, വി. ദിനകരൻ
12. ,, എ. ജോർജ്ജ്
13. ,, പി.സി. ജോർജ്ജ്
14. ,, കെ.എം. ഹംസക്കുഞ്ഞ്
15. ,, എം.എം. ഹസ്സൻ
16. ,, എം.പി.എം. ഇസ്ഹാക്ക് കുരിക്കൾ
17. ,, ടി.എം. ജേക്കബ്
18. ,, സി.ജി. ജനാർദ്ദനൻ
19. ,, ടി.എസ്. ജോൺ
20. ,, എ.സി. ജോസ്
21. ,, ജോസ് കുറിയാനി
22. ,, ഡോക്ടർ കെ.സി. ജോസഫ്
23. ,, കെ.സി. ജോസഫ്
24. ,, പി.ജെ. ജോസഫ്
25. ,, വി.വി. ജോസഫ്
26. ,, കെ.കെ. നായർ
27. ശ്രീമതി എം. കമലം
28. ശ്രീ. കെ.ജി.ആർ. കർത്താ
29. ,, ജി. കാർത്തികേയൻ
30. ,, കെ. കരുണാകരൻ
31. ,, പി.കെ. കുഞ്ഞാലിക്കുട്ടി
32. ,, മണിമംഗലത്തു കുട്ട്യാലി
33. ,, ഇ.ജെ. ലൂക്കോസ്
34. ,, കെ.പി.എ. മജീദ്
35. ,, കെ.എം. മാണി
36. ,, എം.വി. മാണി
37. ,, കെ. മുഹമ്മദാലി
38. ,, ഇ.ടി. മുഹമ്മദ്ബഷീർ
39. ,, പി.എ. മുഹമ്മദ് കണ്ണ്
40. ,, പി.വി. മുഹമ്മദ്
41. ,, ടി.എച്ച്. മുസ്തഫ
42. ,, കെ.എസ്. നാരായണൻനമ്പൂതിരി
43. ,, കെ.പി. നൂറുദ്ദീൻ
44. ,, ഉമ്മൻചാണ്ടി
45. ,, സി.വി. പത്മരാജൻ
46. ,, തച്ചടി പ്രഭാകരൻ
47. ,, കെ. രാഘവൻമാസ്റ്റർ
48. ,, രാഘവൻ പൊഴക്കടവിൽ
49. ,, കെ.കെ. രാമചന്ദ്രൻമാസ്റ്റർ
50. ,, കെ.പി. രാമചന്ദ്രൻനായർ
51. ,, എസ്. രാമചന്ദ്രൻപിള്ള
52. ,, തേമ്പിൽ രാമകൃഷ്ണൻ
53. ,, കെ.പി. രാമൻ
54. ,, രമേശ് ചെന്നിത്തല
55. ,, തോപ്പിൽ രവി
56. ,, വയലാർ രവി
57. ,, എൻ. ശങ്കരൻനാടാർ

LIBRARY ARCHIVES Kerala Legislative Assembly

58. ശ്രീ. പി. സീതിഹാജി
59. ,, സിദ്ധാർത്ഥൻ കാട്ടുങ്ങൽ
60. ,, കടവൂർ ശിവദാസൻ
61. ,, നാലകത്തു സൂപ്പി
62. ,, കെ.കെ. ശ്രീനിവാസൻ
63. ,, കോട്ടക്കുഴി സുകുമാരൻ
64. ,, സി.എം. സുന്ദരം
65. ,, എൻ. സുന്ദരൻനാടാർ
66. ,, വി. സുരേന്ദ്രൻപിള്ള
67. ,, പി.പി. തങ്കച്ചൻ
68. ,, സി.എഫ്. തോമസ്
69. ,, കെ.കെ. തോമസ്
70. ,, പി.സി. തോമസ് (തിരുവല്ല)
71. ,, തോമസ് കല്ലംപള്ളി
72. ,, പി.കെ. വേലായുധൻ
73. ,, ടി.വി. വിജയരാജൻ
74. ,, സ്റ്റീഫൻപാദുവ

പ്രതികൂലിക്കുന്നവർ—54

1. ശ്രീ. ടി.കെ. അബ്ദു
2. ,, കെ.പി. അരവിന്ദാക്ഷൻ
3. ,, ടി.കെ. ആറുമുഖൻ
4. ,, ബേബിജോൺ
5. ,, കെ.കെ. ബാലകൃഷ്ണൻ
6. ,, കോടിയേരി ബാലകൃഷ്ണൻ
7. ,, ഒ. ഭരതൻ
8. ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ
9. ശ്രീ. സി.കെ. ചക്രപാണി
10. ,, കെ.ആർ. ചന്ദ്രമോഹനൻ
11. ,, എൻ. ചന്ദ്രശേഖരക്കുറുപ്പ്
12. ,, വി.എസ്. ചന്ദ്രശേഖരൻപിള്ള
13. ,, സിറിയക്ക് ജോൺ
14. ശ്രീമതി പി. ദേവൂട്ടി
15. ശ്രീ. കെ.ജെ. ജോർജ്ജ്
16. ശ്രീമതി കെ.ആർ. ഗൗരി
17. ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്
18. ,, ടി.കെ. ഹംസ
19. ,, കെ.ഇ. ഇസ്മായിൽ
20. ,, എം. ജിനദേവൻ
21. ,, ഇ.കെ. നായനാർ
22. ,, വി.സി. കബീർ
23. ,, കെ.ടി. കണാരൻ
24. ,, എം.കെ. കേശവൻ
25. ,, വി. കേശവൻ
26. ,, സി.ടി. കൃഷ്ണൻ
27. ,, കെ. കൃഷ്ണൻകുട്ടി
28. ,, കോലിയക്കോട് എൻ. കൃഷ്ണൻനായർ

LIBRARY ARCHIVES Kerala Legislative Assembly

29. ശ്രീ. കെ.ടി. കുമാരൻ
30. ,, പി. കുമാരൻ
31. ,, പി.വി. കുഞ്ഞിക്കണ്ണൻ
32. ,, ലോനപ്പൻ നമ്പാടൻ
33. ,, സി.പി. മൂസ്സാൻകുട്ടി
34. ,, എ.കെ. പത്മനാഭൻ
35. ,, ഇ. പത്മനാഭൻ
36. ,, കെ. പങ്കജാക്ഷൻ
37. ,, ടി.പി. പീതാംബരൻ മാസ്റ്റർ
38. ,, കെ.പി. പ്രഭാകരൻ
39. ശ്രീമതി റേയ്ച്ചൽ സണ്ണി പനവേലി
40. ശ്രീ. വർക്കല രാധാകൃഷ്ണൻ
41. ,, എം.വി. രാഘവൻ
42. ,, വി.കെ. രാജൻ
43. ,, കാനം രാജേന്ദ്രൻ
44. ,, എ.കെ. ശശീന്ദ്രൻ
45. ,, എ.സി. ഷൺമുഖദാസ്
46. ,, ഡോക്ടർ എ. സുബ്ബറാവു
47. ,, ശ്രീ. കെ.വി. സുരേന്ദ്രനാഥ്
48. ,, എ.വി. താമരാക്ഷൻ
49. ,, സി.കെ. തങ്കപ്പൻ
50. ,, വി.ജെ. തങ്കപ്പൻ
51. ,, എസ്.ആർ. തങ്കരാജ്
52. ,, പി.സി. തോമസ് (കടുത്തുരുത്തി)
53. ,, ജി. വരദൻ
54. ,, പി. വിജയദാസ്

നിഷ്പക്ഷർ —ഇല്ല

അനുകൂലിക്കുന്നവർ—74

പ്രതികൂലിക്കുന്നവർ—54

നിഷ്പക്ഷതപാലിക്കുന്നവർ—ഇല്ല.

പ്രമേയം പാസ്സായിരിക്കുന്നതായും ഗ്രാൻറ് അനുവദിച്ചിരിക്കുന്നതായും പ്രഖ്യാപിക്കപ്പെട്ടു.

മി. സ്പീക്കർ: സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8–30–ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(1986 ജൂലൈ 2–ാം തീയതി ബുധനാഴ്ച രാവിലെ 8.30–ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചക്കുശേഷം 2.48–ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം VI

(1986 ജൂലൈ 1—ാം തീയതിയിലെ കാര്യപരിപാടി കാണുക)

ധനാഭ്യർത്ഥന നമ്പർ	ധനാഭ്യർത്ഥനയുടെ പേര്	ബഡ്ജറ്റ് എസ്റ്റിമേറ്റ് 1986–87				
		26–3–1986-ൽ സഭ പാസ്സാക്കിയ വോട്ട് ഓൺ അക്കൗണ്ട് തുക		സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥന തുക		
		റവന്യൂ രൂപ	മൂലധനം രൂപ	റവന്യൂ രൂപ	മൂലധനം രൂപ	ആകെ രൂപ
(1)	(2)	(3)	(4)	(5)	(6)	(7)
XV	പൊതുമാരാമത്ത്	4,03,81,900	14,62,35,000	48,07,63,700	29,24,70,000	77,32,33,700
V	കാർഷികാദായ നികുതിയും വിൽപന നികുതിയും	2,92,49,200	..	5,84,98,300	..	5,84,98,300